ഒൻപതാം പദ്ധതി
ജനകീയപദ്ധതി



കരകുളം ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

ഗ്രാമ ഹൃദയങ്ങളിൽ നിന്നും ഉയർന്നു വന്ന
ആവശ്യങ്ങൾ നിർദ്ദേശങ്ങൾ
പഞ്ചായത്തു തല
പഠന പര്യടന വെളിപ്പെടലുകൾ
ഇതിന്റെയൊക്കെ വെളിച്ചത്തിൽ
പഞ്ചായത്തു തല ആസൂത്രണ
സമിതി പ്രവർത്തകരും
പൊതുപ്രവർത്തകരും
വസ്തു നിഷ്ഠമായി വിലയിരുത്തി
തയ്യാറാക്കിയ വികസന റിപ്പോർട്ട്
പുതിയ നിർദ്ദേശങ്ങൾക്കും
അംഗീകാരത്തിനുമായി
സമർപ്പിക്കുകയാണ്
ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന്
സർവ്വാത്മനാ സഹകരിച്ച്
വിശ്രമമില്ലാതെ പ്രവർത്തിച്ച
എല്ലാ സുഹൃത്തുക്കൾക്കും
നന്ദി രേഖപ്പെടുത്തുന്നു

സ്നേഹപൂർവ്വം
ആർ. ശിവരാജൻ
പ്രസിഡന്റ്



'ഏറ്റവും അടിത്തട്ടിലുള്ളവർക്ക്
പോലും ഇതെന്റെ നാടാണെന്നും
ഇതിന്റെ നിർമ്മിതിയിൽ എനിക്കും
പങ്കുണ്ടെന്നും ബോധ്യമാവണം'
അതാണ് സ്വരാജിലേയ്ക്കുള്ള വഴി

– ഗാന്ധിജി –



## ഇ.എം.എസ് നമ്പൂതിരിപ്പാട്

**ചെയർമാൻ**
**ഉന്നതതലമാർഗ നിർദ്ദേശക സമിതി**
**ജനകീയാസൂത്രണ പ്രസ്ഥാനം**

കേരളത്തിനാവശ്യമായ വികസന പരിപാടികൾ തയ്യാറാക്കുന്ന കാര്യം ഇവിടുത്തെ രാഷ്ട്രീയ പാർട്ടികൾ, ബഹുജന സംഘടനകൾ, വിദഗ്ധന്മാരായ വ്യക്തികൾ അവരുടെ ഗ്രൂപ്പുകൾ മറ്റു ബഹുജനങ്ങൾ എന്നിവരുമായിട്ടെല്ലാം കൂടിയാലോചിക്കണം

നയപ്രഖ്യാപനം 1957 ഏപ്രിൽ 5 ഒന്നാം കേരള നിയമസഭ

# വിഷയങ്ങളിലൂടെ....


1

ആമുഖം

2

ഗ്രാമസമൂഹ ചരിത്രം

3

ഭൂപ്രകൃതി

ജനപ്രകൃതി

ജലവിഭവങ്ങൾ

4

കൃഷി

ജലസേചനം

മണ്ണുസംരക്ഷണം

5

മൃഗസംരക്ഷണം

മത്സ്യമേഖല

6

വ്യവസായം

7

ഗതാഗതവും

ഊർജ്ജവും

8

വിദ്യാഭ്യാസം

9

കുടിവെള്ളം

പൊതുജനാരോഗ്യം

10

സാമൂഹ്യക്ഷേമം

11

വനിതാക്ഷേമം

12

പട്ടികപജാതി

പട്ടികവർഗ്ഗം

13

സഹകരണമേഖല

14

സംസ്കാരം

15

വിഭവസമാഹരണം

1. അയണിക്കാട്
2. ഏണിക്കര
3. കാച്ചാണി
4. പുരവൂർക്കോണം
5. കല്ലയം
6. നെടുമൺ
7. മരുതൂർ
8. ചിറ്റാഴ
9. പന്തപ്ലാവ്
10. കഴുനാട്
11. വേങ്കോട്
12. മുക്കോല
13. ചെക്കക്കോണം
14. കരകുളം





| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | പീഠഭൂമി | പാറക്കെട്ട് | കുത്തനെ ചരിവ് | കുന്നുകൾക്കിടയിലെ മേഖല | കുത്തനെ ചരിവ് | കുന്നിൻ-മണ്ട | കുത്തനെ ചരിവ് | താഴ്ന്ന സമതലം |
| മൺതരം | പാറമണ്ണ് | പാറ | ചരൽ മണ്ണ് | കളിമണ്ണ് | ചരൽ മണ്ണ് | പാറ മണ്ണ് | ചരൽ മണ്ണ് | മണൽമണ്ണ് |
| സസ്യാവരണം | തെങ്ങ് റബ്ബർ | തരിശ് | റബ്ബർ | നെല്ല്, വാഴ, മരച്ചീനി തെങ്ങ് | റബ്ബർ | കശുമാവ് | തെങ്ങ് റബ്ബർ | തെങ്ങ് മിശ്രവിള |
| പരിസ്ഥിതി പ്രശ്നം | വരൾച്ച | പാറപൊട്ടിക്കൽ | | നെല്പാടം മൂടുന്നു | മണ്ണൊലിപ്പ് | വരൾച്ച | മണ്ണൊലിപ്പ് | — |

# പഠന പര്യടനം

(10-11-96)

1

# ആമുഖം

ഒൻപതാം പദ്ധതി ജനകീയ ആസൂത്രണത്തിലൂടെ കേരള സംസ്ഥാനം ലോകരാജ്യങ്ങൾക്ക് വീണ്ടും മാതൃകയാകുകയാണ്. ആസൂത്രണപ്രക്രിയയുടെ ചരിത്രത്തിൽ ഒരു പുതിയ അനുഭവമായിമാറിയ ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിലൂടെയാണ് കേരളത്തിന്റെ ഒൻപതാം പദ്ധതി രൂപം കൊള്ളുന്നത്.

പദ്ധതിയുടെ അടങ്കലിൻെറ 35-40 ശതമാനം വരുന്ന തുകയ്ക്കുള്ള വികസനപരിപാടികൾ സ്ഥല-ജല-വിഭവങ്ങളുടെ അടിസ്ഥാനത്തിൽ എന്തു വേണമെന്ന് അതാതുപ്രദേശത്തെ ജനങ്ങൾ തീരുമാനിച്ചു രൂപപ്പെടുത്തി എടുക്കുക എന്നതാണ് ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം. കഴിഞ്ഞ എട്ടു പദ്ധതികളും മുകളിൽനിന്ന് താഴേക്കുള്ള വെറും കൊടുക്കലുകൾ മാത്രമായിരുന്നു. അതുകൊണ്ടു തന്നെ നമുക്കും നാടിനും വേണ്ടാത്ത പല പദ്ധതികളും നമുക്ക് ഏറ്റുവാങ്ങേണ്ടിവന്നു.

ഉദ്യോഗസ്ഥന്മാരുടെ ഇഷ്ടാനിഷ്ടങ്ങൾ അനുസരിച്ചും മുൻ വർഷങ്ങളിലെ അടങ്കൽതുകയുടെ 10-20% വർദ്ധിപ്പിച്ചും നടത്തിയിരുന്ന പരമ്പരാഗത ആസൂത്രണരീതിക്ക് അറുതി വരുത്തിക്കൊണ്ട് യഥാർത്ഥ ഗുണഭോക്താവിന്റെ ഇംഗിതമനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നു എന്നുള്ളതാണ് ഈ പ്രസ്ഥാനത്തിന്റെ പ്രസക്തി.

കേരളസർക്കാരിന്റെ തീരുമാനപ്രകാരം കേന്ദ്രതലത്തിലും സംസ്ഥാനതലത്തിലും മാത്രം നടത്തിയിരുന്ന പദ്ധതി ആസൂത്രണം പഞ്ചായത്തിലൂടെ ഗ്രാമസഭകളിലൂടെ സാധാരണ ജനങ്ങളുടെ കൈകളിൽ എത്തിയിരിക്കുകയാണ്. ഇതിലെ സുതാര്യത, ജനപങ്കാളിത്തം ഇവ വികസനകാര്യങ്ങളിൽ നിന്ന് എന്നോ ഒഴിഞ്ഞുമാറിയ ഒരു ജനതയുടെ ഉണർവ്വും ഐക്യബോധവും വർദ്ധിപ്പിക്കുവാൻ ഇടയാകും. വികസനസംസ്ക്കാരത്തിന് കേരളം നൽകുന്ന പുതിയ ഒരവബോധമാണിത്.

ഒൻപതാം പദ്ധതി ജനകീയപദ്ധതിയിലൂടെ കേരളത്തിലെ മുഴുവൻ ജനതയേയും ഒരു ചങ്ങലയുടെ കണ്ണികളായി കോർത്തുകൊണ്ട് അധികാരം അതർഹിക്കുന്ന സാധാരണജനതയുടെ കൈകളിൽ കൊണ്ടെത്തിച്ച് പുതിയൊരു കേരളം കെട്ടിപ്പടുക്കാൻ പ്രതിജ്ഞാബദ്ധമായ കേരള സർക്കാരിന്റെയും സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെയും നിശ്ചയദാർഢ്യത്തിന്റെ പ്രതിഫലനമാണ് ജനകീയാസൂത്രണപ്രസ്ഥാനം.

ജില്ലാതലപരിശീലകരെ കണ്ടെത്തി പരിശീലനത്തിലനത്തിനയയ്ക്കാൻ തീരുമാനിച്ച 21.8.96 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തോടെയാണ് ഈ പഞ്ചായത്തിലെ ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചത്. സെപ്റ്റംബർ 12 തീയതി നടന്ന ഒന്നാംഘട്ട പഞ്ചായത്ത്തല പരിശീലനത്തിൽ ജനപ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ, വനിതകൾ ഉൾപ്പെടെ കരകുളം പഞ്ചായത്തിലെ മുഴുവൻ ജനതയേയും പ്രതിനിധീകരിച്ചുകൊണ്ട് 96 പേർ ഈ ശില്പശാലയിൽ പങ്കെടുത്തു.

സെപ്റ്റംബർ 21, 27, 28 ഒക്ടോബർ 2 എന്നീ ദിവസങ്ങളിലായി പഞ്ചായത്തിലെ 14 വാർഡുകളിലുമായി വിശേഷാൽ ഗ്രാമസഭകൾ കൂടുകയുണ്ടായി. ശരാശരി 200 പേരാണ് ഗ്രാമസഭകളിൽ പങ്കെടുത്തത്. വനിതാപങ്കാളിത്തത്തിലും ചർച്ചകളിലും ഒന്നിനൊന്നു മെച്ചപ്പെട്ടതായിരുന്നു ഗ്രാമസഭകൾ. 196 പേരെ വിവിധ ഗ്രൂപ്പുകളിലായി ഈ ഗ്രാമസഭകളിൽ നിന്നും തെരഞ്ഞെടുത്തിരുന്നു. ഒക്ടോബർ 3 -ാം തീയതി കൂടിയ ഡി.ആർ.പി. മാരുടെയും പഞ്ചായത്തുകമ്മിറ്റിയുടെയും സംയുക്തയോഗത്തിൽ വീടുകൾതോറും പോയി പ്രാഥമികവിവരശേഖരണം നടത്താൻ തീരുമാനിച്ചു. ഒക്ടോബർ 11 മുതൽ 20 വരെയുള്ള കാലയളവിൽ ഈ വിവരശേഖരണം മുഴുവൻ വീടുകളിലും നടത്താൻ കഴിഞ്ഞു. എല്ലാ വാർഡുകളിലുമായി 188 പേർ പങ്കെടുത്തു. ആകെ 1050 മനുഷ്യപ്രയത്നദിനങ്ങൾ ഇതിന് ഉപയോഗിക്കുവാൻ കഴിഞ്ഞു എന്നുള്ളത് എടുത്തു പറയേണ്ട ഒന്നാണ്. ദ്വിതീയവിവരശേഖരണത്തിൽ നിന്നും കിട്ടാൻ സാദ്ധ്യതയില്ലാത്ത അനേകം വിവരങ്ങൾ ഇതിലൂടെ ശേഖരിക്കുവാൻ കഴിഞ്ഞു എന്നതാണ് ഇതുകൊണ്ടുണ്ടായ നേട്ടം.

നവംബർ 5-ന് നടന്ന രണ്ടാംഘട്ട പഞ്ചായത്ത്തല പരിശീലനത്തിന് 95 പേർ പങ്കെടുത്തു. നവംബർ 10-ാം തീയതി കല്ലയത്തുനിന്നും പഠനപര്യടനം ആരംഭിച്ചു. നാലുഗ്രൂപ്പുകളായി തിരിഞ്ഞ ഇതിൽ അകെ 62 പേർ പങ്കെടുത്തിരുന്നു. നവംബർ 15, 16, 17 തീയതികളിലായി ദ്വിതീയ വിവരശേഖരണം പൂർത്തിയാക്കി റിപ്പോർട്ട് എഴുതിത്തുടങ്ങി. 26-ാം തീയതി കൂടിയ പഞ്ചായത്ത് സമിതി റിപ്പോർട്ട് അംഗീകരിക്കുകയും ഡിസംബർ 6-ാം തീയതി വികസനസെമിനാർ നടത്താൻ തീരുമാനിക്കുകയും ചെയ്തു.

# പൊതു വിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | കരകുളം ഗ്രാമപഞ്ചായത്ത് (സ്പെഷ്യൽ ഗ്രേഡ്) |
| ഉൾപ്പെടുന്ന വില്ലേജുകൾ | വട്ടപ്പാറ, കരകുളം |
| ബ്ലോക്ക് പഞ്ചായത്ത് | നെടുമങ്ങാട് |
| താലൂക്ക് | നെടുമങ്ങാട് |
| ജില്ലാ പഞ്ചായത്ത് | തിരുവനന്തപുരം |
| അസംബ്ലി മണ്ഡലം | നെടുമങ്ങാട് |
| പാർലമെന്റ് മണ്ഡലം | ചിറയിൻകീഴ് |
| വിസ്തീർണ്ണം | 25.01 ച. കി. മി |
| അതിരുകൾ | |
| വടക്ക്, കിഴക്ക് | അരുവിക്കര പഞ്ചായത്ത് |
| തെക്ക്, കിഴക്ക് | വട്ടിയൂർക്കാവ് പഞ്ചാത്ത് |
| തെക്കു പടിഞ്ഞാറ് | കുടപ്പനക്കുന്ന് പഞ്ചായത്ത് |
| പടിഞ്ഞാറ് | ഉള്ളൂർ, ശ്രീകാര്യം പഞ്ചായത്തുകൾ |
| വടക്ക് പടിഞ്ഞാറ് | നെടുമങ്ങാട് മുനിസിപ്പാലിറ്റി, വെമ്പായം |
| പഞ്ചായത്ത് | |
| ജനസംഖ്യ | 41079 (96-ലെ പഞ്ചായത്ത് വിവരശേഖരണം) |
| വാർഡുകൾ | 14 |
| പ്രസിഡന്റിന്റെ പേര് | ആർ. ശിവരാജൻ |
| വൈസ് പ്രസിഡന്റ് | ബി. ജയകുമാർ |
| സ്റ്റാന്റിംഗ് കമ്മിറ്റി | |
| ചെയർമാൻ | എസ്. വിജയകുമാർ |
| സെക്രട്ടറി | എസ്. കൃഷ്ണൻനായർ |

## ജനപ്രതിനിധികൾ

| | |
|---|---|
| അയണിക്കാട് | സി. ചന്ദ്രിക |
| ഏണിക്കര | കുമാരി ഗീത |
| കാച്ചാണി | എം. അപ്പു |
| പുരവൂർക്കോണം | റാണി സെലിൻ |
| കല്ലയം | ഹരികുമാർ |
| നെടുമൺ | എസ്. വിജയകുമാർ |
| മരുതൂർ | ശ്രീകുമാരിയമ്മ |
| ചിറ്റാഴ | രാധമ്മ |
| പന്തപ്ലാവ് | ബി. ജയകുമാർ |
| കഴുനാട് | സതീശൻ |
| വേങ്കോട് | വിൻസെന്റ് |
| മുക്കോല | റ്റി. വിജയകുമാർ |
| ചെക്കക്കോണം | ജി. വിദ്യാധരൻ |
| കരകുളം | ആർ. ശിവരാജൻ |

# ഭരണചരിത്രം

1953 ൽ കരകുളം പഞ്ചായത്ത് രൂപീകൃതമായി. അന്ന് ഈ പഞ്ചായത്തിൽ ഏഴ് വാർഡുകളുണ്ടായിരുന്നു. കരകുളം, ഏണിക്കര, ചെക്കക്കോണം, പുരവൂർക്കോണം, നെടുമൺ, പന്തപ്ലാവ്, കഴുനാട് എന്നിവ. ആദ്യതെരെഞ്ഞെടുപ്പിൽ മേൽപ്പറഞ്ഞ വാർഡുകളിൽനിന്നും യഥാക്രമം പി.തങ്കപ്പൻപിള്ള, പി.കുഞ്ഞൻപിള്ള, മുഹമ്മദ് ഹനീഫ, പത്മനാഭൻ നാടാർ, അസറിയാ ദേവദാസ്, ജ്ഞാനപ്രകാശം, നാരായണൻ നായർ എന്നിങ്ങനെ കരകുളത്ത് അക്കാലത്തെ പ്രമുഖരായ സാമൂഹ്യനായകൻമാർ തെരെഞ്ഞെടുക്കപ്പെട്ടു. 1953 ജൂലൈ 31 ന് ചേർന്ന പഞ്ചായത്ത് കമ്മിറ്റിയുടെ ആദ്യയോഗം ശ്രീ. പി.കുഞ്ഞൻപിള്ളയെ പ്രസിഡന്റായി തെരെഞ്ഞെടുത്തു. 1953 ആഗസ്റ്റ് 15 രാവിലെ 8 മണിക്ക് ആർ. കേശവൻ നായർ എം.എൽ.എ. പഞ്ചായത്ത് ഓഫീസിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഈ കെട്ടിടം വാടക വാങ്ങാതെ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കായി ദീർഘനാൾ നൽകിയത് ഏണിക്കര അകത്തുംവിളാകത്ത് വീട്ടിൽ ശ്രീമതി ചെല്ലമ്മയാണ്. പഞ്ചായത്ത് പ്രസിഡന്റിന്റെ കൈയിൽ നിന്നെടുത്ത 25 രൂപയാണ് പഞ്ചായത്തിന്റെ ആദ്യത്തെ പ്രവർത്തനഫണ്ട്.

1956 ൽ കേരള സംസ്ഥാന രൂപീകരണത്തിന് ശേഷം 1996 വരെയുള്ള 40 വർഷക്കാലയളവിൽ ഇവിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്ക് തെരെഞ്ഞെടുപ്പ് നടന്നത് വെറും നാല് തവണ മാത്രമാണ്. അതുകൊണ്ടു തന്നെ കേവലം 5 വർഷ കാലാവധിക്ക് വേണ്ടി തെരെഞ്ഞെടുക്കപ്പെട്ട ഭരണസമിതിയംഗങ്ങൾ 8 മുതൽ 16 വർഷം വരെ അധികാരത്തിൽ തുടരേണ്ടിവന്നു. കുഞ്ഞൻപിള്ളയുടെ നേതൃത്വത്തിലുള്ള ആദ്യ പഞ്ചായത്ത് സമിതി 10 വർഷക്കാലം ഭരണത്തിൽ തുടർന്നു.

1963 ൽ രണ്ടാമത്തെ തെരെഞ്ഞെടുപ്പായപ്പോഴേയ്ക്കും വാർഡുകളുടെ എണ്ണം ഏഴിൽ നിന്നും പത്തിലേക്കുയർന്നു. എന്നാൽ ഭരണസമിതിയിലെ അംഗങ്ങളുടെ എണ്ണം പതിനൊന്നായിരുന്നു. 'ചെല്ലമ്മ പ്രസാദ്' നമ്മുടെ പഞ്ചായത്തിലെ ആദ്യ വനിതാ പ്രതി നിധിയായി നോമിനേറ്റ് ചെയ്യപ്പെട്ടു. മുല്ലശ്ശേരി ഗോപാലകൃഷ്ണൻ നായർ പ്രസിഡന്റായുള്ള ഈ ഭരണസമിതി പതിനാറ് വർഷത്തോളം അധികാരത്തിലിരുന്നു. മൂന്നാമത്തെ തെരഞ്ഞെടുപ്പ് നടന്നത് 1979 ൽ ആയിരുന്നു. വി. സുന്ദരേശൻ നായരുടെ നേതൃത്വത്തിലുള്ള ഈ പഞ്ചായത്ത് ഭരണസമിതി 5 വർഷക്കാലം അധികാരത്തിൽ തുടർന്നു. 1988 മുതൽ 1995 വരെ ഉണ്ടായിരുന്ന പഞ്ചായത്ത് കമ്മിറ്റിയിൽ ആദ്യത്തെ രണ്ടരവർഷക്കാലം തച്ചൂർ കൃഷ്ണൻ നായരും പിന്നീട് ഡി. വിശ്വംഭരനുമായിരുന്നു പഞ്ചായത്ത് പ്രസിഡന്റുമാർ. 1995 ഒക്ടോബർ 2 ന് നിലവിൽ വന്ന ഇപ്പോഴത്തെ ഭരണസമിതിക്ക് നേതൃത്വം നൽകുന്നത് ഇപ്പോൾ കേരള പഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി കൂടിയായ ശ്രീ. ആർ. ശിവരാജനാണ്.





ആദ്യപ്രസിഡന്റ് ശ്രീ കുഞ്ഞൻപിള്ള സ്വീകരണയോഗത്തെ അഭിസംബോധനചെയ്യുന്നു. (ഫയൽഫോട്ടോ: സ്റ്റുഡിയോ സൗന്ദര്യ

## 2

# ഗ്രാമസമൂഹ ചരിത്രം

ഇന്നലെകൾ നാളയുടെ വളമായിത്തീരണം. വർത്തമാന യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളാനും ഭാവി വെല്ലുവിളികളെ അതിജീവിക്കാനും നമ്മെ പ്രാപ്തരാക്കുന്നത് ഇന്നലെകളെപ്പററിയുള്ള നമ്മുടെ അറിവും സ്മരണയുമാണ്. നമ്മുടെ നാടിന്റെ പഴയകാല നന്മകളെപ്പറ്റിയുള്ള അറിവും അവയുടെ ഗുണദോഷ പഠനത്തിന്റെ നിറവും ഇന്നിന്റെ കരുത്തും നാളെയുടെ മുന്നൊരുക്കവുമായി വേണം കരുതാൻ. ആ തരം പഠനം ഭൂതകാലത്തെ കേവലമായി മഹത്വവല്ക്കരിക്കാനോ മറിച്ച് പഴയ പൈതൃകത്തെ തിരസ്കരിക്കാനോ വേണ്ടിയാവരുത്.

നാടൻകഥകൾ, പാടിപ്പഴകിയ നാടൻചിന്തുകൾ, പ്രാദേശികമിത്തുകൾ, കാരണവചരിത്രമൊഴിപ്പൊട്ടുകൾ, മിത്തുകൾ, പഠനപര്യടന ചർച്ചകൾ എന്നിവയ്ക്കുപുറമേ പഴയ സ്മരണികകൾ, പത്രക്കട്ടിംഗുകൾ, ഡയറിക്കുറിപ്പുകൾ, പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ ഇവയൊക്കെ ചേർത്തുള്ള ഒരു പരിശ്രമം ആണ് ഈ ലഘു ചരിത്രരചനയ്ക്കു പിന്നിൽ. തീർച്ചയായും ഒരു പ്രാദേശിക വികസന പഠനരേഖയുടെ മുഖക്കുറിപ്പായി ഈ ലഘു വിശദീകരണം സ്ഥാനം പിടിക്കും.

പ്രകൃതിക്കൊത്തിണക്കമുള്ള പേരു ചേർന്ന ഗ്രാമം കരകുളം. കേരളത്തിന്റെ തന്നെ വിഭവസമ്പന്നമായ ഭൂവിഭാഗമായ ഇടനാടിന്റെ ഉത്തമമാതൃക. പച്ചതഴപ്പണിഞ്ഞു തലയുയർത്തിയ കുന്നുകൾ. കുത്തിറക്കമുള്ള ചെരിവുകൾ, കുന്നിൻതടങ്ങളിലെ വയൽ പണകൾ, സമതലങ്ങൾ എല്ലാം ചേർന്ന് കർഷകന്റെ ഹൃദയമിടിപ്പ് ഏറ്റുവാങ്ങിയ കരയും കുളവും ഒത്തുചേർന്ന കരകുളം. നമ്മുടെ പഞ്ചായത്ത്.

ഐതീഹ്യങ്ങളിലും പാരമ്പര്യങ്ങളിലും തലമുറകൾ കൈമാറിയെത്തിയ മിത്തുകളിലും ഈ നാടിന്റെ ഇതിഹാസധാരകൾ വഴിതുറക്കുന്നു.

പഴക്കംകൊണ്ടും ഐതിഹ്യപ്രസക്തികൊണ്ടും നിർമ്മാണ വൈവിധ്യം കൊണ്ടും ശ്രദ്ധേയമായ തിരുമാനൂർ മഹാദേവ ക്ഷേത്രം (ആയൂർ) വാതിലുകളില്ലാതെ, കല്ലാളികൾ കൊണ്ടു മാത്രം പണിതീർത്തത് , മുതൽ പഴയകാല പ്രതാപചിഹ്നങ്ങൾ ഒട്ടേറെ പരാമർശിക്കാനുണ്ട്. ഈ പ്രദേശത്തെ ആദിമവാസികളെന്നു കരുതാവുന്ന ബുദ്ധമതവിശ്വാസികളും കൃഷിത്തൊഴിലാളികളുമായ ജനവിഭാഗങ്ങളുടെ ചരിത്രാംശവും നമുക്കിന്ന് കണ്ടറിയാനാവും. തിരുച്ചിറപ്പള്ളി, കല്ലമ്പള്ളി, കളത്താപ്പള്ളി എന്നീ സ്ഥലനാമങ്ങൾ ബുദ്ധമത സങ്കേതങ്ങളായിരുന്നിരിക്കണമെന്ന് ചരിത്രനിരീക്ഷകനായ സുബ്ബരായ ശാസ്ത്രികൾ അഭിപ്രായപ്പെടുന്നു. എന്നാൽ കാലാന്തരത്തിൽ ഹിന്ദുത്വ അധിനിവേശത്തിൽ ഈ വിഹാരങ്ങളും അവിടങ്ങളിൽ ജനതതിയും അമർച്ച ചെയ്യപ്പെട്ടതായും കരുതാം. ഇതിനെതിരെ ചെറുത്തു നിന്നവരെ കൂട്ടമായി കഴുവേറ്റാനും മേധാവിത്വവിഭാഗം തുനിഞ്ഞതായി കരുതാം. കഴുനാട് ഈ പേരുമായി ചരിത്രമൂല്യം പങ്കുവയ്ക്കുന്നു. ഇതിനു പോത്ബലകമാണ് കഴുനാട് ഇണ്ടളയപ്പൻ ക്ഷേത്രത്തിന്റെ ഉല്പത്തിയുടെ കഥ.

തിരുവിതാംകൂർ രാജഭരണവുമായി ബന്ധപ്പെട്ട ചരിത്ര സത്യങ്ങളുടെയും അർദ്ധസത്യങ്ങളുടെയും ശൃംഖലതന്നെ പഴമക്കാർക്കിടയിലുണ്ടിപ്പൊഴും. യുവരാജാവായ മാർത്താണ്ഡവർമയും പ്രബല ക്ഷത്രിയ വിഭാഗമായ എട്ടുവീടരും തമ്മിലുണ്ടായ സംഘർഷത്തെ ആസ്പദമാക്കിയാണവയധികവും ഉടലെടുത്തു വികസിച്ചത്.

എട്ടുവീട്ടിൽ പിള്ളമാരുടെ സഹായിയും യുദ്ധനിപുണനും തദ്ദേശീയ ജന്മിയുമായിരുന്ന കരകുളംപിള്ള, മാർത്താണ്ഡവർമയും എട്ടുവീടരുമായി ബന്ധപ്പെട്ടുള്ള കലാപങ്ങൾ, കുന്നൂർക്കൽക്ഷേത്രം, മാങ്കോട് ഇലങ്കത്ത് ദേവത, മുദിശാസ്താംകോട് ക്ഷേത്രം എന്നിവയുമായി ബന്ധപ്പെട്ട ഐതിഹ്യസമാനകഥകൾ ഇവയെല്ലാം

മേൽപറഞ്ഞ രീതിയിൽ 19ാം നൂറ്റാണ്ടിലെ പ്രാദേശിക ജനസമൂഹത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ടു കിടക്കുന്നു.

മുഖ്യജനജീവിത തുറയായ കൃഷിയുമായി ബന്ധപ്പെട്ട സ്ഥലനാമ ഉല്പത്തിയും വൈവിധ്യവും ശ്രദ്ധേയമാണ്. കമുകിൻതോട്, എളളുവിള, ഉദാഹരണം തൊഴിൽ വൈവിധ്യാധിഷ്ഠിതവും ആവാസ സവിധുപിതയും പരിഗണിച്ചുളള സ്ഥലനാമവും ഇവിടെ സുലഭം. വേടൻവിള, കൊല്ലൻകോട്, ഈഴത്തോട്, പാണൻവിള, കുറവരുകോണം, പറയരുകോണം മുതലായവ ഉദാഹരണം. വൃക്ഷ സമൂഹയാധാരമാക്കിയ സ്ഥലനാമവും ഏറെ. പ്ലാവുവിള, പനവിള, കാരമൂട്, വേപ്പിൻമൂട്, മുക്കംപാലമൂട് തുടങ്ങിയവ ഉദാഹരണം കല്ലയം, നെടുമ്പാറ, വട്ടപ്പാറ, കുഴിവിള മുതലായി ഭൂപ്രകൃതിക്കനുസൃതമായ സ്ഥലപ്പേരും കാണും. ഈ തരം ചരിത്രാംശങ്ങളിലേക്ക് വെളിച്ചം പകരാൻ തൈക്കാട് കെ.ജി. നായരെപ്പോലുളളവർ ശ്രമം നടത്തുന്നതായും കാണാം.

ജനാധിപത്യപ്രക്രിയയിലെ പഴമയുടെ ഉറവായ നാട്ടുകൂട്ടം ഈ ദേശത്തും ചേർന്നിരുന്നതായി വെളിവാക്കപ്പെടുന്നു. സമൂഹകാര്യങ്ങളിലും കൃഷികാര്യങ്ങളിലും വ്യക്തിബന്ധതർക്കങ്ങളിലും ഭൂരിപക്ഷ തീരുമാനപ്രകാരം തീർപ്പുകല്പിക്കാനുൾപ്പെടെ അധികാരം കയ്യാളിയിരുന്ന നാട്ടുകൂട്ടം ചേർന്നിരുന്ന സ്ഥലത്തെ ഇന്ന് 'നാട്ടുപാറ' എന്ന് വിളിപ്പേരിൽ നാം അറിയുന്നു.

മതസൗഹാർദ്ദത്തിന്റെ മഹനീയ ഉദാഹരണമാണ് ഈ പ്രദേശവും ഇവിടുത്തെ ജനജീവിതവും. കുരുമുളക്, അടയ്ക്ക, തുടങ്ങിയ കാർഷിക വിഭവങ്ങളുടെ ക്രയവിക്രയത്തിനായി മുഹമ്മദീയ കച്ചവടക്കാർ വളരെ മുമ്പേ തന്നെ ഇവിടെ എത്തിയിരുന്നു. മണക്കാട്, കഴക്കൂട്ടം, വളളക്കടവ് തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് കാർഷിക വിളകൾ സംഭരിച്ച് മൊത്തവ്യാപാരം നടത്തിയിരുന്ന ഇവർ ക്രമേണ ഉൾപ്രദേശങ്ങളിൽ കൂടുതൽ വിളകൾ സംഭരിക്കുന്നതിനായി എത്തിത്തുടങ്ങി. വിദൂരത്തു നിന്നും പോയിവരാനും അനുഭവിക്കേണ്ടുന്ന യാത്ര ഒഴിവാക്കാനുമായി നെടുമങ്ങാട് തുടങ്ങിയ കാർഷിക വാണിജ്യ കേന്ദ്രങ്ങളിൽ അവർ സ്ഥിരതാമസം തുടങ്ങി. ചന്തയിൽ എത്തുന്ന വിളകൾ ശേഖരിക്കുകയും അവ ഒരുമിച്ച് പട്ടണത്തിൽ എത്തിക്കുകയുമാണ് അവർ ചെയ്തിരുന്നത്.

തിരുവനന്തപുരം അന്ന് ഒരു തുറമുഖപട്ടണമായിയിരുന്നില്ല. പ്രധാനമായും ഉല്പന്നങ്ങൾ കൊണ്ടുപോകുന്നതിനും, യാത്രക്കും ജലമാർഗ്ഗമാണ് ഉപയോഗിക്കുന്നത്. മാത്രമല്ല രാജകുടുംബാംഗങ്ങളും വേണാടിന്റെയും തിരുവിതാംകൂറിന്റെയും ഭരണക്രമകാലത്ത് ജലമാർഗ്ഗപാതയാണ് ഉപയോഗിച്ചുവന്നിരുന്നത്. AVM കനാൽ (അനന്ത വിക്ടോറിയ മാർത്താണ്ഡം കനാൽ) എന്ന പഴയ ജലവിതരണം തേങ്ങപട്ടണത്തേയും പൂവ്വാറിനെയും ബന്ധിപ്പിച്ചിരുന്നു. ഇത് സമുദ്രത്തിലേക്കുളള കവാടമായിരുന്നു. വിദേശികളായ കച്ചവടക്കാർ ആ തുറമുഖ പട്ടണങ്ങളിലൂടെ കാർഷികവിളകളും മറ്റ് ഉല്പന്നങ്ങളും ശേഖരിച്ച് വിദേശത്തേക്ക് കൊണ്ടുപോയിരുന്നു. വളളക്കടവ് പ്രദേശത്ത് എത്തുന്ന ചരക്കുകൾ അവിടെ നിന്നും കയറ്റി അയയ്ക്കുകയും മറ്റും ചെയ്തിരുന്നതിൽ പ്രധാനപങ്കു വഹിച്ചിരുന്നത് മുഹമ്മദീയർ ആയിരുന്നു.

ഇങ്ങനെ മലഞ്ചരക്കുകൾ സംഭരിക്കുന്ന കച്ചവട പ്രധാനികൾ ക്രമേണ കുടുംബസമേതം ഉൾപ്രദേശങ്ങളിൽ കുടിയേറി. അവരുടെ വംശപരമ്പര കാലക്രമത്തിൽ നെടുമങ്ങാട്ടും തൊട്ടടുത്ത കരകുളത്തും എത്തി. തനതായ സംസ്കാരവും ആചാരക്രമങ്ങളും തുടരുകയും ഇതര സമുദായങ്ങളോട് മൈത്രീബന്ധത്തിൽ വർത്തിക്കുകയും ചെയ്തു. അവർ സമുദായത്തിനായി ആരാധനാലയങ്ങൾ, മദ്രസകൾ തുടങ്ങിയവ സ്ഥാപിച്ചു. കാലക്രമത്തിൽ രാഷ്ട്രീയ സാമൂഹികസാമ്പത്തിക വിദ്യാഭ്യാസ മേഖലകളിൽ അവർ സജീവപങ്കാളികളായി തീർന്നു.

ഇങ്ങനെ ഈ പഞ്ചായത്തു പ്രദേശത്തു കുടിയേറിയ മുഹമ്മദീയരുടെ വംശപരമ്പരയിൽപെട്ടവർ നിർമ്മിച്ചതാണ് ചെക്കക്കോണം വാർഡിലെ കുമ്മിപ്പളളി എന്നു വിശ്വസിക്കപ്പെടുന്നു. പ്രശസ്തമായ ഈ ഇസ്ലാമിക ആരാധന കേന്ദ്രത്തിന്റെ ആവിർഭാവത്തെക്കുറിച്ച് വ്യക്തമായ അറിവുകൾ ലഭ്യമല്ല. കിഴക്കേ ഏലായിലെ 'മാവർത്തല 'എന്ന പ്രമുഖ മുസ്ലീം കുടുംബത്തോടനുബന്ധിച്ച് നിസ്കാരകർമ്മങ്ങൾക്കായി ഒരു ഓലപ്പുര കെട്ടിയാണ് ആദ്യം പളളി ആരംഭിച്ചത്. പിന്നീട് അക്കാലത്തെ കണ്ടമത്ത്, കരിയ്ക്കകത്ത് കുടുംബക്കാർ ചേർന്ന് പളളി ഇപ്പോൾ

സ്ഥിതി ചെയ്യുന്ന സ്ഥലത്ത് സ്ഥാപിക്കുകയാണ് ചെയ്തത്. ഈ പള്ളിക്ക് സുമാർ ഒന്നര നൂറ്റാണ്ടിലേറെ പഴക്കമുണ്ടെന്നു കരുതപ്പെടുന്നു. ഏകദേശം 50 വർഷങ്ങൾക്കുമുമ്പുവരെ 'കാരണവർ' ഭരണത്തിൻകീഴിലായിരുന്നു. പള്ളിയുടെ ഭരണം കൈയാളിയിരുന്ന കാരണവരുടെ തന്നിഷ്ടപ്രകാരമാണ് പള്ളിയുടെ പ്രവർത്തനം നടത്തിയിരുന്നത്. ഇത്തരം പ്രവൃത്തികൾ പലപ്പോഴും മതവിശ്വാസികൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചിരുന്നു. അവരുടെ മനസ്സിൽ ഇത് അമർഷത്തിന്റെ വിത്തു പാകുകയും ക്രമേണ കാരണവർ ഭരണത്തിന് അറുതി വരുത്തുകയും ചെയ്തു. തുടർന്ന് പള്ളിവിശ്വാസികളാൽ തെരെഞ്ഞെടുക്കപ്പെട്ട സമിതിയുടെ (ജമാ അത്ത്) ഭരണത്തിൽ കീഴിലായി. കുമ്മിപ്പള്ളിയോടനുബന്ധിച്ച് ഇസ്ലാമിക വിദ്യാഭ്യാസത്തിനായി ഒരു മദ്രസ്സയും പ്രവൃത്തിക്കുന്നുണ്ട്.

ക്രിസ്തീയ ജനവിഭാഗങ്ങൾ ഈ പ്രദേശത്ത് ഏറെ വൈകിയാണ് എത്തിയതെന്ന് അനുമാനിക്കപ്പെടുന്നു. അതും മതപരിവർത്തനത്തിലൂടെ മാത്രം. കർഷക ജന്മിമാരുടെയും സമ്പന്നന്മാരുടെയും പാടത്തും പറമ്പിലും പണിയെടുത്തിരുന്ന കർഷക തൊഴിലാളികളും മറ്റുമുൾപ്പെട്ട സമുദായക്കാർ വർണ്ണവ്യത്യാസത്തിന്റെ യാതനക്കൾക്കൊരു മോചനത്തിനുവേണ്ടിയായിരുന്നു മതഃപരിവർത്തനത്തിനു തയ്യാറായതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. പട്ടണത്തിലും മറ്റുമുള്ള ക്രിസ്തീയ പള്ളികളുടെ നിയന്ത്രണമേഖലയിലുള്ള തോട്ടങ്ങളിലും അരമനകളിലും ജോലി ചെയ്തിരുന്നവരെ കാലക്രമത്തിൽ സ്വസമുദായത്തിൽ ചേർക്കുകയും വിദ്യാഭ്യാസത്തിലും സാമ്പത്തികരംഗത്തും അവരെ സഹായിച്ച് ഉയർത്തുകയും ചെയ്തു. ഈ പഞ്ചായത്തു പ്രദേശത്തെ പഴക്കമേറിയ ക്രൈസ്തവാരാധനാലയങ്ങളിലൊന്ന് മരുതൂരിലെ സി.എസ്.ഐ. പള്ളിയാണ്. 1890 ാംമാണ്ടിൽ നെയ്യാറ്റിൻകരയിലെ ചെങ്കൽഭാഗത്ത്നിന്ന് യോവാൻ അവർകൾ തണ്ണിപൊയ്കയിൽ വന്നു താമസമായി. തുടർന്ന് വിവിധസ്ഥലങ്ങളിൽ നിന്ന് ക്രിസ്തുമതവിശ്വാസികളായ വളരെ ഏറെ ആളുകൾ മരുതൂരിന്റെ പല ഭാഗത്തും വന്നു താമസിക്കാനിടയായി. വിദേശ മിഷനറിമാരുടെ പ്രവർത്തനഫലമായി ക്രിസ്തുമതം സ്വീകരിച്ച ഉറച്ച ക്രിസ്ത്യാനികളായിരുന്നു ഇവിടെ കുടിയേറിപ്പാർത്തവർ. അതുകൊണ്ടു തന്നെ വന്നു പാർത്ത സ്ഥലങ്ങളിലും ദൈവാരാധനയ്ക്ക് അവർ പ്രാധാന്യം കൊടുക്കുകയും ചെയ്തു. ബഹുദൂരം കാൽനടയായി പാളയം, തുമ്പൈക്കോണം തുടങ്ങിയ പള്ളികളിൽ ആരാധനക്കു പോയിവരുക ബുദ്ധിമുട്ടായതിനാൽ സ്വന്തം സ്ഥലത്തു തന്നെ ആരാധന നടത്താൻ തീരുമാനിക്കുകയും ചെയ്തു. മങ്കാരത്തു പരേതനായ മോശമേസ്തിരിയുടെ ഭവനത്തോടനുബന്ധിച്ചുള്ള ഷെഡിൽവച്ച് ആരാധന നടത്തി തുടങ്ങുകയും ക്രമേണ ഒരു സഭ സ്ഥാപിക്കണമെന്നു താൽപ്പര്യം ഉളവാകുകയും റവ: പാർക്കർ മിഷണറിയുടെ അനുവാദപ്രകാരം തണ്ണിപൊയ്ക എന്ന സ്ഥലത്ത് ഒരു ഓലപ്പുര സ്ഥാപിച്ച് ആരാധന നടത്തിപോരുകയും ചെയ്തു. ഈ ആരാധനാലയമാണ് ദക്ഷിണേന്ത്യ സഭയുടെ മഹായിടവകകളിൽ ഒന്നായ ദക്ഷിണ കേരള മഹായിടവകയിലെ പ്രധാനപ്പെട്ട സഭകളിൽ ഒന്നായി അറിയപ്പെടുന്ന മരുതൂർസഭ.

ബ്രട്ടീഷ് മേധാവിത്വത്തിനെതിരെ തിരുവിതാംകൂറിലെ ജനങ്ങൾ പൊതുവെ തണുപ്പൻ പ്രതികരണം സ്വീകരിച്ചപ്പോഴും അതിനെതിരെ ഒരുവിധം ശക്തമായി രംഗത്തുവരാൻ നമ്മുടെ പൂർവ്വികർക്ക് കഴിഞ്ഞു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ബ്രിട്ടീഷ് ഭരണകൂടത്തിന്റെ ക്രൂരമർദ്ദനങ്ങൾക്ക് വിധേയരായവർ ഇന്നാട്ടിൽ ഏറെയാണ്. കരകുളം കെ.പി. തുരുത്തിപ്പള്ളി തങ്കപ്പൻ പിള്ള, എ.കെ. കരകുളം, മുക്കോലയ്ക്കൽ കൊച്ചുകൃഷ്ണപിള്ള, ആമ്പാടി കുട്ടൻപിള്ള, മൂലൈകട്ടയ്ക്കാൽ കൃഷ്ണപിള്ള, കായ്പാടി അബുഷഹുമാൻ കുഞ്ഞ്, മുണ്ടയ്ക്കൽ തങ്കപ്പൻപിള്ള, പാറയിൽ രാമൻപിള്ള ഇനിയും ഇവിടേക്ക് ചേർത്തുവയ്ക്കേണ്ട ത്യാഗവര്യൻമാരുടെ പേരുകൾ പലതുണ്ട്. മൺമറഞ്ഞവരോ ജീവിച്ചിരിക്കുന്നവരോ ആയ ഇവർ മേൽപ്പറഞ്ഞവരേക്കാൾ ത്യാഗം സഹിച്ചവരാവാം. രേഖപ്പെടുത്തപ്പെടാത്ത ആ ചരിത്രപുരുഷന്മാരുടെ സ്മരണയും അഭിമാനത്തോടെ നമുക്ക് ഈടുവയ്ക്കാം.

സ്വാതന്ത്ര്യസമരത്തിന്റെ ചരിത്രം അന്വേഷിക്കുമ്പോൾ നമ്മുടെ മനസ്സിലും അഭിമാനം നിറയ്ക്കാൻ ഒരു സമ്മേളനമുണ്ട്. പ്രസിദ്ധമായ കരകുളം സമ്മേളനം.

സ്റ്റേറ്റ് കോൺഗ്രസ്സ് യോഗം ചേരുന്നത് സർക്കാർ

നിരോധിച്ച കാലം. രഹസ്യ സങ്കേതങ്ങളിൽ ഒത്തുകൂടി സമരത്തിന് പുതിയ രൂപവും ഭാവവും നൽകാൻ തിരക്കിട്ട് നടന്ന സമരഭടനമ്മാർ. സർക്കാർ വിലക്കുകളെ ലംഘിച്ച് അവർ ചിറയിൻകീഴും നെയ്യാറ്റാൻകരയിലും സമ്മേളനങ്ങൾ സംഘടിപ്പിച്ചു. ഇതിൽ നെയ്യാറ്റിൻകര സമ്മേളനത്തിൽ പങ്കെടുത്ത ഒരു പ്രതിനിധി കൊല്ലപ്പെട്ടു. സർ സിപി. യുടെ വിലക്കു ലംഘിച്ച് സ്റ്റേറ്റ് കോൺഗ്രസിന് യോഗം ചേരാനുള്ള സ്ഥലം നൽകാൻ ആരും മുന്നോട്ടു വരാൻ തയ്യാറാകാത്ത സാഹചര്യം. ഈ കാലഘട്ടത്തിൽ നെടുമങ്ങാടുമായി ബന്ധപ്പെട്ട് ഒരു സമ്മേളനം നടത്തേണ്ടത് കോൺഗ്രസിന്റെ ആവശ്യമായിരുന്നു. ഇത്തരമൊരു ചുറ്റുപാടിൽ കോൺഗ്രസിനു യോഗം ചേരാൻ സർവ്വവിധ സംരക്ഷണവും സഹായവും നൽകാൻ പ്രബലനായ മുല്ലശ്ശേരി നാരായണപിള്ള മുന്നോട്ടുവന്നു. അദ്ദേഹത്തിന്റെ സംരക്ഷണത്തിൽ കീഴിൽ 1119 മീനം 9നു കരകുളം മുക്കോലയിൽ വച്ച് നടന്ന സമ്മേളനമായിരുന്നു 'കരകുളം സമ്മേളനം'.

കോയിക്കൽ സമ്മേളനം, കല്ലയം സമ്മേളനം, കാരമൂട് സമ്മേളനം തുടങ്ങിയ പ്രാദേശിക സമ്മേളനങ്ങൾ സ്വാതന്ത്ര്യസമരത്തിന് വളരെയേറെ ശക്തി പകർന്നിട്ടുണ്ട്. ബ്രിട്ടീഷു പട്ടാളം കുതിരകളെകൊണ്ട് ചവിട്ടി ഒതുക്കിയ വട്ടിയൂർക്കാവ് സമ്മേളനത്തിൽ പങ്കെടുക്കാൻ കരകുളം പ്രതിനിധികൾ മുദ്രിശാസ്താംകോട്ട് കേന്ദ്രീകരിച്ച് ജാഥയായി സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി.

ചരിത്രത്തിനപ്പം നടന്നുവന്ന ഈ പ്രദേശം ആധുനിക കാലത്തിന്റെ ഏടുകളിലും സ്ഥാനം കണ്ടെത്തിയിട്ടുണ്ട്. വ്യവസായകേരളത്തിലെ അനിവദ്യഘടകമായ കെൽട്രോണിന്റെ സംഘടനവും സ്ഥാപനവും ഇവിടെ നിന്നും ആരംഭിക്കുന്നു. 1973ൽ ആരംഭിച്ച പ്രസ്തുത പ്രസ്ഥാനം ഇന്നും ഈ നാടിന്റെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലത്തിൽ നിർണായക സ്വാധീനം ചെലുത്തി നിലകൊളളുന്നു.

കാർഷിക തൊഴിലാളി പ്രസ്ഥാനങ്ങൾക്കും പുരോഗമന പ്രസ്ഥാനങ്ങൾക്കും വളക്കൂറുള്ള ഈ മണ്ണിൽ സഹകരണ സംരംഭങ്ങളും വളർച്ച നേടിയതായി കാണാം. തിരുവനന്തപുരം ജില്ലയിലെ എണ്ണപ്പെട്ട സഹകരണസംഘമായ കരകുളം സഹകരണസംഘം ഇതിന് മുമ്പന്തിയിലുണ്ട്.

അങ്ങനെ സാമൂഹ്യ സൗഹാർദ്ദത്തിന്റെ, കാർഷിക ജനജീവിതത്തിന്റെ, വിദ്യാഭ്യാസപരിഷ്കരണത്തിന്റെ, സാമൂഹ്യപരിഷ്കരണ പുരോഗമന ഇച്ഛയുടെ, ദേശീയപ്രസ്ഥാനത്തിന്റെ, വ്യവസായ സംരംഭത്തിന്റെയും സഹകരണ പ്രസ്ഥാനത്തിന്റെയും സംയോജിത ചരിത്രശാലയിൽ ഉറച്ചു നിന്നുകൊണ്ട് നാളെയുടെ നന്മയായി നമുക്ക് പ്രയത്നിക്കാം. അധ്വാനത്തിന്റെ പരമ്പരയ്ക്ക് ഇവിടെ നടത്തം കുറിക്കാം. നാളെയാവുന്നതിൽ ഏറെ വൈകിടും എന്ന തിരിച്ചറിവോടെ.

# 3

# ഭൂപ്രകൃതി ജനപ്രകൃതി ജലവിഭവങ്ങൾ

ഭൂപ്രകൃതിയെ അടിസ്ഥാനമാക്കി കരകുളം പഞ്ചായത്ത് പ്രദേശത്തെ ഒരു മലനാടൻ ഗ്രാമം എന്നു വിശേഷിപ്പിക്കാവുന്നതാണ്. ഉയർന്ന കുന്നുകളും താഴ്വരകളും കുന്നുകൾക്കിടയിലെ നിരപ്പായ വെള്ളക്കെട്ടുകളും ഇടകലർന്നുകിടക്കുന്ന ഒരു ഭൂവിഭാഗമാണിത്. തിരുവനന്തപുരം താലൂക്കിനോട് തൊട്ടുകിടക്കുന്നതും നെടുമങ്ങാട് താലൂക്കിൻെറ തെക്കൻ പ്രദേശവുമായ ഈ പഞ്ചായത്ത് കരകുളം വട്ടപ്പാറ എന്നീ റവന്യൂ വില്ലേജുകൾ ഉൾപ്പെടുന്നതാണ്.

ഭൂമിയുടെ കിടപ്പനുസരിച്ച് മിക്ക കുന്നുകൾക്ക് മുകളിലും സമനിരപ്പായ സ്ഥലങ്ങളുണ്ട്. ഉയർന്ന ലാറ്ററേറ്റ് ഭൂവിഭാഗമായ ഈ പ്രദേശം മൊത്തം കൃഷിയിടത്തിൻെറ 20 ശതമാനത്തോളം വരും. ഉറച്ച പാരുമണ്ണും ചരൽ കലർന്നതും നല്ല ഫലപുഷ്ടിയുള്ളതുമായ മണ്ണാണ് ഇവിടെയുള്ളത്. മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും മരച്ചീനി, ചേന തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും ഇവിടെ കൃഷിചെയ്യുന്നു. 1950 കളിൽ കുരുമുളക് കൃഷി ഈ പ്രദേശങ്ങളിൽ വ്യാപകമായി ഉണ്ടായിരുന്നെങ്കിലും 60-കൾക്കുശേഷം ഉണ്ടായ വിലയിടിവിനെ തുടർന്ന് കൃഷിമാന്ദ്യം സംഭവിച്ചിട്ടുണ്ട്.

അടുത്തകാലത്തായി കുന്നിൻപുറങ്ങളിലെ നിരപ്പുകളിൽ ഫലവൃക്ഷങ്ങൾ മുറിച്ചുമാറ്റി വ്യാപകമായ തോതിൽ റബ്ബർ കൃഷിചെയ്യാൻ തുടങ്ങിയിട്ടുണ്ട്.

കുന്നിൻമുകളിലെ നിരപ്പുകഴിഞ്ഞാൽ പിന്നെയുള്ളത് ചരിവുകളാണ്. 15-20 ഡിഗ്രി മുതൽ 65-70 ഡിഗ്രിവരെയുള്ള ചരിഞ്ഞ പ്രദേശങ്ങളാണ് ഇവയിൽ അധികവും. പാരുമണ്ണും കല്ലും കലർന്ന ഈ ഭൂപ്രകൃതി മഴക്കാലത്ത് ശക്തമായ മണ്ണൊലിപ്പിന് ഇടവരുത്തുന്നു.

മണ്ണൊലിപ്പ് തടയുന്നതിനുള്ള ശാസ്ത്രീയമായ മാർഗ്ഗങ്ങൾ ഇവിടെ ഇനിയും ശക്തമാക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ മൊത്തം ഭൂവിസ്തൃതിയുടെ ഏറിയ ഭാഗം ഇത്തരം ചരിവുകളാണെന്നു പറയാം. വിസ്തൃതി ഏകദേശം 55 ശതമാനം വരും. കിഴങ്ങുവർഗ്ഗങ്ങൾ അധികം പൊക്കം വയ്ക്കാത്ത ഫലവൃക്ഷങ്ങൾ എന്നിവയാണ് ഈ പ്രദേശങ്ങളിലെ മുഖ്യവിളകൾ. രണ്ടുകുന്നുകൾ വന്നുചേരുന്ന താഴ്വരകളാണ് ഈ നാട്ടിൽ കോണുകൾ എന്നറിയപ്പെടുന്നത്. ഉദാ: വാര്യക്കോണം, നെയ്യണിക്കോണം, ചെക്കക്കോണം തുടങ്ങിയവ. മഴക്കാലത്ത് കുന്നിൻമുകളിൽ നിന്നും കുത്തിഒലിച്ചുവരുന്ന വെള്ളം വാരിവലിച്ചുകൊണ്ടുവരുന്ന മണ്ണും ജൈവാവശിഷ്ടങ്ങളും ഇത്തരം കോണുകളിൽ അടിഞ്ഞ് ഇവിടുത്തെ മണ്ണ് ഫലഭൂയിഷ്ഠമുള്ളതാണ്. നല്ല വളക്കൂറുള്ള ഈ പ്രദേശത്തെ മണ്ണ് അലൂവിയൽ എന്നതരത്തിൽ പെടുത്താവുന്നതാണ്. വെള്ളം കിട്ടുന്ന ഭാഗങ്ങളിലെല്ലാം മുൻകാലങ്ങളിൽ നെല്ല് കൃഷി ചെയ്തിരുന്നു. പാടങ്ങളുടെ തീരങ്ങളിൽ തെങ്ങ്, കവുങ്ങ് വെറ്റിലക്കൊടി തുടങ്ങിയവയാണ് കൃഷിചെയ്യുന്നത്. എന്നാൽ നെൽകൃഷി ആദായകരമല്ലാത്തതായിത്തീർന്നതോടെ മേൽപ്പറഞ്ഞതരം കോണുകളിലെ നെൽപ്പാടങ്ങൾ മറ്റു വിളകൾക്ക് വഴിമാറി കൊടുത്തിരിക്കുകയാണ്.

കരകുളം പഞ്ചായത്തിൻെറ ഒരു പ്രധാനസവിശേഷത ഭൂവിസ്തൃതിയിൽ ഗണനീയമായ ഒരു ഭാഗം പാറക്കെട്ടുകൾ ആണെന്നുള്ളതാണ്. ഈ പഞ്ചായത്തിലെ ഒരു വാർഡിൻെറ പേരുതന്നെ കല്ലയം എന്നാണ്. കല്ലകമോ കല്ലാലയമോ ആയിരിക്കാം കല്ലയമായി മാറിയത്. ഏതായാലും ഈ പ്രദേശം പാറകൾ കൊണ്ടു നിറഞ്ഞതാണ്. പാറക്കെട്ടുകളുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്നവരെക്കുറിച്ച് വ്യവസായമെന്ന ശീർഷകത്തിൽ പിന്നാലെ പ്രത്യേകം പ്രസ്താവിക്കുന്നുണ്ട്. അയണിക്കാട്, ഏണിക്കര, പുരവൂർക്കോണം തുടങ്ങിയ വാർഡുകളിലും വലിപ്പമേറിയ പാറക്കെട്ടുകൾ ഉണ്ട്. പാറക്കെട്ടുകളുടെ മൊത്തം വിസ്തൃതി റവന്യൂ രേഖകൾ പ്രകാരം 14 ഏക്കർ ആണ്.

## ജനപ്രകൃതി (അവലംബം കനേഷുമാരി 1991)

1991 ലെ കനേഷുമാരി കണക്കനുസരിച്ച് കരകുളം പഞ്ചായത്തിലെ ജനസംഖ്യ 40,503 ആണ്. ഇതിൽ 20,184 പുരുഷന്മാരും 20,319 സ്ത്രീകളുമാണ്. ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് ശരാശരി 1619 ആണ്. തിരുവനന്തപുരം ജില്ലയുടേത് 1394-ഉം നെടുമങ്ങാട് ബ്ലോക്ക് ശരാശരി 1193-ഉം ആണ്. (വാർഡ് തല ജനസംഖ്യാകണക്ക് പട്ടികയിൽ കൊടുത്തിരിക്കുന്നു). 8847 കുടുംബങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ഓരോ കുടുംബത്തിലും ശരാശരി 4.5 ആളുകളുള്ളപ്പോൾ സംസ്ഥാനശരാശരി 5.6 ആണ്. ആറുവയസ്സുവരെ പ്രായമുള്ള കുട്ടികളുടെ എണ്ണം 5206 അത്രേ. ഇതിൽ 2639 ആൺകുട്ടികളും 2567 പെൺകുട്ടികളുമാണ്. 3905 പട്ടികജാതിക്കാരുള്ളതിൽ 1856 പുരുഷൻമാരും 2049 സ്ത്രീകളുമാണ്.

മൊത്തം ജനസംഖ്യയിൽ 12,015 പേർക്ക് മാത്രമാണ് തൊഴിലുള്ളത്. ഇതിൽ 1810 പേർ സ്ത്രീകളാണ്. ഇവരിൽത്തന്നെ 1173 പേർക്ക് നാമമാത്രദിനങ്ങളിൽ മാത്രം തൊഴിൽ ലഭിക്കുന്നവരാണ്. കാർഷികമേഖലയിൽ പണിയെടുക്കുന്ന 3688 കർഷക തൊഴിലാളികളിൽ 3248 പേർ പുരു,ഷന്മാരും 440 പേർ സ്ത്രീകളുമാണ്. 1057 കർഷകരാണ് പഞ്ചായത്തിലുള്ളത് (വിവിധ മേഖലകളിലെ തൊഴിലാളികളുടെ വിശദവിവരം ചാർട്ട് 2-ൽ കൊടുത്തിരിക്കുന്നു).

പ്രത്യക്ഷവരുമാനം കിട്ടാത്ത തൊഴിലുകളിലാണ് കൂടുതലും സ്ത്രീകൾ പങ്കാളികളാകേണ്ടിവരുന്നത് എന്നതിനാൽ തൊഴിലില്ലാത്തവരുടെ പട്ടികയിലെ ഇവരുടെ എണ്ണം 17,991 ആണ്. 9424 പുരുഷന്മാരും.

കാർഷികപ്രാധാന്യമുള്ള ഈ പഞ്ചായത്തിൽ തൊഴിൽ ചെയ്യുന്നവർ 1991 ലെ കണക്കുപ്രകാരം 30.70% മാത്രമാണ്. എന്നാൽ ഇന്നത്തെ അവസ്ഥ ഏകദേശം 20% ആണെന്ന് ഈ റിപ്പോർട്ടിനുവേണ്ടി നമ്മൾ നടത്തിയ പ്രാഥമികവിവരശേഖര കണക്കുകൾ സൂചിപ്പിക്കുന്നു. മറ്റൊരു പ്രത്യേകത ഈ രംഗത്ത് നിന്നുമാറി മുഴുവൻ ആളുകളും നിർമ്മാണ തൊഴിൽ രംഗത്തേക്ക് മാറുന്നു എന്നതാണ്. ഒരു കാലത്ത് കളിമൺവ്യവസായം ഈ പഞ്ചായത്തിലെ ഒരു പ്രധാന കുടിൽ വ്യവസായമായിരുന്നു. എന്നാൽ അസംസ്കൃതവസ്തുവായ കളിമണ്ണ് ആവശ്യത്തിന് ലഭ്യമാകാതെ വന്നതുകൊണ്ടും, കാലത്തിൻെറ ആധുനികവൽക്കരണത്തിനൊപ്പം വ്യവസായത്തിന് വൈവിദ്ധ്യവൽക്കരിക്കാത്തതുകൊണ്ടും ഉപജീവനത്തിനായി ഈ വ്യവസായത്തെ മാത്രം ആശ്രയിക്കാൻ വയ്യാത്ത അവസ്ഥയായി. തൊഴിൽ മേഖലയിൽ ഏതാണ്ട് 30% സേവനവേതനമേഖലയിലാണ് പണി എടുക്കുന്നത്. കല്ലയം വേങ്കോട് കായ്പാടി മേഖലയിലാണ് പാറഖനനവുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുള്ളത്. ഇവർ 1.02% മാത്രമാണ്.

## ജലവിഭവങ്ങൾ :

ജലത്തെക്കുറിച്ച് ചർച്ചചെയ്യുമ്പോൾ ആദ്യം എത്തുന്നത് മഴയെ ആശ്രയിച്ചുള്ള ജലവിഭവങ്ങളാണ്. കിള്ളിയാർ ഏകദേശം 4.5 കിലോമീറ്റർ ദൂരം നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോകുന്നുണ്ട്. ഈ നദിയിലും എല്ലാക്കാലത്തും നീരൊഴുക്കുണ്ടെങ്കിലും കുംഭം മീനം മാസങ്ങളിൽ നീരൊഴുക്ക് വളരെ കുറവാണ്. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്ന ഒരവസ്ഥയുണ്ട്. എന്നാൽ നല്ല മഴക്കാലത്ത് ഇരുകരകൾക്ക് നാശം വിതച്ചുകൊണ്ട് കുത്തൊഴുക്കിലൂടെ കുറഞ്ഞസമയത്തിനുള്ളിൽ തന്നെ പഴയ രീതിയിൽ ആകുകയും ചെയ്യുന്നു. വളരെയധികം തോടുകളും കുളങ്ങളും വലിയ ചിറകളും ഉള്ള പ്രദേശങ്ങളായിരുന്നു. ഇതിൽ പ്രധാനപ്പെട്ടത് നമ്പാട് - നെട്ടറ - പിന്നൂർതോട് (ഏകദേശം 5 കിലോ മീറ്റർ) ആണ്. എല്ലാകാലത്തും വെള്ളം ലഭിക്കുന്ന ഒന്നാണ് ഇത്. കല്ലയം വാർഡിലെ പുലികുളത്തുനിന്നുമാരംഭിച്ച് വേങ്കോട്, മുക്കോല, കരകുളം പിന്നൂർ സമാപിക്കുന്നു. ഇത്രയും പ്രദേശത്തെ ജനങ്ങൾ പ്രാഥമിക ആവശ്യങ്ങൾക്കും കൃഷിക്കും വേണ്ടി പ്രധാനമായും ആശ്രയിക്കുന്നത് ഇതിനെയാണ്. എന്നാൽ ഈ തോടിന്റെ പലഭാഗത്തും വഴികൾ വെട്ടിയതുകൊണ്ടും മാനുഷിക ഇടപെടൽ കൊണ്ടും വളരെയധികം വീതികുറഞ്ഞുപോയിട്ടുണ്ട്. ഇത് നല്ല മഴക്കാലത്ത് തോട് പൊട്ടി ഒഴുകാനും കൃഷിനാശത്തിനും കാരണമായിത്തീരാറുണ്ട്. താന്നിയ്ക്കൽ - ഏണിക്കര തോട് (1.5 കിലോമീറ്റർ), മൈലാടുംപാറ - വാര്യക്കോണം - നിലമത്തല - കരകുളം, മരുതൂർതോട്, കാച്ചാണി - മാടവനതോട് തുടങ്ങിയവയാണ് മറ്റ് പ്രധാനപ്പെട്ട തോടുകൾ. നേരത്തെ പറഞ്ഞ വഴിവെട്ടൽ ഈ തോടുകളെയും സാരമായി ബാധിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് തന്നെ വേനൽക്കാലത്ത് നീരൊഴുക്ക് കുറയുകയും പലതിലും ഇല്ലാതാകുകയും ചെയ്യുന്നു. ഇതുകൂടാതെ മഴക്കാലത്തുമാത്രം വെള്ളം കിട്ടുന്ന മുപ്പതോളം വലുതും ചെറുതുമായ തോടുകൾ പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ കൂടി ഒഴുകുന്നുണ്ട്.

ഈ പ്രദേശത്ത് ധാരാളം കുളങ്ങൾ ഉണ്ടായിരുന്നു എന്നും അതുകൊണ്ട് തന്നെയാണ് കരകുളം എന്ന പേരുകിട്ടിയത് എന്ന ഒരു സ്ഥലനാമകഥയും ഇവിടുണ്ട്. വില്ലേജാഫീസ് രജിസ്റ്ററുകൾ പരിശോധിക്കുമ്പോൾ തന്നെ ഇതു സത്യമാണെന്ന് ബോധ്യപ്പെടുകയും ചെയ്യുന്നുണ്ട് (ഏകദേശം 110). പല ചിറകളും കുളങ്ങളും ഒന്നും തന്നെ ഇന്ന് നിലവിലില്ല. കൃഷി ഉപതൊഴിലായി മാറിയതുകൊണ്ടുതന്നെ നിലവിലുള്ള ചിറകൾ പോലും നമുക്ക് ഉപയോഗപ്പെടുത്താനും നിലനിറുത്താനും കഴിയുന്നില്ല. ആറന്നൂർക്കോണം, കണ്ണണിക്കോണംചിറ, കാവിൽചിറ, കല്ലയംചിറ, ചെന്തപ്പൂർചിറ, പനവിളാകംചിറ, മാണാംകോട്ചിറ, കെക്കോട്ചിറ, കരകുളം സി.എസ്.ഐ. പള്ളിക്ക് സമീപമുള്ള ചിറ, കരിമ്പുവിളചിറ എന്നിങ്ങനെ 10 ചിറകളും തുടയൻകോട്, മിത്രകോണം എന്നിവിടങ്ങളിലെ രണ്ടു കുളങ്ങളുമാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന ജലാശയങ്ങൾ.

റോഡുവെട്ടുകൊണ്ട് പൂർണ്ണമായും ഇല്ലാതാവുകയും ജലസേചനസൗകര്യം തീരെ നശിക്കുകയും ചെയ്ത ചില ഏലകളിൽ പ്രധാനപ്പെട്ടവയാണ് ചെക്കക്കോണം - കിഴക്കേഏലയും കാച്ചാണി ചെക്കക്കോണം ഏലായും. അതുകൊണ്ടുതന്നെ ഈ മേഖലകളിലെ കൃഷിരീതിയിലും വിളരീതിയിലും ഉല്പാദനക്ഷമതയിലും കാര്യമായ വ്യതിയാനം സംഭവിച്ചിരിക്കുന്നു.

കുടിവെള്ളത്തിനായും ഗാർഹികാവശ്യത്തിനായും പഞ്ചായത്തിലെ 90 - 92% വീടുകളിലും തുറന്ന കിണൽ ഉപയോഗിക്കുന്നു. ഇതുകൂടാതെ 26 പൊതുകിണറുകളും പഞ്ചായത്ത് പരിധിയിലുണ്ട്. താരതമ്യേന ഉയർന്ന പ്രദേശങ്ങളിൽ വേനൽക്കാലത്ത് കിണർവെള്ളത്തിന് ക്ഷാമം ഉണ്ടാകുന്നു. കൂടാതെ 21 കുളങ്ങളും പ്രധാനമായുണ്ട്. എന്നാൽ പൊതുകിണറുകളിൽ മിക്കതും അറ്റകുറ്റപ്പണികളുടെ അഭാവത്തിൽ ഉപയോഗശൂന്യമാണ്. ഭൂവിനിയോഗത്തിൽ വന്ന മാറ്റം കാരണം മറ്റുചില കിണറുകൾ ഉപയോഗശൂന്യമായിത്തീർന്നു. ആയതിനാൽ പഞ്ചായത്തിലെ ജലവിഭവമാനേജ്മെന്റിൻെറ ഭാഗമായി സ്വകാര്യകിണർ സംരക്ഷണവും പൊതുകിണറുകളുടെയും കുളങ്ങളുടെയും ശുദ്ധീകരണവും വിനിയോഗവും ജനപങ്കാളിത്തത്തോടെ നിർവ്വഹിക്കാം.

ഈ തരം സ്രോതസ്സുകളുടെ പരിരക്ഷ തദ്ദേശീയരായ ഗുണഭോക്തൃസംഘം രൂപീകരിച്ച് അവരെ ഏൽപ്പിക്കാവുന്നതാണ്. കരകുളം പഞ്ചായത്ത് പ്രവർത്തന അനുഭവം തന്നെയിന് വ്യക്തമാക്കുന്നുത്. ഉദാഹരണം പുള്ളീക്കോണം. ലക്ഷ്മിവിളാകം മുതലായവ. ഈ മാതൃക കൂടുതൽ ഫലവത്തായി മറ്റിടങ്ങളിലും സ്വീകരിക്കാം.

## പട്ടിക - I

*ജനസംഖ്യാ (1991 - ലെ സെൻസസ്) വാർഡു തിരിച്ച്*

| | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| അയണിക്കാട് | 1452 | 1418 | 2870 |
| ഏണിക്കര | 1718 | 1716 | 3464 |
| കാച്ചാണി | 2452 | 2395 | 4847 |
| പരവൂർകോണം | 1909 | 1935 | 3844 |
| കല്ലയം | 1474 | 1525 | 2999 |
| നെടുമൺ | 1208 | 1276 | 2484 |
| മരുതൂർ | 785 | 788 | 1573 |
| ചിറ്റാഴ | 832 | 853 | 1685 |
| കഴുനാട് | 1418 | 1392 | 2802 |
| പന്തപ്ലാവ് | 1776 | 1811 | 3587 |
| വേങ്കോട് | 1622 | 1675 | 3297 |
| മുക്കോല | 1842 | 1897 | 3739 |
| ചെക്കക്കോണം | 1674 | 1638 | 3312 |

*ഏണിക്കര, മുക്കോല എന്നീ വാർഡുകളിലെ ചില ഭാഗങ്ങൾ ചേർന്നുണ്ടാക്കിയ കരകുളം വാർഡിലെ 96-ലെ ജനസംഖ്യാ - 2987, പുരുഷന്മാർ - 1414, സ്ത്രീകൾ - 1573.*

## പട്ടിക - II

*തൊഴിലാളികളുടെ എണ്ണം (വിവിധ മേഖലകളിൽ) കാനേഷുമാരി കണക്കുകൾ 1991.*

| തൊഴിൽ | പുരുഷൻ | സ്ത്രീ | മൊത്തം | ശതമാനം |
|---|---|---|---|---|
| കൃഷിക്കാർ | 973 | 84 | 1057 | 08.80 |
| കർഷകത്തൊഴിലാളികൾ | 3248 | 440 | 3688 | 30.70 |
| നിർമ്മാണത്തൊഴിലാളികൾ | 902 | 26 | 928 | 07.72 |
| വാണിജ്യം, വ്യാപാരം | 906 | 190 | 1096 | 09.12 |
| ഗതാഗതവും വാർത്താവിനിമയവും | 796 | 49 | 845 | 07.03 |
| മൃഗസംരക്ഷണം, മത്സ്യമേഖല, തോട്ടംമേഖല തുടങ്ങിയവ | 307 | 22 | 329 | 02.73 |
| ഖനനവും പാറപൊട്ടിക്കലും | 133 | 27 | 160 | 01.34 |
| കുടിൽ വ്യവസായ മേഖല | 97 | 26 | 123 | 01.02 |
| കുടിലേതര വ്യവസായം | 926 | 202 | 1128 | 09.39 |
| മറ്റു സേവന മേഖലകൾ | 1917 | 744 | 2661 | 22.15 |
| മൊത്തം തൊഴിലെടുക്കുന്നവർ | 10205 | 1810 | 12015 | |

# പഞ്ചായത്ത് തോടുകളുടെ പേരും ദൈർഘ്യവും

| ക്രമനമ്പർ | പേര് | വാർഡ് | ദൈർഘ്യം | ജലം ലഭ്യമാകുന്ന പ്രദേശം |
|---|---|---|---|---|
| 1. | കിള്ളിയാർ-കിഴക്കേഏല-മൂന്നാംവട്ടിക്കോണം തോട് | XIII | 3 കി.മീ | 10 ഹെക്ടർ |
| 2. | കിള്ളിയാർ-അലയത്താഴ-ആലുമൂട് തോട് | XIII | 3 കി.മീ | 10 ഹെക്ടർ |
| 3. | കിള്ളിയാർ-കോഴിയോട്-മുള്ളമുക്ക് തോട് | XIII | 2 കി.മീ | 5 ഹെക്ടർ |
| 4. | കളത്തറ-വരയടിക്കോണം ചിറ | XIII | 500 മീറ്റർ | 5 ഹെക്ടർ |
| 5. | നമ്പാട്-കടമ്പ്ര-പുന്നൂർ-തോട് | XII | 8 കി.മീ | 40 ഹെക്ടർ |
| 6. | ആറന്നൂർക്കോണം തോട് | XII | 500 മീറ്റർ | |
| 7. | കുഴിക്കോട്ടുകോണം-മാടപ്പാട്ട് തോട് | XII | 1 കി.മീ | |
| 8. | കരിപ്പൂർക്കോണം-പുന്നൂർ-തോട് | XII | 1 കി.മീ | |
| 9. | നമ്പാട് പ്ലാത്തറ-വരിച്ചക്കൽ-കായ്പ്പാടിതോട് | XII | 3 കി.മീ | |
| 10. | ഞാലിക്കോണം ഏണിക്കര തോട് | II | 2 കി.മീ | 7 ഹെക്ടർ |
| 11. | ഏണിക്കര കണ്ണണിക്കോണം തോട് | II | 2.5 കി.മീ | 8 ഹെക്ടർ |
| 12. | കാരക്കോണം-കഴുനാട് കൊടുമ്മൂല തോട് | X | 3.5 കി.മീ | 6 ഹെക്ടർ |
| 13. | ഞാറ്റടിവാരം-മലയംകോണം തോട് | X | 600 മീറ്റർ | |
| 14. | ഊരകത്തുനട-ഇടവക്കോട് തോട് | X | 1 കി.മീ | |
| 15. | കൊട്ടുമ്മൂല-മാഞ്ഞാംകോട് തോട് | X | 700 മീറ്റർ | |
| 16. | തീപ്പാച്ചി-പരവൂർക്കോണം തോട് | X | 1.2 കി.മീ | |
| 17. | പന്നിയോട് ഒഴുപാറ-മുഴിതോട് | IX | 2.5 കി.മീ | |
| 18. | മേൽതുങ്ങൾ-പന്നിയോട്തോട് | IX | 3 കി.മീ | |
| 19. | ചേലപ്പുറം-കുന്നൂർശ്ശാല തോട് | I | 1.5 കി മീ | 7 ഹെക്ടർ |
| 20. | പൊട്ടൻചിറ-കെൽട്രോൺജംഗ്ഷൻ തോട് | I | 750 മീറ്റർ | 2 ഹെക്ടർ |
| 21. | പ്ലാവൂർ തോട് | I | 500 മീറ്റർ | 2 ഹെക്ടർ |
| 22. | പുന്നൂർ തോട് | II | | |
| 23. | ഏണിക്കര-കണ്ണണിക്കോണം തോട് | II | 2 കി.മീ | 5 ഹെക്ടർ |
| 24. | ഏണിക്കര-ഞാലിക്കോണം തോട് | II | 1.5 കി.മീ | 5 ഹെക്ടർ |
| 25. | ചെക്കക്കോണം-മാടവന തോട് | III | 2.6 കി.മീ | |
| 26. | കുന്നൂർ ശാലതോട് | I | | |
| 27. | ചേലപ്പുറം | I | 500 മീറ്റർ | |
| 28. | പ്ലാവിള തോട് | I | 1 കി.മീ | |
| 29. | ആറാം കല്ല് കുണ്ടേറ്റിഏല തോട് | IV | | |
| 30. | വെളിയത്തും ചിറ-കഴുനാട് തോട് | V | | |
| 31. | മാഞ്ഞാം കോട് തോട് | VI | 2.5 കി.മീ | |
| 32. | മരുതൂർ തോട് | VII | 3 കി.മീ | |

*അവലംബം : പഞ്ചായത്ത് തോട് രജിസ്റ്റർ.*

# 4
# കൃഷി
# ജല സേചനം
# മണ്ണ് സംരക്ഷണം

കരകുളം എന്ന നാമത്തിലെ 'കുളം' എന്ന പദത്തിൽ ഒളിഞ്ഞിരിക്കുന്ന ജലസമൃദ്ധി പരമാവധി ഉപയോഗപ്പെടുത്തിയ ഒരു ജനതയായിരുന്നു ഇവിടുണ്ടായിരുന്നത്. തിരുവിതാംകൂർ രാജാവിന്റെ ധാന്യപുരയിലേക്ക് ഒഴുകിയെത്തിയ കാർഷിക സമ്പത്തിൽ ചെറുതല്ലാത്തൊരു ഭാഗം കരകുളത്തെ ജനങ്ങളുടെ വിയർപ്പിന്റെയും പ്രയത്നത്തിന്റെയും ആകെത്തുകയായിരുന്നു. മറ്റെവിടെയും എന്നപോലെ ഇവിടത്തെയും ജനങ്ങളുടെ വരുമാനത്തിന്റെ മുന്തിയ ഭാഗം നെൽകൃഷിയിൽ നിന്നായിരുന്നു. ഇരുപൂ കൃഷിയാണ് ഇവിടെ നിലനിന്നിരുന്നത്

സ്വർണ്ണവർണ്ണക്കതിരുകളുടെ സമൃദ്ധിയും അനന്തതയോളം പടർന്നുകിടന്നിരുന്ന നെൽപ്പാടങ്ങളും. കാർഷികാവാശ്യത്തിനാവശ്യമായ വെള്ളമെത്തിച്ചു കൊടുക്കാൻ കൊടും വേനലിൽ പോലും ദൗർലഭ്യം കാട്ടാത്ത തോടുകളും, ചിറകളും ഇതൊക്കെയും ഇന്നു കരകുളത്തിന് അന്യങ്ങളാകുന്നുവോ ? നാണ്യവിളകളുടെ ഇരച്ചുകയറ്റത്തിലൂടെ ഇന്നു നമ്മുടെ നാടും ഒഴുകിത്തുടങ്ങിയിരിക്കുന്നു. മുടന്തൻ ന്യായങ്ങളിലൂടെ വയലുകൾ നികത്തുന്നതിനും പിന്നിലെ യുക്തികൾ നിരത്തുമ്പോൾ വയലുകളെപ്പോലും റബ്ബർമരങ്ങൾ വിഴുങ്ങുമ്പോൾ നമ്മുടെ ഉള്ളിലെ ദാഹക്കൊതി പകൽവെളിച്ചം പോലെ പുറത്തു വരുന്നു. നഷ്ടപ്പെടുന്ന വയലുകൾ കണ്ട് കണ്ണുനീർ വീഴ്ത്തുന്ന പഴമക്കാരുടെ ദു:ഖങ്ങളിൽ നമുക്കും പങ്കു ചേരാം. ഒരു കാര്യം സ്പ്ഷടമാണ്. ഇത് നമ്മുടെ കരകുളത്തിന്റെ മാത്രം ദു:ഖമല്ല. കേരളത്തിലാകമാനം പടർന്നു പിടിച്ച ദുരന്തത്തിന്റെ ഒരു പരിഛേദം മാത്രമാണ്.

കരകുളം പ്രദേശം ഒരു കാർഷികമേഖലയായിരുന്നുവെന്നതിന് രണ്ടഭിപ്രായമില്ല. നെൽക്കൃഷി കഴിഞ്ഞാൽ പ്രധാനമായി കൃഷിചെയ്യുന്നത് തെങ്ങ്, കമുക്, കുരുമുളക്, മരച്ചീനി, വാഴ എന്നിവയാണ്. ചേന., ചേമ്പ് തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങളും കൃഷി ചെയ്യുന്നു. കൃഷിയിലൂടെയാണ് ജനങ്ങൾ ഉപജീവനത്തിലുള്ള ഉപാധി കണ്ടെത്തിയിരുന്നത്. വയലുകളോട് തൊട്ടുള്ള ഭൂമിയിൽ തെങ്ങ് സമൃദ്ധിയായി വിളവ് നൽകിയിരുന്നു. കൃഷി എന്ന വാക്കു കൊണ്ട് പ്രധാനമായി ഉദ്ദേശിച്ചിരുന്നത് നെൽകൃഷി തന്നെയാണ്.

ഈ പ്രദേശം ഉൾപ്പെട്ട നെടുമങ്ങാട് താലൂക്കിലെ പ്രധാനപ്പെട്ട ഒരു കരകൃഷിയും സാധാരണ ജനങ്ങളുടെ ഭക്ഷ്യവസ്തുവുമായിരുന്നു മരച്ചീനി. കാലവർഷത്തിനെ മാത്രം ആശ്രയിച്ച് നാടൻ വളം ഉപയോഗിച്ച് ശാസ്ത്രീയമല്ലാതെ ചെയ്തു ശീലിച്ച ഒരു കൃഷി വിളയായിരുന്നു ഇത്. മരച്ചീനിക്ക് വ്യാവസായിക വിപണി കണ്ടെത്താൻ സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിച്ച കരകുളത്തെ സ്റ്റാർച്ച് ഫാക്ടറി അസംസ്കൃത വസ്തുവിന്റെ അഭാവമോ പ്രവർത്തനശേഷി ഇല്ലായമ്യോ കൊണ്ട് അടച്ചു പൂട്ടേണ്ടി വന്നു.

പ്രാദേശികമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർഷികോൽപ്പന്നങ്ങൾ തലച്ചുമടായിക്കൊണ്ടു വന്ന് വിറ്റഴിക്കുന്ന ചെറിയ ചന്തകൾ പലയിടത്തും ഉണ്ടായിരുന്നു. കൂടുതൽ വിളകൾ നേടിയിരുന്നവർ നെടുമങ്ങാട് ചന്തയിൽ എത്തിച്ചു വിറ്റിരുന്നു. ഇന്നത്തെപ്പോലെ ചരക്കുവാഹനങ്ങളോ സഞ്ചാരയോഗ്യമായ നിരത്തുകളോ അന്നുണ്ടായിരുന്നില്ല. പ്രധാനമായും തിരുവനന്തപുരം ചെങ്കോട്ട റോഡിന്റെ ആവീർഭാവത്തോടെയാണ് യാത്രയും ഗതാഗതവും ഒരുവിധം സുഗമമായത്. ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് നിത്യപയോഗ സാധനങ്ങൾ ഉൾക്കൊണ്ട കടകൾ രൂപം കൊണ്ടു. റോഡും. വാഹനങ്ങളും വന്നതോടെ ചരക്കു കയറ്റി ചന്തയിൽപോയിരുന്ന വാഹനങ്ങൾ മടക്കയാത്രയിൽ മറ്റ് നിത്യപയോഗസാധനങ്ങളുമായി എത്തിത്തുടങ്ങി. താലൂക്കിലെ പ്രധാന മലഞ്ചരക്ക ഗതാഗത കേന്ദ്രമായ നെടുമങ്ങാട് ചന്ത ഇവിടത്തെ കാർഷിക ഉൽപ്പന്നങ്ങളുടെ പ്രധാന കേന്ദ്രമായിരുന്നു.

### പട്ടിക – 1

**ഭൂമി സംബന്ധിച്ച വിവരങ്ങൾ**

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 30 ഹെക്ടർ |
| പുരയിടം | 2341 ഹെക്ടർ |
| പുറമ്പോക്ക് | 102 ഹെക്ടർ |
| കൃഷിയോഗ്യതരിശ് | 13 ഹെക്ടർ |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 15 ഹെക്ടർ |
| ആകെ | 2501 ഹെക്ടർ |

(വില്ലേജാഫീസ്, കൃഷിഭവൻ രേഖകൾ)

# 1. നെൽകൃഷി

(അവലംബം- കൃഷിഭവൻരേഖകൾ, വില്ലേജ് റിക്കാർഡുകൾ, പഠന പര്യടന വിവരങ്ങൾ,നാട്ടറിവ്)

നമ്മുടെ പഞ്ചായത്തിൽ 30 ഹെക്ടർ പ്രദേശത്തു മാത്രമേ നിലവിൽ നെൽകൃഷിയുള്ളു മുഴുവനും ഇരുപൂ നിലങ്ങളാണ്. പഞ്ചായത്തിന്റെ രൂപീകരണ കാലത്ത് അതായത് 1950-കളിൽ പഞ്ചായത്തിന്റെ മിക്കവാറും ഏലാകളിൽ നെൽകൃഷിയായിരുന്നു. പനവിളാകം- നമ്പാട്, പിന്നൂരേല, കഴുനാട് ഏല, കുണ്ടേറ്റി ഏല, മാടവന ഏല തുടങ്ങിയവ ഇതിൽ പ്രധാനങ്ങളാണ്. ഒരു ഏലായ്ക്ക് ആവശ്യമായ ജലസേചനം ആ ഏലായുടെ ഏറ്റവും മുകളിലായി നിർമ്മിച്ചിട്ടുള്ള തലക്കുളത്തിൽ നിന്നാണ് നിർവ്വഹിച്ചിരുന്നത്. അന്ന് കൃഷിക്കാർ നെൽക്കൃഷി ലാഭനഷ്ടക്കണക്കുകളിൽ ആകൃഷ്ടരായിരുന്നില്ല. സ്വന്തം ഭൂമിയിൽ കൃഷിയിറക്കി അതിൽ നിന്നും കിട്ടുന്ന ഫലം സ്വന്തം ആവശ്യത്തിനുപയോഗിക്കുകയും വൈക്കോൽ കന്നുകാലികൾക്കു കൊടുക്കുകയും ആവശ്യത്തിൽ അധികം വരുന്നതു മാത്രം വിൽക്കുകയും ചെയ്യുന്ന അവസ്ഥയായിരുന്നു.

1106-ലെ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം മൊത്തം കൃഷിഭൂമിയുടെ ഏകദേശം 50 ശതമാനത്തിലധികം നിലമായിരുന്നതായിട്ടാണ് കാണുന്നത്. പ്രധാനമായും നാടൻവിത്തുകളാണ് അന്നുപയോഗിച്ചിരുന്നത്. അതുകൊണ്ട് ഫലവും കുറവു തന്നെയായിരുന്നു. വളത്തിനു വേണ്ടി പ്രധാനമായും ഉപയോഗിച്ചിരുന്നത് ചാണകവും സസ്യങ്ങളുടെ ഇലയും ആയിരുന്നു. ഇതെല്ലാം ചെയ്തിരുന്നത് ഗൃഹനാഥനായിരുന്നു. അന്ന് നെൽകൃഷി എന്നത് നമ്മുടെ സംസ്ക്കാരത്തിന്റെകൂടി ഭാഗമായിരുന്നു. പരസ്പരം സംയോജിപ്പിച്ചു കൊണ്ടുള്ള കൃഷിയാണ് അക്കാലത്ത് നിലവിലുണ്ടായുരുന്നത്. 1980 കാലഘട്ടം മുതലാണ് വ്യാപകമായ വയൽ നികത്തൽ പ്രക്രിയ ഈ പഞ്ചായത്തിലാരംഭിക്കുന്നത്. 80 കളുടെ തുടക്കത്തിൽ കൃഷി ഭൂമിയുടെ ഉടമസ്ഥർ കൃഷിയിൽ നിന്ന് വിട്ടു നിൽക്കുകയും കൂലിക്കാളുകളെ ഉപയോഗിച്ച് കൃഷി ചെയ്യുന്ന രീതി വ്യാപകമാകുകയും ചെയ്തു. അതോടൊപ്പം തോട്ടവിളകളുടെ കടന്നുകയറ്റം വളരെ കൂടുതലാവുകയും ചെയ്തു. കൂലി കൊടുത്ത് കൃഷി ചെയ്യുകയും അതിൽ നിന്ന് തുച്ഛമായ ഫലം മാത്രം കിട്ടുക എന്ന അവസ്ഥ വന്നതോടുകൂടി കൃഷി ലാഭകരമായി നടത്താൻ കഴിയാത്ത അവസ്ഥയുണ്ടായി. ആദ്യകാലങ്ങളിൽ നിലം തരിശിടാൻ തുടങ്ങി. ക്രമേണ നിലം നികത്തി ലാഭകരമായി നടത്താവുന്ന മറ്റ് പല വിളകളിലേക്കും മാറി. അങ്ങനെ സ്ഥിരമായി നിലം പണകളായും, പുരയിടങ്ങളായും മാറുന്ന അവസ്ഥ വന്നു. ഇപ്പോൾ ഇങ്ങനെ നികത്തി മാറ്റിയിട്ടുള്ള പല ഏലാകളിലും റോഡുകളും അതിനോടനുബന്ധിച്ച് വീടുകളും വന്നു കഴിഞ്ഞു. ഫലത്തിൽ നിലങ്ങൾ സ്ഥിരമായി നഷ്ടപ്പെടുന്ന അവസ്ഥയും വന്നു.

ഇപ്പോൾ നാമമാത്രമായി മാത്രമേ നിലങ്ങൾ നിലവിലുള്ളു. അതിൽ ഒരു പ്രധാനപ്പെട്ട ഏലായാണ് നമ്പാട് ഏല. ഈ ഏലായിൽ ഒരുപൂ കൃഷിക്കുശേഷം രണ്ടാംവിളയായി പച്ചക്കറി കൃഷിയാണ് ചെയ്യുന്നത്. പല ഏലാകളിലും ഇപ്പോൾ പത്തേക്കറുകളോളം മാത്രമാണ് നെൽകൃഷിയുള്ള സ്ഥലം. ഈ നിലങ്ങളെങ്കിലും സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള കൂട്ടായ ശ്രമം അത്യാവശ്യമാണ്. നികന്നുപോയ നിലങ്ങളെ തിരിച്ചു കൊണ്ടുവരാൻ ഇനി യാതൊരു കാരണവശാലും സാധിക്കുകയില്ല. ഇപ്പോൾ നിലവിലുള്ളതിനെയെങ്കിലും സംരക്ഷിക്കുക എന്നതായിരിക്കണം നമ്മുടെ കാഴ്ചപ്പാട്. നെൽകൃഷിക്കാർ മാത്രം എന്തു നഷ്ടവും സഹിച്ച് നമ്മുടെ സംസ്ക്കാരം നിലനിർത്തണമെന്ന് ആവശ്യപ്പെടുന്നത് ഉചിതമായിരിക്കുകയില്ല. നിലവിലുള്ള നെൽപ്പാടങ്ങൾ സംരക്ഷിക്കപ്പെടുന്ന 'ഗ്രൂപ്പ് ഫാമിങ്ങ്' അല്ലാതെ മറ്റു മാർഗ്ഗങ്ങൾ വിരളമാണ്. നിലവിലുള്ള നെൽപ്പാടങ്ങൾ സംരക്ഷിച്ച് നിർത്തുന്നതോടൊപ്പം മറ്റ് പ്രദേശങ്ങളിൽ ലാഭകരമായി നടത്താൻ പറ്റുന്ന കൃഷികൾ പ്രോത്സാഹിപ്പിക്കുകയും വേണം. 1980 കളിൽ പഞ്ചായത്തിലെ കർഷക തൊഴിലാളികൾക്കുള്ള വേതനം ഒരു ദിവസത്തേയ്ക്ക് 40 മുതൽ 50 രൂപ വരെയായിരുന്നു. ജോലി സമയം രാവില 8 മണിമുതൽ വൈകുന്നരേം 5 മണിവരെയും അയിരുന്നു. എന്നാൽ ഈ ദശകത്തിന്റെ തുടക്കത്തിൽ വേതനത്തിൽ വമ്പിച്ച വർദ്ധനവ് ഉണ്ടായി. അന്നു സ്ത്രീ തൊഴിലാളികളുടെ വേതനം 25 രൂപാ മുതൽ 40 രൂപാ വരെയായിരുന്നു. കർഷകതൊഴിലാളികളിൽ ഭൂരിപക്ഷവും പ്രത്യേകിച്ച് പാടത്തു പണിയെടുക്കുന്നതിൽ 90% വും സ്ത്രീകളാണ് എന്നതുകൊണ്ട് കാർഷിക ചെലവുംകുറവായിരുന്നു. 1990-ഓടു കൂടി വേതനത്തിൽ അഭൂതപൂർവ്വമായ വർദ്ധനവാണ് വന്നിട്ടുള്ളത്. 50 രൂപയിൽ നിന്നും 80 ഉം 80-ൽ നിന്നും 100 ഉം 100 ൽ നിന്ന് 125 ഉം ആയി നിൽക്കുന്നു. ക്രമാനുസൃതമായി സ്ത്രീകളുടെ വേതനത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. അതുപോലെ ജോലി സമയം 8.30 മുതൽ 4.30 വരെ എന്നായി ചരുങ്ങിയിട്ടുമുണ്ട്.

കാർഷിക തൊഴിലാളികളുടെ ജീവിതചെലവുമായി താരതമ്യം ചെയ്യുമ്പോൾ വേതനം കുറവാണെങ്കിലും കൃഷിയിൽ നിന്നും കിട്ടുന്ന ഫലവുമായി താരതമ്യം ചെയ്യുമ്പോൾ വേതന വർദ്ധനവ് അധികമാണ് എന്നതിന് രണ്ടഭിപ്രായമില്ല. എന്നാൽ ഈ വേതന വർദ്ധനവുകൊണ്ട് കർഷക തൊഴിലാളികൾക്ക് അവന്റെ ജീവിത നിലവാരം

മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. വേതന വർദ്ധനവ് ഉണ്ടാകുന്നതിനോടൊപ്പം കർഷകന്റെ ജീവിത ചെലവും വർദ്ധിക്കുന്നു. ഏതൊരു നിയന്ത്രണവുമില്ലാതെ വർദ്ധിച്ചു വരുന്ന ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധനവാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം.

പാടത്തു പണിയെടുക്കാനും തെങ്ങിന്റെ ചുവടു വെട്ടാനും ചരിവു പുരയിടങ്ങളെ പ്രത്യേകം പ്രത്യേകം തട്ടുകളായി തിരിക്കാനും കർഷകതൊഴിലാളികൾക്ക് വൈദഗ്ദ്ധ്യം അത്യാവശ്യമാണ്. 1980 കളോടു കൂടി ഇത്തരം വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെ കിട്ടാനില്ലാത്ത സ്ഥിതിയാണ് പഞ്ചായത്തിലുള്ളത്. കാർഷിക പണിയിൽ വൈദഗ്ദ്ധ്യം നേടുക എന്നതിലുപരി ഇന്നത്തെ തൊഴിലാളികളുടെ ലക്ഷ്യം അവന്റേയും കുടുംബത്തിന്റേയും അഷ്ടിയ്ക്കു വക കണ്ടെത്തുക എന്നതായിരിക്കുന്നു. അതുകൊണ്ടു തന്നെ കർഷകനും കൃഷിരീതികളുടെ വൈദഗ്ദ്ധ്യവും തമ്മിൽ ഏതൊരു ബന്ധവുമില്ലാത്ത അവസ്ഥ സംജാതമായിരിക്കുന്നു. ഇപ്പോൾ നിലവിലുള്ള അവസ്ഥ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികൾ പോയിട്ട് സാധാരണ കർഷകതൊഴിലാളികളുടെ ലഭ്യത പോലും ഇല്ലാ എന്നുള്ളതാണ് വസ്തുത. ആയതിനാൽ കിട്ടുന്ന തൊഴിലാളിയെ കൊണ്ട് പണിയെടുപ്പിക്കുക എന്നതാണ് ഇപ്പോൾ നടക്കുന്നത്.

### നെല്ലുല്പാദനവും ഉല്പാദനക്ഷമതയും

കൃഷിഭവൻ രേഖകൾപ്രകാരം 30 ഹെക്ടറുകളിലായി കിടക്കുന്ന നിലത്തിലാകെ ഏകദേശം ഒന്നാംവിളയായി 75000 കിലോഗ്രാമും, രണ്ടാംവിളയായി 6900 കിലോഗ്രാമും ഉൽപാദിപ്പിക്കുന്നു. ഉൽപാദനക്ഷമത ഹെക്ടറിന് 2500 കിലോഗ്രാം ആണ്. കൃഷിഭവനിലൂടെ നെല്ലുവിത്ത് വിതരണം ചെയ്തത്. 1993-94, 94-95, 95-96 വർഷങ്ങളിൽ 580 കിലോഗ്രാം 470 കിലോഗ്രാം 400 കിലോഗ്രാം എന്നീ ക്രമത്തിലണ്.

പഞ്ചായത്തിലെ കർഷകരിൽ ഭൂരിഭാഗം പേരും ഒരു ഹെക്ടറിൽ താഴെ കൈവശഭൂമി ഉള്ളവരാണ്. ഏകദേശം 4800 കർഷകകുടുംബങ്ങൾ. ഒരു ഹെക്ടറിനും രണ്ട് ഹെക്ടറിനും ഇടയിൽ കൈവശമുള്ള കർഷക കുടുംബങ്ങൾ 512 ആണ്.

## 2. തെങ്ങു കൃഷി

നമ്മുടെ പഞ്ചായത്തിൽ ലാഭകരമായി നടത്താൻ കഴിയുന്ന ഒരു പ്രധാന കൃഷിയാണ് തെങ്ങ്.ഇന്ന് നമ്മുടെ നാട്ടിൽ തെങ്ങുകൃഷി ഒരു കൃഷിയായി അംഗീകരിക്കാത്തവരാണ് അധികവും. കുറഞ്ഞ പരിചരണം കൊണ്ടും ആദായം ഉണ്ടാക്കാൻ കഴിയുന്നതാണ് തെങ്ങുകൃഷി. വർഷത്തിൽ ഒന്നോ, രണ്ടോ തവണ പരിചരണം നൽകിയാൽ മതിയാകും. എന്നാൽ വേണ്ടത്ര ശ്രദ്ധ കൃഷിക്കാർ തെങ്ങിന് നൽകിക്കാണുന്നില്ല. ഈ പ്രദേശത്തെ തെങ്ങിൽ നിന്നു ലഭിക്കുന്ന തേങ്ങയുടെ എണ്ണം ശരാശരി 33 ആണ്. അല്പം ശ്രദ്ധ നൽകിയാൽ ഇത് വളരെയധികം ഉയർത്താൻ കഴിയും . ജലസേചന സൗകര്യം വളരെ കുറവാണ്. നികത്തപ്പെട്ടിട്ടുള്ള നിലങ്ങളിലാണിപ്പോൾ ലാഭകരമായി കൃഷിചെയ്യുന്നത്. നമ്മുടെ പഞ്ചായത്തിൽ 950 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിയുണ്ടെന്നാണ് കൃഷിഭവൻ രേഖകൾ സൂചിപ്പിക്കുന്നത്. എന്നാൽ ഫലത്തിൽ ഇത്ര ഒന്നും ഇല്ലാ എന്നതാണ് ഏറെ വാസ്തവം. രാസവളപ്രയോഗം ഇല്ലാതെ തന്നെ നമ്മുടെ പറമ്പുകളിൽ ഉണ്ടാക്കാൻ കഴിയുന്ന ജൈവവളം ഉപയോഗിച്ചുകൊണ്ടും ലാഭകരമായി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ കഴിയും എന്നുള്ളതാണ് ചില കർഷകരുടെ അനുഭവം.

ഏകദേശം 3,78,061 തെങ്ങുകൾ ഈ പഞ്ചായത്തിലുണ്ടെന്നാണ് ഈ അടുത്തകാലത്ത് കൃഷിഭവൻ വഴി നടത്തിയ സർവ്വയിൽ നിന്നും തെളിയുന്നത്. തെങ്ങ്കൃഷി ഒരു പ്രധാന വരുമാനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള കർഷകർ വളരെ വിരളമാണ്. തെങ്ങിൽ നിന്നുള്ള ഉൽപാദനം കൊണ്ടു മാത്രം ചിലവുകൾ നടത്തികഴിയുന്ന ഏകദേശം 2000 കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കാറ്റുവീഴ്ച, വേരുചീയൽ, പൊട്ടിയൊലിപ്പ് എന്നീ രോഗങ്ങൾ കാരണം നാശം സംഭവിക്കുന്ന തെങ്ങുകളും ഈ പ്രദേശത്തുണ്ട്. കല്ലയം, പന്തപ്ലാവ് വാർഡുകളിൽ വേരുചീയൽ രോഗം കൂടുതലായിക്കാണുന്നുണ്ട്..

കിള്ളിയാറിന്റെ തീരങ്ങളിൽ വർഷകാലങ്ങളിലെ വെള്ളപ്പൊക്കം കൊണ്ട് ഇരുകരകളും ഇടിഞ്ഞുപോകുന്നുണ്ട്. ഈ കരകളിലെല്ലാം തന്നെ തെങ്ങുകൃഷി മാത്രമാണ് ചെയ്തിട്ടുള്ളത്. ഇത് സംരക്ഷിക്കുന്നതിനു വേണ്ടി കരകൾ കെട്ടി ഉറപ്പാക്കണമെന്ന ആവശ്യവും കരകുളം, ഏണിക്കര, അയണിക്കാട്, പുരവൂർക്കോണം ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുണ്ട്.

## പട്ടിക – 2
## തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | | തെങ്ങുകളുടെ ആകെ എണ്ണം | പ്രധാന രോഗങ്ങൾ | | | |
|---|---|---|---|---|---|---|
| | | | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റം ബ്ലീഡിംഗ് |
| I. | അയണിക്കാട് | 22992 | ആകെ 674, കല്ലയം, കഴുനാട് വാർഡുകളിൽ കൂടുതലായി കാണുന്നു. | എല്ലാ വാർഡുകളിലും | വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ | വളരെ അപൂർവ്വം |
| II. | ഏണിക്കര | 12546 | | | | |
| III. | കാച്ചാണി | 29391 | | | | |
| IV. | പുരവൂർക്കോണം | 41364 | | | | |
| V. | കല്ലയം | 28394 | | | | |
| VI. | നെടുമൺ | 22724 | | | | |
| VII. | മരുതൂർ | 16306 | | | | |
| VIII. | ചിറ്റാഴ | 12888 | | | | |
| IX. | പന്തപ്ലാവ് | 31612 | | | | |
| X. | കഴുനാട് | 26955 | | | | |
| XI. | വേങ്കോട് | 43021 | | | | |
| XII. | മുക്കോല | 30660 | | | | |
| XIII. | ചെക്കക്കോണം | 51635 | | | | |
| XIV. | കരകുളം | 7573 | | | | |

**(കൃഷിഭവൻ രേഖകൾ)**

# മറ്റു കൃഷികൾ

പഞ്ചായത്തിലെ നിലവിലുള്ള കൃഷിസ്ഥലങ്ങളിൽ 50 ശതമാനവും മിശ്രവിളകളാണ് പ്രധാനമായവ തെങ്ങ്, റബ്ബർ,. വാഴ, മരച്ചീനി എന്നീ ക്രമത്തിലാണ്. ഇതിനു പുറമെ കുരുമുളക്, അടയ്ക്ക, പച്ചക്കറി കൃഷി മുതലായവ. അല്പമാത്രമായും കൃഷി ചെയ്യുന്നു. റബ്ബർകൃഷി വ്യാപകമായ രീതിയിൽ കൃഷിചെയ്യാൻ തുടങ്ങിയിട്ട് ഏകദേശം 10 വർഷം മാത്രമേ ആയിട്ടുള്ളൂ. നിലവിലുള്ള കൃഷിഭൂമിയുടെ വിനിയോഗം ചാർട്ട് -3-ൽ കാണിച്ചിരിക്കുന്നു.

പഞ്ചായത്തിലെ കുന്നിൻചരിവുകളിൽ റബ്ബർകൃഷി വരുന്നതിനു മുമ്പ് മരച്ചീനികൃഷിയാണ് നടത്തിയിരുന്നത്. ഇന്ന് മരച്ചീനി പഞ്ചായത്തിലെ ഒരു നാമമാത്ര കൃഷിയായി മാറിയിരിക്കുന്നു. നെൽകൃഷിയുടെയും തെങ്ങുകൃഷിയുടെയും പ്രശ്നങ്ങൾ പറഞ്ഞതുപോലെ തന്നെ കർഷക തൊഴിലാളികളുടെ കുറവ് മറ്റ് കൃഷികളേയും സാരമായി ബാധിച്ചിട്ടുണ്ട്. മരച്ചീനി കൃഷി നശിക്കാനുള്ള കാരണങ്ങളിൽ തോട്ടവിളകളുടെ കടന്നുകയറ്റം കൃഷിച്ചെലവ് വർദ്ധനവ് എന്നിവയും ഉൾപ്പെടുന്നു. നിലവിലുള്ള മരച്ചീനികൃഷിക്ക് ഈ പ്രദേശത്ത് പ്രതികൂലമായി നിൽക്കുന്നത് എലി ശല്യമാണ്. നന്നായി ഫലം തരാൻ പ്രാപ്തിയാകുമ്പോൾ എലി തിന്നു നശിപ്പിച്ചു കളയുന്നതാണ് അവസ്ഥ. ഇതിനെ ഇല്ലായ്മ ചെയ്യാനുള്ള മാർഗ്ഗങ്ങൾ ഒട്ടുമിക്ക കർഷകർക്കും അറിയില്ല. മരച്ചീനി കൃഷിയെ ബാധിക്കുന്ന ഒരു തരം വൈറസ് രോഗം നമ്മുടെ പഞ്ചായത്തിൽ വ്യാപകമാണ്.

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ വളരെ ലാഭകരമായി കൃഷിചെയ്തുവരുന്ന ഒരു വിളയാണ് വാഴ. വയൽ നികത്തിയ പണകളിലാണ് പ്രധാനമായും കൃഷിചെയ്യുന്നത്. ഭൂരിഭാഗവും ഏത്തവാഴകൃഷിയാണ് നടത്തുന്നത്. അല്പമാത്രമായി പാളയംതോടൻ, കപ്പ എന്നീ ഇനങ്ങളുടെ കൃഷി ചെയ്യുന്നു. മറ്റ് കൃഷികളെ അപേക്ഷിച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ലാഭം ഉണ്ടാക്കാൻ കഴിയും എന്നതാണ് ഇതിന്റെ പ്രത്യേകത.

പക്ഷേ നിരന്തരമുള്ള രാസവള പ്രയോഗത്തിലൂടെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുന്ന മണ്ണിൽ നിന്നും കൂടുതൽ ഫലം ഉല്പാദിപ്പിക്കാൻ പറ്റാത്ത അവസ്ഥ സംജാതമാകുന്നു. മാത്രമല്ല പ്രകൃതിക്ഷോഭങ്ങൾ പലപ്പോഴും വാഴകൃഷിയെ അപ്പാടെ നശിപ്പിക്കുന്നുണ്ട്.

മുൻകാലങ്ങളിൽ വളരെ വ്യാപകമായി നിലവിലുണ്ടായിരുന്ന ഒന്നാണ് വെറ്റിലകൃഷി. കരകുളം എന്ന പേര് സൂചിപ്പിക്കും പോലെ മിക്കവാറും വീടുകളിലും കൊടിക്കുളം ഉണ്ടായിരുന്നു. ഈ കുളങ്ങളുടെ കരയിൽ കൊടി കൃഷി വ്യാപകമായി നടത്തിയിരുന്നു. എന്നാൽ ഇപ്പോൾ വംശനാശം വന്നുകൊണ്ടിരിക്കുന്ന ഒരു കൃഷിയാണ് വെറ്റിലകൃഷി. വെറ്റില കൃഷിക്ക് അത്യാവശ്യം വേണ്ട ജലലഭ്യതയുടെ കുറവും മുഴുവൻ സമയ കർഷകരുടെ അഭാവമുമാണ് ഈ കൃഷിയുടെ തളർച്ചയ്ക്കുള്ള പ്രധാന കാരണം.

1950 കളിൽ പഞ്ചായത്തിലെ മുഴുവൻ വീടുകളിലും അടയ്ക്കാമരവും അതിൽ നിറയെ കുരുമുളക് വള്ളികളും ഉണ്ടായിരുന്നു. നമ്മുടെ പഞ്ചായത്തിൽ അടയ്ക്കാമരങ്ങൾക്കു സംഭവിച്ചതു പോലുള്ള ഒരു കുറവ് മറ്റ് ഒരു വൃക്ഷത്തിനും ഉണ്ടായിട്ടില്ല. മുറിച്ചു മാറ്റുകയോ രോഗം വന്നു നശിക്കുകയോ ചെയ്യുകയാണുണ്ടായത്. ഒരു ഏക്കർ ഭൂമിയിലുണ്ടായിരുന്ന മുഴുവൻ മരത്തിലും കയറാൻ വേണ്ടി ഒരു മരത്തിൽ കയറിയാൽ മതിയാവുമായിരുന്നു. അത്ര നിബിഡമായിരുന്നു അടയ്ക്കാമരങ്ങളുടെ എണ്ണം. അന്ന് ഒരു അടയ്ക്കാ മരത്തിനു കൊടുക്കുന്ന വിലയാണ് ഇന്നു ഒരു പാക്കിന് കൊടുക്കേണ്ടി വരുന്നത്. അടയ്ക്കാ മരങ്ങൾ നശിച്ചതിനൊടൊപ്പം അതിൽ പടർത്തിയിരുന്ന് കുരുമുളകും നശിക്കാൻ കാരണമായി.

ഔഷധസസ്യങ്ങൾ വളർത്തുക എന്നത് മുമ്പ് ഈ പഞ്ചായത്തിലെ എല്ലാ വീടുകളിലും നിർബന്ധമുള്ള കാര്യമായിരുന്നു. തുളസി, കൈതോന്നി, ആടലോടകം, കൊടുവേലി, കോലിഞ്ചി, കീഴാം നെല്ലി ഇവ വളരെ സാധാരണയായി കാണാൻ കഴിയുമായിരുന്ന ഔഷധികളാണ്. ഇന്നു ഇതു കണ്ടെത്തണമെങ്കിൽ പഞ്ചായത്തിലെ പഴയ വൈദ്യന്മാരുടെ വീടുകൾ സന്ദർശിക്കേണ്ട അവസ്ഥയാണ്. ഈ ഔഷധികൾ ഉപയോഗിച്ചുള്ള മരുന്നുകൾ ഉണ്ടാക്കാനുള്ള വിദ്യയും ഒട്ടു മിക്ക വീട്ടുകാരും അഭ്യസിച്ചുരുന്നു. ഇന്ന് ഇതെല്ലാം ഈ പഞ്ചായത്തിന് അന്യമായിരിക്കുന്നു. ജീവിക്കാൻ വേണ്ടിയുള്ള പരക്കം പാച്ചിലിനിടയിൽ നമ്മുടെ വേരുകൾ നാമറിയാതെ നമുക്ക് നഷ്ടപ്പെടുന്നു.

# കൃഷിയുടെ പ്രശ്നങ്ങൾ

## 1. ജലസേചന സൗകര്യം ഇല്ലായ്മ

ഏലായ്ക്ക് മുകളിലുണ്ടായിരുന്ന കുളങ്ങൾളും തലച്ചിറകളും നികത്തിയതു കൊണ്ട് ജലസേചന സൗകര്യം തീരെ ലഭ്യമാകുന്നില്ല. ഇരുപൂ നിലങ്ങൾ ഒരുപൂ കളായും തരിശുകളായും മാറുന്നു.

## 2. കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരുടെ എണ്ണത്തിലുള്ള കുറവ്

നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് 80ശതമാനം ആളുകൾ കൃഷിയെ മാത്രം ആശ്രയിച്ച് ജീവിച്ചവരായിരുന്നു. ഇപ്പോൾ കൃഷി ഒരു ഉപതൊഴിലായി മാറുകയും പ്രധാന ജോലി സേവനമേഖലയോ, നിർമ്മാണമേഖലയോ ആയി മാറിയിരിക്കുന്നു. കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരുടെ ശതമാനം ഏകദേശം 20 ആയി കുറഞ്ഞിരിക്കുന്നു.

## 3. കർഷകതൊഴിലാളികളെ കിട്ടുന്നില്ല

കൃഷി ഭൂമിയുടെ ഉടമസ്ഥർ കൃഷി ജോലിയിൽ നിന്നും മാറിയതോടു കൂടി കൃഷിചെയ്യുന്നതിന് തൊഴിലാളികളെ അന്വേഷിക്കേണ്ട സ്ഥിതിയിലേക്ക് വന്നു. എന്നാൽ കാർഷിക പണിക്ക് വന്നുകൊണ്ടിരുന്ന തൊഴിലാളികൾ പ്രതിഫലം കുറവായതിനാൽ നിർമ്മാണ മേഖലയിലേക്ക് തിരിഞ്ഞു. ഇതിന്റെ ഫലമായി കാർഷിക ജോലിക്ക് ആളെ കിട്ടാത്ത അവസ്ഥ പഞ്ചായത്തിനാകെ യുണ്ട്. മാത്രമല്ല നഗരത്തിനോട് വളരെ അടുത്ത് സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് എന്നുള്ളതു കൊണ്ട് നഗരത്തിലേക്ക് ജോലിക്കു വേണ്ടി ആളുകൾ ആകർഷിക്കപ്പെടുന്നു എന്നത് കാർഷിക ജോലിക്ക് പഞ്ചായത്തു പ്രദേശത്ത് തൊഴിലാളികളെ കിട്ടാത്തതിന് കാരണമാകുന്നു.

## 4. അനധികൃതമായ കളിമൺ ഖനനം

നെൽകൃഷി നിലങ്ങൾ നശിച്ചു പോയതിനുള്ള ഒരു കാരണം നിലങ്ങളിലെ അനധികൃതമായ കളിമൺ ഖനനമാണ്. ഈ മണ്ണ് ഉപയോഗിച്ചു കൊണ്ടുണ്ടാക്കുന്ന ഇഷ്ടിക ചുട്ടെടുക്കുന്നതിനു വേണ്ടിയുള്ള ചൂളയ്ക്കും ഈ വയലുകൾ, തന്നെ ഉപയോഗിക്കുന്നു. ആയതിനാൽ ഏക്കറോളം നിലം നഷ്ടപ്പെടുന്നു. പഞ്ചായത്തിൽ പിന്നൂര് ഏല. നിലമത്തല ഏല. കരകുളം ചെക്കക്കോണം ഏല എന്നിവ ചില ഉദാഹരണങ്ങളാണ്.

## 5. കൃഷിച്ചെലവ് വർദ്ധനവ്

കൃഷിച്ചെലവിന്റെ അഭൂതപൂർവ്വമായ വർദ്ധനവ് ആളുകളെ കൃഷിയിൽ നിന്നും മാറ്റി നിർത്തുന്നതിന് കാരണമാകുന്നു. കൃഷിക്കുപയോഗിക്കുന്ന വിത്ത്, വളം. യന്ത്രസാമഗ്രികൾ എല്ലം തന്നെ വിലയ്ക്കു വാങ്ങുകയും വൻ വിലകൊടുക്കേണ്ടി വരുകയും ചെയ്യുന്നതു കൊണ്ട് കൃഷിച്ചെലവ് വർദ്ധിക്കുന്നു. കൃഷിത്തൊഴിലാളികളുടെ കൂലി വർദ്ധവനും കൃഷിച്ചെലവ് വർദ്ധിക്കുവാൻ കാരണമായിട്ടുണ്ട്.

## 6. നല്ലയിനം നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്

പഞ്ചായത്തിലെ നിലവിലുള്ള നെൽകൃഷിക്കാർക്കു പോലും നല്ലയിനം നടീൽ വസ്തുക്കൾ കിട്ടുന്നില്ല എന്നത് വസ്തുതയാണ്. ഒരിക്കൽ ഉപയോഗിക്കുന്ന വിത്തുകളിൽ നിന്നും വിത്തുണ്ടാക്കാൻ കർഷകന് കഴിയുന്നില്ല. അഥവാ കഴിയുമെങ്കിൽ തന്നെ കർഷകർ അതിന് മുതിരുന്നില്ല.

## 7. നെൽകൃഷിയെ ബാധിക്കുന്ന രോഗങ്ങൾ

പല ഏലാകളിലും നാമമാത്രമായി മാത്രമേ നെൽകൃഷി ചെയ്യുന്നുള്ളൂ. അതുകൊണ്ടു തന്നെ കീടങ്ങളുടെ കേന്ദ്രീകരണം ഈ പ്രദേശങ്ങളിൽ ഉണ്ടാവുകയും ധാരാളം രോഗങ്ങൾ നെൽകൃഷിയെ ബാധിക്കുകയും ചെയ്യുന്നു.

## 8. കൃഷിഭവന്റെ പ്രവർത്തനത്തിലുള്ള പോരായ്മ

എല്ലാ പഞ്ചായത്തുകളിലും കൃഷിഭവൻ ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിന്റെ കൃഷിഭവന്റെ പ്രവർത്തനം ചെറുകിട കർഷകന് ആനുകൂല്യങ്ങൾ ലഭിക്കാൻ പര്യാപ്തമല്ല. കൃഷിഭവൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പല പദ്ധതികളും വേണ്ടത്ര പ്രചാരണം കൊടുക്കുന്നില്ല. യഥാർത്ഥ ഗുണഭോക്താവ് അറിയുകയും ചെയ്യുന്നില്ല.

## 9. നിലത്തിന്റെ വിലയും പുരയിടത്തിന്റെ വിലയും തമ്മിലുള്ള അന്തരം

നമ്മുടെ പഞ്ചായത്തിലെ നിലത്തിന് ഒരു സെന്ററിന് പരമാവധി രണ്ടായിരം രൂപ വിലയുള്ളപ്പോൾ

ഒരു സെന്റ് പുരയിടത്തിന് 20000 രൂപ മുതൽ അരലക്ഷം രൂപ വരെ വിലയുണ്ട്. അതുകൊണ്ട് നിലം നികത്താനുള്ള പ്രവണത വർദ്ധിച്ചു വരുന്നു.

### 10. കൃഷിക്കാരുടെ താൽപര്യമില്ലായ്മ

നമ്മുടെ പഞ്ചായത്തിൽ പരമ്പരാഗത കൃഷിക്കാർ എന്നു പറയാവുന്ന കർഷകർ നാമമാത്രമാണ്. കർഷകർക്ക് കൃഷിചെയ്യുന്നതിനുള്ള താൽപര്യമില്ലായ്മയാണ് നെൽകൃഷി കുറയാനുള്ള ഒരു പ്രധാന കാരണം. കൃഷിക്കാർ മറ്റു മേഖലയെ ആശ്രയിച്ചു ജീവിക്കുന്നു എന്നതുകൊണ്ടു തന്നെ താൽപര്യക്കുറവ് സ്വാഭാവികമായി ഉണ്ടാകുന്നു.

### 11. തുണ്ടുതുണ്ടായുള്ള കൈവശ ഭൂമി

കർഷകരുടെ കൈയിലുള്ള ഭൂമി ശരാശരി പത്തോ, ഇരുപതോ സെന്റാണ്. അതുകൊണ്ടു തന്നെ കൂട്ടായ കൃഷിരീതികൾ, കൂട്ടായ വളപ്രയോഗം ഇവ നടത്താൻ സാധിക്കുകയില്ല. അതുമാത്രമല്ല ഓരോ കർഷകനും അവരവർക്ക് ഇഷ്ടമുള്ള വിത്തുകളാണ് ഉപയോഗിക്കുന്നത്. ആധുനിക യന്ത്രസാമഗ്രികൾ ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥയും ഇതുമൂലമുണ്ടാകുന്നു.

### 12.സമൂഹത്തിൽ കൃഷിക്കാർക്കുള്ള അംഗീകാരമില്ലായ്മ

ഇന്നത്തെ സമൂഹത്തിൽ കൃഷിക്കാരനെ അംഗീകരിക്കാൻ ജനങ്ങൾ തയ്യാറാവുന്നില്ല. കൃഷിക്കാരനെ രണ്ടാംതരം പൗരനായി കണക്കാക്കുന്നതു കൊണ്ട് കൃഷിക്കാർ പലപ്പോഴും കൃഷി മതിയാക്കി മറ്റു മേഖലകളിലേക്ക് കുടിയേറുന്നു.

### 13. പുല്ലുകൃഷി ചെയ്യുന്നതിനുള്ള പ്രശ്നങ്ങൾ

ഇവിടെ കന്നുകാലികളെ വളർത്തിയിരുന്നത് ഉടമസ്ഥരുടെ പുരയിടങ്ങളിൽ വളർത്തിയിരുന്ന പുൽകൃഷി ഉപയോഗിച്ചായിരുന്നു. കന്നുകാലികളെ വളർത്തുന്നത് നഷ്ടമില്ലാതെ നടത്താൻ കഴിയുമായിരുന്ന അവസ്ഥ അതുകൊണ്ടു തന്നെ നിലവിലുണ്ടായിരുന്നു. നെൽകൃഷി ഇല്ലാതായതോടു കൂടി കന്നുകാലി വളർത്തലും വളരെയധികം കുറഞ്ഞു ആയതിനാൽ പുരയിടം തരിശായി ഇട്ടിരുന്നാലും പുൽകൃഷിപോലും ചെയ്യാത്ത അവസ്ഥാണ് ഇപ്പോൾ നില.

വിലുള്ളത്.

പഞ്ചായത്തിന്റെ മിക്കവാറും കൃഷിഭൂമി അപഹരിച്ചിരിക്കുന്നത് റബ്ബർ തന്നെയാണ്. കുന്നിൻ ചരിവുകളിൽ ലാഭകരമായി നടത്താൻ കഴിയുന്ന കൃഷിയാണ് റബ്ബർ. പക്ഷേ തുണ്ടുതുണ്ടായിക്കിടക്കുന്ന താഴ്വര ഭൂമികളിൽപോലും റബ്ബർ വച്ചു പിടിപ്പിക്കുന്ന സ്ഥിതിയാണ് ഇന്നു നിലവിലുള്ളത്. അതുകൊണ്ടു തന്നെ നമ്മുടെ മിശ്രവിളകൾ നഷ്ടപ്പെടുന്നു. പല തെങ്ങിൻതോപ്പുകളും ഇന്നു റബ്ബർ അപഹരിച്ചിരിക്കുന്നു. തേങ്ങായ്ക്ക് സ്ഥിരമായി ഒരു വില ലഭിക്കാത്തതും ഇതിനൊരു കാരണമാണ്.

## നടപ്പു പദ്ധതികളിൽ ചിലത്

### 1. മിനി കിറ്റ് പദ്ധതി

ഈ പദ്ധതി പ്രകാരം പുതിയ ഇനം നെൽവിത്തുകൾ കൃഷിക്കാരുടെ ഇടയിൽ പ്രചരിപ്പിക്കുക എന്നതാണ് ലക്ഷ്യം. 95, 96 കാലയളവിൽ ഈ പഞ്ചായത്തിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ഈ വർഷം ത്രിവേണി ഇനം നെൽവിത്ത് 15 കിറ്റ് (30 കിലോ) വിതരണം നടത്തി. ഒരു കിറ്റിന് ഒരു രൂപ എന്ന നാമമാത്ര വിലയാണ് വാങ്ങുന്നത്.

ഈ പദ്ധതിപ്രകാരം ഇപ്പോൾ വികസിപ്പിച്ചെടുക്കുന്ന പുതിയ ഇനങ്ങളാണ് വിതരണം ചെയ്യേണ്ടത്. എങ്കിൽ മാത്രമേ ഉൽപാദനം വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ.

### 2. ഗ്രൂപ്പ് ഫാമിംഗ്

ഈ പദ്ധതിപ്രകാരം ഏഴു ഗ്രൂപ്പു ഫാമിംഗ് ഏലാകളുണ്ടെങ്കിലും അവയിൽ നിലം ഒരുക്കുന്ന പ്രക്രിയമാത്രമാണ് ഗ്രൂപ്പടിസ്ഥാനത്തിൽ നടക്കുന്നത്. 2 ഏലാകൾ സബ്സിഡി നിരക്കിൽ ട്രില്ലറുകൾ വിതരണം ചെയ്തിട്ടുണ്ട്. തുണ്ടുതുണ്ടു ഭൂമികളിലായിത്തന്നെയാണ് ഇപ്പോഴും ഈ പദ്ധതി ഇവിടെ നടപ്പാക്കുന്നത്. ഇതിനു വ്യത്യസ്തമായി ഇവർ എല്ലാവരും ഒത്തൊരുമിച്ച് വളം, കീടനാശിനി എന്നിവ ഉപയോഗിക്കുകയും ഇവയ്ക്ക് 50 ശതമാനം സബ്സിഡി ഏർപ്പെടുത്തുകയും വേണം. ഇതിനെല്ലാം ഉപരി നിലം നികത്തുന്നത് തടയുന്നതിന് ഫലപ്രദമായ നടപടി പഞ്ചായത്തു മുഖേന ഉണ്ടാകേണ്ടതാണ്.

### 3. ഉല്പാദന ബോണസ്

ഒരു പൂവിന് ഹെക്ടർ ഒന്നിന് 250 രൂപാ നിരക്കിൽ

ഉൽപാദന ബോണസായി നൽകുന്നു. 1995-96 വർഷത്തിൽ 1300 രൂപ ഈ ഇനത്തിൽ പഞ്ചായത്തിൽ നൽകുകയുണ്ടായി.

ഇത് മെച്ചപ്പെടുത്തുന്നതിനായി ഒരോ കർഷകനും തുക നൽകുന്നതിനു പകരം സമിതിയുടെ അംഗീകാരത്തോടെ ഏലായുടെ പൊതുവായ കാര്യങ്ങൾക്ക് അതായത് മേൽപ്പറഞ്ഞ രീതിയിൽ ഉപയോഗിക്കുന്നതിനായി ചെലവാക്കണം.

## 4. ചെറുകിട കർഷകർക്ക് സംയോജിതകേര കൃഷി

1995-96 വർഷങ്ങളിൽ അസുഖം ബാധിച്ച 1000 തെങ്ങു മുറിച്ചു മാറ്റുന്നതിനായി രണ്ട് ലക്ഷം രൂപാ വിനിയോഗിച്ചു. പകരം നടുന്നതിനായി നല്ല തെങ്ങിൻ തൈകൾ ആയിരം എണ്ണം 5 രൂപ സബ്സിഡി നിരക്കിൽ നൽകുകയും ചെയതു. കൂടാതെ രാസവളം കിറ്റുളിലായി തെങ്ങൊന്നിന് 8 രൂപ സബ്സിഡി നിരക്കിൽ വിതരണം നടത്തുകയുണ്ടയി. ഈ പദ്ധതികളുടെ പ്രയോജനം ലഭിച്ചവർ യഥാക്രമം 348, 255 കർഷകർ എന്നിങ്ങനെയാണ്.

തെങ്ങിന് ഇടവിളയായി കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 200 രൂപാ വീതം നടീൽ വസ്തുക്കളുടെ വിലയായി നൽകുന്നു. ഇങ്ങനെ 58 കർഷകർക്ക് 20 ഹെക്ടർ സ്ഥലത്തേക്കായി 4000 രൂപ സബ്സിഡി ലഭിക്കും.

ഈ പദ്ധതി പ്രകാരം മുറിച്ചു മാറ്റുന്ന രോഗം ബാധിച്ച തെങ്ങുകൾക്ക് പകരമായി നടാൻ സങ്കരയിനം തെങ്ങിൻ തൈകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്താൽ അത് കുടുതൽ പ്രയോജനകരമാക്കാം.

## 5. സമഗ്ര നാളികേര വികസന പദ്ധതി

ഈ പദ്ധതിയിൽ 30 സെന്റ് സ്ഥലത്ത് നാളികേര കൃഷിയുള്ള ഒരു കർഷകന് കിണർ കുഴിക്കുന്നതിന് ചെലവിന്റെ മുന്നിലൊന്ന് പരമാവധി 2500 രൂപ സബ്സിഡി വീതം 5000 രൂപ ആകെ ഇങ്ങനെ 25 കിണറിനും 28 പമ്പുസെറ്റിനുമായി 1,32,333 രൂപ നൽകുകയുണ്ടായി. കൂടാതെ ഒരു തെങ്ങുകയറ്റ യന്ത്രം വാങ്ങാനായി 500 രൂപ സബ്സിഡിയും പച്ചിലവള വിത്തു വാങ്ങുന്നതിനായി കിലോഗ്രാമിന് 5 രൂപ സബ്സിഡി നിരക്കിൽ 250 രൂപ സബ്സിഡി നൽകുകയുണ്ടായി.

കിണറിനും പമ്പുസെറ്റിനുമുള്ള സബ്സിഡി 50 ശതമാനം ലോണെടുത്തവർക്കും 50 ശതമാനം സ്വന്തം രൂപ മുടക്കി ചെയ്തവർക്കും കൊടുക്കാമെന്ന വ്യവസ്ഥയാണ് ഇപ്പോൾ ഉള്ളത്. എന്നാൽ ഇത് കർഷകന്റെ ഇഷ്ടാനുസരണം ചെയ്യാനുള്ള നിയമമാറ്റങ്ങൾ ഉണ്ടാകണം. കൂടാതെ ഇങ്ങനെ സ്ഥാപിക്കുന്നതിനുള്ള പമ്പുസെറ്റിനുള്ള വൈദ്യുതി സൗജന്യമാക്കുകയും വേണം.

## 6. പച്ചക്കറി വികസന പദ്ധതി

വിദ്യാർത്ഥികൾക്ക് കൃഷിയോടാഭിമുഖ്യം വരുത്തുന്നതിനായി പച്ചക്കറി വിത്ത്, വളം, കീടനാശിനി എന്നിവ സൗജന്യമായി നൽകുന്നു. ഏറ്റവും നല്ല തോട്ടമുള്ള സ്കൂളിന് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും സമ്മാനം നൽകുന്നു. ഇത് ബ്ലോക്ക തലത്തിലും പഞ്ചായത്ത് തലത്തിലും കൂടി സമ്മാനം വിതരണം ഉണ്ടായാൽ അത് വിദ്യാർത്ഥികൾക്ക് കുറച്ച് കൂടി പ്രോത്സാഹജനകമായി മാറും.

## 7. വെറ്റിലക്കൊടി വികസന പദ്ധതി

മാതൃകാ കഷിത്തോട്ടത്തിന് 500 രൂപയും താങ്ങ് ഏർപ്പെടുത്തി വള്ളി പടർത്തുന്നതിന് 750 രൂപയും സസ്യസംരക്ഷണത്തിന് കുറ്റി പമ്പു വാങ്ങുന്നതിനായി 500 രൂപയും ധനസഹായം നൽകുന്നു. ഇത് വെറ്റില കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൂടുതൽ യൂണിറ്റുകൾ കുടുതൽപേർക്ക് ലഭിക്കത്തക്കരീതിയിൽ വേണം.

## 8. കൃഷിയിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം

50 ശതമാനം സബ്സിഡി നിരക്കിൽ കണിക ജലസേചനം നടത്തുന്നതിന് ഒരു ഹെക്ടറിന് പരമാവധി 15000 രൂപ സബ്സിഡി ലഭിക്കും. ഈ സബ്സിഡി 75 ശതമാനമെങ്കിലും ആയി ഉയർത്തിയാൽ ഈ പദ്ധതിക്ക് കുറച്ചുകൂടി ലക്ഷ്യം കൈവരിക്കാനാകും.

## 9. യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽ പദ്ധതി

104 പേർ ഈ സ്കീമിൽ അംഗങ്ങളായിട്ടുണ്ട്. ഇവർക്കു വേണ്ടി 95-96-ൽ കുറ്റിമുല്ല, വെറ്റില എന്നീ കൃഷികൾക്കും, റബ്ബർ, റോളർ, സസ്യസംരക്ഷണ ഉപകരണങ്ങൾ വാടകയ്ക്ക് കൊടുക്കൽ പദ്ധതികൾക്കും സബ്സിഡി അനുവദിച്ചു. എന്നാൽ കൂടുതൽ പേരും കോഴിവളർത്തലിനും, കന്നുകാലി വളർത്തലിനും താല്പര്യമുള്ളവരാണ്. അതിനാൽ സ്കീമിൽ അംഗങ്ങളായ യുവാക്കളുടെ താല്പര്യം കണക്കിലെടുത്ത് പദ്ധതികൾ

പുതുതായി ആവിഷ്ക്കരിക്കണം.

## 10. പ്രത്യേക ഘടക പദ്ധതി

ഈ പദ്ധതി പ്രകാരം വെറ്റില കൃഷി (5 പേർക്ക്) വാഴകൃഷി (5 പേർക്ക്) ഫാം ഹൗസ് (1) എന്നിങ്ങനെ സബ്സിഡി നൽകുകയുണ്ടായി. എന്നാൽ ഈ പഞ്ചായത്തിൽ പച്ചക്കറി കൃഷി സ്വന്തമായും പാട്ടത്തിനും ചെയ്യുന്ന ചില കർഷകർക്ക് സെന്റൊന്നിന് 50 രൂപ സബ്സിഡി നിരക്കിൽ നൽകുന്നത് നന്നായിരിക്കും.

## 11. വിള ഇൻഷ്വറൻസ്

ഈ പദ്ധതി പ്രകാരം പ്രകൃതിക്ഷോഭം കൊണ്ടുണ്ടാകുന്ന കൃഷിനാശങ്ങൾക്ക് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. എന്നാൽ പ്രധാന വിളയായ തെങ്ങിന് ചെമ്പൻചെല്ലിയുടെ ആക്രമണംകൊണ്ടുണ്ടാകുന്ന നഷ്ടം വളരെയധികമാണ്. അതിനാൽ ഈ നാശത്തിനുള്ള നഷ്ടപരിഹാരം കൂടെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തണം.

## 12. ഫലവർഗ്ഗ വികസന പദ്ധതി

ഈ പദ്ധതിയുടെ കീഴിൽ കൃഷിക്കാർക്ക് ഫലവർഗ്ഗങ്ങളുടെ തൈകൾ വിതരണം നടത്തി വരുന്നു. എന്നാൽ വാഴകൃഷിയുടെ സമഗ്രമായ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് സ്വന്തമായും പാട്ടത്തിനും വാഴക്കൃഷി ചെയ്യുന്നവർക്ക് 10 സെന്റിന് 400 രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകുന്നത് ഉത്തമമായിരിക്കും.

## പട്ടിക – 4
## നടീൽ വസ്തു വിതരണം

| ഇനം | 1993–94 | 94–95 | 95–96 |
|---|---|---|---|
| തെങ്ങ് | – | 1430 | 1775 |
| കശുമാവ് | – | 160 | – |
| കുരുമുളക് | – | 5000 | 3875 |
| കൊക്കോ | – | 120 | – |
| ഫലവൃക്ഷതൈകൾ | – | 270 | 111 |
| വാഴ | 200 | – | – |
| ഉഴുന്ന് | 308 കി. ഗ്രാം | – | 36 കി. ഗ്രാം |
| ചെറുപയർ | 32 കി. ഗ്രാം | 88 കി. ഗ്രാം | 32 കി. ഗ്രാം |
| പച്ചക്കറി വിത്ത് | 165 എണ്ണം | 663 എണ്ണം | 1511 എണ്ണം |
| എള്ള് വിത്ത് | 15 കി. ഗ്രാം | 15 കി. ഗ്രാം | – |
| കിഴങ്ങു വർഗ്ഗങ്ങൾ | 20 കിറ്റ് | – | 4 കിറ്റ് |
| മഞ്ഞൾ | 5 കിറ്റ് | – | – |
| ഇഞ്ചി | 2 കിറ്റ് | – | – |
| നെല്ല് | 580 കി. ഗ്രാം | 470 കി. ഗ്രാം | 400 കി. ഗ്രാം |
| വൻപയർ | – | 445 കി. ഗ്രാം | 152 കി. ഗ്രാം |
| പച്ചില വളവിത്ത് | – | – | 75 കി. ഗ്രാം |

(അവലംബം – കൃഷിഭവൻ രേഖകൾ)

## പട്ടിക – 3
## വിള വിസ്തീർണ്ണവും ഉൽപാദനവും

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദന ക്ഷമത |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 30 ഹെക്ടർ | 75000 കി.ഗ്രാം | 2810 kg/Ha. (അത്യുല്പാദനശേഷി)<br>1740kg/ Ha (നാടൻ) |
| നെല്ല് (രണ്ടാംവിള) | 30 ഹെക്ടർ | 69000 കി. ഗ്രാം | 2750 Kg/Ha (അത്യുല്പാദനശേഷി)<br>1680 Kg/Ha (നാടൻ) |
| പയർ | 16 ഹെക്ടർ | 4800 കി. ഗ്രാം | – |
| എള്ള് | 1 ഹെക്ടർ | – | – |
| പച്ചക്കറികൾ | 8 ഹെക്ടർ | – | – |
| തെങ്ങ് | 950 ഹെക്ടർ | 50,16000 എണ്ണം | 33 എണ്ണം/മരം |
| വാഴ | 108 ഹെക്ടർ | 1296 ടൺ | 12 ടൺ/ഹെക്ടർ |
| മരച്ചീനി | 864 ഹെക്ടർ | 10.4 ടൺ | 12 ടൺ/ഹെക്ടർ |
| കുരുമുളക് | 60 ഹെക്ടർ | 25020 കി. ഗ്രാം | 417 കി.ഗ്രാം/ഹെക്ടർ |
| പ്ലാവ് | 105 ഹെക്ടർ | – | – |
| മാവ് | 120 ഹെക്ടർ | – | – |
| റബ്ബർ | 180 ഹെക്ടർ | – | – |
| കമുക് | 50 ഹെക്ടർ | – | – |
| കശുമാവ് | 16 ഹെക്ടർ | – | – |

**(അവലംബം – കൃഷിഭവൻരേഖ)**

ഈ നടപ്പു പദ്ധതികൾ അവലോകനം ചെയ്യു മ്പോൾ ബോധ്യപ്പെടുന്ന വസ്തുത ഇത്രയധികം പദ്ധതികളിലൂടെ സർക്കാരിന്റെ സഹായധനങ്ങളും മറ്റും വിതരണം ചെയ്തിട്ടും ഈ പദ്ധതികൾ എത്ര യഥാർ ത്ഥ കൃഷിക്കാർ അറിഞ്ഞിട്ടുണ്ട് എന്ന് പരിശോധിക്ക പ്പെടേണ്ടതാണ്. ഒരു പക്ഷേ ഈ റിപ്പോർട്ടിലൂടെ ആയിരിക്കാം യഥാർത്ഥ ഗുണഭോക്തക്കളിൽ പലരും ഈ പദ്ധതിയെക്കുറിച്ച് മനസ്സിലാക്കുന്നത് എന്നു പറഞ്ഞാൽ അതിശോക്തിയാകില്ല. ആയതിനാൽ കൃഷിഭവനെന്നത് കൂടുതൽ സുതാര്യവും ജനകീയവുമാക്കണം.

**പട്ടിക – 5**

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം | | ധനസഹായം ലഭിച്ച വരുടെ എണ്ണം | വിതരണം ചെയ്ത തുക (രൂപ) |
|---|---|---|---|---|
| | വെള്ളപ്പൊക്കം | കൊടുങ്കാറ്റ് | | |
| 1994 95 | 8.5 | - | 33 | 6116 |
| 1995-96 | - | 10.3 | 17 | 22121 |

# സാദ്ധ്യതകൾ

**1. നിലവിലുള്ള നെൽകൃഷിപാടങ്ങൾ സംരക്ഷിക്കൽ: –**

ഇപ്പോൾ നിലവിലുള്ള കൃഷിപ്പാടങ്ങൾ സംര ക്ഷിക്കപ്പെടേണ്ടതുണ്ട്. നെൽപ്പാടം നികത്തുന്നതുകൊ ണ്ടുണ്ടാകുന്ന ഭവിഷത്തുകളെക്കുറിച്ച് കർഷകർക്ക് ബോധ്യപ്പെടുത്തിക്കൊടുക്കാൻ കഴിയണം. ഏലാ വികസ നസമിതികൾ വാർഡ് തലത്തിൽ രൂപീകരിക്കുന്ന വനിതാ സംഘങ്ങൾ ഇവയെല്ലാം ഇതിനു വേണ്ടി ഉപയോഗിക്കാൻ സാധിക്കും.

**2. ജലസേചന സൗകര്യം:–**

ഇപ്പോൾ നികത്തിയിട്ടുള്ള തോടുകൾ പുന: സംഘടിപ്പിക്കുകയോ പുന:സ്ഥാപിക്കുകയോ പുതിയ തോടുകൾ വെട്ടുകയോ ചെയ്ത് നെൽപ്പാടങ്ങൾക്ക് ജലസേചന സൗകര്യം ഉണ്ടാക്കാവുന്നതാണ്. പഞ്ചാ യത്തിലുള്ള നിരവധി കുളങ്ങളുപയോഗിച്ച് ലിഫ്റ്റി ഇറിഗേഷനിലൂടെ ജലസേചന സൗകര്യം ഉണ്ടാക്കാം.

**3. ജൈവവള നിർമ്മാണം:–**

ജൈവവളം നിർമ്മിക്കുന്നതിനുവേണ്ടി യഥാർതഥ കർഷകർക്ക് കൃഷിഭവന്റെ സഹായത്തോടു കൂടി പരിശീലനം നൽകാൻ സാധിക്കും. ഇതിനോടൊപ്പം കൃഷി ലാഭകരമാക്കാനും സാധിക്കും.

**4. നല്ലയിനം വിത്തുകളുടെ വിതരണം:–**

പഞ്ചായത്തു തലത്തിൽ കർഷകരുടെ ഒരു സമിതിക്ക് രൂപം കൊടുക്കണം. വിദഗ്ദ്ധരുടെ സഹാ യത്തോടെ പഞ്ചായത്തിലെ വിത്തുകളുടെ ഗുണമേന്മ പരിശോധിച്ച് പഞ്ചായത്തിന് ആവശ്യമായ വിത്ത് ഉൽപാദിപ്പിക്കാനുള്ള നിർദ്ദേശവും സഹായവും കർഷ കർക്ക് കൊടുക്കാൻ സാധിക്കണം. ഇങ്ങനെയുണ്ടാ ക്കുന്ന വിത്ത് പഞ്ചായത്ത് തലത്തിൽ സംഭരിച്ച് ആവ ശ്യമായ കർഷകർക്ക് എത്തിച്ചു കൊടുക്കാവുന്നതാണ്.

**5. ഒരു സീസണിൽ ഒരേ ഇനം വിത്തിന്റെ ഉപയോഗം:–**

മുകളിൽ പറഞ്ഞ സമിതിയുടെ സഹായത്തോ ടെ ഒരു സീസണിൽ ഒരേ തരത്തിലുള്ള വിത്തു തന്നെ എല്ലാ കർഷകരും ഉപയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തുവാൻ സാധിക്കണം. കീടങ്ങളിൽ നിന്ന് കൃഷിയെ രക്ഷിക്കാനുള്ള ഒരു മാർഗ്ഗം ഇതാണ്.

6. അനുബന്ധ കൃഷികളുടെ വികസനം:-

നെൽകൃഷിയെ ഒരു ഏക കൃഷിയായി കണക്കാക്കാതെ നെൽകൃഷിയോടൊപ്പം കന്നുകാലിവളർത്തൽ മറ്റു വിളകൾ എന്നിവ വികസിപ്പിക്കാൻ സാധിക്കണം. നെൽകൃഷിക്ക് ആവശ്യമായി വരുന്ന ജൈവവളത്തിനുവേണ്ടിയുള്ള സസ്യങ്ങൾക്ക് നമ്മുടെ നാട്ടിൽ സുലഭമായി വളരുന്ന കൊന്നച്ചെടി വേലികളിലും മറ്റും നട്ടുപിടിപ്പിക്കാവുന്നതാണ്. ഏലാ വികസനസമിതികളെ ഉപയോഗിച്ചു കൊണ്ട് ഇതിന്റെ ബോധവൽക്കരണം നടത്താവുന്നതാണ്.

# എന്റെ ഗ്രാമം ഹരിത ഗ്രാമം

**(പച്ചക്കറി വികസന പരിപാടി)**

കോടിക്കണക്കിന് രൂപയുടെ പച്ചക്കറിയാണ് പ്രതിവർഷം കേരളത്തിലെ മാർക്കറ്റുകളിലേക്ക് അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നത്. ഏകദശം 600 കോടി രൂപ എന്നാണ് മതിപ്പു കണക്ക്. തിരുവനന്തപുരം നഗരത്തിലെ പ്രധാന മാർക്കറ്റുകളായ ചാലയിലും, പാളയത്തും എത്തുന്ന പച്ചക്കറികൾ തന്നെയാണ് നമ്മുടെ പഞ്ചായത്തിലും ലഭിക്കുന്നത്. ഇവിടത്തെ ഓരോ കുടുംബവും ശരാശരി 4 രൂപയ്ക്ക് പച്ചക്കറി വാങ്ങുന്നതായിട്ടാണ് നമ്മൾനടത്തിയ പ്രാഥമിക വിവരശേഖര കണക്കുകൾ സൂചിപ്പിക്കുന്നത്. കച്ചവട ആവശ്യത്തിനായി പച്ചക്കറി കൃഷിചെയ്യുന്നവർ നമ്മുടെ പഞ്ചായത്തിൽഇല്ല. വീട്ടുവളപ്പിൽ പച്ചക്കറി സ്വന്തം ആവശ്യത്തിന് ഉണ്ടാക്കുകയും അധികം വന്നാൽ ഇവിടെതന്നെയുള്ള ചന്തകളിൽ കൊണ്ടുപോയി വിൽക്കുകയും ചെയ്യുന്ന നാമമാത്ര പച്ചക്കറി കൃഷിക്കാരാണ് ഇവിടെയുള്ളത്. ഓണ സീസണിൽ വിളവെടുക്കാൻ പാകത്തിൽ പയർ, പടവലം, ചീര, പാവൽ തുടങ്ങിയവ കൃഷി ചൊയ്യുകയും അവ ചില പ്പോൾ നെടുമങ്ങാട് മാർക്കറ്റിലോ ചാലക്കമ്പോളത്തിലോ കൊണ്ടു പോയി വിൽക്കുന്ന ചുരുക്കം ചില കർഷകരും നമ്മുടെ പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിലുണ്ട്,

ഏകദേശം 12 ഹെക്ടർ പ്രദേശത്ത് പയർ കൃഷി ചെയ്യുന്നുണ്ട്. ഇവയുടെ ഉൽപാദനം 4200 കി. ഗ്രാമാണ്. 8 ഹെക്ടർ പ്രദേശത്ത് മാത്രമേ പച്ചക്കറികൾ കൃഷി ചെയ്യുന്നുള്ളൂ. ഇതിൽ 60 ശതമാനത്തോളം വയലിൽ ഇടവിളയായിട്ട് പൂർണ്ണമായും വയൽ നികത്തിയ സ്ഥലത്ത് കാണാം. ഇതു തന്നെ ചീര, പടവലം, പാവൽ, വെള്ളരി തുടങ്ങിയ ചുരുക്കം ചില ഇനങ്ങളുമാണ്. നല്ല വിളവ് ലഭിക്കുന്ന നാടൻ വിത്തുകൾ തന്നെയാണ് ഇവർ ഉപയോഗിക്കുന്നത്. കൃഷിഭവൻ, കാർഷിക കോളേജ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വാങ്ങിയ അത്യുൽപാദനശേഷിയുള്ള വിത്തുകളിൽ നിന്നും പ്രതീക്ഷിച്ച ഫലം കിട്ടാറില്ല എന്ന പരാതിയും ഗ്രാമസഭകളിൽ ചില കർഷകർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.നീർമറി പ്രദേശത്തിന്റെ താഴ്വരയായ നമ്പാട് - പിന്നൂർ ഏലായിൽ മിക്ക സ്ഥലത്തും ഇടവിളയായി പച്ചക്കറി കൃഷി ചെയ്യുന്നുണ്ട്. ഇതിനുള്ള സഹായങ്ങളും പ്രോത്സാഹനങ്ങളും കൂടുതലും അവർക്ക് നൽകുന്നതിനു വേണ്ടിയുള്ള പദ്ധതികളാണ് നമുക്ക് ആവിഷ്ക്കരിക്കേണ്ടത്. കഴുനാട് വാർഡിലെ ചില പ്രദേശങ്ങൾ പച്ചക്കറി കൃഷിക്ക് വളരെ യോജിച്ചവയാണ്.അവിടെയും നമുക്ക് അനുയോജ്യമായ പദ്ധതികളിലൂടെ പച്ചക്കറി കൃഷി വ്യാപകമാക്കാൻ കഴിയണം.

മറ്റ് ഏത് കൃഷിയെക്കുറിച്ച് ചർച്ച ചെയ്താലും ഭൂമിയുടെ തുണ്ടുതുണ്ടായുള്ള ഇന്നത്തെ അവസ്ഥയെക്കുറിച്ച് പറയേണ്ടി വരും. എന്നാൽ എത്ര കുറഞ്ഞ വിസ്തൃതിയുള്ള പ്രദേശത്തും അതായത് ഒന്നര സെന്റ് പുരയിടത്തിൽ ഒരു കൊച്ചു വീടുവച്ച് താമസിക്കുന്ന കുടുംബത്തിനു പോലും കുറച്ച് പച്ചക്കറി കൃഷി ചെയ്യാൻ കഴിയും. അതിനുള്ള താൽപര്യമാണ് ഇനി നാം വളർത്തിയെടുക്കേണ്ടിയിരിക്കുന്നത്. ഓരോ കുടുംബവും തങ്ങൾക്കാവശ്യമുള്ള പച്ചക്കറി തങ്ങൾ തന്നെ ഉണ്ടാക്കുമെന്ന പ്രതിജ്ഞയെടുത്താൽ മാത്രം മതി നമ്മുടെ കുടുംബങ്ങളിൽ നിന്നും പച്ചക്കറികൾക്കായി ചെലവാകുന്ന 1000 കണക്കിന് രൂപ പ്രതിവർഷം ലാഭിക്കാൻ കഴിയും. അടുക്കളത്തോട്ട നിർമ്മാണത്തിലൂടെ നമുക്ക് അതിന് പൂർണ്ണമായും കഴിയും എന്നുള്ളതിന് തെളിവാണ് കരകുളം വാർഡിൽ ആരംഭിച്ച 'എന്റെ ഗ്രാമം ഹരിത ഗ്രാമം' പച്ചക്കറികൃഷി വികസന പരിപാടി.

ഈ വാർഡിലെ വീടുകളിൽ നടത്തിയ ഒരു സർവ്വേയിലൂടെ ഒരു കുടുംബത്തിൻ കൃഷി ചെയ്യാൻ കഴിയുന്ന പച്ചക്കറി യൂണിറ്റുകളുടെ എണ്ണവും (1 യൂണിറ്റ് 5 സെന്റ്) ജലസേചന സൗകര്യത്തിന്റെ തോതും കുടുംബാംഗങ്ങളുടെ താല്പര്യവും നമുക്ക് കണക്കിലെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. പച്ചക്കറി കൃഷി ചെയ്യാൻ താൽപര്യമുള്ള 20 വീടുകളെ ഓരോ ഗ്രൂപ്പു കളായി വിളിച്ചു കൂട്ടുകയും കൃഷി സാദ്ധ്യകളെക്കുറിച്ച് കൂടുതൽ പഠിക്കുകയും ചർച്ചചെയ്യുകയും ഒരു ഗ്രൂപ്പിലെ 20 പച്ചക്കറി കൃഷി കുടുംബാംഗങ്ങൾക്കും വേണ്ട നിർദ്ദേശങ്ങളും അറിവുകളും കൊടുക്കുന്നതിന് താൽപര്യമുള്ള ഒരാളിനെ അതിന്റെ കൺവീനറായി തെരഞ്ഞെടുത്തു. കരകുളം സഹകരണസംഘത്തിന്റെയും മറ്റും സഹായത്തോടെ ഈ ഗ്രൂപ്പുകൾക്കാവശ്യമായ പച്ചക്കറി വിത്തു പായ്ക്കറ്റുകൾ എത്തിക്കുകയും ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. കൺവീനർമാർ നിരന്തരം വീടുകൾ സന്ദർശിക്കുകയും അവലോകന റിപ്പോർട്ട് തയ്യാറാക്കി പൊതുവായി ചർച്ച ചെയ്യുകയും ചെയ്യുന്നു. ഇത്തരം

ചർച്ചകളിലൂടെ കൂടുതൽ പ്രദേശത്ത് സ്വന്തം ചെലവിൽ പച്ചക്കറികൃഷി ചെയ്യാൻ കൂടുതൽ ആളുകൾ താല്പര്യം കാണിക്കുന്നു എന്നുള്ളതും എടുത്തു പറയേണ്ട ഒരു കാര്യമാണ്. മാത്രമല്ല വിളിച്ചു കൂട്ടാൻ കഴിഞ്ഞിട്ടുള്ള ഗ്രൂപ്പ് കമ്മിറ്റികളിലെല്ലാം തന്നെ പങ്കെടുത്തത് ബഹുഭൂരിപക്ഷവും വീട്ടമ്മമാർ ആയിരുന്നു.

ഈ പദ്ധതി വിജയകരമായി ആലപ്പുഴയിലെ കഞ്ഞിക്കുഴി പഞ്ചായത്തിൽ നടപ്പാക്കികൊണ്ടിരിക്കുന്ന ജനകീയ പച്ചക്കറികൃഷി പദ്ധതിയുടെ രൂപത്തിൽ ഈ പഞ്ചായത്തിൽ ആകമാനം വ്യാപിപ്പിക്കുവാൻ കഴിയുന്ന തരത്തിൽ സംഘടനാ രൂപമുണ്ടാക്കി പ്രവർത്തിപഥത്തിൽകൊണ്ടു വന്നാൽ തീർച്ചയായും പച്ചക്കറി രംഗത്ത് ഏറെക്കൂറെ സ്വയം പര്യാപ്തത നേടാൻ നമ്മുടെ പഞ്ചായത്തിന് കഴിയുമെന്നതിൽ ഏതൊരു തർക്കവുമില്ല.

**നീർമറി പ്രദേശം (Water Shed Area) സംരക്ഷണം**

പഞ്ചായത്തിലെ വേങ്കോട്, മുക്കോല, കരകുളം എന്നീ വാർഡുകളിലായി 600 ഹെക്ടർ പ്രദേശത്ത് വ്യാപിച്ച് കിടക്കുന്ന ഒരു നീർമറി പ്രദേശം ഉണ്ട്. ഈ നീർമറിപ്രദേശത്തെ പ്രത്യേകം പ്രത്യേകം യുണിറ്റുകളായി എടുത്തുള്ള ചില പരിപാടികളാണ് കൃഷിഭവൻ, മൃഗസംരക്ഷണ വകുപ്പ് തുടങ്ങിയവ നടപ്പിലാക്കുന്നത് ഓരോ വിളയും പ്രത്യേകമായി എടുത്തു നടത്തുന്നതുകൊണ്ടു തന്നെ ഒരു വിള വികസനം മറ്റൊരു വിളയുടെ നാശത്തിലേക്ക് നയിക്കുന്നു. എന്നാൽ ഇവിടെ നടത്താവുന്ന ആകെ കൃഷി വിളകളെ ഒന്നായി കണക്കാക്കി പദ്ധതികൾ ആസുത്രണം ചെയ്യുക എന്നതാണ് യഥാർത്ഥ കാർഷിക വികസനം. ഇപ്പോൾ ഈ നീർമറി പ്രദേശത്തെ ഏറ്റവും പ്രധാനപ്പെട്ട കൃഷി റബ്ബറാണ്. തെങ്ങ്, വാഴ, പച്ചക്കറികൾ ഇവ കഴിയുന്നത്ര അളവിൽ കൃഷി ചെയ്യുന്നില്ല. കുന്നിൻ ചരിവുകളിൽ റബ്ബർകൃഷിയും കുന്നിൻമുകളിൽ തരിശായി കിടകകുന്ന സ്ഥലത്ത് കൈതച്ചക്ക കൃഷിയും നടത്താം. കുന്നിൻ താഴെയുള്ള താഴ്വാരത്തോടു ചർന്നുള്ള പ്രദേശത്ത് തെങ്ങുകൃഷി വ്യാപിപ്പിക്കവുന്നതാണ്. താഴ്വരകളിലുള്ള ഏലാകളിൽ ഇരുപു നിലങ്ങൾ നെൽകൃഷിക്ക് ഉപയോഗിക്കണം ഈ പ്രദേശത്തിന്റെ പല ഭാഗങ്ങളിലും മണ്ണൊലിപ്പ് ഇപ്പോഴും വ്യാപകമാണ്. ഇത് തടയാനുള്ള തട്ടു തിരിക്കൽ ഇനിയും നടത്തേണ്ടതായിട്ടുണ്ട്.

ഇതു കൂടാതെ കരകുളം പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും ചെറിയ ചെറിയ നീർമറി പ്രദേശങ്ങളുണ്ട്. മിക്കവാറും ഏലാകൾ രണ്ട് കുന്നുകൾക്കിടയിലാണ്. ഈ കുന്നിൻചരിവുകളും താഴ്വരകളും ഒരുമിച്ചു ചേർത്തു ഒരു കാർഷികപദ്ധതി തന്നെ തയ്യാറാക്കണം. മറ്റു നീർമറി പ്രദേശങ്ങളെക്കുറിച്ച് വിശദമായി പഠിച്ചാൽ മാത്രമേ അതിനു കഴിയുകയുള്ളു.

നീർമറിപ്രദേശത്തെ സംരക്ഷിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി വിവിധ വകുപ്പുകൾ വ്യത്യസ്ത നടപടികളാണ് സ്വീകരിച്ചു കാണുന്നത്. ഇത് പ്രദേശത്തിന്റെ സന്തുലിതാവസ്ഥ നഷ്ടപ്പെടുത്തുകയും, യഥാർത്ഥ ആവശ്യങ്ങൾ വിഗണിക്കപ്പെടുകയും ചെയ്യുന്നു. അതോടൊപ്പം തന്നെ കാർഷിക വൃത്തികളുടെ ക്രായത്തിലും ഏകോപിതമായ നയം ഉണ്ടാകുന്നില്ല. അതിനാൽ എല്ലാ വകുപ്പുകളുടേയും പദ്ധതികൾ ഏകോപിപ്പിച്ച്, പദ്ധതി പ്രദേശമാകെ ഒറ്റ യൂണിറ്റായി കണക്കാക്കേണ്ടതാണ്.

**പഞ്ചായത്തു തല വിപണന കേന്ദ്രം**

പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന വിവിധങ്ങളായ ഉല്പന്നങ്ങളുടെ വിപണനം വളരെ പ്രധാനപ്പെട്ടതാണ്. പലപ്പോഴും വിപണസൗകര്യമില്ലാത്തുകൊണ്ടു മാത്രം ഉല്പാദനയൂണിറ്റുകൾ നശിച്ചുപോകുന്ന അവസ്ഥയാണുണ്ടായത്. ആയതിനാൽ പഞ്ചായത്ത് തലത്തിൽ ഒരു വിപണന കേന്ദ്രം ഉണ്ടായാൽ വാർഡുതലത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ ശേഖരിക്കാനും പഞ്ചായത്തിൽ ആഭ്യന്തര വിതരണം നടത്താനും അധികമുള്ളവ മറ്റു പ്രദേശങ്ങളിലേക്ക് അയച്ചു കൊടുക്കാനും സാധിക്കും. ഈ വിപണനകേന്ദ്രത്തിലേക്കുള്ള ഉല്പന്നങ്ങൾ ശേഖരിക്കുന്നതിന് വാർഡു തലത്തിൽ വാർഡു മെമ്പറുടെ നേതൃത്വത്തിൽ ഒരു സബ് കമ്മിറ്റിക്ക് രൂപം കൊടുക്കാവുന്നതാണ്. ഇടനിലക്കാർ ഒഴിവാകുന്നതു കൊണ്ടു തന്നെ യഥാർത്ഥ ഉല്പാദകന് ന്യായമായ വില കിട്ടും. ഈ വിപണന കേന്ദ്രങ്ങൾ എല്ലാ സമയത്തും പ്രവർത്തിക്കണമെന്നില്ല. സീസൺ അനുസരിച്ച് ഉല്പന്നങ്ങൾ ശേഖരിക്കുകയും വിപണനം നടത്തുകയും ചെയ്യാം. അതുകൊണ്ടു തന്നെ ഈ കേന്ദ്രങ്ങളെ നിലനിർത്തുന്നതിനു വേണ്ടിയുള്ള ആവർത്തന ചെലവുകൾ ഒഴിവാക്കാനാവും.

**തെങ്ങ്കൃഷിയുടെ വ്യാപനം**

ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളതു പോലെ തന്നെ കരകുളം പഞ്ചായത്തിൽ വളരെ ലാഭകരമായി ചെയ്യാവുന്ന ഒരു കൃഷിയാണ് തെങ്ങ്. ഇതിന് ഏറ്റവും അനുയോജ്യമായ ഭൂപ്രകൃതിയാണ് കരകുളം പഞ്ചായത്തിന്റേത്. കുന്നുകൾക്കിടയിലുള്ള താഴ്വാരങ്ങളോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളാണ് ഇതിന് ഏറ്റവും യോജിച്ചത്. ഈ പ്രദേശത്തുള്ള അലൂവീയൽ മണ്ണിൽ ജൈവവളം ഉപയോഗിച്ചാൽ ജലസേചനം പ്രത്യേകിച്ച് നടത്തിയില്ലായെങ്കിൽ പോലും തെങ്ങിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും തെങ്ങ് കൃഷി ലാഭകരമാക്കനും കഴിയും.

## കൃഷിഭവനുകളുടെ പ്രവർത്തനം

ആഫീസുകളിൽ കേന്ദ്രീകരിക്കപ്പെടുന്ന ഇന്നത്തെ പ്രവർത്തന രീതി മാറ്റുകയും കൃഷിക്കാരുടെ ഇടയിലേക്ക് ഉദ്യോഗസ്ഥൻമാർ ഇറങ്ങിച്ചെന്ന് പ്രവർത്തിക്കേണ്ടതാണ്. കൃഷിയുടെ വിവിധഘട്ടങ്ങളിലും വിളവെടുപ്പ് വിപണനം മുതലായ സന്ദർഭങ്ങളിലും ഈ ഉദ്യോഗസ്ഥർ സഹായങ്ങളും സാങ്കേതിക ഉപദേശങ്ങളും ആരാഞ്ഞ് ചെല്ലുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

കൃഷിക്കാരന് ലഭിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് കൃഷിഭൂമി കുറഞ്ഞ പരിധി നിശ്ചയിക്കുന്ന വ്യവസ്ഥകൾ പൂർണ്ണമായും എടുത്തു കളയേണ്ടതാണ്.

കാർഷിക വിളകളെ ബാധിക്കുന്ന രോഗങ്ങൾ കീടങ്ങൾ എന്നിവയെ ഇല്ലായ്മ ചെയ്യുന്നതിന് കൃഷിഭവനിൽ നിന്നും ഇപ്പോൾ കാര്യമായ സഹായം ലഭിക്കുന്നില്ല. ചികിത്സയും പ്രതിരോധ നടപടികളും കർഷകന് സൗജന്യമായി കൊടുക്കേണ്ടതാണ്.

## ഔഷധചെടികളുടെ കൃഷിയും വിപണനവും

വിശിഷ്ടങ്ങളായ ഔഷധസസ്യങ്ങളുടെ സങ്കേതമായിരുന്നുവത്രേ ഒരു കാലത്ത് കരകുളം പ്രദേശം. മുക്കോല, കഴുനാട്, കല്ലയം തുടങ്ങിയ പ്രദേശങ്ങൾ ഇതിനുദാഹരണങ്ങളാണ്.

'രാമനാമപച്ച' എന്ന് നാമകരണം ചെയ്യപ്പെട്ടിട്ടുള്ള ഒരു തരം പച്ചില ഇവിടുണ്ടായിരുന്നു. ഈ ചെടി തുടർച്ചയായി എതിർവശത്തെ ഇതളുകൾ ചിമ്മി തുറന്ന് രാമനാമജപം നടത്താറുണ്ടെന്നാണ് പഴമക്കാരുടെ വിശ്വാസം. സ്ത്രീകളുടെ പ്രസവരക്ഷയ്ക്കായി മേൽതാന്നി, കീഴ്താന്നി, കടലാടി തുടങ്ങിയവകൊണ്ടുണ്ടാക്കിയ പച്ചിമരുന്നുകൾ ഇവിടത്തെ പല കുടുംബങ്ങളിലും ഉപയോഗിച്ചിരുന്നു. മുറിവ് ഉണക്കാൻ ഉപയോഗിച്ചിരുന്ന രണ്ട് ഔഷധസസ്യങ്ങളായിരുന്നു 'ശല്യകരണിയും, വിഷകല്യകരണിയും' ആയുർവ്വേദത്തിൽ അമൂല്യ സ്ഥാനം നൽകി ആദരിക്കുന്ന ഈ ചെടികൾ തേടി ദൂരങ്ങൾ താണ്ടി ഭിക്ഷഗ്വരൻമാർ എത്താറുണ്ടായിരുന്നു.

ഇവയിൽ ഇപ്പോഴും വേരറ്റുപോകാത്ത നിരവധി സസ്യങ്ങൾ ഈ പ്രദേശത്തുണ്ട്. ഈ ചെടികളെ സംരക്ഷിക്കുകയും അതോടൊപ്പം വ്യാവസായിക അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിലെ പ്രദേശങ്ങളിൽ ഔഷധചെടികൾ നട്ടുവളർത്തുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കാവുന്നതാണ്.

| നമ്പർ | ഔഷധസസ്യം | ഉപയോഗ്യഭാഗം |
|---|---|---|
| 1. | ചിറ്റാടലോടകം | സമൂലം/വേര് |
| 2. | അട പതിയൻ | കിഴങ്ങ് |
| 3. | ചുവന്ന കൊടുവേലി | വേര് |
| 4 | ചിറ്റരത്ത | വേര് |
| 5 | ശതാവരി | കിഴങ്ങ് |
| 6 | നീലാമലി | വേര്/ഇല |
| 7 | കരുനൊച്ചി | ഇല/വേര് |
| 8 | ചെങ്ങഴ നീർക്കിഴങ്ങ് | കിഴങ്ങ് |
| 9 | കച്ചോലം | കിഴങ്ങ് |
| 10 | വിഷ്ണുക്രാന്തി | സമൂലം |
| 11 | തുളസിപലയിനിങ്ങൾ | ഇല/വേര് |
| 12. | കുടങ്ങൽ | സമൂലം |
| 13 | ബ്രഹ്മി | സമൂലം |
| 14 | കരിന്താളി | വേര്/ഇല/ബീജം |
| 15 | വേപ്പ് | ഇല/ബീജം |
| 16 | കസ്തൂരി മഞ്ഞൾ | കിഴങ്ങ് |
| 17 | കുന്നി | ഇല/വേര് |
| 18 | കിര്യാത്ത് | ഇല/ബീജം |
| 19 | കഴഞ്ചി | ബീജം |
| 20 | പാടക്കിഴങ്ങ് | കിഴങ്ങ് |
| 21 | നായ്ക്കുരണ | ബീജം |
| 22 | നറുനീണ്ടി | വേര് |
| 23 | തിപ്പലി | ഫലം |
| 24 | ചെറുപന്ന | ബീജം |
| 25 | ചക്കരക്കൊല്ലി | ഇല |
| 26 | ഞെരിഞ്ഞിൽ | സമൂലം/വേര് |
| 27 | കൊടിത്തൂവ | വേര് |
| 28 | കാട്ടുപടവലം | സമൂലം |
| 29 | നാഗദന്തി | വേര് |

(അവലംബം-ജൈവവൈവിദ്യങ്ങൾ,TBGRI)

# പഞ്ചായത്തുക കാർഷിക വികസന സമിതി രൂപീകരണം

ഇന്നു നിലവിലുള്ള കാർഷികവികസന സമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമെങ്കിൽ പുതിയ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് പുന:സംഘടിപ്പിക്കുകയും വേണം. ഈ സമിതികളെ ഉപയോഗിച്ചുകൊണ്ട് കൃഷിഭവനിലൂടെ നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് കർഷകരെ ബോധ്യപ്പെടുത്താനും അവരുടെ യതാർത്ഥ പ്രശ്നങ്ങൾ എന്താണെന്ന് കൃഷിഭവൻ അധികാരികളെ ബോധ്യപ്പെടുത്താനും കഴിയും. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതു പോലെ പദ്ധതികളെ സംബന്ധിച്ച് ധാരണയുള്ളവർ മാത്രം ഗുണഭോക്താക്കളാകുന്ന അവസ്ഥ മാറ്റിയെടുക്കാൻ സാധിക്കും., ഈ സമിതികൾ ഉപയോഗിച്ച് പഞ്ചായത്തിന്റെ കാർഷികാഭിവൃദ്ധിക്ക് വിഘാതമായി നിൽക്കുന്ന രോഗങ്ങൾ എന്താണെന്നും അവയെക്കുറിച്ച് പഠിക്കാനും മനസ്സിലാക്കാനും അതിനെതിരെയുള്ള പ്രതിരോധ നടപടികൾ എടുക്കാനും സാധിക്കും.

# അലങ്കാരസസ്യകൃഷിയും പുഷ്പകൃഷിയും

കേരളത്തിലെത്തുന്ന പൂവ് മുഴുവൻ തമിഴ്നാട്. കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. ഈ പൂവുകളെല്ലാം വ്യാവസായികമായി കൃഷിചെയ്യാനുള്ള ഭൂപ്രകൃതിയും കാലാവസ്ഥയും അല്ല നമ്മുടെ പഞ്ചായത്തിലുള്ളത്. എന്നാൽ പോലും ഈ രംഗത്തും ചില സാദ്ധ്യതകൾ നാം പരിശോധിക്കേണ്ടതുണ്ട്. കുടിൽ–ചെറുകിട വ്യവസായരുപങ്ങളിൽ കൃഷിചെയ്യാൻ കഴിയുന്ന ചില അലങ്കാര സസ്യങ്ങളും പൂവുകളും ഉണ്ട്. അതിൽ ആന്തോറിയം, ഓർക്കിഡ് എന്നിവയാണ് പ്രധാനപ്പെട്ടവ. നഗരങ്ങളിലെ പൊങ്ങച്ചസംസ്ക്കാരത്തിന്റെ ഭാഗമായി പലപ്പോഴും മാറിപ്പോകാറുള്ള ഈ ചെടികളുടെ കൃഷിയും സംരക്ഷണവും ഗ്രാമീണ തൊഴിൽരഹിതരായ വനിതകളെക്കൊണ്ട് വ്യാവസായിക അടിസ്ഥാനത്തിൽ കൃഷിചെയ്യിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള പദ്ധതികൾക്ക് നാം രൂപം കൊടുക്കണം. ഇതിനുവേണ്ട പരിശീലനങ്ങളും നിർദ്ദേശങ്ങളുമൊക്കെ നേരത്തെ സൂചിപ്പിച്ച TBGRI യിൽ നിന്ന് നൽകുന്നുണ്ട്.

താൽപര്യമുള്ള കുറച്ചു വനിതകളെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകി ചെറിയ രീതിയിൽ നമ്മുടെ മിക്ക പ്രദേശങ്ങളിലും കൃഷി ചെയ്യാവുന്ന രണ്ടു തരം ചെടികളാണ് മുല്ലയും പിച്ചിയും.ഉല്പാദകരായ വനിതകൾ തന്നെ ഇതിനെ പൂമാലകളായി കെട്ടി സമീപ പ്രദേശത്തുള്ള കടകളിൽ അതതു ദിവസങ്ങളിൽ ആവശ്യത്തിന് എത്തിക്കാൻ കഴിഞ്ഞാൽ ഇതിന്റെ വിപണനത്തിന് യാതൊരു പ്രയാസവും ഉണ്ടാവുകയില്ല.

## മണ്ണ് സംരക്ഷണം

പഠനപര്യടനത്തിന്റെയും, വില്ലേജാഫീസ് രേഖകളുടെയും അടിസ്ഥാനത്തിൽ മലനാടും, ഇടനാടും ഇടകലർന്ന് നിരവധി കുന്നുകളും പാറക്കെട്ടുകളും, ചരിവുകളും, കുന്നുകൾക്കിടയിലെ ഏലാകളും നിറഞ്ഞതാണ് കരകുളം പഞ്ചായത്തിന്റെ ഭൂപ്രകൃതി. ഭൂരിഭാഗവും കുന്നിൻചരിവുകൾ ആയതുകൊണ്ടു തന്നെ മണ്ണ് സംരക്ഷണം വളരെ പ്രധാനപ്പെട്ട ഒരു മേഖലയായി പരിഗണിക്കേണ്ട പഞ്ചായത്താണ് നമ്മുടേത്. കുന്നിൻചരിവുകളുടെ മണ്ണൊലിപ്പ് വളരെ കൂടുതലാണ്. കുത്തിയൊലിച്ച് ഒഴുകുന്ന മഴവെള്ളത്തോടൊപ്പം മണ്ണും താഴ്ന്ന പ്രദേശത്ത് എത്തിച്ചേരുന്നു. കാർഷിക ഫലസിദ്ധിയെ ഇത് പ്രതികൂലമായി ബാധിക്കുന്നു.

കരകുളം പഞ്ചായത്തിലെ 600 ഹെക്ടർ വരുന്ന നീർമറി പ്രദേശത്തെക്കൂടി ഉൾപ്പെടുത്തി മണ്ണു സംരക്ഷണത്തിന് വേണ്ടി പശ്ചിമഘട്ടവികസന പദ്ധതി എന്ന പേരിൽ മണ്ണ് സംരക്ഷണ വകുപ്പ് ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. 1992–ൽ ആരംഭിച്ച പദ്ധതി ഇപ്പോഴും തുടരുകയാണ്. 61, 70,000 രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതിയിൽ ഇതുവരെ 24,17,622 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനു പുറമെ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന മറ്റൊരു പദ്ധതിയാണ് 'വാട്ടർ ലോഗ്ഡ്' ഈ പദ്ധതിയുടെ വിശദാംശങ്ങൾ പട്ടിക രണ്ടിൽ കൊടുക്കുന്നു.

പഞ്ചായത്തിന്റെ മറ്റു പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിന് മണ്ണു സംരക്ഷണ വകുപ്പ് ഏതൊരു പദ്ധതിയും ആവിഷ്ക്കരിച്ചിട്ടില്ല. മാത്രമല്ല കർഷകർക്കു ഇതിനുള്ള പരിജ്ഞാനം പകർന്നു കൊടുക്കാനും കഴിഞ്ഞിട്ടില്ല. കർഷകർ പരമ്പരാഗതമായ രീതികൾ ഉപയോഗിച്ച് ഭൂമി തട്ടുതട്ടായി തിരിച്ചാണ് മണ്ണൊലിപ്പ് ഒഴിവാക്കുന്നത്. എന്നാൽ കുന്നിൻ ചരിവുകളിലെ കൃഷിയില്ലാതാവുകയും മരങ്ങൾ മുറിച്ചു മാറ്റപ്പെടുകയും ചെയ്തതോടു കൂടി മണ്ണൊലിപ്പ് രൂക്ഷമായി.

**പട്ടിക - 1**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതി പ്രദേശ വിസ്തീർണം | പദ്ധതി പ്രദേശത്തെ നീർച്ചാലുകളുടെ നീളം | അടങ്കൽ തുക | മൊത്തം ഗുണഭോക്താക്കൾ | പദ്ധതി അരംഭിച്ച വർഷം | പൂർത്തിയായ വർഷം | സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണം | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ചെലവായ തുക | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| | കരകുളം പശ്ചിമഘട്ട വികസന പദ്ധതി | 600 Hect | | 61, 70,000 | | 19-2-92 | Continues | 260 Hect | 600 | Rs. 2417622/- | |

(മണ്ണു സംരക്ഷണ വകുപ്പ്)

മണ്ണു സംരക്ഷണം പ്രത്യേകമായി നടത്തേണ്ട ഒരു വിഷയമല്ല. ജലസംരക്ഷണവും അതുപോലെ സസ്യാവരണ ജൈവവൈവിധ്യസംരക്ഷണവുമായി ബന്ധപ്പെട്ടു കിടക്കുന്ന ഒരു മേഖലയാണ് ഇത്. പലപ്പോഴും മണ്ണുസംരക്ഷണ വകുപ്പ് ആസൂത്രണം ചെയ്യുന്ന പരിപാടികൾ ജലസേചന വകുപ്പുമായോ കൃഷിവകുപ്പുമായോ ഏതൊരു ബന്ധവുമില്ലാത്തവയായിരിക്കും. മറിച്ച് ഈ വകുപ്പുകൾ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു ആസൂത്രണവും പ്രാദേശിക നിർവ്വഹണവുമാണ് ആവശ്യം. കഴിയുന്നത്ര നീർമറി പ്രദേശത്തെ അടിസ്ഥാനമാക്കിയാകണം ഈ പ്രവർത്തനം.

## പ്രശ്നങ്ങൾ

- കുന്നിൻചരിവിലെ ഫലപുഷ്ഠിയുള്ള മണ്ണ് നഷ്ടപ്പെടുന്നു.

പട്ടിക - 2

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതി പ്രദേശ വിസ്തീർണം | പദ്ധതി പ്രദേശത്തെ നീർച്ചാലുകളുടെ നീളം | അടങ്കൽ തുക | മൊത്തം ഗുണഭോക്താക്കൾ | പദ്ധതി അരംഭിച്ച വർഷം | പൂർത്തിയായ വർഷം | സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണം | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ചെലവായ തുക | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| | മാഞ്ഞാൻകോട് ഹരിജൻ കോളനി (Water Logged) | 8.00 Hect | | Rs. 184000/- | 25 | 1994 - 95, | Completed | 8.00 Hect | 25 | Rs. 166503/- | |

(മണ്ണു സംരക്ഷണ വകുപ്പ്)

- നീർമറി പ്രദേശത്തെ മാത്രം സംരക്ഷിക്കുന്ന പദ്ധതികൾ.
- വിവിധവകുപ്പുകളുടെ പ്രത്യേകം പ്രത്യേകം ആസൂത്രണവും നിർവ്വഹണവും
- ഭൂമി തരിശിടുന്നതു കൊണ്ട് കൂടുതൽ മണ്ണ് ഒലിച്ചു പോകുന്നു.
- പരമ്പരാഗത കൃഷിരീതികളുടെ വൈദഗദ്ധ്യം നഷ്ടപ്പെട്ട കൃഷിക്കാർ

## നിർദ്ദേശങ്ങൾ

- വിവിധവകുപ്പുകളുടെ പദ്ധതികൾ തമ്മിൽ സംയോജിപ്പിക്കുക. ഇറിഗേഷൻ, കൃഷിവകുപ്പ്, മൃഗസംരക്ഷണ വകുപ്പ് ഇവയുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ വഴി നിർവ്വഹിക്കപ്പെടണം.
- കുന്നിൻചരിവുകളിലെ തരിശ് ഭൂമികളിൽ കൈതച്ചക്കചെടി നട്ടുപിടിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
- കോണ്ടൂർ ബണ്ട് നിർമ്മാണത്തിൽ കർഷകർക്ക് പരിശീലനം നൽകുകയും ചെയ്യുക.
- പരമ്പരാഗത പ്രകൃതിദത്ത ചാനലുകൾ സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുക. അത്തരം ചാനലുകൾ .നികത്തുന്നതും ദുരുപയോഗം ചെയ്യുന്നതും കർശനമായും തടയുക.
- വിള തെരഞ്ഞെടുക്കൽ, സംയോജിത കൃഷി രീതി വിനിയോഗം കർഷകരുടെ പാരമ്പര്യ അനുഭവ ഉപയോഗം ഇവയിലൂടെ ബഹുജനപങ്കാളിത്തത്തോടെ മണ്ണു സംരക്ഷണ പ്രവർത്തനം നടപ്പാക്കണം.
- അശാസ്ത്രീയമായ ഖനനപ്രവർത്തനങ്ങൾ, മണ്ണെടുക്കൽ, പാറപൊട്ടിക്കൽ ഇവ നിയന്ത്രിക്കുക.

## ജലസേചനം

പരമ്പരാഗത സമ്പ്രദായത്തിൽ പഞ്ചായത്ത് സ്വീകരിച്ചിരുന്ന ജലസേചന മാർഗ്ഗം ഏലാകൾ കേന്ദ്രീകരിച്ച് തലക്കുളങ്ങൾ, ചിറകൾ ഇവയുടെ സംരക്ഷണവും ആവശ്യാനുസരണ ചാലുകൾ കീറി വെള്ളം തിരിച്ചു വിടുകയും ഓരോ തുണ്ടുഭൂമിയിലും തൂമ്പുകൾ വഴി വെള്ളെ കൊടുക്കുകയും എന്നതായിരുന്നു.

എന്നാൽ ഭൂവിനിയോഗത്തിൽ വന്ന മാറ്റവും ഏലാ നികത്തലും മൂലം പ്രകൃതിദത്തമായ ഇത്തരം ചാനലുകൾ തടസ്സപ്പെട്ടു. അശ്രദ്ധയും അവഗണനയും മൂലം തലക്കുളങ്ങൾ നശിച്ചു തുടങ്ങി എന്നിരിക്കിലും ചുരുക്കം ചില സ്ഥലങ്ങളിലെങ്കിലും ഇപ്പോഴും ഈ സാദ്ധ്യത ഉപയോഗിക്കാവുന്നതാണ്. ജലസേചന സാദ്ധ്യത സംബന്ധിച്ച വിവരലഭ്യത കുടിവെള്ള വിതരണം സംബന്ധിച്ച വിവരങ്ങളിൽ നിന്ന് വ്യക്തമാകും. (കുടിവെള്ളം പട്ടിക - 2 ശ്ര ദ്ധിക്കുക)

ജലസേചനം സംബന്ധിച്ച നടപ്പുപദ്ധതികളുടെ വിലയിരുത്തലും വരുംകാല ആക്ഷൻപ്ലാൻ നിർദ്ദേശവും ചെറുകിട ജലസേചനവകുപ്പ് രേഖപ്പെടുത്തിയ വിവരങ്ങൾ ഇവിടെ ചേർക്കുന്നു. അതുകൂടി പരിഗണിച്ച് സ്വീകാര്യമായ ബദലുകൾക്ക് നാം രൂപം നൽകണം. ബഹുജന പങ്കാളിത്തത്തോടെ അവ നടപ്പാക്കാം.

## സാദ്ധ്യതകൾ

1. കരകുളം പഞ്ചായത്തിന്റെയും തൊട്ടടുത്ത പഞ്ചായത്തുകളെയും യോജിപ്പിച്ചുകൊണ്ട് ഒരു ചെക്ക് ഡാം നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കാനുള്ള സാധ്യതയുണ്ട്. ഇത് ഏകദേശം 100 ഹെക്ടർ ഉയർന്ന പ്രദേശത്ത് ജലസേചനം നടപ്പിലാക്കാൻ കഴിയും ഇതു കൂടാതെ ഭൂഗർഭ ജലനിരപ്പ് ഉയരുന്നതു വഴി (Water table) ചെക്ക് ഡാമിന് 2 കിലോ മീറ്റർ ദൂരത്ത് കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഏകദേശം 70 ലക്ഷം രൂപ ചിലവ് വരും.

2. തോടുകളിൽ തടയണകൾ കെട്ടി ജലസേചനത്തിന് വെള്ളം തിരിച്ചു വിടാനും പരിസരങ്ങളിലെ കിണറുകളിൽ ജലവിതാനം ഉയർത്താനും സാധിക്കും. ഇതിന് ഏകദേശം 5000 രൂപാ മുതൽ 25000 രൂപ വരെ ചിലവ് ഉണ്ടാകും. (2 മീറ്റർ 7 മീറ്റർ വരെ വീതിയുള്ള തോടുകൾ)

3. കുളങ്ങളുടെ പുനരുദ്ധാരണം വഴി തൊട്ടടുത്തുള്ള പ്രദേശങ്ങളിൽ ജലസേചനം നടത്താനും വെള്ളപ്പൊക്കം ഒരു പരിധി വരെ നിയന്ത്രിക്കാനും കഴിയും. ഇതിന് ഏകദേശം 25000/ഹെക്ടർ ആയകെട്ട് തുക ചെലവഴിക്കേണ്ടതായി വരും.

## പ്രശ്നങ്ങൾ നിർദ്ദേശങ്ങൾ

ഒരു സ്കീം നടപ്പിലാക്കി കഴിഞ്ഞാൽ വർഷാവർഷം അതിനുള്ള മെയിന്റൻസിനുള്ള തുകയും അതാത് പദ്ധതികളോടൊപ്പം വകയിരുത്തണം. ആ സംവിധാനം ഇപ്പോഴില്ല. സർക്കാർ നിയമം അനുസരിച്ച് മെയിന്റൻസ് തുക 1200/ഹെക്ടർആണ്. ഇത് മുടക്കു മുതലിന്റെ 10 ശതമാനം (ഏകദേശം 2550/ഹെക്ടർ) ആക്കി ഉയർത്തുകയും സമയാസമയങ്ങളിൽ ഫണ്ട് അനുവദിക്കുകയും വേണം.

ജലസേചന വകുപ്പിന്റെയും കൃഷിവകുപ്പിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള സംവിധാനം ഉണ്ടായിരിക്കണം.

വെള്ളപ്പൊക്ക കെടുതികൾ മൂലമുള്ള കൃഷിനാശം ഒഴിവാക്കാൻ വേണ്ടി ഇതിന് ഒരു പ്രത്യേക പദ്ധതി തന്നെ ആസൂത്രണം ചെയ്യണം. ഇതിന് പഞ്ചായത്തിന്റെ നീരൊഴുക്ക് പ്രദേശങ്ങളുടെ മാപ്പ് തയ്യാറാക്കിയാൽ മാത്രമേ ഇതു സാധിക്കുകയുള്ളൂ.

# പട്ടിക -1

പണിപൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചനപദ്ധതികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക | ആയക്കെട്ട് വിസ്തീർണ്ണം | മറ്റ് വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | കുണ്ടേറ്റ് ഏല, തോടിന്റെ പുനരുദ്ധാരണ പണികൾ | 1994 മാർച്ച് | 1995 ഏപ്രിൽ | 1,80,000 | - | ഇറിഗേഷൻ ബ്രയച്ചറിന്റെ റിപ്പയർ |
| 2. | പനവിളാകം-വാര്യവീട്-മുല്ലശ്ശേരി തോടിന്റെ ബണ്ടു സംരക്ഷണവും പുനരുദ്ധാരണവും (4 പദ്ധതിയായി ഏറ്റെടുത്തു) | 1992 | 1995 | 17,00000 | - | ബണ്ടുവീതി സംരക്ഷണവും |
| 3. | പുരവൂർകോണത്തു തോടിന്റെ ബണ്ട് ഉറപ്പിക്കൽ | 1995 | 1995 | 70,000 | - | വെള്ളപ്പൊക്ക കെടുതിയുടെ സംരക്ഷണം |
| 4 | കണ്ണണിക്കോണം ഏണിക്കര തോടിന്റെ പുനരുദ്ധാരണവും, സംരക്ഷണവും | 1996 | 1996 | 4,00,000 | | ബണ്ട് സംരക്ഷണം തോട് പുനരുദ്ധരിക്കൽ |
| 5 | മുല്ലശ്ശേരി പാലത്തിന്റെ കീഴ്ഭാഗത്തുള്ള തോടിന്റെ സംരക്ഷണ പണികൾ | 1990 | 1991 | 2,00,000 | 27 | തോട് പുനരുദ്ധാരണവും ബണ്ട് സംരക്ഷണവും |
| 6 | കടമ്പറ പുന്നൂർ തോടിന്റെ പുനരുദ്ധാരണ പണികൾ | 1991 | 1991 | 2,00,000 | 20 | പുനരുദ്ധാരണം ക്രോസ് ബാറുകൾ പാലം ബണ്ട് സംരക്ഷണം |

## നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ആയക്കെട്ട് വിസ്തീർണ്ണം (ഹെ.) | എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിൽ അടങ്കൽ തുക | ലക്ഷ്യം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1. | വേങ്കോട് – കൊടൂർ തോടിന്റെ പുനരുദ്ധാരണ പണികളും വേങ്കോട്, ഒരു കലുങ്കിന്റെ നിർമാണവും | – | 4,00,000 | തോടിന്റെ പുനരുദ്ധാരണവും, കലുങ്കിന്റെ നിർമ്മാണവും (As കിട്ടിയിട്ടുണ്ട്) |
| 2. | ക്ലാസ് –I കോഴിയോട് ഏലാ തോടിന്റെ സംരക്ഷണ പണികൾ | 51Ha | 4,00,000 | ബണ്ട് സംരക്ഷണം പുനരുദ്ധാരണം (As കിട്ടിയിട്ടുണ്ട്) |
| 3. | കിള്ളിയാറ്റിൽ ഒരു ചെക് ഡാമും ലിഫ്റ്റും ഇറിഗേശൻ സ്കീമു | – | – | ഒരു പദ്ധതിക്കുള്ള സാധ്യതയുണ്ട്, പൂർണ്ണമായ വിവരം ശേഖരിച്ചിട്ടില്ല. |
| 4. | ജലസേചന സൗകര്യത്തിനു വേണ്ടി കുളങ്ങളുടെ പുനരുദ്ധാരണം ഉദാ:- കൊക്കോട്ടു ചിറ, മാങ്ങാട്ട് കോണം ചിറ, കണ്ണണികോണം ചിറ പെന്തിപൂർ ചിറ, പനവിളാകം ചിറ | – | – | – |

## 5

# മൃഗസംരക്ഷണം മത്സ്യമേഖല

കഴിഞ്ഞ മൂന്ന് ദശാബ്ദക്കാലയളവിൽ നമ്മുടെ സംസ്ഥാനത്തുണ്ടായ സാമൂഹിക സാമ്പത്തിക വളർച്ചയ്ക്ക് മൃഗസംരക്ഷണമേഖല അതിന്റേതായ സംഭാവനകൾ നൽകിയിട്ടുണ്ട്. ആളോഹരി കൃഷിഭൂമിയുടെ ലഭ്യതയിൽ വന്ന കുറവ് ഈ മേഖലയിലേക്ക് ജനശ്രദ്ധ തിരിയാൻ കാരണമായി. ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധനമുടക്കിൽ കൂടുതൽ സമ്പത് വർദ്ധനവിന് ഉതകുന്ന മേഖലയാണിത്. സംസ്ഥാനത്തെ കന്നുകാലി സമ്പത്തിന്റെ 94% ഗ്രാമപ്രദേശങ്ങളിലാണ്. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷകത്തൊഴിലാളികളുമാണ്. വികസനമെന്നത് ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രിയയാണെന്നതിനാൽ മൃഗസംരക്ഷണമേഖലയിൽ ഉണ്ടാകുന്ന ഏതു പുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ സമ്പുഷ്ടമാക്കുമെന്ന് വ്യക്തം. കഴിഞ്ഞ രണ്ടു ദശാബ്ദക്കാലയളവിൽ മൃഗസംരക്ഷണരംഗത്ത് കുറ്റമറ്റ സാങ്കേതികവിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവും, ജനിതകഗുണമേന്മാവർദ്ധനവും, ഉൽപ്പാദനക്ഷമതാവർദ്ധനവും സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഈ പഞ്ചായത്തിൽ 10100 കുടുംബങ്ങളിൽ നടത്തിയ സർവ്വേയിൽ 1255 കുടുംബങ്ങളിൽ മാത്രമാണ് കന്നുകാലികളെ വളർത്തുന്നത്. 3074 കുടുംബങ്ങൾ കന്നുകാലികളേയോ കോഴികളേയോ വളർത്തുന്നില്ല. ഈ പഞ്ചായത്തിൽ മൃഗസംരക്ഷണ രംഗത്തെ സേവനങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി ആകെയുള്ളത് ഒരു മൃഗാശുപത്രിയും രണ്ട് സബ്സെന്ററുകളുമാണ്. മൃഗാശുപത്രി ഇവിടെ ആരംഭിച്ചിട്ട് ഒന്നുരണ്ടു വർഷമേ ആയിട്ടുള്ളു. അതുതന്നെ സൗകര്യമില്ലാത്ത സ്ഥലത്ത് ഒരു മുറിയിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ ഇതുവരേയും കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യം ലഭിച്ചിട്ടില്ല. സബ്സെന്ററുകളിൽ ഒരെണ്ണം മൃഗാശുപത്രിയുടെ ഒരു കിലോമീറ്റർ ദൂരപരിധിയിലാണ് സ്ഥിതിചെയ്യുന്നത്. ഇപ്പോൾ മൃഗാശുപത്രിയിൽനിന്നും കന്നുകാലികൾക്കും, കോഴികൾക്കും രോഗത്തിനുള്ള ചികിത്സയും അവയ്ക്കുള്ള രോഗപ്രതിരോധ കുത്തിവെയ്പ്പുകളും ലഭ്യമാണ്.

ഈ പഞ്ചായത്തിൽ മൂന്ന് പാൽ സൊസൈറ്റികളുണ്ട്. പതിനാലു വാർഡുകളിലെ പാൽ സംഭരണം ഈ മൂന്ന് സൊസൈറ്റികളാണ് നടത്തുന്നത്. ഇവിടെ രണ്ടു ചെറിയ ബ്രോയിലർ ഫാം യൂണിറ്റുകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളു. ഡയറി ഫാമുകളോ, പന്നി വളർത്തൽ കേന്ദ്രങ്ങളോ പ്രവർത്തിക്കുന്നില്ല. കുന്നിൻ പ്രദേശങ്ങൾ നിറഞ്ഞ ഭൂപ്രകൃതിയാണ് ഈ പഞ്ചായത്തിന്റേത്. ഇവിടെ ആരുംതന്നെ തീറ്റപ്പുൽ കൃഷി ചെയ്യുന്നതായി കാണുന്നില്ല. ഈ പഞ്ചായത്തിൽ ലൈസൻസുള്ള കശാപ്പുശാലകൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. എന്നാൽ മാംസ വിൽപന ധാരാളമായി നടക്കുകയും ചെയ്യുന്നു. മുട്ടയുടേയും കോഴിയിറച്ചിയുടേയും ആവശ്യകത ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെങ്കിലും ആവ ധാരാളമായി മറ്റു സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുകയാണ്. ചുരുക്കത്തിൽ ഇവിടെ മൃഗപരിപാലനരംഗം തേടുന്ന മുഖ്യ പ്രശ്നം ഉൽപ്പന്നത്തിന്റെ വിലയോ, വിപണന സാദ്ധ്യതയോ അല്ല, മറിച്ച് ഉൽപ്പാദനരംഗത്തെ അഭാവമാണ്.

### *മൃഗസംരക്ഷണമേഖലയിൽ സാധാരണയായി കാണുന്ന പ്രശ്നങ്ങളും സാധ്യതകളും*

1. ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിത വിലയും

   സഹകരണാടിസ്ഥാനത്തിൽ പ്രാദേശികമായി ലഭ്യമായ തേങ്ങാപ്പിണ്ണാക്ക്, തവിട്, കപ്പ മുതലായ ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുകയാണെങ്കിൽ കർഷകന് കുറഞ്ഞവിലയ്ക്ക് തീറ്റ നൽകുവാൻ സാധിക്കും. ഒരു കിലോ തീറ്റയ്ക്ക് 50 പൈസയുടെ കുറവുണ്ടാക്കാൻ കഴിഞ്ഞാൽ കർഷകന് വളരെയേറെ ലാഭമുണ്ടാക്കാൻ കഴിയും. അതുപോലെ മുകളിൽപറഞ്ഞ വിഭവങ്ങൾ ഉണ്ടാക്കുന്ന കർഷകർക്ക് അവരുടെ ഉൽപ്പന്നത്തിന് നല്ല വില കിട്ടുകയും ചെയ്യും. പ്രാദേശികമായി കുറച്ചുപേർക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നതിനു ഇതു സഹായിക്കും. പഞ്ചായത്ത് പുറംപോക്കു സ്ഥലങ്ങളിൽ തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

2. ഉൽപ്പാദകന് കിട്ടുന്ന പാൽവില ഉൽപ്പാദനച്ചിലവിന് അനുസൃതമല്ല. ഉപഭോക്താവിന് മിതമായ വിലയ്ക്ക് പാൽ ലഭിക്കുന്നില്ല.

   പാലിന്റെ വില കൂട്ടി ഉൽപ്പാദകന് ലാഭമുണ്ടാക്കുന്ന കാര്യം പ്രയാസമാണ്. ഇതിനുവേണ്ടി ഉൽപ്പ

ദനച്ചിലവ് കുറച്ചുകൊണ്ടുവരികയാണ് വേണ്ടത്. ഇതിനായി കർഷകന് കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകണം. അങ്ങനെയായാൽ ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് പാൽ ലഭ്യമാക്കാൻ കഴിയും.

*3. വിപണനരംഗത്തെ അപര്യാപ്തത*

പാൽ വിപണനസ്ഥാപനങ്ങൾ കർഷകന് പ്രാപ്യമായ രീതിയിൽ പുനരാസൂത്രണം ചെയ്യണം. ഈ പഞ്ചായത്തിൽ 14 വാർഡുകളിലേയ്ക്കായി മൂന്ന് പാൽ സൊസൈറ്റികളേയുള്ളു. ഇവ ഓരോ വാർഡിലും കളക്ഷൻ സെന്റർ തുടങ്ങുകയാണെങ്കിൽ എല്ലാ കർഷകർക്കും പാൽ വിൽക്കുന്നതിനും, കൂടുതൽ ഉപഭോക്താക്കൾക്ക് പാൽ ലഭിക്കുന്നതിനും സഹായകമാകും.

*4. ഭാരിച്ച ചികിത്സാ ചിലവ്*

മൃഗാശുപത്രികളിൽ അവശ്യം മരുന്നുകൾ ലഭ്യമാക്കുകയും, സൊസൈറ്റികളിൽ അംഗമായിട്ടുള്ള കർഷകർക്ക് ചികിത്സാ ചിലവിന്റെ ഒരു പങ്ക് ധനസഹായമായി നൽകുയും ചെയ്താൽ ഈ രംഗത്തെ ചിലവ് കുറയ്ക്കാൻ കവിയും.

*5. വായ്പ നൽകുന്നതിന് ധനകാര്യസ്ഥാപനങ്ങളുടെ വിമുഖത*

ഇതിൽ പാൽ സൊസൈറ്റികളും ധനകാര്യസ്ഥാപനങ്ങളും, കർഷകനും ചേർന്ന് കൂട്ടുത്തരവാദിത്വത്തോടെയുള്ള വായ്പ സംവിധാനം ഉണ്ടാക്കുക.

*6. ഇൻഷുറൻസ് പരിരക്ഷയുടെ അപര്യാപ്തത*

പഞ്ചായത്തുതലത്തിൽ പക്ഷി–മൃഗാദികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുക.

*7. ചുരുങ്ങുന്ന തീറ്റപ്പുൽകൃഷി*

തെങ്ങിൻതോപ്പുകളിലും മറ്റ് തരിശുഭൂമികളിലും തീറ്റപ്പുൽകൃഷി ചെയ്യാനുള്ള സഹായം നൽകുകയും, അതിന്റെ ആവശ്യകത കർഷകനെ ബോധ്യപ്പെടുത്തുകയും വേണം.

*8. കർഷകരുടെ ആവശ്യാനുസരണം ഗുണമേന്മയുള്ള പക്ഷി– മൃഗാദികളുടെ ദൗർലഭ്യം.*

കർഷകർക്ക് നല്ല പക്ഷി–മൃഗാദികളെ എത്തിച്ചുകൊടുക്കേണ്ട ചുമതല പഞ്ചായത്തും മൃഗസംരക്ഷണവകുപ്പും കൂട്ടായി നടത്തേണ്ടതാണ്.

*9. അശാസ്ത്രീയമായ മാംസോൽപ്പാദന വിപണന രീതികൾ*

ഈ പഞ്ചായത്തിൽ ലൈസൻസുള്ള ഒറ്റ അറവുശാലയും പ്രവർത്തിക്കുന്നില്ല. ആധുനിക രീതിയിലുള്ള ശാസ്ത്രീയമായ അറവുശാലകൾ പ്രാദേശികമായി സ്ഥാപിക്കുകയും ശുദ്ധമായ മാംസവിപണനം ഉറപ്പാക്കുകയും ചെയ്യണം.

*10. വിവിധ ഏജൻസികളിലൂടെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രിതമല്ലാതെ കൈകാര്യം ചെയ്യുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ.*

മേഖലയിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ശാസ്ത്രീയമായി നടപ്പിലാക്കാനുള്ള സൗകര്യം ഉണ്ടാക്കുക.

*11. സാങ്കേതിക പരിജ്ഞാനമില്ലാത്തവരുടെ മൃഗചികിത്സ*

ചികിത്സാരംഗം രജിസ്ട്രേഷനുള്ളവർക്കു മാത്രമായി നിജപ്പെടുത്തുകയും അനധികൃതമായി ചികിത്സ നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണം.

*12. ഈ മേഖലയിലുള്ള കുറഞ്ഞ വനിതാ പങ്കാളിത്തം*

ഇടത്തരം കുടുംബങ്ങളിലെ സ്ത്രീകൾ മിക്കതും പുറത്തുപോയി ജോലി ചെയ്യാൻ വിമുഖരാണ്. അവരെ ഉൾപ്പെടുത്തി വനിതാ സംഘങ്ങൾ രൂപീകരിക്കുകയും അതുവഴി മൃഗസംരക്ഷണമേഖലയിലെ സ്ത്രീപങ്കാളിത്തം ഉറപ്പുവരുത്തുകയും വേണം.

*13. കാലാനുസൃതമായ അടിസ്ഥാനസൗകര്യങ്ങൾപോലുമില്ലാത്ത മൃഗാശുപത്രികൾ*

മൃഗാശുപത്രി സൗകര്യമായ കെട്ടിടത്തിലേക്ക് മാറ്റണം. ആശുപത്രിയിൽ ക്രിത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യം ഏർപ്പെടുത്തണം. മൃഗാശുപത്രിയുടെ സമീപത്തു പ്രവർത്തിക്കുന്ന സബ്സെന്ററിനെ മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുക. ദൂരെയുള്ള കർഷകർക്ക് (കല്ലയം, വേങ്കോട്) അത്യാവശ്യഘട്ടങ്ങളിൽ ഡോക്ടറുടെ സേവനം ലഭിക്കുന്നതിനുവേണ്ടി ഫോൺ സൗകര്യം ഏർപ്പെടുത്തുക. ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം കണക്കിലെടുത്ത് വട്ടപ്പാറ ഏരിയായിൽ ഒരു മൃഗാശുപത്രികൂടി ആരംഭിക്കുക.

*14. സമഗ്ര പേവിഷ നിയന്ത്രണ നയത്തിന്റെ ആസൂത്രിത തുടർപരിപാടിയുടെ അഭാവം*

സമഗ്ര പേവിഷ നിയന്ത്രണനയം ഉണ്ടാക്കുകയും പഞ്ചായത്തിലെ എല്ലാ വളർത്തു നായ്ക്കൾക്കും പ്രതിരോധ കുത്തിവെയ്പ്പ് നൽകുകയും ലൈസൻസിംഗ് നിർബന്ധമാക്കുകയും, അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വേണം.

## പട്ടിക 5 (1)
### ജനന രജിസ്റ്റർ
### 1995 - 96

| ഇനം | ജനിച്ച കുട്ടികളുടെ എണ്ണം | |
|---|---|---|
| | ആൺ | പെൺ |
| പശു | 183 | 165 |
| എരുമ | 5 | 2 |

## നടപ്പു പദ്ധതി അവലോകന മാറ്റങ്ങൾ

*1. പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി*

ഈ പദ്ധതിയുടെ ആനുകൂല്യം ഈ പഞ്ചായത്തിൽ 70 പേർക്കുമാത്രമാണ് ഇപ്പോൾ ലഭിക്കുന്നത്. കന്നുകുട്ടികളെ വളർത്തുന്നതിന് ചിലവ് കൂടുതലാകയാൽ ആരും അതിന് താൽപര്യം കാണിക്കുന്നില്ല. പശുക്കുട്ടികളുള്ള എല്ലാ കർഷകർക്കും ഈ ആനുകൂല്യം ലഭ്യമാക്കണം. ഇപ്പോൾ എരുമക്കുട്ടികളെ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. അവയെക്കൂടി ഉൾപ്പെടുത്തേണ്ടതാണ്.

*2. പേവിഷ നിയന്ത്രണപദ്ധതി*

ഈ പദ്ധതിയിൽ ആദ്യമായി അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയാണ് വേണ്ടത്. പ്രതിരോധ കുത്തിവെയ്പ്പ് ഇപ്പോൾ നിർബദ്ധമല്ല. പഞ്ചായത്തിലെ എല്ലാ നായ്ക്കളേയും നിർബന്ധ കുത്തിവെയ്പ്പിന് വിധേയമാക്കണം. ലൈസൻസിംഗ് ഏർപ്പെടുത്തുകയും വേണം. ഇതിന് ആവശ്യാനുസരണമുള്ള വാക്സീൻ പകുതി വിലയ്ക്കോ, സൗജന്യമായോ ലഭ്യമാക്കണം.

*3. കാലിരോഗ നിയന്ത്രണപദ്ധതി*

ഈ പദ്ധതിയുടെ പ്രയോജനം പഞ്ചായത്തിലെ എല്ലാ കർഷകർക്കും പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല. ഒരു പ്രദേശത്തെ എല്ലാ കന്നുകാലികളേയും യഥാസമയം പ്രതിരോധ കുത്തിവെയ്പ്പിന് വിധേയമാക്കണം.

*4. ഊർജ്ജിത പന്നിവളർത്തൽ പദ്ധതി*

പന്നിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യമാണ് പ്രധാന പ്രശ്നം. സർക്കാർ ഫാമുകളെ മാത്രം ആശ്രയിക്കാതെ ഇവ ലഭ്യമാക്കുന്നതിന് സ്വകാര്യമേഖലയിലും പ്രാദേശിക ജീവിതരീതിക്കനുസൃതമായും പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കണം. ഇപ്പോഴത്തെ കണക്കുപ്രകാരം ഈ പഞ്ചായത്തിൽ 13 വീടുകളിലാണ് പന്നി വളർത്തൽ ഉള്ളത്.

*5. ആടുവളർത്തൽ പദ്ധതി*

നല്ലയിനം ആട്ടിൻകുട്ടികൾ ലഭ്യമല്ല. പച്ചിലത്തീറ്റയുടെ ദൗർലഭ്യം പോരായ്മയാണ്. നല്ലയിനം ആട്ടിൻകുട്ടികളെ ലഭ്യമാക്കുകയും സോഷ്യൽ ഫോറസ്റ്ററി മുതലായ പദ്ധതികൾവഴി ഇതിനുവേണ്ട പച്ചിലത്തീറ്റ (പ്ലാവ്, സുബാബുൾ) കൂടുതൽ പ്രചരിപ്പിക്കുകയും വേണം.

*6. ഇറച്ചിക്കോഴി വളർത്തൽ പദ്ധതി*

ഈ മേഖല ഇന്ന് തികച്ചും അസംഘടിതമാണ്. കരകുളത്ത് ആകെ രണ്ടു ചെറിയ ബോയിലർ ഫാമുകളാണ് പ്രവർത്തിക്കുന്നത്. ഇവിടെ വളരെ വികസന സാധ്യതയുള്ള മേഖലയാണിത്. തീറ്റയുടേയും കോഴിക്കുഞ്ഞുങ്ങളുടേയും അമിതമായ വിലയും, ഇടത്തട്ടുകാരുടെ ചൂഷണവും ഈ മേഖല നേരിടുന്ന പ്രശ്നമാണ്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളും തീറ്റയും കുറഞ്ഞ വിലയ്ക്ക് പഞ്ചായത്തുതലത്തിൽ ലഭ്യമാക്കണം. ഇടത്തട്ടുകാരെ ഒഴിവാക്കുവാനും കോഴിയിറച്ചിയുടെ വിപണനത്തിനുമായി സഹകരണസംഘങ്ങൾ സ്ഥാപിക്കണം.

*7. എഗ്ഗർ നേഴ്സറി*

ഗുണമേന്മയുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായ രീതിയിൽ വളർത്തി വിപണനത്തിനു തയ്യാറാക്കുകയാണ് പദ്ധതി. പക്ഷെ നല്ലയിനം കോഴിക്കുഞ്ഞങ്ങൾ ഇപ്പോൾ ലഭ്യമല്ല. സർക്കാർ ഫാമുകളിൽനിന്നും ഇവ ലഭ്യമാക്കണം.

*8. വീട്ടുമുറ്റത്തെ കോഴിവളർത്തൽ*

ഏറ്റവും കുറഞ്ഞ ചിലവിൽ വീടുകളിൽത്തന്നെ മുട്ട ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതി. മുട്ടയുടെ ലഭ്യത, ഭക്ഷണത്തിൽ മാംസ്യത്തിന്റെ തോത് ഉയർത്തുക, വീട്ടമ്മമാർക്ക് വരുമാനം ഇവ ലക്ഷ്യം.

*എല്ലാവർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ല. ആവശ്യക്കാർക്ക് രണ്ടുമാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ സഹായനിരക്കിൽ ലഭ്യമാക്കണം.*

## സാദ്ധ്യതകൾ

*1. ഉൽപ്പാദനമേഖല*

*(1) പാലുൽപ്പാദനം*

ചെറുകിട നാമമാത്ര കർഷകരേയും കർഷകതൊഴിലാളികളേയും ഈ മേഖലയിലേക്ക് ആകർഷി

## പട്ടിക 5 (2)

### 1996 ൽ കരകുളം പഞ്ചായത്തിൽ നടത്തിയ സെൻസസ് പ്രകാരമുള്ള കണക്ക്

| പശു (സങ്കരയിനം) | | പശു (നാടൻ) | | എരുമ | | ആട് | | പന്നി | പട്ടി | | കോഴികൾ | | താറാവ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | | ആൺ | പെൺ | ആൺ | പെൺ | |
| 45 | 1568 | 111 | 655 | 6 | 40 | 378 | 1727 | 20 | 342 | 4603 | 6331 | 24370 | 876 |

ക്കുക. കാലിവളർത്തൽ മുഖ്യ തൊഴിലായോ ഉപതൊഴിലായോ സ്വീകരിക്കുന്നതിന് പ്രോത്സാഹനം നൽകുക. വീട്ടമ്മമാരുടേയും, വിദ്യാർത്ഥികളുടേയും ഒഴിവുസമയം ഫലപ്രദമായി ഉപയോഗിക്കുക. പാലിന്റെ ഉൽപ്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുക എന്നിവയാണ് മുഖ്യ ലക്ഷ്യങ്ങൾ.

(a) മിനി ഡയറി യൂണിറ്റുകൾ

മൂന്ന് പശുക്കൾ അടങ്ങുന്ന ഒരു ഡയറി യൂണിറ്റ്

(b) കന്നുകുട്ടി പരിപാലന പരിപാടി

നാലു മുതൽ 32 മാസം വരെ പ്രായമുള്ള സങ്കരയിനം പശുക്കുട്ടികൾക്ക് സൗജന്യനിരക്കിൽ കാലിത്തീറ്റ്, മരുന്ന്, ഇൻഷ്വറൻസ് സൗകര്യം എന്നിവ നൽകുക.

*2. മുട്ടയുൽപ്പാദനം*

(a) എഗ്ഗർ നേഴ്സറി

ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 60 ദിവസംവരെ ശാസ്ത്രീയമായി വളർത്തി വിൽക്കുക.

(b) വീട്ടുമുറ്റത്തെ കോഴി വളർത്തൽ

60 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ നൽകുക.

(c) സ്കൂൾ പൗൾട്രി ക്ലബ്ബ്

വിദ്യാർത്ഥികളിൽ സമ്പാദ്യശീലവും, കോഴി വളർത്തലിൽ താൽപര്യവും ജനിപ്പിക്കുന്നതിനുവേണ്ടി രണ്ടു മാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി നൽകുക.

*3. ഇറച്ചിക്കോഴി വളർത്തൽ*

കുടുംബത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും ഒഴിവു സമയം ഉപയോഗപ്പെടുത്തി രണ്ടാഴ്ചയിലൊരിക്കൽ 250 ഇറച്ചിക്കോഴികളെ വളർത്തി വിൽപ്പനയ്ക്ക് സജ്ജമാക്കുകയാണ് പദ്ധതി.

*4. ആടു വളർത്തൽ*

പാവപ്പെട്ടവരുടെ പശുവാണ് ആട്. ഇടത്തരം കർഷകരുടെ സാമ്പത്തിക പരിമിതികൾക്കനുയോജ്യം. കുറഞ്ഞ മൂലധനം അനുകൂല സാഹചര്യമാണ് വീട്ടമ്മമാരുടേയും കുട്ടികളുടേയും അദ്ധ്വാനശേഷി ഫലപ്രദമായി ഉപയോഗപ്പെടുത്താം.

*5. പന്നിവളർത്തൽ*

പന്നിയിറച്ചിയുടെ ഉൽപ്പാദനവും ലഭ്യതയും വർദ്ധിപ്പിക്കുന്നതിനും മാംസ്യാവശ്യത്തിനുമായി ഗുണമേന്മയുള്ളതും പെട്ടെന്ന് തടിവെയ്ക്കുന്നതുമായ പന്നികളുടെ വ്യാപനം. ഹോട്ടൽ അവശിഷ്ടങ്ങൾ, പച്ചക്കറി മാർക്കറ്റിലെ അവശിഷ്ടങ്ങൾ എന്നിവ ശാസ്ത്രീയമായി സംസ്കരിച്ചാൽ ഇവയെ പന്നിത്തീറ്റയാക്കുന്നതോടൊപ്പം മാലിന്യ ദൂരീകരണവും സാധ്യമാകും.

*6. ഇറച്ചി മുയൽ വളർത്തൽ*

സ്കൂൾകുട്ടികൾക്ക് മുയൽക്കുട്ടികളെ നൽകി ഇതു നടപ്പാക്കാവുന്നതാണ്.

*7. മാംസോൽപ്പാദനം*

ശാസ്ത്രീയമായ അറവുശാലകൾ സ്ഥാപിക്കുക. മുൻപിൽ മാംസപരിശോധന നിർബന്ധമാക്കുക.

## II സേവനമേഖല

(1) മെച്ചപ്പെട്ട മൃഗാശുപത്രി സൗകര്യങ്ങൾ സ്വന്തമായ കെട്ടിടം, വാഹന സൗകര്യം, ടെലിഫോൺ, ലബോറട്ടറി സൗകര്യങ്ങൾ.

(2) കശാപ്പുശാലകൾ ആധുനികവൽക്കരിക്കുക.

(3) പേവിഷ നിയന്ത്രണം

അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കണം. വളർത്തു നായ്ക്കൾക്ക് നിർബന്ധ പ്രതിരോധ കുത്തിവെയ്പ്പ് നടത്തണം.

(4) വിജ്ഞാന വ്യാപന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക

## III ആസൂത്രണമേഖല

(1) പ്രാദേശികതലത്തിൽ പ്രായോഗികമായി വിജ

## പട്ടിക 5 (3)
### 4–4 പേ വിഷബാധ – പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ് നൽകിയവയുടെ എണ്ണം | | | | 280 | | |
| കുടിയേറ്റത്തിനു ശേഷം കുത്തിവെയ്പു നടത്തിയവയുടെ എണ്ണം | 3 | | 2 | 9 | | |

## പട്ടിക 5 (4)
### 4–5 കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2-ലധികംതവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 1080 | 1041 | 20 |
| കിടാരി | 786 | 545 | 7 |
| എരുമ | 170 | 62 | - |

## പട്ടിക 5 (5–5)
### 4–3 രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹന സംബന്ധമായവ | 255 | 45 | 128 | | 29 | | | | | 1 |
| 2 | ശ്വാസകോശ സംബന്ധം | 53 | | 24 | | | | | | | |
| 3 | ഉപാപചയ സംബന്ധം | 31 | | 1 | | | | | | | |
| 4 | ത്വക് രോഗങ്ങൾ | 83 | | 12 | | 9 | | | | | 2 |
| 5 | ധാതുലവണങ്ങളുടെ അഭാവം | 35 | | 13 | | | 42 | | | | |
| 6 | പരാദരോഗങ്ങൾ | 280 | 4 | 76 | | 31 | 95 | | | | |
| 7 | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 54 | 2 | 6 | | | | | | | |
| 8 | വന്ധ്യത | 35 | 2 | | | | | | | | |
| 9 | അകിടുവീക്കം | 30 | | 16 | | | | | | | |
| 10 | മുടന്തൻ പനി | 12 | | | | | | | | | |
| 11 | പകർച്ച വ്യാധികൾ | | | | | | | | | | |

യിക്കുന്ന മൃഗസംരക്ഷണപദ്ധതികൾക്ക് രൂപം നൽകുക.

(2) ആസൂത്രണ പ്രക്രിയകൾക്ക് രൂപം നൽകുന്നതിന് ഒരു ആസൂത്രണസെൽ രൂപവൽക്കരിക്കുക.

## IV വനിതാപങ്കാളിത്തം

(1) വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ -മഹിളാ സംഘങ്ങൾവഴി പശു വളർത്തുന്ന പദ്ധതി.

(2) ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റ്

ചെറുകിട ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ മഹിളാ സംഘങ്ങൾവഴി നടപ്പിലാക്കുന്ന പദ്ധതി.

(3) വിപണനകേന്ദ്രങ്ങൾ

സംസ്കരിച്ച കോഴിയിറച്ചി, മുട്ട, കോഴിയിറച്ചിയും മുട്ടയും ഉപയോഗിച്ചുണ്ടാക്കുന്ന വിവിധ വിഭവങ്ങൾ എന്നിവയുടെ വിപണനം വനിതകളുടെ ആഭിമുഖ്യത്തിലുള്ള വിപണനകേന്ദ്രങ്ങളിൽ നടത്താവുന്നതാണ്.

മൃഗസംരക്ഷണമേഖലയിൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഗ്രാമീണ സ്ത്രീകളെ ഈ രംഗത്തേക്കു കൊണ്ടുവരുക, കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുക, മൃഗചികിത്സാകേന്ദ്രങ്ങൾ ആധുനികവൽക്കരിക്കുക, പേവിഷ നിയന്ത്രണം ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്നിവയായിരിക്കണം ഊന്നൽ നൽകേണ്ട ഈ മേഖലയിലെ പദ്ധതികൾ. മൃഗസംരക്ഷണരംഗത്തെ പ്രവർത്തനമേഖല പരിശോധിച്ച് ഒരു സമഗ്ര ആസൂത്രണ പദ്ധതികൾ രൂപപ്പെടുത്തുകയും അതിനെ കേരളത്തിലെ ജനങ്ങളുടെ ആഹാരക്രമം, പോഷകലഭ്യത, അദ്ധ്വാനം, ആരോഗ്യം എന്നിവയുമായി ബന്ധപ്പെടുത്തി ജനങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് സഹായകമാക്കുകയും ചെയ്യുക എന്നതായിരിക്കണം ലക്ഷ്യം. ഗ്രാമതല ആസൂത്രണത്തിലൂടെ തീർച്ചയായും അത് സാധിതമാക്കാം.

## മത്സ്യമേഖല

കേരളത്തിൽ രണ്ടു ലക്ഷത്തോളം പ്രത്യക്ഷ മത്സ്യതൊഴിലാളികളുണ്ട്. ഇവരുൾപ്പെടെ 10 ലക്ഷം പേരാണ് കേരളത്തിലെ മത്സ്യതൊഴിലാളി സമൂഹം. കരകുളം പഞ്ചായത്തിൽ മത്സ്യബന്ധനമില്ലാത്തതുകൊണ്ടുതന്നെ കേരളത്തിന്റെ ഉൾനാടൻ മേഖലയിൽ മത്സ്യബന്ധനം നടത്തി ജീവിക്കുന്ന 40000 ഓളം പേരിൽ ഉൾപ്പെടുന്ന ആരുംതന്നെ ഈ പഞ്ചായത്തിലില്ല. പരമ്പരാഗത - ഉൾനാടൻ മത്സ്യതൊഴിലാളി മേഖലകളിൽപ്പെടുന്ന ആരംതന്നെ കരകുളം പഞ്ചായത്തിലില്ല. എന്നാൽ മത്സ്യവിപണന മേഖലയിൽ പണിയെടുക്കുന്ന ചെറിയ ഒരു ശതമാനം തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിലുമുണ്ട്. സംസ്ഥാനത്തെ ജനസംഖ്യയുടെ 3% പേർ ഈ മേഖലയെ ആശ്രയിക്കുന്നു. അതിൽ വളരെ കുറച്ചുപേർ മാത്രമാണ് നമ്മുടെ പഞ്ചായത്തിനകത്തുള്ളത്.

കരകുളം പഞ്ചായത്ത് ഒരു ഉൾനാടൻ പഞ്ചായത്തായതുകൊണ്ട് കടൽ മത്സ്യബന്ധനവുമായി യാതൊരു ബന്ധവുമില്ല. നമ്മുടെ പഞ്ചായത്തിലുള്ള ജലവിഭവങ്ങളിൽ-കുളങ്ങൾ, തോടുകൾ, നദികൾ-ഒന്നുംതന്നെ വ്യാവസായികമോ വാണിജ്യമോ ആയ അടിസ്ഥാനത്തിൽ മത്സ്യം വളർത്തലും നടക്കുന്നില്ല. ആകെ നടക്കുന്നത് പ്രകൃതിദത്തമായി നമ്മുടെ കുളങ്ങളിലും നദികളിലുമുണ്ടാകുന്ന മത്സ്യസമ്പത്തിനെ സംഭരിച്ച് ഉപയോഗിക്കുന്നു എന്നതാണ്. അതുതന്നെ ചില പ്രത്യേക കാലാവസ്ഥകളിൽ മാത്രം. പ്രധാനമായും മഴക്കാലത്ത് പുഴയിൽ വെള്ളം കൂടുകയും ഇതു സമീപത്തു പാടശേഖരങ്ങളിലേക്ക് കയറുന്നു. ജലത്തോടൊപ്പം പാടത്തിലേക്ക് കയറുന്ന മത്സ്യത്തെ ശേഖരിക്കുക എന്നതാണ് ഇപ്പോൾ നടക്കുന്ന പരമ്പരാഗതമായ മത്സ്യബന്ധനരീതി. ഇതു ശേഖരിക്കുന്നത് വാണിജ്യാടിസ്ഥാനത്തിലല്ല. മറിച്ച് ശേഖരിക്കുന്നവർതന്നെ അത് ഉപയോഗിക്കുകയാണ് ചെയ്യുന്നത്. വാണിജ്യാടിസ്ഥാനത്തിൽ ഇതു നടക്കാത്തതിനുള്ള കാരണം മത്സ്യത്തിന്റെ ലഭ്യതക്കുറവുമാണ്.

കരകുളം പഞ്ചായത്തിൽ ആകെ 23 ശുദ്ധജല കുളങ്ങളും കിള്ളിയാറിന്റെ ഉദ്ദേശം 4.5 കിലോ മീറ്റർ വരുന്ന ഭാഗവും ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളും കൂടാതെ ധാരാളം വീട്ടുകുളങ്ങളും പൊയ്കകളും തോടുകളും ഉണ്ട്. ഈ സമ്പത്ത് ഉപയോഗിച്ച് മത്സ്യമേഖലയെ സമ്പുഷ്ടമാക്കാനുള്ള സാധ്യതകൾ ഏറെയാണ്.

ഈ രംഗത്ത് ഇപ്പോൾ നിലവിലുള്ള പ്രശ്നങ്ങൾ മത്സ്യമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന തൊഴിലാളികളുടേതു മാത്രമാണ്. അതുകൊണ്ടുതന്നെ മറ്റു മേഖലകളുമായി ബന്ധപ്പെടുത്തി പഞ്ചായത്ത് തലത്തിൽ നമുക്ക് നടത്താവുന്ന സാധ്യതകളെക്കുറിച്ച് പരിശോധിക്കുകയാണ് വേണ്ടത്.

## സാധ്യതകൾ

*1. മത്സ്യഗ്രാമംപദ്ധതി*

ഇപ്പോൾ കുടിവെള്ള പദ്ധതികൾക്കായി ഉപയോഗിക്കാത്തതോ നിർദ്ദേശിക്കപ്പെടാത്തതോ ആയിട്ടുള്ള ഗ്രാമത്തിലെ ചിറകൾ ഉപയോഗിച്ചുകൊണ്ട് മത്സ്യഗ്രാമം പദ്ധതി നടപ്പിലാക്കാം. മത്സ്യം വളർത്താൻ ഉദ്ദേശിക്കുന്ന കുളത്തിന്റെ സമീപത്തുള്ള 20/30 വീടുകളെ അംഗങ്ങളാക്കി ഈ പരിപാടി നടപ്പിലാക്കാം. കൊക്കോട്ടു ചിറ, നിലവത്തല ചിറ, കല്ലയം ചിറ തുടങ്ങിയവ ചില ഉദാഹരണങ്ങളാണ്.

*2. വീട്ടുകുളം കൃഷി*

കരകുളത്തെ വീട്ടുകുളങ്ങൾ ഇപ്പോൾ നാമമാത്രമാണെങ്കിൽപ്പോലും നിലവിലുള്ള കൊടികുളങ്ങളിൽ കഴിയുന്നത്ര മീൻ വളർത്താവുന്നതാണ്. വീട്ടുവളപ്പിലാണെങ്കിൽ വീട്ടിലെതന്നെ അഴുക്കുകൾ ഈ കുളത്തിലെത്താൻ ഒരു കുഴൽ സ്ഥാപിച്ചാൽ പ്രത്യേകം ആഹാരം കൊടുക്കേണ്ട ആവശ്യം വരുന്നില്ല. അഴുക്കുജലം ഒഴുക്കിക്കളയാൻ മാർഗ്ഗമന്വേഷിക്കുന്നവർക്കുള്ള ഒരു പരിഹാരം കൂടിയാണിത്. മലിനജലം ജൈവസംസ്ക്കരണ പ്രക്രിയയ്ക്ക് വിധേയമാവുകയും ചെയ്യുന്നു. പരോക്ഷമായി മത്സ്യസമ്പത് വർദ്ധനവും ഉണ്ടാകും.

*3. പൊതു ജലാശയങ്ങളിലെ മത്സ്യകൃഷി*

സ്വന്തമായി കുളങ്ങളില്ലാത്ത കർഷകർക്കു കൂട്ടായി നടത്താൻ കഴിയുന്ന കൃഷിയാണ് പൊതു ജലാശയകൃഷി. പൊതു ജലാശയങ്ങളുടെ ആഴം കുറഞ്ഞ ഭാഗത്തെ തെരഞ്ഞെടുത്ത് (അധികം വെയിൽ തട്ടാത്ത പ്രദേശം) വേലി കെട്ടിത്തിരിച്ച് അവിടെ മത്സ്യകൃഷി നടത്താവുന്നതാണ്. കിള്ളിയാറിൽ 6–ാം കല്ലിനും വഴയിലയ്ക്കും ഇടയ്ക്കുള്ള ഭാഗം ഇതിനു യോജിച്ചതാണ്. പഞ്ചായത്തിലെ തൊഴിലന്വേഷകരായ താൽപര്യമുള്ള യുവാക്കളുടെ ഒരു സംഘത്തിനെ ഏൽപ്പിക്കാവുന്നതാണ്.

*4. കുളിക്കാനുള്ള കുളത്തിലെ മത്സ്യകൃഷി*

മിക്കവാറും എല്ലാ വാർഡുകളിലും കുളിക്കാൻ ഉപയോഗിക്കുന്ന നിരവധി കുളങ്ങളുണ്ട്. ഈ കുളങ്ങളിൽ ആമ വളർത്തൽ ഒരു കൃഷിയായി ചെയ്യാവുന്നതാണ്. വാണിജ്യാടിസ്ഥാനത്തിൽ പുതിയൊരു വരുമാനമാർഗ്ഗം എന്നതിനൊപ്പം ഇതുകൊണ്ട് കുളം വൃത്തിയാവുകയും ചെയ്യുന്നു.

*5. വയലിലെ പണകൾക്കിടയിലെ ചാലുകളിലെ മത്സ്യകൃഷി*

കരകുളം പഞ്ചായത്തിൽ നേരത്തെ സൂചിപ്പിച്ചതുപോലെ മിക്കവാറും നിലങ്ങൾ നികത്തി പണകളാക്കി മാറ്റിയിട്ടുണ്ട്. എന്നാൽ ഈ പണകൾക്കിടയിൽ ധാരാളം ജലം കെട്ടി നിൽക്കുന്നു. വാഴപ്പണകളിൽ സാമാന്യം ഭേദപ്പെട്ട ആഴത്തിൽതന്നെ വെള്ളം കെട്ടി നിൽക്കും. ആയതിനാൽ ഈ ചാലുകളിൽ മത്സ്യം വളർത്താവുന്നതാണ്. ആവശ്യാനുസരണം ആഹാരം കൊടുക്കണം.

*6. പാടങ്ങളിൽ മത്സ്യകൃഷി*

ഇഷ്ടികനിർമ്മാണം നടത്തിയശേഷം പാഴ്നിലമായി കിടക്കുന്ന പാടങ്ങളിൽ സാമാന്യം താഴ്ച്ചയുള്ള ഇടങ്ങളിൽ ലാഭകരമായി മത്സ്യകൃഷി നടത്താവുന്നതാണ്. ഏതു സമയത്തും വെള്ളം കെട്ടിനിൽക്കുന്ന സ്ഥലമായതുകൊണ്ട് ഇതിനും ധാരാളം സാധ്യതയുണ്ട്.

*7. പാറക്കെട്ടുകളിലെ ജലാശയങ്ങളിൽ മത്സ്യകൃഷി*

പഞ്ചായത്തിലെ പല പാറക്കെട്ടുകളും പൊട്ടിച്ചു മാറ്റിയതിന്റെ ഫലമായി ധാരാളം വെള്ളം കെട്ടിനിൽക്കുന്ന കുഴികളുണ്ടായിട്ടുണ്ട്. ഈ കുഴികളിൽ ലാഭകരമായി മത്സ്യകൃഷി നടത്താവുന്നതാണ്. പക്ഷെ ഒരു വിളവെടുപ്പു കഴിഞ്ഞ് ഈ വെള്ളം പമ്പു ചെയ്ത് മാറ്റേണ്ടിവരും.

*8. അലങ്കാര മത്സ്യകൃഷി*

സംഘടിതമായി എല്ലാ വീടുകളിലും ചെയ്യാൻ സാധിക്കുന്നതും വൻ വിപണന സാധ്യതയുള്ളതുമായ ഒരു മത്സ്യകൃഷിയാണ് അലങ്കാര മത്സ്യകൃഷി. എല്ലാത്തരം മത്സ്യക്കുഞ്ഞുങ്ങളും ഇന്ന് വിവിധ ഏജൻസികൾവഴി ലഭ്യമാണ്. നഗരത്തിനോടൊത്തു കിടക്കുന്ന പഞ്ചായത്ത് എന്ന നിലയിൽ ഇത്തരം മത്സ്യങ്ങളുടെ വിപണനത്തിന് വൻ സാധ്യതകളാണുള്ളത്.

ഏതുതരം മത്സ്യക്കുഞ്ഞുങ്ങളെയാണ് ഉപയോഗിക്കേണ്ടത് എന്നത് വളരെ പ്രധാനപ്പെട്ടതാണ്. ഉൽപ്പാദനക്ഷമത കൂടിയ പല മത്സ്യവിത്തുകളും നാടൻ ജലാശയങ്ങൾക്കു പറ്റിയതല്ല എന്ന് പല ഗ്രാമസഭകളിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അനുഭവമുള്ളവരുടെ അഭിപ്രായം ധാരാളം പെറ്റുപെരുകുന്ന നമ്മുടെ ബ് രാൽ, സിലോവിയ തുടങ്ങിയവയായിരിക്കും നല്ലത് എന്നാണ്. എങ്ങനെ വിത്തിടണം ഏതു വിത്തിടണം എപ്പോൾ മത്സ്യം പിടിക്കണം എന്നതിനെപ്പറ്റിയെല്ലാമുള്ള പരിശീലനം അത്യാവശ്യമാണ്. മീൻ വളർത്തൽ സംഘങ്ങൾക്ക് ഒറ്റയ്ക്കും കൂട്ടായും FFDA തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും ഇതാർജ്ജിക്കാം. പഞ്ചായത്തു തലത്തിൽ ആളുകളെ വിളിച്ചുകൂട്ടി ട്രെയിനിംഗ് കൊടുക്കാവുന്നതാണ്. മത്സ്യവിത്തു വിതരണം, വിളവെടുപ്പ്, തീറ്റ വിതരണം വിപണനം ഇവയ്ക്കും പഞ്ചായത്തു തലത്തിൽ പദ്ധതിയാസൂത്രണം ചെയ്യാവുന്നതാണ്.

### *നിഗമനം*

വിവിധ ഏജൻസികളുടെ ഉപദേശം പരിശീലന സഹായം സാമ്പത്തിക സഹായം ഇവ സംയോജിപ്പിക്കാനും സംഘതലത്തിൽ പ്രയോജനപ്പെടുത്താനും കഴിഞ്ഞാൽ ഉൾനാടൻ മത്സ്യകൃഷി പഞ്ചായത്തിൽ ലാഭകരമാകും.

(6)

# വ്യവസായം

കരകുളം പഞ്ചായത്തിൽ മുൻകാലങ്ങളിൽ ചില സമുദായങ്ങളുടെ കുലത്തൊഴിലുമായി ബന്ധപ്പെട്ട് ചില കുടിൽ വ്യവസായങ്ങളുണ്ടായിരുന്നു. മറ്റു വ്യവസായങ്ങളോ വ്യവസായശാലകളോ ഉണ്ടായിരുന്നില്ല. മൺമാത്ര നിർമ്മാണം, ഈറ്റകൊണ്ടുള്ള ഉല്പന്നങ്ങളുടെ നിർമ്മാണം എന്നിവ ഇവയിൽ ചിലതാണ്. പ്രയേണ ഈ കുടിൽ വ്യവസായങ്ങളും നാശോന്മുഖമായി. കൃഷിയും കുടിൽ വ്യവസായവും ഒഴിച്ചാൽ അക്കാലത്തെ ജനങ്ങൾ പരമ്പരാഗതമായി ചെയ്തു വന്നിരുന്ന മരപ്പണി, ഇരുമ്പ്, ഉരുക്ക് മുതലായ ലോഹപ്പണികൾ തുടങ്ങിയവയിൽ വർഗ്ഗാടിസ്ഥാനത്തിൽ തന്നെ ഉപജീവനത്തിന് വഴി കണ്ടെത്തിയിരിക്കുന്നു. രണ്ട് ദശാബ്ദങ്ങൾക്കു മുമ്പ് കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് .വലപ്മെൻറ് കോർപ്പറേഷൻെറ (കെൽട്രോൺ) പ്രഥമവും പ്രധാനവുമായ ഫാക്ടറി സ്ഥാപിച്ചത് കരകുളത്താണ്. ലോക ഇലക്ട്രോണിക്സ് ഭൂപടത്തിൽ കരകുളത്തിന് സ്ഥാനം നൽകിയ ഈ സംരംഭം കരകുളത്തിൻെറ സമ്പദ്ഘടനയെ ചെറുതായൊന്നുമല്ല സ്വാധീനിച്ചിട്ടുള്ളത്. കെൽട്രോണിൽ മാത്രം ഒതുങ്ങി നില്ക്കുന്ന ഒരു വ്യവസായ മുഖമാന് നമ്മുടേത്. കൂടുതൽ കൂടുതൽ വ്യവസായങ്ങളിലൂടെ നമ്മുടെ പഞ്ചായത്തും കരുത്താർജ്ജിക്കുന്ന ഒരു നല്ല നാളെക്കു വേണ്ടി ശ്രമിക്കാം.

ഒരു പഞ്ചായത്തിൻെറ വികസനത്തിൽ പങ്കു വഹിക്കാൻ കഴിയുന്ന മേഖലയാണ് വ്യവസായം. പഞ്ചായത്തിൻെറ എല്ലാ പ്രദേശങ്ങളിലും വൻകിട വ്യവസായങ്ങൾ വേണം എന്ന അർത്ഥമല്ല ഇതുകൊണ്ടുദ്ദേശിക്കുന്നത്. മറിച്ച് തനതായ വ്യവസായ മേഖലകൾ കണ്ടെത്തി അതിനെ പരമാവധി വികസിപ്പിച്ചെടുക്കുക എന്നതാണ്. കൃഷിയുമായി ബന്ധപ്പെടുത്തിവേണം വ്യവസായ വികസനത്തിൻെറ സാധ്യതകൾ ആരായാൻ. ഒരു വ്യവസായ സ്ഥാപനം സ്ഥാപിക്കാനാലോചിക്കുമ്പോൾ അതിനത്യാവശ്യമായ അസംസ്കൃത സാധ്യതകൾ പരമാവധി ആപ്രദേശത്തു നിന്നു തന്നെ ലഭ്യമാകുമോ എന്ന് പരിശോധിക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിലെ വ്യവസായ വികസനത്തിൽ പ്രധാനമായും ചിന്തിക്കേണ്ടത് ചെറുകിട വ്യവസായങ്ങളുടെ കണ്ടെത്തലും വികസിപ്പിക്കലുമാണ്. അതുപോലെ തന്നെ പരമ്പരാഗതവ്യവസായങ്ങളുടെ പുനരുദ്ധാരണവും, വൈദ്യുതീകരണവും പരിഗണിക്കാം.

തിരുവനന്തപുരം ജില്ലയുടെ മിക്കവാറും ഭാഗങ്ങളിൽ വിതരണം ചെയ്തുകൊണ്ടിരിക്കുന്ന സ്പെൻസേഴ്സ് ബ്രഡ് ഉല്പാദിപ്പിക്കുന്ന സ്വകാര്യ മേഖലയിലുള്ള "ഡെലീഷ്യ ഫുഡ് പ്രോഡക്ട്സ്" എന്ന വ്യവസായ സ്ഥാപനം കാച്ചാണി വാർഡിൽ സ്ഥിതിചെയ്യുന്നു. ചെമ്പ്, പിച്ചള, പൂജാപാത്രങ്ങൾ നിർമ്മിക്കുകയും തദ്ദേശത്തും വിദേശങ്ങളിലും വിതരണവും വിപണനവും നടത്തുന്ന രണ്ട് ചെറുകിട വ്യവസായസ്ഥാപനങ്ങൾ പന്തപ്ലാവു വാർഡിൽ പ്രവർത്തിക്കുന്നു. കെട്ടിട നിർമ്മാണ സാമഗ്രികളിൽ പ്രധാനപ്പെട്ട സിമൻറ് ബ്ലോക്സ് ഉല്പാദിപ്പിക്കപ്പെടുന്ന മൂന്ന് സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കരകുളം കേന്ദ്രമായി ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൻെറ സഹായത്തോടുകൂടി സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു സോപ്പു നിർമ്മാണ യൂണിറ്റും ഉണ്ട്. വിപണന സാധ്യതകൾ ഏറെ ഉണ്ടെങ്കിലും മതിയായ പ്രവർത്തന മൂലധനം ഇല്ലാത്തതുകൊണ്ടു തന്നെ തൊഴിലാളികൾക്ക് വർഷത്തിൽ മുഴുവൻ ദിവസവും ജോലികൊടുക്കാൻ കഴിയുന്നില്ല.

## പട്ടിക - I

പഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങൾ

| |
|---|
| 1. കെൽട്രോൺ |
| 2. സ്റ്റാർച്ച് ഫാക്ടറി (പ്രവർത്തന രഹിതം) |
| 3. ഡെലീഷ്യഫുഡ് പ്രോഡക്ട്സ് (ബേക്കറി ഉലപ്ന്നങ്ങൾ) |
| 4. ഗൃഹലക്ഷ്മീ ഗാർമെൻറ്സ്സ് |
| 5. ക്രിസ്റ്റു ദേവ ഇൻഡസ്ട്രീസ് (പൂജാപാത്ര നിർമ്മാണം) |
| 6.പ്രതീഷ് ഹോളോബ്രിക്സ് (കെട്ടിട നിർമ്മാണ സാമഗ്രികൾ) |
| 7. ട്രാവൻകൂർ റബ്ബർ ഇൻഡസ്ട്രീസ് |
| 8. വട്ടപ്പാറ സ്പോർട്സ് ഉല്പന്നകേന്ദ്രം |
| 9. റെഡിമെയ്ഡ് ആൻറ് ഫ്ലവർ മിൽസ് - നാല് |
| 10. വെൽഡിംഗ് വർക്ഷോപ്പ് - മൂന്ന് |
| 11. ഓയിൽ മിൽ - രണ്ട് |
| 12. അച്ചടിശാലകൾ - എട്ട് |
| 13. ഫർണിച്ചർ നിർമ്മാണം - ഒന്ന് |
| 14.കിട്ടു കോൺക്രീറ്റ് ബ്രിക്സ് (കെട്ടിട നിർമ്മാണ സാമഗ്രികൾ) |
| 15. പ്രൈം ഹോളോബ്രിക്സ് (കെട്ടിട നിർമ്മാണ സാമഗ്രികൾ) |

(പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ മാത്രം)

പഞ്ചായത്തിൻെറ പല ഭാഗത്തും മുൻകാലങ്ങളിൽ നിലവിലുണ്ടായിരുന്ന ഒരു കുടിൽ വ്യവസായ മായിരുന്നു എണ്ണയാട്ടു വ്യവസായം. പരമ്പരാഗതമായരീതിയിലുള്ള ചക്ക് ഉപയോഗിച്ചായിരുന്നു എണ്ണയാട്ട് നടന്നുകൊണ്ടിരുന്നത്. കൊപ്രമാത്രമല്ല പുന്നയ്ക്കായും ഇത്തരത്തിൽ എണ്ണ ഉല്പാദനത്തിനുപയോഗിച്ചിരുന്നു. ഇന്ന് പരമ്പരാഗതരീതികൾ മാറി ഇവ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന യന്ത്രവൽകൃത ഓയിൽ മില്ലുകളായി പ്രവർത്തിക്കുന്നു. പക്ഷെ: പുന്നയ്ക്കാ എണ്ണയാട്ടു വ്യവസായവും പുന്നമരങ്ങളും ഇന്ന് ഈ പഞ്ചായത്തിന് അന്യമായിരിക്കുന്നു.

## പ്രശ്നങ്ങൾ

1. ഊർജ്ജം: സംസ്ഥാനത്തിൻെറ മിക്കവാറും പഞ്ചായത്തിലുള്ളതുപോലെ ഈ പഞ്ചായത്തിലെയും പ്രധാനപ്പെട്ട വ്യവസായ പ്രശ്നം ഊർജ്ജം തന്നെയാണ്. വോൾട്ടേജ്ക്ഷാമം വളരെ ദുരിതമുണ്ടാക്കുന്നു. തനതായി ഊർജ്ജം ഉല്പാദിപ്പിക്കാൻ കഴിയുന്ന ഒരു സ്രോതസ്സും മതിയായ അളവിൽ ഈ പഞ്ചായത്ത് പ്രദേശത്ത് ഇല്ലാ എന്നതും വസ്തുതയാണ്.

2. പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച: പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ 1950 കാലഘട്ടം വരെ നിലവിലുണ്ടായിരുന്ന പരമ്പരാഗത വ്യവസായങ്ങൾ നശിക്കുകയോ നാമമാത്രമാകുകയോ ചെയ്തിട്ടുണ്ട്. ഒരു കാലത്ത് വളരെ വിപുലമായി നിലനിന്നിരുന്ന ഒരു പരമ്പരാഗത വ്യവസായമാണ് കളിമൺകൊണ്ടുള്ള പാത്ര നിർമ്മാണ വ്യവസായം ഒരു പ്രത്യേക സമൂഹത്തിൽ മാത്രമായി നിലനിന്നിരുന്ന ഈ വ്യവസായം ഇന്ന് തകർച്ചയുടെ വക്കിലെത്തി നില്ക്കുകയാണ്. അസംസ്കൃതവസ്തുക്കളുടെ ദൗർബ്ബല്യതയും ഈ വ്യവസായത്തകർച്ചയുടെ പ്രധാന കാരണമാണ്. മണ്ണ് ഖനനം ചെയ്തു കൊണ്ടിരുന്ന പലസ്ഥലങ്ങളും നികത്തിയതാണ് ഈ ദൗർലഭ്യതയ്ക്ക് കാരണം. അതുപോലെ തന്നെ നശിച്ചുപോയ ഒരു പരമ്പരാഗതവ്യവസായമാണ് ഈറ്റ കൊണ്ടുള്ള ഉല്പന്ന വ്യവസായം. മിക്കവാറും പട്ടികജാതി വിഭാഗക്കാരായിരുന്നു ഇതിൽ ഏർപ്പെട്ടിരുന്നത്. ആവശ്യത്തിന് ഈറ്റ ലഭ്യമല്ലാതായതും ഈറ്റ ഉല്പന്നങ്ങൾക്കു പകരമായി പ്ലാസ്റ്റിക് ലോഹ ഉല്പന്നങ്ങൾ രംഗത്തു വന്നതും ഈ വ്യവസായത്തെ പ്രതികൂലമായി ബാധിച്ചു. മതിയായ വരുമാനം ലഭിക്കാതെ വന്നത് തൊഴിലാളികളെ ഈ വ്യവസായത്തിൽ നിന്നും കൂട്ടത്തോടെ പിന്തിരിപ്പിക്കാനിടയാക്കി.

കുടിൽ വ്യവസായങ്ങളിലും ഇതര വ്യവസായങ്ങളിലുമായി പണിക്കെടുക്കുന്നവരുടെ എണ്ണം പഞ്ചായത്തിലെ ആകെ തൊഴിലാളികളിൽ 10% മാത്രമാണ്. ഇതിൽ തന്നെ പകുതിയിലധികം പേർ പഞ്ചായത്തിനു പുറത്തുള്ള വ്യവസായ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവരാണ്. ഇവ പരിശോധിച്ചാൽ തന്നെ പഞ്ചായത്തിൻെറ വ്യവസായ വികസനത്തിൻെറ യഥാർത്ഥ്യ രൂപം കൃത്യമായും മനസ്സിലാക്കാൻ സാധിക്കും.

## സാധ്യതകൾ:

**1. കളിമൺ വ്യവസായം.**

പഞ്ചായത്തിൽ കരകുളം വാർഡ് കേന്ദ്രീകരിച്ച് ഇപ്പോൾ നാമമാത്രമായി നിലനില്ക്കുന്ന കളിമൺ പാത്ര വ്യവസായത്തെ പുനരുദ്ധരിക്കാവുന്നതാണ്. ആവശ്യത്തിനുള്ള അസംസ്കൃത കളിമണ്ണ് നമ്മുടെ പഞ്ചായത്ത് പ്രദേശത്തു നിന്ന് തന്നെ ശേഖരിക്കാവുന്നതാണ്. ഈ വ്യവസായം അത്യാവശ്യം വേണ്ട യന്ത്ര വല്ക്കരണം നടത്തിയെങ്കിൽ മാത്രമേ ഇപ്പോൾ നിലവിലുള്ള തൊഴിലാളികളെയെങ്കിലും ഇതിൽ പിടിച്ചു നിറുത്താൻ സാധിക്കുകയുള്ളൂ. ഈ വ്യവസായം ചെയ്യാൻ വൈദഗ്ദ്ധ്യമുള്ള മുഴുവൻ ആളുകളേയും ചേർത്ത് ഒരു യൂണിറ്റായി ഇതു സംഘടിപ്പിക്കാം.

**2. ഈറ്റ വ്യവസായം:**

പഞ്ചായത്തിൽ നിന്നും അന്യമായിക്കൊണ്ടിരിക്കുന്ന ഈ വ്യവസായത്തിൽ പണിയെടുക്കാൻ താല്പര്യമുള്ളവരേയും വൈദഗ്ദ്യമുള്ളവരെയും ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ ഒരു യൂണിറ്റിന് രൂപം കൊടുക്കാം. സഹകരണാടസ്ഥാനത്തിൽ ഇതു സംഘടിപ്പിച്ചാൽ ഇന്നു ഈറ്റ സംഭരിക്കുന്നതിൽ വരുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനാകും. അത്യാവശ്യം വൈവിധ്യവത്കരണം നടത്തണം. തുടക്കത്തിൽ പഞ്ചായത്തു തലത്തിൽ രൂപം കൊടുക്കുന്ന യൂണിറ്റിനെ കേന്ദ്ര യൂണിറ്റായി കണക്കാക്കി വാർഡുകളിൽ സബ് യൂണിറ്റുകൾ സ്ഥാപിക്കാനാകും. ഇങ്ങനെ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ പഹകരണ സംഘം ശേഖരിച്ച് പഞ്ചായത്തിനകത്തോ നെടുമങ്ങാട് പോലുള്ള മാർക്കറ്റുകളിൽ എത്തിച്ചോ വിപണനം നടത്താവുന്നതാണ്. കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിന് വേണ്ട പരിശീലനം ഈ സംഘങ്ങൾവഴി കൊടുക്കാവുന്നതാണ്.

**3. സ്വയം തൊഴിൽ സംഘടനകൾ:**

പഞ്ചായത്തിൽ സാങ്കേതികമായി പരിജ്ഞാനം നേടിയിട്ടുള്ള നിരവധി തൊഴിലന്വേഷകരുണ്ട്. ഇങ്ങനെയുള്ള ആളുകളെ കൂട്ടി യോജിപ്പിച്ചു കൊണ്ട് ചെറുകിട ഇലക്ട്രോണിക് യൂണിറ്റുകൾ സംഘടിപ്പിക്കാൻ സാധിക്കും. കൂട്ടായ ഉത്തരവാദിത്വത്തിലും കൂട്ടായ മുതൽ മുടക്കിനും പ്രാധാന്യം നല്കണം. പഞ്ചായത്തിലെ ദേശസാത്കൃത ബാങ്കുകളിൽ നിന്നോ സഹകരണ സംഘത്തിൽ നിന്നോ പ്രവർത്തന മൂലധനത്തിൻെറ 75% ത്തോളം കണ്ടെത്താം. ഉദാ: ഇലക്ട്രോണിക് ചോക്ക് ഉല്പാദനം വാൾ ക്ലോക്ക് യൂണിറ്റ്. ഈ യൂണിറ്റുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ തൊഴിലന്വേഷകരായിട്ടുള്ള സ്ത്രീ സംഘങ്ങളെ ഉപയോഗിച്ച് പഞ്ചായത്തിലെയും പുറത്തുമുള്ള വീടുകളിൽ എത്തിക്കാവുന്നതാണ്.

4. കൈത്തറി വ്യവസായ യൂണിറ്റുകൾ:

കൈത്തറി പരിചയമുള്ള ഏതാനും സ്ത്രീകൾ പഞ്ചായത്തിനു പുറത്തുള്ള പല കൈത്തറി യൂണിറ്റുകളിൽ പണിയെടുക്കുന്നുണ്ട്. സഹകരണ സംഘത്തിലെ സർപ്ലസ്ഫണ്ട് ഉപയോഗിച്ച് 20 വീടുകൾ കേന്ദ്രീകരിച്ച് കൈത്തറിയൂണിറ്റുകൾ രൂപീകരിക്കാം. ചെക്കക്കോണം ആയണിക്കാട് വാർഡുകളിൽ ഇതിനു ധാരാളം സാധ്യതകളുണ്ട്.

5. പർപ്പടക നിർമ്മാണ യൂണിറ്റ് :

പഞ്ചായത്തുതലത്തിൽ ഒരു പർപ്പടക നിർമ്മാണ യൂണിറ്റുണ്ടാക്കാവുന്നതാണ്. 20 മുതൽ 30 പേർ വരുന്ന യൂണിറ്റായിരിക്കും ഇത്. പഞ്ചായത്തിലേയ്ക്ക് ആവശ്യമായ മുഴുവൻ പർപ്പടകവും ഈ യൂണിറ്റുവഴി ഉല്പാദിപ്പിക്കാനാകും. ഉല്ദിപ്പിക്കപ്പെടുന്ന പർപ്പടകം വീടുവീടാന്തരം എത്തിക്കണം. ഒരോ വാർഡുകളിലും 5 പേർ വീതം അടങ്ങുന്ന സ്ത്രീകളുടെ സംഘങ്ങൾ വഴി വിപണനം നടത്താനാകും. വളരെ കുറഞ്ഞ പ്രവർത്തന മൂലധനം മാത്രം ആവശ്യമുള്ള ഒരു ചെറുകിട വ്യവസായമാണിത്.

6. കെട്ടിട നിർമ്മാണ യൂണിറ്റുകൾ:

കേരളത്തിൽ ഏറ്റവും കൂടുതൽ കെട്ടിട നിർമ്മാണം നടക്കുന്ന പഞ്ചായത്താണ് കരകുളം. അതുകൊണ്ട് തന്നെ വൻ വിപണന സാധ്യതയുള്ള വ്യവസായമാണ് കെട്ടിട നിർമ്മാണ യൂണിറ്റുകൾ. ഹോളോ ബ്രിക്സ് നിർമ്മാണം ഫർണിച്ചർ നിർമ്മാണം എന്നിവയുടെ യൂണിറ്റുകൾക്കു രൂപം കൊടുക്കാവുന്നതാണ്.

7. തയ്യൽ യൂണിറ്റുകൾ:

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും 10 സ്ത്രീകൾക്കു തൊഴിൽ കൊടുക്കാൻ കഴിയുന്ന ഓരോ തയ്യൽ യൂണിറ്റുകൾ ഉണ്ടാക്കാവുന്നതാണ്. വൈദഗ്ദ്യമുള്ളവരെയല്ലെങ്കിൽ അവരുടെ അഭാവത്തിൽ താല്പര്യമുള്ള സ്ത്രീകളെ കണ്ടെത്തി വേണം ഈ യൂണിറ്റുകൾ ആരംഭിക്കാൻ. പരിശീലനം ആവശ്യമായവർക്കു തയ്യൽ പരിശീലനം നല്കണം. ആവശ്യമാണെങ്കിൽ കമ്യൂണിറ്റ് ഡവലപ്മെൻറ് പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണ്. ഈ കേന്ദ്രങ്ങൾ വഴി വീട്ടമ്മമാർക്ക് തയ്യൽ പരിശീലനം നല്കാൻ സാധിക്കും. സ്ഥിരമായി ഒരേ തരത്തിലുള്ള ഗാർമെൻറ്സ് ഉല്പാദിപ്പിക്കുന്നതിനു പകരം ഓരോ സീസണിലും ആവശ്യമായവ ഉണ്ടാക്കി വിപണനം നടത്തണം.

8. മെഴുകുതിരി, സോപ്പ് നിർമ്മാണ യൂണിറ്റുകൾ:

പഞ്ചായത്തിലെ ഓരോ വാർഡിലും രൂപം കൊള്ളുന്ന 20 പേരടങ്ങുന്ന സംഘങ്ങൾക്ക് എറ്റെടുക്കാവുന്ന ഉല്പാദനയൂണിറ്റുകളാണ് മെഴുകുതിരി, സോപ്പ് നിർമ്മാണ യൂണിറ്റുകൾ. ഈ യൂണിറ്റുകൾ ആവശ്യമായ പ്രവർത്തന മൂലധനം സ്വയം തൊഴിൽ പദ്ധതിയിൽ ഉൾപ്പെടുത്തി ബാങ്കുകളിൽ നിന്നും കണ്ടെത്താവുന്നതാണ്. സഹകരണ സംഘത്തിൻെറ സഹായവും തേടാവുന്നതാണ്. ഉല്പന്നങ്ങൾ ഉല്പാദക യൂണിറ്റുകൾ തന്നെ അവരവരുടെ വാർഡുകളില വിതരണം നടത്തേണ്ടതാണ്. സാങ്കേതിക വിദ്യ കുറഞ്ഞ അളവിൽ മാത്രം ആവശ്യമുള്ള വ്യവസായങ്ങളായതിനാൽ വളരെ വേഗം തുടങ്ങാൻ കഴിയും എന്നതാണ് പ്രത്യേകത. ഏതെങ്കിലും ഒരു വീട്ടിൽ തന്നെ ഇതു നടത്താനാകും.

9. റബ്ബർ പ്രോസസ്സിംഗ് യൂണിറ്റ്:

കരകുളം പഞ്ചായത്തിലെ മിക്കവാറും പ്രദേശങ്ങളിൽ കൃഷിചെയ്യുന്ന വിളയാണ് റബ്ബർ. റബ്ബർ പാൽ, ഒട്ടു പാൽ എന്നിവ ശേഖരിക്കുന്നതിനുവേണ്ടിയുള്ള കേന്ദ്രങ്ങളും അവ പ്രോസസ്സ് ചെയ്യുന്നതിനുള്ള യൂണിറ്റുകൾക്കും വൻസാദ്ധ്യതകളുണ്ട്. പഞ്ചായത്ത് തലത്തിൽ ഒരു പ്രോസസ്സിംഗ് യൂണിറ്റും വാർഡുതലത്തിൽ ശേഖരണ യൂണിറ്റുകളും ആരംഭിക്കാം. റബ്ബർ കർഷകർക്ക് അത്യാവശ്യം വേണ്ട സാങ്കേതിക പരിജ്ഞാനം പകർന്നുകൊടുക്കുന്നതിനും ഈ യൂണിറ്റുകൾ വഴി പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

10. ഫുഡ്പ്രോഡക്ട്സ് ഉല്പാദക യൂണിറ്റുകൾ:

വാർഡുകളിൽ രൂപംകൊള്ളുന്ന വനിതാ സംഘടനകൾ വഴി സ്ഥാപിക്കാൻ കഴിയുന്ന യൂണിറ്റുകളാണ് ഫുഡ് പ്രോഡക്ട്സ് ഉല്പാദക യൂണിറ്റുകൾ. ഈ യൂണിറ്റുകൾ വഴി അച്ചാറുകൾ, ബേക്കറി ഉല്പന്നങ്ങൾ എന്നിവ ഇതിലൂടെ ഉല്പാദിപ്പിക്കാൻ കഴിയും. ഒരു യൂണിറ്റു വഴി 20 സ്ത്രീകൾക്ക് ജോലി നല്കാൻ സാധിക്കും. ഇങ്ങനെ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ഈ യൂണിറ്റുകളിലെ സ്ത്രീകളെ തന്നെ ഉപയോഗിക്കണം. വീടു വീടാന്തരം കൊണ്ടു ചെന്ന് വിറ്റഴിക്കപ്പെടാവുന്നതാണ്.

# സാധ്യതകൾ :

11. പഴസംസ്കരണ യൂണിറ്റുകൾ :

പഞ്ചായത്തുതലത്തിൽ ഒരു പഴസംസ്കരണ യൂണിറ്റ് ഉണ്ടാക്കാവുന്നതാണ്. പഞ്ചായത്തിൽ ധാരാളം പുറുത്തിച്ചക്ക കിട്ടുന്നുണ്ട്. മാത്രമല്ല എത്ര ചെറിയ തുണ്ടു ഭൂമിയായാലും കൃഷിചെയ്യാൻ പറ്റിയതാണ്. കൈതച്ചക്കകൃഷി. ഇങ്ങനെ ഉല്പാദിപ്പിക്കപ്പെടുന്ന ഫലങ്ങൾ ഉപയോഗിച്ച് വിവിധങ്ങളായുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കാൻ സാധിക്കും.

വിപണന സാധ്യതകൾ:

ഏതൊരുവ്യവസായസ്ഥാപനത്തിൻെറയും നിലനില്പ് അവ ഉല്പാദിപ്പക്കുന്ന ഉല്പന്നങ്ങളുടെ വിപണനസാധ്യതയെ ആശ്രയിച്ചാണ് നിലനില്ക്കുന്നത്. ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് പലപ്പോഴും മത്സരിക്കേണ്ടിവരുന്നത് ബഹുരാഷ്ട്ര കുത്തക കമ്പനികളോടാണെന്നുള്ള സത്യവും വിസ്മരിച്ചുകൂടാ. ഈ മത്സരത്തെ മുറിച്ചുകടക്കണമെങ്കിൽ തീർച്ചയായും ചെറുകിട വ്യവസായ ഉല്പന്നങ്ങൾക്കും ആകർഷകമായ പായ്ക്കറ്റുകളും ലേബലുകളും ആവശ്യമാണ്. ഇത്തരം ഉല്പന്നങ്ങളുടെ പരസ്യം

# കെൽട്രോൺ

ഇന്ത്യയുടെ ഇലക്ട്രോണിക്സ് ഭൂപടത്തിൽ കേരളത്തിന് അസൂയാവഹമായ സ്ഥാനം നേടിക്കൊടുത്ത ഇലക്ട്രോണിക്സ് സ്ഥാപനമാണ് കെൽട്രോൺ - കേരള സംസ്ഥാന ഇലക്ട്രോണിക്സ് വികസന കോർപ്പറേഷൻ. വ്യാവസായിക കേരളത്തിൻെറ മുഖശ്രീയായി മാറിയ കെൽട്രോണിൻെറ ഈറ്റില്ലമാകാനുള്ള ഭാഗ്യം നമ്മുടെ പഞ്ചായത്തിനാണ് കൈവന്നത്.

1973 ആഗസ്റ്റ് 30 ന് ഈ സംരംഭം ഉദ്ഘാടനം ചെയ്യപ്പെടുമ്പോൾ സാങ്കേതിക വിദ്യയിൽ ബാല്യാവസ്ഥയിലായിരുന്ന കേരളം ഇലക്ട്രോണിക്സ് മേഖലയിൽ പത്തു ചുവടു വച്ചു പഠികട്ടെ എന്ന കേവല ഉദ്ദേശ മായിരുന്നില്ല. മറിച്ച് ആധുനിക ഇലക്ട്രോണിക്സ് യുഗത്തിലേയ്ക്ക് കുതിച്ചു കയറാൻ കായികമായും മാനസ്സികമായും കേരളത്തെ സജ്ജമാക്കുക എന്ന ദീർഘവീക്ഷണം തന്നെ ഉണ്ടായിരുന്നു. മുഖ്യ മന്ത്രിയായിരുന്ന ശ്രീ സി. അച്ചുതമേനോനും പ്രസിദ്ധ ഇലക്ട്രോണിക്സ് വിദഗ്ദൻ ശ്രീ കെ. പി. പി. നമ്പ്യാരും തിരുവനന്തപുരം ലോകസഭാംഗമായ വി.കെ കൃഷ്ണമേനോനും അന്നത്തെ ആറ്റോമിക് എനർജി കമ്മിഷൻ ചെയർമാനായിരുന്ന ശ്രീ എച്. എൻ സേത്നയുമൊക്കെയാണ് ഈ സംരംഭത്തിൻെറ പരികർമ്മികളായി വർത്തിച്ചത്. കരകുളം എട്ടാം കല്ലിലെ (വിദ്യാദിരാജ പുരം) കാടു പിടിച്ചു കിടന്നിരുന്ന "കാട്ട് മംഗ്ലാവ്" എന്നറിയപ്പെട്ടിരുന്ന ഇൻറസ്ട്രിയൽ എസ്റ്റേറ്റിലെ കൊച്ചു കെട്ടിടങ്ങളിൽ ആരംഭിച്ച കെൽട്രോണിൻെറ പ്രധാന ഫാക്ടറിയായി ഇന്നും കെൽട്രോൺ എക്യുപ്മെൻറ് കോംപ്ലക്സ് നിലകൊള്ളുന്നു. കരകുളത്തുനിന്നും കേരളത്തിൻെറ ഗ്രാമാന്തരങ്ങളിലേയ്ക്കും ഇന്ത്യയുടെ പ്രധാന നഗരങ്ങളിലേക്കു മൊക്കെ പടർന്നു പന്തലിച്ച കെൽട്രോൺ, കേരള ജനജീവിതത്തിനാകെ ഗുണപരമായ സ്വാധീനം ചെലുത്തിയിട്ടുള്ള കെൽട്രോൺ കരകുളത്തിൻെറ പ്രാദേശിക വികസനത്തിനും ഗണ്യമായ് സംഭാവന നല്കിയിട്ടുണ്ട്. വ്യത്യസ്ത സാമൂഹിക സാംസ്കാരിക ജീവിത സാഹചര്യങ്ങളിൽ വളർന്നു വന്ന നിരവധി ആളുകൾ ജീവിതായോധനാർത്ഥം ഇവിടെ കെൽട്രോണിൽ എത്തിച്ചേരുകയുണ്ടായി. മാലിന്യങ്ങളെല്ലാം കരയിലുപേക്ഷിച്ച് എല്ലാ പ്രവാഹങ്ങളെയും തിരമാല ക്കൈകൾ നീട്ടി സ്വീകരിച്ചുൾക്കൊള്ളുന്ന മഹാസാഗരം പോലെ, വിവിധ സാംസ്കാരിക സരണികളുടെ ഉൾകൊള്ളലിലൂടെ കരകുളം പഞ്ചായത്തിൻെറ സാമൂഹിക ജീവിത പുരോഗതിയുടെ ആഴവും പരപ്പും വർദ്ധിപ്പിക്കാനും കെൽട്രോൺ നിമിത്തമായി തീർന്നു.

കേരളത്തിനകത്തും പുറത്തും വിവിധ മേഖലകളിലായി ഇല: വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ച് ഇല്ക്ട്രോണിക്സ് രംഗത്തും സാമൂഹിക രംഗത്തും വികസനവും പുരോഗതിയും കൈവരിക്കുക തുടങ്ങിയ വിവിധ സ്ഥാപിതോദ്ദേശ ലക്ഷ്യങ്ങൾ ഒരു പരിധിവരെ കൈവരിക്കാൻ ഈ സ്ഥാപനത്തിനു കഴിഞ്ഞിട്ടുണ്ട്. ഏകദേശം നാലായിരത്തി അഞ്ഞൂറോളം പേർക്ക് സേവന വേതന വ്യവസ്ഥകൾ നല്കികൊണ്ട് തൊഴിൽ ലഭ്യമാക്കുന്നതിൽ കെൽട്രോൺ വിജയിച്ചു.

എന്നാൽ ഇലക്ട്രോണിക്സ് രംഗത്തെ സാധ്യതകൾ പ്രാദേശീകാടിസ്ഥാനത്തിൽ തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് ഗുണപ്പെടുത്തുവാനും ഒരു ജീവിത മാർഗമാക്കി ഉപയോഗപ്പെടുത്തുവാനും നമുക്കിതുവരെ കഴിഞ്ഞിട്ടില്ല എന്നത് വസ്തുതയാണ്. കെൽട്രോണിനെ ഒരു മാതൃകാസ്ഥാപനമാക്കിക്കൊണ്ട് കെൽട്രോണിൻെറ ടെക്നോളജിയും പരിശീലന സൗകര്യങ്ങളും ഉപയോഗപ്പെടുത്തി പരോക്ഷതൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് 9-ാം പദ്ധതിയിൽ ഉണ്ടാകേണ്ടത്.

വ്യക്തമായ പ്ലാനിംഗ് ഇല്ലായ്മയും കൂട്ട് ഉത്തരവാദിത്വവും ദീർഘവീക്ഷണവും കൂറുമുള്ള മാനേജ്മെൻറിൻെറ അപര്യാപ്തതയും, പൊതുമേഖലകളെ കറവപശുവായിക്കണ്ട ഭരണവൈകല്യങ്ങളുമൊക്കെ ചേർന്ന് കെൽട്രോണിൻെറ ഭാവിക്കു മുന്നിൽ കൂരിരുട്ട് പരത്തിയതായി കാണപ്പെടുന്നുണ്ടെങ്കിലും ഇലക്ട്രോണിക്സ് രംഗത്തെ വമ്പിച്ച സാദ്ധ്യതകളിൽ പൊതുമേഖലയ്ക്കുള്ള പങ്കിൽ ഉറച്ച വിശ്വാസം പുലർത്തുന്ന പൊതുമേഖലകളെ ഫലപ്രദമാക്കി നിലനിർത്തുന്നതിൽ വ്യക്തമായ കാഴ്ചപ്പാടും നിലപാടുമുള്ള ഈ സർക്കാരിൻെറ അനുഭാവ പൂർണ്ണമായ സഹകരണത്തെ തുടർന്ന് ഗതകാലൈശ്വര്യങ്ങൾ വീണ്ടെടുക്കാനുള്ള തയ്യാറെടുപ്പിലാണ് ഇന്ന് കെൽട്രോൺ

ഇലക്ട്രോണിക്സ് മാധ്യമങ്ങളിലൂടെയും പത്രങ്ങളിലൂടെയും സൗജന്യ നിരക്കിൽ കൊടുക്കാൻ സർക്കാർ തലത്തിൽ തന്നെ തിരുമാനങ്ങൾ ആവശ്യമാണ്. ഗ്രാമ പഞ്ചായത്തുകളും ഇത്തരം യൂണിറ്റുകളെ നിലനിർത്തുന്നതിനാവശ്യമായ പ്രോത്സാഹനങ്ങൾ നല്കേണ്ടതുണ്ട്. ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് പഞ്ചായത്തിൻെറ അംഗീകാര മുദ്രയോടുകൂടി വിപണനം നടത്താൻ കഴിയണം.

### നിഗമനം:

1. ആവശ്യമായ അസംസ്കൃത സാധനങ്ങളുടെ സംഭരണം വിതരണം ഇവയുടെ ആസൂത്രണങ്ങൾ.
2. സംഘടിത യൂണിറ്റുകളുടെ അഭാവവും പരാജയവും.
3. ധനസഹായങ്ങളുടെയും വിഭവ സ്രോതസ്സുകളുടെയും ഫലപ്രദമായ സംരംഭങ്ങളുടെ അഭാവം.
4. ജനങ്ങളുടെ കഴിവു വർദ്ധിപ്പിക്കാനാവശ്യമായ പരിശീലനത്തിൻെറ അഭാവം
5. ഉല്പാദനം സംഭരണം വിപണനം ഇവയിലെ പ്രാദേശീക സാധ്യതകളുടെ ഉപയോഗക്കുറവ്.

ഇവ പരിപാലിക്കാൻ ഉതകും വിധം ധന സമാഹരണം സംരംഭകസഹായം വിപണനസഹായം ഈ യൂണിറ്റുകളുടെ കൂട്ടായ്മയോടെ വ്യവസായരംഗം വളർത്താനാകും.

## 7

# ഗതാഗതവും ഊർജ്ജവും

### ഊർജ്ജം

പ്രവൃത്തി ചെയ്യുവാനുള്ള കഴിവിനെ ആണ് ഊർജ്ജം എന്നു പറയുന്നത്. മനുഷ്യൻ അവന്റെ പ്രവത്തി ലഘൂകരിക്കുവാനും കായിക ഊർജ്ജം ലാഭിക്കുവാനുംവേണ്ടി ആയുധങ്ങൾ ഉപയോഗിച്ചു. എന്നാൽ കാലക്രമത്തിൽ അവന്റെ കായികശേഷി ഉപയോഗിക്കാതെ തന്നെ പ്രവൃത്തിക്കുന്ന യന്ത്രങ്ങൾ കണ്ടു പിടിക്കാൻ മനുഷ്യനു കഴിഞ്ഞു. അതിന് ഇന്ധനം ഉപയോഗിച്ചു തുടങ്ങി. വേട്ടയാടി പിടിച്ച മൃഗത്തെ ചുട്ടുതിന്നാൻ ഉപയോഗിച്ച ഊർജ്ജം ഉപയോഗിച്ച് ഇന്നവൻ ബഹിരാകാശത്തേയ്ക്ക് പോകുന്നു. ലോകമെമ്പാടും ഇന്ന് ഊർജ്ജത്തിന്റെ മെച്ചപ്പെട്ട ഉപയോഗം ഒരു പ്രധാന ചർച്ചാവിഷയമായി മാറിയിരിക്കുന്നു. നാം ഇന്നു ജീവിക്കുന്ന ഒരു യാന്ത്രിക യുഗത്തിലാണ്. എല്ലാ കാര്യങ്ങൾക്കും ആശ്രയിക്കുന്ന നാം ഇന്ന് അതി രൂക്ഷമായ ഊർജ്ജപ്രതിസന്ധിയെ നേരിട്ടു കൊണ്ടിരിക്കയാണ്. യന്ത്രങ്ങൾ ഉപയോഗിക്കുന്നതിൽ നിന്നും പിന്നോട്ടു പോകാൻ നമുക്ക് കഴിയും എന്ന് തോന്നുന്നില്ല. അപ്പോൾ പിന്നെ വേണ്ടത് അവ ഏറ്റവും ഇന്ധനക്ഷമമായ രീതിയിൽ എങ്ങനെ പ്രവർത്തിപ്പിക്കാം എന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ വാണിജ്യ ആവശ്യത്തിനായാലും കൃഷി ആവശ്യത്തിനായാലും പ്രധാനമായും ആശ്രയിക്കുന്നത് ഊർജ്ജം, വൈദ്യുതി, എണ്ണ, വിറക് എന്നിവയാണ്. ഇതിൽ ആദ്യം പറഞ്ഞ രണ്ടും നമ്മുടെ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്നില്ല. മാത്രമല്ല അതിന് സാധ്യതയും ഇല്ല. വിറകിന്റെ കാര്യമാണെങ്കിലും, ഒരു നഗര സ്വഭാവമുള്ള (ജനസംഖ്യയുടെയും ജനസാന്ദ്യതയുടെയും കാര്യത്തിൽ) നമ്മുടെ പഞ്ചായത്തിൽ അതിന്റെ ലഭ്യത ആവശ്യത്തിലും എത്രയോ താഴെയാണ്. അതുകൊണ്ട് തന്നെ ഈ രംഗത്ത് അച്ചടക്കത്തോടും ആസൂത്രണത്തോടും ഉള്ള സമീപനം നമ്മുടെ വാണിജ്യ ആവശ്യത്തിന് പ്രധാനമായും ഉപയോഗിക്കുന്ന ഊർജ്ജം വൈദ്യുതിയാണ്. ഹോട്ടലുകളും കൂടി പരീഗണിക്കുകയാണെങ്കിൽ ഇന്ധനമായി ഉപയോഗിക്കുന്ന വിറകും പാചകവാതകവും എണ്ണയും പെടും. കൃഷി ആവശ്യത്തിന് പ്രധാനമായും ഉപയോഗിക്കുന്നത് വൈദ്യുതിയാണ്. മാത്രമല്ല അവയുടെ ഉപയോഗം വളരെ കുറവുമാണ്. എണ്ണ ഉപയോഗിച്ചുള്ള പമ്പുകളും ട്രാക്ടറുകളും നമ്മുടെ നാട്ടിൽ വളരെകുറവാണ്. നമ്മുടെ പഞ്ചായത്തിൽ ഉപയോഗിക്കുന്ന ഊർജ്ജത്തിന്റെ 90% ത്തോളം ഗാർഹിക ആവശ്യത്തിനാണ്. വൈദ്യുതോർജ്ജം പ്രധാനമായും വെളിച്ചത്തിന് ആണ് ഉപയോഗിക്കുന്നത്. ഗൃഹോപകരണങ്ങളുടെ വർദ്ധനവ് വൈദ്യുതി ഉപയോഗം വളരെ കൂട്ടിയിട്ടുണ്ട്.

നമ്മുടെ സംസ്ഥാനം അതിരൂക്ഷമായ വൈദ്യുതപ്രസന്ധി നേരിടുന്ന ഈ അവസരത്തിൽ വൈദ്യുത ഉപയോഗം പരമാവധി കുറക്കാനുള്ള ധാർമ്മിക ബാദ്ധ്യത നമുക്ക് ഓരോർത്തർക്കും ഉണ്ട്.

നമ്മുടെ പഞ്ചായത്തിൽ 10100 വീടുകൾ ഉള്ളതിൽ 7008 വൈദ്യുതികരീച്ചതാണ് 3092 വീടുകളിൽ 20 മുതൽ 50 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്നു. 50 യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന 3916 വീടുകൾ ഉണ്ട്. പാചക ആവശ്യത്തിന് പ്രധാനമായും വിറകിനെ ആണ് ആശ്രയിക്കുന്നത്. ചുരുക്കമായി മണ്ണെണ്ണയും ഉപയോഗിക്കുന്നു. പാചകവാതക ഉപയോഗം ഈ അടുത്ത കാലത്തായി കുറച്ചു വ്യാപകമായിട്ടുണ്ട്.

| ആകെ വീടുകൾ | പാചക വാതകം | പരിഷത്ത് |
|---|---|---|
| 10100 | 699 | 381 |

നമ്മുടെ പഞ്ചായത്തിലെ താഴ്ന്ന വരുമാനക്കാരായ ആൾക്കാർ ആണ് പ്രധാനമായും വിറകടുപ്പുകളെ ആശ്രയിക്കുന്നത്. ഒരു കുടുംബം ആഹാരത്തിന് വേണ്ടിയുള്ള ചിലവിന്റെ 50 ശതമാനത്തോളം വിറക് വാങ്ങാൻ വേണ്ടി ഉപയോഗിക്കുന്നു. വിറകിന്റെ ദൗർലഭ്യവും വിലകയറ്റവും രൂക്ഷമായി കൊണ്ടിരിക്കുന്ന നമ്മുടെ നാട്ടിൽ പരമ്പരാഗതമായി ഉപയോഗിച്ച് വരുന്ന അടുപ്പുകളിൽ വിറക് കത്തുമ്പോൾ ഉണ്ടാകുന്ന ചൂടിൽ ഉപയോഗിക്കപ്പെടുന്ന ഭാഗത്തേക്കാൾ വളരെ കൂടുതലാണ്. പഴായിപ്പോകുന്ന ഭാഗം പാത്രത്തിന്റെ വശങ്ങളുലൂടെ ചിതറിപ്പോകുന്ന തീ നാളങ്ങളിലൂടെയും പുകയിലൂടെയും വളരെയധികം ചൂട് നഷ്ടപ്പെടുന്നു. കത്തുന്നതിന് ആവശ്യമായ വായു വേണ്ടത്ര ലഭിക്കുന്നതിനുള്ള സംവിധാനമൊന്നുമില്ലാത്തതിനാൽ വിറകു മുഴുവനായി കത്താതെ നല്ലൊരു ഭാഗം കരിയായി നഷ്ടപ്പെടുന്നു. ഇതിനു പുറമെ പൂർണ്ണമായി കത്താത്ത വിറകിൽ നിന്നും പുറപ്പെടുന്ന പുകയിലടങ്ങിയിരിക്കുന്ന വിഷവാതകങ്ങൾ തുടർച്ചയായി ശ്വസിക്കുന്ന സ്ത്രീകളുടെ ആരോഗ്യം തകരാറിലുമാകുന്നു. ഇൻഡ്യയിലെ ഭൂരിഭാഗം വീട്ടമ്മമാരും ഗുരുതരമായ വിളർച്ച ബാധിതരാണെന്നതിന് ഒരു പ്രധാന കാരണം ഇതു തന്നെയാണ്. ഈ കുഴപ്പങ്ങ

ളിൽ നിന്നും എല്ലാം മോചനം നൽകാനായി തയ്യാറാക്കിയ പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം നമ്മുടെ നാട്ടിൽ വളരെക്കുറവാണ് എന്നത് സങ്കടകരമായ ഒരു വസ്തുതയാണ്.

നമ്മുടെ പഞ്ചായത്തിൽ ആവശ്യമായ വിറകിന്റെ ഒരു ഭാഗം തെങ്ങിൽ നിന്നും ലഭിക്കുന്നു. പ്രാദേശികമായി ലഭിക്കുന്ന വിറകിന് പുറമേ സമീപ മലയോര പഞ്ചായത്തുകളേയും നമ്മുടെ വിറകിന്റെ ആവശ്യത്തിന് വേണ്ടി നമുക്ക് ആശ്രയിക്കേണ്ടി വരുന്നു. ഇവയുടെ കയറ്റിറക്ക് കടത്തുകൂലി എന്നിവ ഉൾപ്പെടെ വിറക് വില വളരെ കൂടുതലാക്കുന്നു. മണ്ണെണ്ണയുടെ ലഭ്യതക്കുറവും പാചക വാതകത്തിന്റെ പ്രാപ്യക്കുറവും സാമ്പത്തിക പരാധിനതകളും ഭൂരിഭാഗത്തേയും വിറകടുപ്പുകളിൽ പിടിച്ചു നിർത്തുന്നു. ഈ സാഹചര്യത്തിൽ വിറകിന്റെ ഉപയോഗം നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. കാര്യക്ഷമത കൂടിയ അടുപ്പുകൾ മാത്രമാണ് രൂക്ഷമായ ഈ പ്രശ്നത്തിന് ഒരേയൊരു പരിഹാരം.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ വിറകടുപ്പ് ഉപയോഗിക്കുന്ന എല്ലാ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ഒരുവൻ സമയബന്ധിത പദ്ധതി തയ്യാറാക്കണം. അതിനായി

a. IREP ഓഫീസുമായും ANERT ആയും ബന്ധപ്പെട്ടും SEW മാരുടെ ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

b. ഇവരെ ഉപയോഗിച്ച് പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കണം.

C. ഇവരെ കൂടാതെ സന്നദ്ധ പ്രവർത്തകരുടെ സ്ക്വാഡ് പ്രവർത്തനം കൂടി ഇതിന്റെ പ്രചരണത്തിന് ഉപയോഗിക്കാം.

D. ഇത് ഉപയോഗിക്കുന്നവർക്ക് അതിന്റെ ഉപയോഗ രീതിയെക്കുറിച്ച് സാങ്കേതികമായ അറിവ് നൽകുന്ന ക്ളാസുകൾ തീർച്ചയായും സംഘടിപ്പിക്കണം. ഒപ്പം അതിന്റെ സാമ്പത്തിക മേൻമ കൂടി വിശദമാക്കണം.

(e) SEW മാരെക്കൊണ്ട് തന്നെ ഈഫിറ്റ് ചെയ്ത അടുപ്പുകൾക്ക് ഇടക്കാല പരിശോധനകൾ നടത്തണം കുഴപ്പങ്ങൾ വിദഗ്ധ നിർദ്ദേശമനുസരിച്ച് പരിഹരിക്കണം.

(f) പാചകഇന്ധനം ലാഭിക്കുന്നതിനുള്ള പൊടിക്കൈകൾ വീട്ടമ്മമാരെ മനസ്സിലാക്കിക്കൊടുക്കുക. ഉദാ : പയറുവർഗ്ഗങ്ങൾ കുതിർത്ത് പാചകം ചെയ്യുക, വിറകുകഷണങ്ങൾ ചെറുതാക്കിയും ഉണക്കിയും ഉപയോഗിക്കണം തുടങ്ങിയവ.

(2) കഴിയുന്നിടത്തോളം പ്രഷർകുക്കറുകൾ പ്രചരിപ്പിക്കുക

(3) സൗരോർജ്ജ അടുപ്പുകൾ സാദ്ധ്യമായിടത്തൊക്കെ പ്രചരിപ്പിക്കുക. (ആകെ ഉള്ളതിന്റെ 2% എങ്കിലും) ഇന്ധനചിലവ് ഇല്ല എന്നത് പ്രത്യേകം ശ്രദ്ധിക്കുക.

(4) വൈദ്യുതി ലാഭിക്കുവാൻ വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തണം. അതിനായി

(a) പകൽസമയം ലൈറ്റുകൾ ഉപയോഗിക്കരുത്

(b) ഉപയോഗമില്ലാത്തപ്പോൾ ലൈറ്റ്, ഫാൻ എന്നിവ ഓഫാക്കുക

(c) ഫ്ളൂറസെന്റ് ലാമ്പുകളും CFL കളും ഉപയോഗിക്കുക

(d) തെരുവ് വിളക്കുകൾ കത്തിക്കാൻ CFL ഉപയോഗിക്കുക

(e) കുറേയെങ്കിലും സൗരോർജ്ജ വിളക്കുകൾ ഉപയോഗിക്കുക

(f) കാറ്റാടി പമ്പുകളുടെ സാദ്ധ്യത പരീക്ഷിക്കാവുന്നതാണ്. സ്കൂളുകളിൽ വെള്ളം പമ്പ് ചെയ്യുന്നതിന് ഇവ ഉപയോഗിക്കാം.

(g) പമ്പുകൾ ഉപയോഗിക്കുമ്പോൾ പൈപ്പുകളിൽ കഴിവതും വളവുതിരുവുകൾ ഒഴിവാക്കാൻ ശ്രമിക്കുക. വെള്ളം കഴിവതും ഓടകെട്ടി വിടുക.

(h) ഘർഷണരഹിത ഫൂട്ട് വാൽവുകൾ ഉപയോഗിക്കുക.

(i) സൗരോർജ്ജ പമ്പുകൾ സാദ്ധ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുക.

(j) പാചക ആവശ്യത്തിന് വൈദ്യുതി ഒരു കാരണവശാലും ഉപയോഗിക്കരുത്

(k) തുണികൾ തേയ്ക്കുമ്പോൾ എല്ലാം ഒന്നിച്ച് തേയ്ക്കാൻ ശ്രമിക്കുക. പലപ്പോഴായി അയൺ ചൂടാക്കുന്നത് വൈദ്യുതി പാഴാക്കാൻ കാരണമാകും.

(l) ഫാൻ ആവശ്യമുള്ളപ്പോൾ മാത്രം ഉപയോഗിക്കുക. ഇലക്ട്രോണിക് റെഗുലേറ്ററുകൾ ഉപയോഗിക്കുക

(m) വാഷിംഗ് മെഷീൻ, ഫ്രിഡ്ജ് എന്നിവയുടെ ഉപയോഗം പരമാവധി കുറയ്ക്കുക.

(n) വൈദ്യുത അലങ്കാരം പൂർണ്ണമായും നിർത്തലാക്കുക

(o) രാത്രികാലങ്ങളിൽ പുറത്ത് ലൈറ്റുകൾ ഓണാക്കിയിടുന്ന പ്രവണത നിരുത്സാഹപ്പെടുത്തുക.

(p) ലൈറ്റുകളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതരത്തിൽ ലൈറ്റുകൾ ഫിറ്റുചെയ്യുക. മേൽ പറഞ്ഞ പലകാര്യങ്ങൾക്കും പ്രചരണപ്രവർത്തനത്തിനും IREP ഓഫീസിന്റെ സഹായം തേടാം. ഇവ കൂടാതെ തന്നെ വൈദ്യുതി വിതരണത്തിന് കൃത്യമായ പരിധി നിശ്ചയിക്കുകയും അത് ലംഘിക്കുന്നവർക്ക് പിഴ ഈടാക്കുകയും ചെയ്യണം.

(5) വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് അനു

ഡാദാ കൊടുക്കുന്നതിനു മുമ്പ് അവയെ ഉപയോഗിക്കുന്ന യന്ത്രങ്ങൾ, Beltdrive, Pullies, Chails എന്നിവ Efficiency കൂടിയവയാണ് എന്ന് ഉറപ്പുവരുത്തണം. ഇവ കാലാകാല ങ്ങളിൽ പരിശോധിക്കുകയും അതിനുശേഷം മാത്രം ലൈസൻസ് പുതുക്കികൊടുക്കുകയും വേണം.

വിറകുലാഭിക്കുന്നത് മരം മുറിക്കൽ കുറയ്ക്കാനും എണ്ണയുടെ ഉപയോഗം കുറയ്ക്കുന്നത് വിദേശ വിപണന നിരക്ക് (Balance of Payment) കുറയ്ക്കാൻ സഹായിക്കുകയും ചെയ്യുമെന്നിരിക്കെ വൈദ്യുതി ലാഭിക്കുന്നത് വരും കാലങ്ങളിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള കടുത്ത വൈദ്യുതി പ്രതിസന്ധിയുടെ രൂക്ഷത കുറയ്ക്കും എന്നതും ഓർക്കുക.

## വൈദ്യുതി ലഭ്യമല്ലാത്ത പ്രദേശങ്ങൾ

| നമ്പർ | വാർഡ് | പ്രദേശങ്ങൾ |
|---|---|---|
| 1 | അയണിക്കാട് | മൈലാടുംപാറ, പുള്ളീക്കോണം |
| 2 | ഏണിക്കര | പുരമൂട്ട്കോണം, പള്ളിത്തറ |
| 3 | കാച്ചാണി | തലക്കട്ടയ്ക്കാൽ, മാടവന, കല്ല്വരമ്പ്, ഇടയറമ്പ് |
| 4 | പുരവൂർക്കോണം | കുണ്ടറക്കോണം, കുറവൻകോണം, കുന്തിരിക്കക്കുഴി |
| 5 | കല്ലയം | കുഴീക്കോണം, നമ്പാട്, കുളത്തുകാൽപ്പള്ളി, പുളിമൂട്, പുലിക്കുളം, തേറക്കോട്, അയ്യപ്പൻകുഴി, പൈവിളക്കോണം, ആലനട, കഴുനാട്, ചുടുകാട്ടുമുകൾ, ലക്ഷംവീട്, കമുകിൻകോട്, മാറാട്ടുമല, മൂഴിക്കോളനി. |
| 6 | നെടുമൺ | മാഞ്ഞാംകോട്, തേക്കുവിള ലക്ഷംവീട്, ഞറുങ്ങണവിള, മിച്ചഭൂമിക്കോളനി. |
| 7 | മരുതൂർ | മാഞ്ഞാംകോട് ചിറയുടെ ഭാഗം |
| 8 | ചിറ്റാഴ | പുന്നക്കുന്ന് പ്രദേശം |
| 9 | പന്തപ്ലാവ് | പന്നിയോട്, മുണ്ടൻചാണി, പ്ലാച്ചിക്കുഴി, വാമനിക്കോണം വാളിക്കോട്, ഓഴിയാംകോണം, കുടുക്കപ്പാറ |
| 10 | കഴുനാട് | കൊടുവാച്ചിക്കോണം |
| 11 | വേങ്കോട് | മുല്ലപ്പുര, കായ്പ്പാടി |
| 12 | മ[illegible]ക്കോല | കുഴിക്കോട്ടുകോണം, പ്ലാത്തറ, കായ്പ്പാടി |
| 13 | ചെക്കക്കോണം | അലയത്താഴ, കുണ്ടറക്കോണം, കോഴിയോട്, [illegible],കിഴക്കേല. |
| 14 | കരകുളം | ലക്ഷംവീട്, പുന്നൂർ, കുന്നുംപുറം, പൊയ്പ്പാറ, കോയിക്കൽ |

## ഗതാഗതം

കരകുളം പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളെയും കൂട്ടിയിണക്കത്തക്കവിധത്തിൽ സാമാന്യം മെച്ചപ്പെട്ട ഒരു റോഡുശൃംഖലയുണ്ട്. പഞ്ചായത്തിന്റെ കഴുനാട് പന്തപ്ലാവ് വാർഡുകളെയും മരുതൂർ ചിറ്റാഴ വാർഡുകളെയും വേർതിരിക്കുന്ന; മരുതൂർ നിന്നുതുടങ്ങി വട്ടപ്പാറ കണക്കോട് വരെ 4 കി.മി. ദൂരത്തിൽ തിരുവനന്തപുരം കോട്ടയം എം.സി. റോഡാണ്. വഴയിലനിന്നു തുടങ്ങി കരകുളം - കേൽട്രോൺ പ്രദേശത്തു കൂടി തിരുവനന്തപുരം - ചെങ്കോട്ട റോഡും കടന്നുപോകുന്നുണ്ട്. പ്രധാനപ്പെട്ട ഈ രണ്ട് റോഡുകളിലൂടെയാണ് കരകുളം വട്ടപ്പാറ മേഖലയിലെ ജനങ്ങൾക്ക് തിരുവനന്തപുരം നഗരവുമായും നെടുമങ്ങാട് മുനിസിപ്പാലിറ്റി പ്രദേശങ്ങളുമായും ബന്ധപ്പെടുവാൻ കഴിയുന്നത്.

പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം ഏകദേശം 112 കിലോമീറ്ററാണ്. ഇതിൽ ടാർ ചെയ്തത് 59 കി.മീ. മാത്രമാണ്. പഞ്ചായത്തിനുകീഴിലുള്ള റോഡുകളുടെ ദൈർഘ്യം 91 കി.മീറ്ററും ഇതിൽ ടാർ ചെയ്തത് 32 കിലോമീറ്റർ മാത്രമാണ്. ഇതു കൂടാതെ ഏകദേശം 175 കി.മീറ്ററിലധികം ദൈർഘ്യമുള്ള കൊച്ചുകൊച്ചു റോഡുകളും (കച്ചാറോഡുകൾ) ഇത്രയേറെ റോഡുകളും ഗതാഗത സൗകര്യങ്ങളും നിലവിലിരിക്കെതന്നെ, വാഹനസൗകര്യം എത്തിച്ചേരാത്ത നിരവധി പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. പ്രധാനപ്പെട്ട രണ്ട് റോഡുകൾ ഒഴികെ ബാക്കിയുള്ളവയെല്ലാം ഗതാഗതത്തിന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നവയാണ്. കാലാകാലങ്ങളിൽ ടാർ ചെയ്യാതെയും ടാർ ചെയ്യുന്നതിലുള്ള അപാകതയും ഗതാഗതത്തിന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. റോഡുകളിൽ മഴക്കാലങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാകുകയും സ്ഥിതി മോശമാകുകയും ചെയ്യുന്നു. ഓടകൾ കാലാകാലങ്ങളിൽ പണി ചെയ്യാതിരിക്കുകയും ജനങ്ങൾ ഓടകൾ നികത്തി വെള്ളക്കെട്ട് ഉണ്ടാക്കുന്നതും കാരണം റോഡുകൾ നശിക്കുന്നു. എന്നാൽ മുൻകാലങ്ങളെ അപേക്ഷിച്ച് റോഡുകളുടെ കാര്യത്തിൽ പഞ്ചായത്ത് മുൻപന്തിയിലാണ്. പ്രാന്തപ്രദേശങ്ങളിൽ പുതിയ റോഡുകൾ രൂപം കൊണ്ടിട്ടുണ്ടെങ്കിലും ഗതാഗതപ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ലാ. ഇതിലും കൂടുതലും കുന്നിൻ പ്രദേശങ്ങളെയും മറ്റ് ഉൾപ്രദേശങ്ങളെയും ബന്ധിപ്പിക്കുവാൻ നാട്ടുകാരുടെ ശ്രമഫലമായി തുടങ്ങിവച്ച നിരവധി തടങ്ങൾ, ഇടറോഡുകൾ എന്നിവ ഇപ്പോഴും പൂർത്തിയാക്കുവാൻ കഴിയാത്ത അവസ്ഥയാണ്. ഇത് പൂർത്തീകരിച്ചാൽ നിരവധി അവികസിത പ്രദേശങ്ങൾ വികസനസാദ്ധ്യതയുണ്ടാകും.

നിഗമനങ്ങൾ നിലവിലുള്ള റോഡുകളുടെ സ്ഥിതി അവലോകനം, നിർദ്ധിഷ്ട റോഡുനിർമ്മാണ പ്രവർത്തന പരിശോധന ഇവ വ്യക്തമാക്കുന്നത് പഞ്ചായത്തിന്റെ പദ്ധതിയിൽ ഇപ്പോഴും മുഖ്യയിനം റോഡുനിർമ്മാണം തന്നെയെന്ന വസ്തുതയാണ്. എന്നാൽ പുതിയ സാഹചര്യത്തിൽ ഈ മുൻഗണനാക്രമം മാറേണ്ടതുണ്ട്. നിലവിലുള്ള റോഡുകളുടെ സംരക്ഷയ്ക്കും അവ വികസനപരമായി പഞ്ചായത്ത് ഗുണപ്രദമായി വിനിയോഗിക്കലും എന്നതിനാകണം ശ്രദ്ധ. തൽസമയം അനിവാര്യവും അർഹവുമായ കേന്ദ്രങ്ങളിൽ ബഹുജനപങ്കാളിത്തത്തോടെ പുതിയ റോഡുകളുടെ നിർമ്മാണവും ഏറ്റെടുക്കാവുന്നതാണ്. ഇത്തരം ഘട്ടങ്ങളിൽ മനുഷ്യ അദ്ധ്വാനവും വർദ്ധിപ്പിച്ചു കൊണ്ട് പഞ്ചായത്ത് ഫണ്ടിന്റെ വിനിയോഗം ചുരുക്കിക്കൊണ്ടുവരാൻ കഴിയേണ്ടതാണ്. ആരംഭിച്ച പദ്ധതികളുടെ അടിയന്തിര പൂർത്തീകരണവും പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ഇതര വികസനഫണ്ടുകൾ വകമാറ്റി റോഡുനിർമ്മാണത്തിന് ലഭ്യമാക്കുന്ന സമ്പ്രദായം അവസാനിപ്പിക്കണം.

### നിർദ്ദേശങ്ങൾ

പുതിയ റോഡുകൾക്കായി വൻതോതിലുള്ള അവശ്യ നിർദ്ദേശങ്ങൾ വിവിധ ഗ്രാമസഭകളിൽ നിന്നുമുണ്ടായിട്ടുണ്ട് (പട്ടിക അന്യത്ര) ഈ കാര്യത്തിൽ നിയതമായ മുൻഗണന സൃഷ്ടിക്കണം. കിള്ളിയാറിനു കുറുകെ പഞ്ചായത്ത് ആഫീസ് സമീപത്തും എട്ടാം കല്ലിനു സമീപവും അത്യാവശ്യം ഗ്രാമീണ നടപ്പാലങ്ങളുടെ നിർമ്മാണം നടത്തണം. നിലവിലുള്ള റോഡുകളുടെ സംരക്ഷ ജനകീയ സന്നദ്ധ പ്രസ്ഥാനങ്ങളുടെ സഹായത്തോടെ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കണം. ടാർ റോഡുകളിൽ ഒഴുക്കുചാൽ നിർമ്മിച്ച് സംരക്ഷിക്കുകയും തടസങ്ങൾ ഒഴിവാക്കി റോഡിന്റെ സുരക്ഷ ഉറപ്പാക്കുകയും ചെയ്യുക.

*1954ൽ ഇന്നത്തെ കരകുളം പാലം ജംഗ്ഷൻ വരെ മാത്രമേ അന്ന് സ്റ്റേറ്റ് ട്രാൻസ്പോർട്ട് സിറ്റി സർവ്വീസ് ഉണ്ടായിരുന്നുള്ളൂ. അതുതന്നെ രാവിലെയും വൈകിട്ടും മാത്രമായിരുന്നു. അരുവിക്കര, ഇരുമ്പ മുതലായ പ്രദേശങ്ങളിലെ ജനങ്ങൾക്ക് മരുന്നു വാങ്ങുവാനും മറ്റും ആശുപത്രിയിൽ പോകുവാൻ വേണ്ടി ഈ ബസ് സർവ്വീസ് എട്ടാമതു മൈൽകുറ്റി വരെ (8ാം കല്ല്) നീട്ടിക്കൊടുക്കണമെന്ന് അന്നത്തെ പഞ്ചായത്ത് കമ്മിറ്റി പ്രമേയം പാസാക്കിയതായി രേഖകളിൽ കാണുന്നു. (ജൂലായ് 3, 1954)*

# റോഡുകളുടെ വിവരം

| ക്രമനമ്പർ | റോഡിന്റെ പേര് | നീളം (മീറ്ററിൽ) |
|---|---|---|
| 1 | വ്ളാവൂർ, ചേലപ്പുറം ഏലാറോഡ് | 800 മീറ്റർ |
| 2 | മൈലാടുംപാറ കുനൂർശാല റോഡ് | 1000 മീറ്റർ |
| 3 | മൈലാടുംപാറ റോഡ് | 1000 മീറ്റർ |
| 4 | പഴയാറ്റിൻകര നിലമേൽതടം | 1500 മീറ്റർ |
| 5 | പഞ്ചായത്ത് ഓഫീസ് അമ്മൻകോവിൽ പാനൂർ ഏലാറോഡ് | 3000 മീറ്റർ |
| 6 | നെല്ലിവിളാകം | 1000 മീറ്റർ |
| 7 | കൊല്ലവിളാകം പാലം ജംഗ്ഷൻ റോഡ് | 500 മീറ്റർ |
| 8 | കുനൂർക്കൽ നീയലിക്കോണം റോഡ് | 200 മീറ്റർ |
| 9 | വള്ളിവിള കാഞ്ഞിരവിളതടം | 300 മീറ്റർ |
| 10 | പുരമൂടുക്കോണംതടം | 1000 മീറ്റർ |
| 11 | ഏണിക്കര, ചെക്കാലവിളാകം | 600 മീറ്റർ |
| 12 | ആറാംകല്ല് മാടവനനട | 1500 മീറ്റർ |
| 13 | കാവടിത്തലയ്ക്കൽ ചാമവിളാകം | 1200 മീറ്റർ |
| 14 | മേറ്റിക്കോണം ചെക്കാലമുകൾ | 1300 മീറ്റർ |
| 15 | വേറ്റിക്കോണം, മാടവനാകൾ | 1200 മീറ്റർ |
| 16 | മുക്കോല, നെല്ലിവിളതടം | 1200 മീറ്റർ |
| 17 | മുക്കോല, യമുനാനഗർ | 500 മീറ്റർ |
| 18 | 9 ജോസഫ് ലെയിൻ | 750 മീറ്റർ |
| 19 | ഏണിക്കര, തറട്ട | 2400 മീറ്റർ |
| 20 | ഏണിക്കര, കണ്ണണിക്കോണം | 200 മീറ്റർ |
| 21 | ഏണിക്കര, കല്ലയം | 4200 മീറ്റർ |
| 22 | U.P.S. ആശാരിവിള റോഡ് | 400 മീറ്റർ |
| 23 | പ്ലാവൂർ കുന്നിൻമുഗൾ | 1500 മീറ്റർ |
| 24 | ചേലപ്പുറം, തടം | 500 മീറ്റർ |
| 25 | ചേലപ്പുറം, തറട്ട | 500 മീറ്റർ |
| 26 | കുണ്ടേറ്റു ഏലാത്തടം | 2500 മീറ്റർ |
| 27 | ക്രൈസ്റ്റ് നഗർ, തരംഗിണിറോഡ് | 1500 മീറ്റർ |
| 28 | പുരവൂർക്കോണം, തരംഗിണിറോഡ് | 1000 മീറ്റർ |
| 29 | കല്ലയം, കുണ്ടേറ്റി ഏലാറോഡ് | 600 മീറ്റർ |
| 30 | കിലുകല്ലയം, മാവുവിള കെടാനിതടം | 1500 മീറ്റർ |
| 31 | കല്ലയം മാർക്കറ്റ് തടം | 150 മീറ്റർ |
| 32 | കല്ലയം ശിവജിനഗർ റോഡ് | 750 മീറ്റർ |
| 33 | പേഴുംമൂട് കുരിശടി റോഡ് | 1500 മീറ്റർ |
| 34 | മുക്കോല മാഞ്ഞാംകോട് റോഡ് | 500 മീറ്റർ |
| 35 | പടുകുന്ന് മാഞ്ഞാംകോട് റോഡ് | 1500 മീറ്റർ |
| 36 | കൈപ്പട പ്ലാവിള റോഡ് | 2800 മീറ്റർ |
| 37 | മരുതൂർ കല്ലയം റോഡ് | 2000 മീറ്റർ |

| | | | |
|---|---|---|---|
| 38 | അരുവിയോട് ഹരിജൻകോളനി | 1500 | മീറ്റർ |
| 39 | ചിറ്റാഴ നഴ്സറി ഹരിജൻ കോളനി | 1000 | മീറ്റർ |
| 40 | ചിറ്റാഴ തണ്ണിപ്പൊയ്ക റോഡ് | 2000 | മീറ്റർ |
| 41 | തണ്ണിപ്പൊയ്ക ഏലാതടം | 500 | മീറ്റർ |
| 42 | മുക്കംപാല കുറ്റിയാണിതണം | 1250 | മീറ്റർ |
| 43 | മുക്കംപാല മൂട് തടം | 750 | മീറ്റർ |
| 44 | വട്ടപ്പാറ L.M.S. നട റോഡ് | 500 | മീറ്റർ |
| 45 | വട്ടപ്പാറ കണ്ണംകരകോണം തടം | 1300 | മീറ്റർ |
| 46 | പള്ളിവിളതടം വട്ടപ്പാറ | 750 | മീറ്റർ |
| 47 | ഇലഞ്ഞിമൂട് നെല്ലിവിള | 300 | മീറ്റർ |
| 48 | മുക്കോല വേങ്കോട് റോഡ് | 2000 | മീറ്റർ |
| 49 | ഏണിക്കര ചെക്കാലവിളാകം | 600 | മീറ്റർ |
| 50 | ചിറ്റാഴ ഇണ്ടളയപ്പൻ ക്ഷേത്രംതടം | 1300 | മീറ്റർ |
| 51 | കണ്ണംകരക്കോണം റോഡ് | 800 | മീറ്റർ |
| 52 | കണ്ണംകര കരയാളത്ത്കോണം റോഡ് | 1000 | മീറ്റർ |
| 53 | പച്ചക്കാടുതടം | 1500 | മീറ്റർ |
| 54 | കല്ലയം പ്ലാവിളത്തടം | 1500 | മീറ്റർ |
| 55 | ചുടുകാട്ടിൽ മുകൾ തടം | 1200 | മീറ്റർ |
| 56 | കാരമൂട് പ്ലാത്തററോഡ് | 2500 | മീറ്റർ |
| 57 | ആട്ടറവട്ടം കുമ്മിപ്പള്ളിറോഡ് | 1000 | മീറ്റർ |
| 58 | ചേനാംകോട് ചെല്ലത്തുതടം | 2000 | മീറ്റർ |
| 59 | കൊല്ലമലയം വേങ്കോട്ടുമുക്ക് | 2000 | മീറ്റർ |
| 60 | കൊല്ലമലയം കായ്പ്പാടിതടം | 2000 | മീറ്റർ |
| 61 | കല്ലയം നെയ്യണിക്കോണം | 1500 | മീറ്റർ |
| 62 | മുക്കോല ആനൂർ തടം | 2000 | മീറ്റർ |
| 63 | ആറാംകല്ല് തോപ്പിൽനടതടം | 1000 | മീറ്റർ |
| 64 | കുറവൻകോണം തടം | 1000 | മീറ്റർ |
| 65 | കിടങ്ങുവിള പനച്ചിവിള തടം | 2000 | മീറ്റർ |
| 66 | കരയാളത്തുകോണം വിളത്തിക്കോണം | 1000 | മീറ്റർ |
| 67 | കല്ലയം വേലിയത്തുചിറ തടം | 800 | മീറ്റർ |
| 68 | കാരമൂട് ലക്ഷ്മിവീട് തടം | 1000 | മീറ്റർ |
| 69 | കല്ലയം പുലിക്കുളം റോഡ് | 1000 | മീറ്റർ |
| 70 | കുരിശടി കുറവൻകര | 750 | മീറ്റർ |
| 71 | നമ്പാട് മേൽപ്പാലോട് റോഡ് | 2000 | മീറ്റർ |
| 72 | കീഴെക്കല്ല് ഓയിൽകുന്ന് | 1200 | മീറ്റർ |
| 73 | കീഴെക്കല്ല് തുമ്പോത്തുകോണം | 2000 | മീറ്റർ |
| 74 | L.M.A. L.P.S. മേലത്തുനട | 3000 | മീറ്റർ |
| 75 | പേഴുംമൂട് വേങ്കോട് തടം | 1000 | മീറ്റർ |

അവലംബം : പഞ്ചായത്ത്റോഡ് രജിസ്റ്റർ

# റോഡിന്റെ ആവശ്യകത :

***1. അയണിക്കാട്***

പ്ലാവില മൈലാടുംപാറ ഹോമി ആശുപത്രി റോഡ്, പഴയാറ്റിൻകര തററ്റ കാച്ചാണി റോഡ്, തലയ്ക്കോട്ടുകോണം മൈലാടുംപാറ.

***2. ഏണിക്കര***

ഏണിക്കര പനച്ചിവിള കിടങ്ങുവിള റോഡ്, ഏണിക്കര കണ്ണണിക്കോണം റോഡ്, കണ്ണണിക്കോണം ചിറ്റാലം റോഡ്, ചെറുവിള റോഡ്, മാത്തിനടറോഡ്.

***3. കാച്ചാണി***

ചെക്കാലമുകൾ മുതുശാസ്താംകോട് റോഡ്, കണ്ണമതു തടം താച്ചിപ്പാറ മാവർതല റോഡ്, കുന്നൂർശാല തററ്റ പുള്ളിക്കോണം റോഡ്, കാവടിതലയ്ക്കൽ ഇടപ്പറമ്പ് ചെക്കാലമുകൾ റോഡ്, കുന്നൂർശാല ഊളൻകുന്ന് പണിക്കോണം റോഡ്, താച്ചിപ്പാറ പുളിക്കോണം റോഡ്, ദർസൻ ലൈൻ മാടവന റോഡ്, കെ.പി. ലൈൻ മാടവന റോഡ്.

***4. പുരവൂർക്കോണം***

കീഴ്ക്കല്ലയം വേങ്കോട് M.L.A. റോഡ്, കുന്തിരിക്കക്കുഴി, ആറാംകല്ല് പുല്ലുവിളാകം ഏണിക്കര കല്ലയം റോഡ്.

***5. കല്ലയം***

കല്ലയം പുളിക്കുളം റോഡ്, കാരമൂട് നമ്പാട് പണിമുഖത്തുവിള റോഡ്, കാരമൂട് കഴനാട് ലക്ഷംവീട് റോഡ്, ചുടുകാട് മുകൾ ആലനട റോഡ്, കരയാളത്തുകോണം നമ്പാടുറോഡ്, കരയാളത്തുകോണം മൂഴിക്കോളനി റോഡ്, കല്ലയം കഴിനാട അമ്പലം റോഡ്.

***6. നെടുമൺ***

മരുതൂർ നെടുമൺ ഉദയംപാറ കല്പ്പട റോഡ്, കല്പ്പട നയ് വിള റോഡ്, മുക്കോല L.P.S. തടം, അയ്യപ്പൻകുഴി പാറമുകൾ തടം, ഈഴക്കോട് തടം.

***7. മരുതൂർ***

കല്പട നെടുമൺ ദേവീക്ഷേത്ര റോഡ്, മുക്കോല നെല്ലിയൂർ റോഡ്, മരുതൂർ നെടുമൺ റോഡ്, മുക്കോല പുതുപ്പള്ളി റോഡ്.

***8. ചിറ്റാഴ***

പുന്നക്കുന്ന് മേലാംകോട് റോഡ്, തണ്ണിപ്പൊയ്ക ചിറ്റാഴ റോഡ്, മരുതൂർ പൗഡിക്കോണം റോഡ്.

***9. പന്തപ്ലാവ്***

ഒഴുക്കുപാറ പന്തപ്ലാവ് റോഡ്, കടുക്കറ കുറ്റിയാണി പനച്ചയം റോഡ്, ഒഴുകുപാറ വേറ്റിക്കോണം റോഡ്, ചെംചേരിവിള കോളനി റോഡ്, കുറ്റിയാണി കണിയാംപാറ റോഡ്, മുക്കംപാലമൂട്, കുന്നുംപാറ, താച്ചുപാറ റോഡ്.

***10. കഴുനാട്***

പള്ളിവിള തോറ്റടി കഴുനാട് റോഡ്, വട്ടപ്പാറ കമുകറക്കോണം പച്ചക്കാട് റോഡ്, ധനലക്ഷ്മി റോഡ്, ചിറ്റാഴ L.P.S. റോഡ്, കല്ലയം കാവുവിള കൈപ്പട റോഡ്, കമുകറക്കോണം കിഴക്കേക്കോണം റോഡ്.

***11. വേങ്കോട്***

കുരിശടി പേഴുംമൂട് റോഡ്, കായ്പ്പാടി സന്നഗർ റോഡ്, ചെന്തുപ്പൂര് ഹരിജൻ കോളനി റോഡ്, കുഴിക്കോണം കുന്നിൻതടം റോഡ്, കരയാളത്തുകോണം പാതിരിക്കോണം റോഡ്, വലിയവിള മുല്ലപ്പുരതടം, കരിയ്ക്കകത്തുമുകൾ ചേന്നാംകോട് തടം.

***12. മുക്കോല***

പടിമുഖത്ത് നമ്പാട് റോഡ്, വരിച്ചക്കൽ വലിയവിള റോഡ്, മുക്കോല കിഴങ്ങുവിള കല്ലയം റോഡ്, പ്ലാത്തറ കായ്പ്പാട്ടുറോഡ്, കരിമുഖത്തു പെരിങ്ങാലോട് റോഡ്, H.S. ലക്ഷംവീട് പിന്നൂർ റോഡ്, H.S. മുണ്ടയ്ക്കൽ റോഡ്.

***13. ചെക്കക്കോണം***

കുമ്മിപ്പള്ളി കിഴക്കേല അമ്പലം ജംഗ്ഷൻ റോഡ്, കുമ്മിപ്പള്ളി എട്ടാംകല്ല് തടം, കോഴിയോട് മുളമുക്ക് പത്താംകല്ല് തടം, അലയത്താഴ വിദ്യാദിരാജപുരം തടം, മരുതനകാ കോഴിയോട് മുളമുക്ക് റോഡ്.

***14. കരകുളം***

പഞ്ചായത്താഫീസ് പുന്നൂർ കായ്പ്പാടിറോഡ്, കൂട്ടപ്പാറ പിന്നൂർ റോഡ്, അമ്മൻകോവിൽ നെല്ലിവിള, കുന്നത്തു തടം പൊയ്പ്പാറ.

8

# വിദ്യാഭ്യാസം

നിലത്താശാന്മാരിൽ തുടങ്ങി കുടിപ്പള്ളിക്കൂടങ്ങളിലൂടെ വളർന്ന് ആധുനികതയുടെ സർക്കാർ ഹയർസെക്കന്ററി തലംവരെ എത്തി നിൽക്കുന്നു. കരകുളം പഞ്ചായത്തിന്റെ വിദ്യാഭ്യാസചരിത്രം. അക്ഷരജ്ഞാനം തേടിയെത്തിയിരുന്നവർക്ക് ആധുനികതയുടെ പഠനോപകരണങ്ങളൊന്നുമില്ലാതെ മണ്ണിൽ അക്ഷരരൂപം എഴുതി പഠിപ്പിച്ച ഗുരുക്കന്മാരാണ് നിലത്താശാന്മാർ. നിലത്താശാന്മാർക്കുശേഷം പഠനരീതി കുടിപ്പള്ളിക്കൂടങ്ങളിലേക്ക് മാറുകയായിരുന്നു. മണലിത്തല എന്ന സ്ഥലത്തെ കിട്ടൻകുറുപ്പ് ആശാന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന കുടിപ്പള്ളിക്കൂടത്തിൽ അമ്പതോളം വിദ്യാർത്ഥികൾ അക്ഷരജ്ഞാനം തേടിയെത്തിയിരുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം നിലത്താശാന്മാരും കുടിപ്പള്ളിക്കൂടങ്ങളും ഉണ്ടായിരുന്നതായി കരുതപ്പെടുന്നു. ഇത്തരം പള്ളിക്കൂടങ്ങളിലെ ആശാന്മാർക്ക് സമൂഹത്തിൽ ഉയർന്ന സ്ഥാനവും സർവ്വരുടേയും ബഹുമാനാദരങ്ങളും ലഭിച്ചിരുന്നു. വളരെ ആഴത്തിലുള്ള ഗുരുശിഷ്യബന്ധം നിലനിന്നിരുന്ന കാലഘട്ടമായിരുന്നു ഇത്.

ഇന്നത്തെ കഴുനാട് യു.പി.സ്കൂളിനു സമീപം സർക്കാർ ഗ്രാന്റോടെ ശിവശങ്കരപിള്ള സാറിന്റേയും, പത്മനാഭപിള്ള മാഷിന്റേയും നേതൃത്വത്തിൽ ഒരു പള്ളിക്കൂടം പ്രവർത്തിച്ചിരുന്നു. ഒരു തുലാവർഷത്തിൽ ഈ സ്കൂളിന്റെ ഒരു ചുവര് മറിഞ്ഞ് വിദ്യാർത്ഥികളുടെ മേൽ പതിക്കുകയും സാരമായ പരിക്കുകളോടെ വിദ്യാർത്ഥികൾ രക്ഷപ്പെട്ടു എന്നും അതിൽ ഒരു വിദ്യാർത്ഥിയുടെ വാർദ്ധക്യത്തിന്റെ സ്മരണയിൽ തെളിയുന്നു.

അഷ്ടിനിറയ്ക്കാൻ കഷ്ടപ്പെടുന്ന കുടിയാനും മൂന്നു നേരം മൃഷ്ടാന ഭോജനം നടത്തിയിരുന്ന ജന്മിമാരും തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസവിഷയത്തിൽ ഒരുപോലെ ശ്രദ്ധിച്ചിരുന്നു. അതിരാവിലത്തെ ചായക്കുശേഷം ചായക്കടയ്ക്കുമുന്നിൽ നാലഞ്ചുപേരുടെ വലത്തണ്ടിലിരുന്ന് അക്ഷരങ്ങൾ കൂട്ടിപ്പെറുക്കി പത്രം വായിക്കുന്ന വൃദ്ധന്മാർ ഇവിടുത്തെ പതിവ് കാഴ്ചയായിരുന്നു. ഒരു പരിധിവരെ അവരുടെ താൽപര്യവും പ്രയത്നവും തന്നെയാണ് വിദ്യാഭ്യാസപരമായ നമ്മുടെ പഞ്ചായത്തിന്റെ പുരോഗതിയ്ക്കടിസ്ഥാനം.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുവേണ്ടി മൈലുകൾ താണ്ടി പോകേണ്ടിവന്ന ഇവിടുത്തുകാർക്ക് ഒരു ആശ്വാസമായത് – ൽ സ്ഥാപിതമായ കരകുളം ഗവൺമെന്റ് ഹൈസ്കൂളാണ്. നാട്ടുകാരുടെ സാമ്പത്തിക സഹായത്തോടെ കരകുളം പഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ട ഈ സ്കൂളിന്റെ പ്രാരംഭഘട്ടത്തിൽ എട്ടാം ക്ലാസ്സുവരെ മാത്രമേ പ്രവർത്തിച്ചിരുന്നുള്ളു. സ്കൂളിന് കെട്ടിടമില്ലാഞ്ഞ് ശ്രീ. ആറന്നൂർകോണം പത്മനാഭപിള്ളയുടെ വീടിനോടനുബന്ധിച്ച് ഒരു ഓലഷെഡ് കെട്ടിയാണ് ക്ലാസ്സ് ആരംഭിച്ചത്. തുടർന്ന് സ്കൂളിന് സ്വന്തമായി ഒരു മന്ദിരം നിർമ്മിക്കുകയും ക്രമേണ വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസത്തിലെത്തി നിൽക്കുകയും ചെയ്യുന്നു.

വട്ടിയൂർക്കാവ് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കാച്ചാണി ഗവൺമെന്റ് ഹൈസ്കൂളിലും നമ്മുടെ പഞ്ചായത്തിലെ വലിയൊരു വിഭാഗം കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യം ലഭ്യമാകുന്നുണ്ട്.

ഉയർന്ന സാക്ഷരതയെപ്പറ്റി നാം ഊറ്റം കൊള്ളാറുണ്ടെങ്കിലും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ശോചനീയമാംവിധം അധഃപതിച്ചിരിക്കുകയാണ്. തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായമാണ് ഇന്ന് നിലവിലുള്ളത്. സ്കൂളുകൾ വെറും മത്സരപ്പരീക്ഷാകേന്ദ്രങ്ങളായി മാറി. കേരളത്തിലെ പൊതു വിദ്യാഭ്യാസം നേരിടുന്ന ഇത്തരം വെല്ലുവിളികളെക്കുറിച്ചുള്ള ചർച്ചകൾ ധാരാളം നടക്കുന്നുണ്ട് എങ്കിലും പലപ്പോഴും അവയെല്ലാം പരസ്പരം പഴിചാരലിലും കുറ്റപ്പെടുത്തലുകളിലും കലാശിക്കുകയാണ് ചെയ്യുന്നത്. കേരളത്തിലെ പൊതു വിദ്യാഭ്യാസരംഗം നേരിടുന്ന വെല്ലുവിളികളെല്ലാംതന്നെ നമ്മുടെ പഞ്ചായത്തിലും ദൃശ്യമാണ്. അതിനു നേരത്തെ പറഞ്ഞ കുറ്റപ്പെടുത്തലുകളും പഴിചാരലുകളും ഒഴിവാക്കി ഈ വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്നുകൊണ്ടുതന്നെ പഠനനിലവാരവും മറ്റു ഭൗതിക സാഹചര്യങ്ങളും വർദ്ധിപ്പിക്കാൻവേണ്ട ജനകീയ ഐക്യനിര കെട്ടിപ്പടുക്കേണ്ട ഭാരിച്ച ഉത്തരവാദിത്വമാണ് നാം ഏറ്റെടുക്കേണ്ടത്.

ഏഴ് എൽ.പി.സ്കൂളുകളും, നാല് യു.പി.സ്കൂളുകളും, രണ്ട് ഹൈസ്കൂളുമടക്കം പതിമൂന്ന് സ്കൂളുകളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഇവയിലെല്ലാംകൂടി 5428 വിദ്യാർത്ഥികളാണ് പഠിക്കുന്നത്. ഇതിൽ 2888 ആൺകുട്ടികളും 2540 പെൺകുട്ടികളുമാണ്. വിദ്യാലയങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ–പട്ടികയിൽ കൊടുത്തിരിക്കുന്നു. 68 ആൺകുട്ടികളും 49 പെൺകുട്ടികളുമടക്കം 117 കുട്ടികൾ മാത്രം പഠിക്കുന്ന കരകുളം ഗവൺമെന്റ്

എൽ.പി.ബി.എസ്സ് ആണ് എണ്ണത്തിൽ ഏറ്റവും കുറഞ്ഞ കുട്ടികളുള്ള സ്കൂൾ. 162 ആൺകുട്ടികളും 166 പെൺകുട്ടികളും ഉൾപ്പെടെ 328 വിദ്യാർത്ഥികളുള്ള വട്ടപ്പാറ ഗവൺമെന്റ് എൽ.എം.എ.എൽ.പി.എസ്സ് ആണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികളുള്ള എൽ.പി.സ്കൂൾ. ചാർട്ട് രണ്ടിൽ ഡിവിഷൻ തിരിച്ചുള്ള വിദ്യാർത്ഥികളുടെ എണ്ണം കൊടുത്തിരിക്കുന്നു; 10 സ്കൂളുകളിലുമായി ഒന്നാം ക്ലാസ്സിൽ പഠിക്കുന്നത് 491 വിദ്യാർത്ഥികളാണ്. ഇതിൽ 249 പെൺകുട്ടികളാണ് ഉള്ളത്. 192 ആൺകുട്ടികളും 173 പെൺകുട്ടികളും മാത്രമാണ് നമ്മുടെ പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളിലുമായി ഇപ്പോൾ പഠിക്കുന്ന പത്താം ക്ലാസ്സ് വിദ്യാർത്ഥികൾ. (പട്ടിക 1)

ഈ സ്കൂളുകളിൽ ആകെ 713 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണുള്ളത്. (ചാർട്ട് നാലിൽ വിശദവിവരം നൽകിയിരിക്കുന്നു) കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ എല്ലാ വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം തുടർച്ചയായി കുറഞ്ഞുവരുന്നതായി കാണാം. ജനനനിരക്കിലുള്ള കുറവ് ഇതിനൊരു കാരണമാണ്. പഞ്ചായത്തുതല സ്കൂളുകളിൽ ചേരുന്ന കുട്ടികൾ ഇടയ്ക്കുവെച്ച് നഗരങ്ങളിലെ സ്കൂളുകളിലേക്ക് മാറുന്നു എന്നതും മറ്റൊരു കാരണമാണ്. നഗരാതിർത്തിയിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്തായതുകൊണ്ടുതന്നെ മൊത്തം വിദ്യാർത്ഥികളിൽ 30% ത്തോളം പേർ നഗരങ്ങളിലെ വിദ്യാലയങ്ങളെയാണ് ആശ്രയിക്കുന്നത്.

എൽ.പി.വിഭാഗത്തിൽ 39 അദ്ധ്യാപകരും യു.പി. എസ്സിൽ 77 അദ്ധ്യാപകരും എച്ച് എസ്സ് വിഭാഗത്തിൽ 68

### പട്ടിക 2

| സ്കൂളുകൾ | അദ്ധ്യാപകർ | | |
|---|---|---|---|
| | പുരുഷൻ | സ്ത്രീ | ആകെ |
| H.S. | 7 | 61 | 68 |
| U.P.S. | 18 | 59 | 77 |
| L.P.S. | 7 | 32 | 39 |
| ആകെ | 32 | 152 | 184 |

അദ്ധ്യാപകരുമാണുള്ളത്. ഇവരിൽ മഹാഭൂരിപക്ഷവും വനിതകളാണ് എന്നുള്ളത് ശ്രദ്ധേയമാണ്.

അക്കാദമിക് കാര്യങ്ങളെപ്പോലെതന്നെ പ്രധാനപ്പെട്ടതാണ് സ്കൂളുകളിലെ ഭൗതിക സാഹചര്യവും. ഇതിനെക്കുറിച്ച് നാം പ്രധാനമായും ചർച്ച ചെയ്യപ്പെടേണ്ടത് ഇവിടുത്തെ എൽ.പി.സ്കൂളുകളെക്കുറിച്ചാണ്. വിദ്യാഭ്യാസത്തിന്റെ സൗരഭ്യം കുട്ടികളുടെ മനസ്സിൽ പതിപ്പിക്കേണ്ട ഘട്ടമാണിത്. നിർഭാഗ്യകരമെന്നുപറയട്ടെ നമ്മുടെയൊക്കെ അലംഭാവവും ശ്രദ്ധക്കുറവുംകൊണ്ട് വളരെ ശോചനീയമാണ് ഈ രംഗം. ജനകീയ ഇടപെടൽ അടിയന്തിരമായി ഉണ്ടാകേണ്ടത് ഈ തലങ്ങളിലാണ്. നമ്മുടെ പഞ്ചായത്തിലെ ഒരു എൽ.പി.സ്കൂളിനുപോലും വൃത്തിയുള്ള ക്ലാസ്സ് മുറികളോ മതിയായ ബെഞ്ചോ ഡെസ്ക്കോ മറ്റു പഠനോപകരണങ്ങളോ ഒന്നുംതന്നെയില്ല. (പട്ടിക 3)

നമ്മുടെ രണ്ട് എൽ.പി.സ്കൂളുകളോട് അനുബന്ധിച്ച് പ്രീ പ്രൈമറി വിഭാഗം കൂടി നടത്തുന്നുണ്ട്. എങ്കിലും; പ്രീ പ്രൈമറി തലത്തിനാവശ്യമായ യാതൊരു സൗകര്യങ്ങളും അവിടെ ഇല്ല എന്നുള്ളത് പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. അതുകൊണ്ടുതന്നെ രക്ഷിതാക്കൾ കുട്ടികളെ ഇത്തരം സ്ഥാപനങ്ങളിലേക്ക് അയയ്ക്കാൻ വിമുഖത കാട്ടുന്നു. കുട്ടികളില്ലാതെ സ്കൂൾ പൂട്ടിപ്പോകുമെന്ന അവസ്ഥയിൽ സ്കൂളിനെ രക്ഷിക്കാൻ നാം കണ്ട മാർഗ്ഗമാണ് പ്രീ പ്രൈമറി. എന്നാൽ അവിടെ നാം പല വെല്ലുവിളികളും നേരിടേണ്ടതുണ്ട്. ഇംഗ്ലീഷ് വിദ്യാഭ്യാസമാണ് സംസ്കാരത്തിന്റെ അളവുകോലെന്ന് രക്ഷിതാക്കളിൽ ഭൂരിപക്ഷത്തെകൊണ്ട് പറയിപ്പിക്കുന്ന അനേക ഘടകങ്ങൾ ഇതിനും ബാധകമാണ്. പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യം എന്ത് എന്നുള്ളതിനെക്കുറിച്ചുള്ള വ്യാപകമായ ബോധവൽക്കരണം ക്യാമ്പയിനുക ൾ രക്ഷിതാക്കൾക്കിടയിൽ നടത്തിയാൽ മാത്രമേ ചിറ്റാഴ ശിശുമന്ദിരം പോലെയുള്ള സ്ഥാപനങ്ങളെ നമുക്ക് നിലനിർത്താൻ കഴിയു. ഇതിനുവേണ്ട പദ്ധതികളാണ് നാം ഉണ്ടാക്കേണ്ടിയിരിക്കുന്നത്. സർക്കാർ ഏജൻസികൾ നടത്തുന്ന രണ്ട് നേഴ്സറികൾ ഉൾപ്പെടെ 18 നേഴ്സറികളാണ് പഞ്ചായത്തിൽ നിലവിലുള്ളത്. ഇംഗ്ലീഷും മലയാളവുമൊക്കെ ഇവിടെ പഠിപ്പിക്കാറുണ്ടെന്നുള്ളതാണ് വാസ്തവം.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് കാര്യമായ പ്രവർത്തനങ്ങളൊന്നും ഈ പഞ്ചായത്തിൽ ഇപ്പോൾ നടക്കുന്നില്ല. സാക്ഷരതാ പ്രസ്ഥാനത്തിലൂടെ നമ്മൾ കൊണ്ടുവന്ന മിക്കവാറും നവ സാക്ഷരരും ഇന്നു വീണ്ടും നിരക്ഷരരുടെ പട്ടികയിലായി എന്നാണ് ഇപ്പോൾ നടത്തിയ പ്രാഥമിക വിവരശേഖരണത്തിൽനിന്ന് മനസ്സിലാക്കുന്നത്. സാക്ഷരതാ പ്രസ്ഥാനത്തിന് പുതു ജീവൻ കൊടുത്തു തെരഞ്ഞെടുത്ത പ്രദേശങ്ങളിലെങ്കിലും പ്രവർത്തനം നടത്തിയാൽ മാത്രമേ അനൗപചാരിക വിദ്യാഭ്യാസരംഗത്ത് നമുക്ക് എന്തെങ്കിലും ഇനി ചെയ്യാൻ കഴിയു. അതുപോലെതന്നെയാണ് കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള അനൗപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തേയും കുറച്ചുകൂടി ജനകീയവൽക്കരിക്കേണ്ടിയിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസത്തിനായി ഈ പഞ്ചായത്തിലുള്ളവർ നഗരത്തിലെ പ്രധാന കോളേജുകളേയും മറ്റു സ്ഥാപനങ്ങളേയും തന്നെയാണ് ആശ്രയിക്കുന്നത്. നെടുമങ്ങാട് ഗവണ്മെന്റ് കോളേജ്, കാട്ടാക്കട ക്രിസ്ത്യൻ കോളേജ്, പെരിങ്ങമ്മല ഇക്ബാൽ കോളേജ് തുടങ്ങിയ

വയിൽ പഠിക്കുന്ന വിദ്യാർത്ഥികളും ഈ പഞ്ചായത്തി ലാണ്. കരകുളം, മുക്കോല ഗവണ്മെന്റ് എച്ച്.എസ്സിനോട് ചേർന്ന് VHSC ക്ലാസ്സുകളുണ്ട്. രണ്ട് കോഴ്സുകൾ മാത്ര മാണ് ഇവിടുള്ളത്.

9 പാരലലൽ കോളേജുകളും 21 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഒരു കമ്പ്യൂട്ടർ സെന്ററുമാണ് ഈ മേഖ ലയിലെ എടുത്തുപറയാവുന്ന മറ്റ് വിദ്യാഭ്യാസ സ്ഥാപ നങ്ങൾ. എന്നാൽ കാർഷികമേഖലയായ ഈ പഞ്ചായ ത്തിൽ ആ മേഖലയ്ക്കുകൂടി സഹായകരമാകുംവിധം കാർഷിക സാങ്കേതിക തൊഴിൽ വിദ്യാഭ്യാസ സ്ഥാപന ത്തിന് അടിയന്തിര സാധ്യതയുണ്ട്.

### *പ്രശ്നങ്ങൾ*

- വിദ്യാർത്ഥികളുടെ. കുടുംബപരമായ പിന്നോക്കാ വസ്ഥ രക്ഷിതാക്കളുടെ അറിവില്ലായ്മ, അലസത.
- നേരത്തെ സൂചിപ്പിച്ചതുമാതിരിയുള്ള സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത (ചാർട്ട് കാണുക)
- രണ്ടു ഹൈസ്കൂളുകളിലേയും എസ്സ്.എസ്സ്.എൽ.സി. വിജയശതമാനം വളരെ കുറവാണ്.
- കരകുളം വി.എച്ച്.എസ്സ്.സിയിൽ വേണ്ടത്ര അദ്ധ്യാ പകരില്ല.
- നിലവിലുള്ള ഒഴിവുകളിൽ യഥാസമയം അദ്ധ്യാപകരെ നിയമിക്കുന്നില്ല.
- സിലബസ്സിന്റെ വൈകല്യം കാരണം പാഠ്യേതര പ്രവർത്തനങ്ങൾക്ക് സമയം കിട്ടുന്നില്ല.
- വനിതകളാണ് കൂടുതൽ അദ്ധ്യാപകർ എന്നുള്ളതു കൊണ്ട് തന്നെ പാഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രാധാന്യം ലഭിക്കാറില്ല.
- അദ്ധ്യാപകരുടെ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള ഇൻസർവ്വീസ് കോഴ്സുകളുടെ അപര്യാപ്തത.
- നഗരങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം കൂടിവരുന്നു. തൽഫ ലമായി ഡിവിഷൻ അനുഭവപ്പെടുന്നു.
- ഈ മേഖലയിൽ പ്രീ പ്രൈമറി വിദ്യാഭ്യാസ സ്ഥാപ നങ്ങൾ നടത്തുന്നവരിൽ പലരും അതിനുവേണ്ട പരി ശീലനം ലഭിച്ചവരല്ല.
- ജീവിതവും വിദ്യാഭ്യാസവും തമ്മിലുള്ള അകൽച്ച
- വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പഞ്ചായ ത്തുവികസന സഹായകേന്ദ്രമായി പ്രവർത്തിക്കുന്നില്ല.
- വിദ്യാ: പ്രവർത്തനങ്ങളിൽ രക്ഷാകർതൃ-ബഹുജന പങ്കാളിത്തത്തിന്റെ കുറവ്.

## പി.ടി.എ.യുടെ പ്രവർത്തനം

നമ്മുടെ പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും PTA കമ്മറ്റികൾ ഔപചാരികമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ചുരുക്കം ചില കമ്മറ്റികൾക്കുമാത്രമേ വ്യക്ത മായ ഉദ്ദേശലക്ഷ്യത്തോടുകൂടി പ്രവർത്തിക്കാൻ കഴിയു ന്നുള്ളു. കാര്യക്ഷമമായി പ്രവർത്തിക്കുന്ന PTA കളുള്ള സ്കൂളുകളിലെ പഠനനിലവാരവും മറ്റു സാഹചര്യങ്ങളും നല്ല നിലയിലാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഗ്രാമപ്രദേശങ്ങളിലെ ഭൂരിപക്ഷം സ്കൂളുകളിലേയും PTA കൾക്ക് ഉയർന്ന് പ്രവർത്തിക്കാൻ കഴിയുന്നില്ല. അതിനു കാരണങ്ങൾ പലതാണ്. തൊഴിലില്ലായ്മ, ദാരിദ്ര്യം, രക്ഷ കർത്താക്കളുടെ ബോധനിലവാരം തുടങ്ങിയ സാമൂഹ്യ സാഹചര്യങ്ങൾ ഇതിന്റെ ഘടകങ്ങളാണ്. സ്കൂൾ മാനേ ജ്മെന്റുകൾ പലപ്പോഴും ഈ കമ്മറ്റികളെ പണം ശേഖ രിക്കുന്നതിനുള്ള മദ്ധ്യവർത്തികളായി കാണുന്നു. എന്ന തോന്നൽ ഇന്ന് രക്ഷിതാക്കളിൽ നിലനിൽക്കുന്നുണ്ട്. PTA കമ്മിറ്റികൾ പലതും ഗുണപ്രദമായ വിധത്തിൽ കൂടാൻ കഴിയാത്തതിന് ഇതും ഒരു പ്രധാന കാരണമാണ്. അതു കൊണ്ടുതന്നെ PTA കമ്മറ്റികൾ വിളിച്ചു കൂട്ടേണ്ടത് മുഖ്യ മായും പഠനനിലവാരത്തെക്കുറിച്ച് ചർച്ച ചെയ്യേണ്ടതിനാ യിരിക്കണം. ഇത്തരം ചർച്ചകളിലൂടെ അതാതു സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളെക്കുറിച്ച് വിലയിരു ത്താനും, ഓരോ രക്ഷാകർത്താവിനെയും അതിൽ പങ്കാ ളികളാക്കാനും കഴിയും.

ഭൂരിപക്ഷം വിദ്യാർത്ഥികളുടെയും പഠനനിലവാര ത്തെയും സ്വഭാവരൂപീകരണത്തെയും കൂടുതൽ സ്വാധീ നിക്കാൻ കഴിയുന്നത് അമ്മമാർക്കാണ്. അതുകൊണ്ടു തന്നെ സ്കൂളുകളിലെ മാതൃസംഗമം കുറെക്കൂടി സജ്ജീ വമാക്കുന്നതിനാവശ്യമായ ചർച്ചകളും പദ്ധതികളും നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. ക്ലാസ്സടിസ്ഥാനത്തിൽ മാസത്തിലൊരുതവണയെങ്കിലും മാതൃസംഗമം കൂടാൻ കഴിയണം. അതിൽ അതാതു ക്ലാസ്സിലെ മുഴുവൻ അദ്ധ്യാ പകരും പങ്കെടുക്കുകയും വേണം. വിദ്യാഭ്യാസ പ്രവർത്ത കരുടെ സഹകരണത്തോടുകൂടി മുഴുവൻ രക്ഷിതാക്ക ളെയും ഈ കമ്മറ്റികളിൽ നിർബന്ധമായും പങ്കെടുപ്പി ക്കുവാൻ കഴിഞ്ഞാൽ പഠനനിലവാരം ഇന്നുള്ളതിനെ ക്കാൾ ഏറെ മെച്ചപ്പെടുത്താൻ കഴിയും.

# പട്ടിക 1
## സ്കൂളുകളുടെ പൊതുവിവരം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഉടമസ്ഥത | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളി സ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | യു.പി.എസ്., വേങ്കോട് | സർക്കാർ | 303 | 260 | 563 | 18 | 18 | | | 1.5 ഏക്കർ | 2സെന്റ് | 1 ഏക്കർ |
| 2. | സെന്റ് റീത്താസ് യു.പി.എസ്. അരുവിയോട് | എയ്ഡഡ് | 215 | 149 | 364 | 14 | 14 | | 1 | 1 ഏക്കർ | 1400 ച.മി. | ഇല്ല |
| 3. | ഗവ: എൽ.പി.ബി.എസ്, കരകുളം | സർക്കാർ | 68 | 49 | 117 | 5 | 3 | 2 | | 18 സെന്റ് | 10 സെന്റ് | ഇല്ല |
| 4. | ഗവ: യു.പി.എസ്., കഴുനാട് | സർക്കാർ | 242 | 240 | 482 | 17 | 17 | | | 1 ഏക്കർ | 25 സെന്റ് | ഇല്ല |
| 5. | എൽ.എഫ്.എൽ.പി.എസ്., കഴുനാട് | എയ്ഡഡ് | 71 | 87 | 158 | 5 | 5 | - | | 1.81 സെന്റ് | 600 ച.മീ. | 100 ച.മീ. |
| 6. | എൽ.എം.എസ്.ഹൈസ്കൂൾ, വട്ടപ്പാറ | എയ്ഡഡ് | 627 | 578 | 1205 | 44 | 44 | | - | 3 ഏക്കർ | 25 സെന്റ് | 1.50 സെന്റ് |
| 7. | ഗവ: ഹൈസ്കൂൾ, കരകുളം | സർക്കാർ | 312 | 232 | 544 | 24 | 23 | 1 | - | 2.85 സെന്റ് | 60' X 80' | 1 ഏക്കർ |
| 8. | ഗവ: യു.പി.എസ്., കരകുളം | സർക്കർ | 551 | 436 | 987 | 29 | 29 | - | | 50 സെന്റ് | 10 സെന്റ് | ഇല്ല |
| 9. | ഗവ: എൽ.എം.എ.എൽ.പി.എസ്., വട്ടപ്പാറ | സർക്കാർ | 162 | 166 | 328 | 6 | 6 | | | 50 സെന്റ് | – | ഇല്ല |
| 10. | ഗവ: എൽ.പി.എസ്., വട്ടപ്പാറ | സർക്കാർ | 60 | 64 | 124 | 4 | 4 | - | 1 | 50 സെന്റ് | 15 സെന്റ് | ഇല്ല |
| 11. | എൽ.എം.എൽ.പി.എസ്., ചേന്നാംകോട് | എയ്ഡഡ് | 55 | 68 | 123 | 4 | 4 | | - | 50 സെന്റ് | – | 30 ന്റെ |
| 12. | ഗവ: എൽ.പി.എസ്., മുക്കോലയ്ക്കൽ | സർക്കാർ | 104 | 113 | 217 | 7 | 8 | - | | 50 സെന്റ് | 15 സെന്റ് | ഇല്ല |
| 13. | വിദ്യാധിരാജ എൽ.പി.എസ്., എട്ടാംകല്ല് | എയ്ഡഡ് | 117 | 99 | 216 | 8 | 8 | | | 1 ഏക്കർ | 20 സെന്റ് | ഇല്ല |

## പട്ടിക 3
## സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ

| ക്രമ നമ്പർ | പേര് | ലബോറട്ടറി | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | പാചകമുറി | ഓഫീസ്മുറി | സ്റ്റാഫ് മുറി | ഫർണിച്ചർ | വൈദ്യുതി | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | യു.പി.എസ്., വേങ്കോട് | ഇല്ല | 1 | 1 | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | മതിയാകില്ല | ഉണ്ട് | | | |
| 2. | [illegible] [illegible]ദാസ് യു.പി.എസ്. [illegible]രുവിയോട് | – | 2 | 2 | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | മതിയാകില്ല | ഉണ്ട് | | | |
| 3. | ഗവ: എൽ.പി.ബി.എസ്, കരകുളം | ഉണ്ട് | ഇല്ല | 1 | കിണർ | ഇല്ല | ഉണ്ട് | ഇല്ല | മതിയാകില്ല | ഇല്ല | | | |
| 4. | ഗവ: യു.പി.എസ്., കഴുനാട് | ഉണ്ട് | 2 | 2 | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | മതിയാകില്ല | ഉണ്ട് | | | |
| 5. | എൽ.എ[illegible].എൽ.പി.എസ്., കഴുനാട് | ഉണ്ട് | 1 | 1 | കിണർ | ഇല്ല | ഉണ്ട് | ഇല്ല | മതിയാകില്ല | ഇല്ല | | | |
| 6. | എൽ.എ[illegible] [illegible]ഹൈസ്കൂൾ, വട്ടപ്പാറ | ഉണ്ട് | 6 | 4 | പൈപ്പ്, കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | മതിയാകില്ല | ഉണ്ട് | | | |
| 7. | ഗവ: [illegible]ഹൈസ്കൂൾ, കരകുളം | ഉണ്ട് | 2 | 1 | പൈപ്പ് | ഇല്ല | ഉണ്ട് | ഉണ്ട് | മതിയാകും | ഉണ്ട് | | | |
| 8. | ഗവ: [illegible].പി.എസ്., കരകുളം | ഉണ്ട് | 2 | 1 | പൈപ്പ് കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | മതിയാകില്ല | ഉണ്ട് | | | |
| 9. | ഗവ: എസ്.എം.എ.എൽ.പി.എസ്., വട്ടപ്പാറ | ഇല്ല | 1 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | മതിയാകില്ല | ഇല്ല | | | |
| 10. | ഗവ: എൽ.പി.എസ്., വട്ടപ്പാറ | ഇല്ല | 2 | ഇല്ല | കിണർ | ഇല്ല | ഉണ്ട് | ഇല്ല | മതിയാകും | ഉണ്ട് | | | |
| 11. | എൽ.എം.എൽ.പി.എസ്., ചേന്നാംകോട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | മതിയാകില്ല | ഇല്ല | | | |
| 12. | ഗവ: എൽ.പി.എസ്., മുക്കോലയ്ക്കൽ | ഉണ്ട് | 2 ഉപയോഗമില്ല | 1 ഉപയോഗമില്ല | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | മതിയാകും | ഉണ്ട് | | | |
| 13. | വിദ്യാധിരാജപുരം എൽ.പി.എസ്., എട്ടാംകല്ല് | ഇല്ല | ഇല്ല | ഇല്ല | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | മതിയാകില്ല | ഇല്ല | | | |

## പട്ടിക 4

# പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | I | | II | | III | | IV | | V | | VI | | VII | | VIII | | IX | | X | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | |
| 1 | വിദ്യാധിരാജ 8-ാം കല്ല് എൽ.പി.സ്കൂൾ | 3 | 1 | 4 | 1 | 4 | 3 | 4 | 3 | – | – | – | – | – | – | – | | – | – | – | – | 23 |
| 2 | എൽ.എം.എൻ.പി.എസ്., ചേനാംകോട് | 1 | 1 | 1 | 1 | – | – | – | – | – | – | – | – | – | – | – | – | | – | – | – | 4 |
| 3 | ഗവ: എൽ.എം.എ.എൽപി.എസ്., വട്ടപ്പാറ | 1 | 6 | 5 | 14 | 6 | 7 | 4 | 6 | – | – | – | – | – | – | – | – | – | | – | – | 49 |
| 4 | ഗവ: എൽ.പി.എസ്. വപ്പാറ | 1 | – | 1 | 1 | 1 | 1 | 1 | 2 | – | – | – | – | – | – | – | | – | – | – | – | 8 |
| 5 | ഗവ: എൽ.പി.എസ്., മുക്കോലയ്ക്കൽ | 12 | 16 | 6 | 9 | 10 | 8 | 10 | 17 | – | – | – | – | – | – | – | – | – | – | – | – | 88 |
| 6 | ഗവ: എൽ.പി.ബി.എസ്., കരകുളം | 5 | 1 | 5 | 3 | 3 | 6 | 1 | 2 | – | – | – | – | – | – | – | – | – | – | – | – | 26 |
| 7 | എൻ.എഫ്.എൽ.പി.എസ്., കഴുനാട് | – | 3 | 1 | 2 | 1 | 2 | 2 | 1 | 5 | 1 | – | – | – | – | – | – | – | – | – | – | 18 |
| 8 | ഗവ: യു.പി.എസ്., കഴുനാട് | 4 | 6 | 6 | 4 | 3 | 5 | 2 | 6 | 7 | 4 | 5 | 2 | 3 | 5 | – | – | – | – | – | – | 62 |
| 9 | ഗവ: യു.പി.എസ്., കരകുളം | 3 | 3 | 6 | 4 | 7 | 1 | 2 | 4 | 9 | 6 | 6 | 6 | 12 | 4 | – | – | – | – | – | – | 73 |
| 10 | ഗവ: യു.പി.എസ്., വേങ്കോട് മുക്ക് | 2 | 5 | 6 | 2 | 8 | 10 | 6 | 6 | 4 | 5 | 6 | 7 | 11 | 7 | – | – | – | – | – | – | 85 |
| 11 | സെന്റ് റീത്തസ് യു.പി.എസ്., അരുവിയോട | – | – | – | – | – | – | – | – | 6 | 11 | 12 | 8 | 4 | 9 | – | – | – | – | – | – | 50 |
| 12 | എൽ.എം.എസ്.എച്ച്.എസ്., വപ്പാറ | – | – | – | – | – | – | – | – | 15 | 8 | 15 | 10 | 21 | 11 | 15 | 19 | 18 | 15 | 10 | 13 | 170 |
| 13 | ഗവ: ഹൈസ്കൂൾ, കരകുളം | – | – | – | – | – | – | – | – | – | – | – | – | – | – | 9 | 10 | 4 | 11 | 12 | 11 | 57 |
| | | 32 | 42 | 41 | 41 | 43 | 43 | 32 | 47 | 46 | 35 | 44 | 33 | 51 | 36 | 24 | 29 | 22 | 26 | 22 | 24 | 713 |

## സാധ്യതകൾ

*1. സ്കൂൾ കോംപ്ലക്സ്*

ഈ പഞ്ചായത്തിലെ ഹൈസ്കൂളുകളായ കരകുളം H.S.ന്റെയും വട്ടപ്പാറ L.M.S H.S ന്റെയും വിഭവങ്ങളെ അടിസ്ഥാനമാക്കി മറ്റ് 11 സ്കൂളുകളെ ഉൾപ്പെടുത്തി പഞ്ചായത്ത്തല സ്കൂൾ കോംപ്ലക്സുകൾക്ക് രൂപം നൽകുക. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ നടത്തി വരുന്ന വിദ്യാജ്യോതി പദ്ധതിയുമായി ഇതിനെ ബന്ധിപ്പിച്ച് പ്രവർത്തിപ്പിക്കാൻ പഞ്ചായത്തസമിതി കൂട്ടായും വിദ്യാഭ്യാസ സബ്കമ്മിറ്റി പ്രത്യേകിച്ചു ശ്രദ്ധിക്കണം. നമ്മുടെ പഞ്ചായത്തിന്റെ പ്രവർത്തന സൗകര്യം കണക്കിലെടുത്ത് വട്ടപ്പാറ കരകുളം എന്നീ രണ്ടു മേഖലകളാക്കി തിരിച്ചുകൊണ്ടും ഇതിന് സംഘടനാ രൂപം കൊടുക്കാം. ഗ്രാമപഞ്ചായത്തും-ജില്ലാ പഞ്ചായത്തും പരസ്പരം സഹകരിച്ച് ഈ പ്രവർത്തനം നിർവ്വഹിക്കാവുന്നതാണ്.

ഒന്നും രണ്ടും സ്റ്റാന്റേർഡുകൾ ഒഴിച്ചുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് അതതു നിലവാരത്തിൽ ഉണ്ടാകേണ്ട അക്ഷരബോധവും അക്കബോധവും ഉണ്ട് എന്നുറപ്പുവരുത്തുകയാവണം മുഖ്യ ലക്ഷ്യം. പഠനോപകരണങ്ങൾ ഉപയോഗിച്ചു ബോധന രീതികൾ രസാവഹമാക്കാൻ കഴിയണം. അദ്ധ്യാപക പരിശീലനത്തിലെ പിഴവുകൾ തിരുത്തി മാസത്തിലൊരിക്കലെങ്കിലും പഞ്ചായത്തുതലത്തിൽ റിഫ്രഷർ കോഴ്സുകൾ നടത്തുകയും ലൈബ്രറി-ലബോറട്ടറി സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യണം.

*2. ബാലജ്യോതി*

പഞ്ചായത്തിലെ മുഴുവൻ പ്രീ-പ്രൈമറി സ്ഥാപനങ്ങളും മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളും ഇപ്പോൾ ഓരോന്നിന്റെയും തനതു പ്രവർത്തനങ്ങളിൽമാത്രം ശ്രദ്ധിച്ചും മറ്റു സ്ഥാപനങ്ങളുടെ സഹായമില്ലാതെയുമാണ് പ്രവർത്തിക്കുന്നത്. ഇത് പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാൻ പറ്റാത്ത അവസ്ഥയുണ്ടാക്കുന്നു.

ഇപ്പോൾ പഞ്ചായത്തിൽ പ്രീ-പ്രൈമറി സ്ഥാപനങ്ങളും പതിനാറ് മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. ഇവയെ വട്ടപ്പാറ കരകുളം എന്നീ രണ്ടു മേഖലകളായി തിരിച്ച് ഓരോ മേഖലയിലും ഓരോ പഞ്ചായത്തുതല സമിതികൾക്ക് രൂപം കൊടുക്കാവുന്നതാണ്. കഴുനാട്, ചിറ്റാഴ, മരുതൂർ, നെടുമൺ, കല്ലയം, വേങ്കോട്, പന്തപ്ലാവ് തുടങ്ങിയ വാർഡുകളിലെ സ്ഥാപനങ്ങളെ ച്ചേർത്ത് വട്ടപ്പാറ കേന്ദ്രമാക്കിയും കരകുളം, കാച്ചാണി, അയണിക്കാട്, പുരവൂർക്കോണം, ചെക്കക്കോണം, മുക്കോല, ഏണീക്കര എന്നി വാർഡുകളിലെ സ്ഥാപനങ്ങൾ ചേർത്ത് കരകുളം കേന്ദ്രമാക്കിയും സമിതികൾക്കു രൂപം കൊടുക്കാം. പ്രീ-പ്രൈമറി സ്കൂളിലെ പ്രധാന അദ്ധ്യാപകൻ മാതൃ ശിശു സംരക്ഷണ സമിതികളിലെ കൺവീനർമാർ, വിദ്യാഭ്യാസപ്രവർത്തകർ തുടങ്ങിയവരായിരിക്കണം ഈ സമിതിയിലെ അംഗങ്ങൾ. ഈ സമിതിയ്ക്ക് പഞ്ചായത്ത് സമിതിയിൽനിന്ന് ഒരു വനിതാ മെമ്പർ കൺവീനറായി മൂന്നു പേരിൽ കുറയാത്ത ഉപസമിതിയുണ്ടാകണം.

പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം എന്ത്, എങ്ങനെയെന്നതിനെ സംബന്ധിച്ച ബോധവൽക്കരണമായിരിക്കണം ഈ സമിതിയുടെ പ്രധാന പ്രവർത്തന ലക്ഷ്യം. ഈ സമിതി, സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ, പ്രശ്നങ്ങൾ എല്ലാം പരിശോധിക്കപ്പെടുകയും പരിഹാരം കണ്ടെത്താൻ ശ്രമിക്കുകയുംവേണം. പ്രീ-പ്രൈമറി സ്ഥാപനങ്ങളില്ലാത്ത സ്ഥലങ്ങളിൽ ആവശ്യമായവ തുടങ്ങേണ്ടതും ഈ സമിതിയുടെ നേതൃത്വത്തിലാകാം.

ഇപ്പോൾ പ്രീ-പ്രൈമറി എന്നാൽ വിദ്യാഭ്യാസം നടത്താനുള്ള ഒരു സ്ഥാപനമാണ് എന്ന തെറ്റായ ധാരണ നിലവിലുണ്ട്. അതിൽനിന്നും മുക്തമല്ല നമ്മുടെ പഞ്ചായത്ത്. ആയതിനാൽ പ്രീ-പ്രൈമറി വിദ്യാഭ്യാസം എങ്ങനെ നടത്തണം എന്നതിനെ സംബന്ധിച്ച് അദ്ധ്യാപകർക്ക് പരിശീലനം നൽകേണ്ട ചുമതലയും ഈ സമിതിയ്ക്കാണ്. താഴ്ന്ന വരുമാനക്കാരായ കുട്ടികളെ കണ്ടുപിടിക്കാനും അവരെ സ്ഥാപനത്തിലെത്തിക്കാനും അവർക്കുള്ള ആഹാരം മാതൃശിശു സംരക്ഷണസമിതികളുമായി ബന്ധപ്പെടുത്തി കണ്ടെത്താൻ സാധിക്കണം.

## പാഠ്യേതര പ്രവർത്തനങ്ങൾ

ഓരോ സ്കൂളിലേയും ഒഴിഞ്ഞുകിടക്കുന്ന സ്ഥലം ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികൾക്ക് പച്ചക്കറികൃഷി നടത്താനുള്ള പരിശീലനം കൊടുക്കാവുന്നതാണ്. ഒരു ഡിവിഷന് ഒരു പ്രത്യേകം സ്ഥലം അനുവദിച്ച് ആ ക്ലാസ്സ് ടീച്ചറുടെ ചുമതലയിൽ ഇത് നടത്താവുന്നതാണ്. സംഘകൃഷിയായി നടത്തുകയാണ് ലക്ഷ്യം. ഏറ്റവും നല്ല തോട്ടം നിർമ്മിക്കുന്നവർക്ക് പ്രത്യേക അവാർഡുകളും പ്രോത്സാഹനങ്ങളും നൽകാവുന്നതാണ്.

ഇങ്ങനെ പരിശീലനം ലഭിക്കുന്ന കുട്ടികളുടെ വീടുകളിലേയ്ക്കും ഈ പരിപാടി വ്യാപിപ്പിക്കാൻ സാധിക്കും. വീട്ടിലെ അടുക്കളത്തോട്ടം ഉണ്ടാക്കുന്നതിൽ ഈ കുട്ടികൾക്ക് ഒരു പ്രധാന പങ്ക് വഹിക്കാൻ സാധിക്കും. വിത്ത് എത്തിച്ചു കൊടുക്കുക, ആവശ്യത്തിനു ജലസേചനം നടത്തുക ഇതെല്ലാം ഈ കുട്ടികളിലൂടെ നടത്താൻ സാധിക്കും.

പാഠ്യേതര പ്രവർത്തനങ്ങളിലൂടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പല പരിപാടികളും സംഘടിപ്പിക്കാൻ കഴിയും.

ഹൈസ്കൂളുകളിൽ സാംസ്കാരിക ചർച്ചകൾ സംഘടിപ്പിക്കാം. പ്രസക്തമായ വിഷയങ്ങൾ തെരഞ്ഞെടുത്ത് പഠന സമയത്തിനു പുറത്ത് സമയം കണ്ടെത്തി ചർച്ച

സംഘടിപ്പിക്കാം. ഒരാഴ്ചയിൽ ഒരു ദിവസം എന്ന ക്രമത്തിൽ ഇതു നടത്താവുന്നതാണ്.

ഓരോ സ്കൂളിനും ഇതു സംഘടിപ്പിക്കാൻ വിദ്യാഭ്യാസ-സാമൂഹിക പ്രവർത്തകരെ പങ്കെടുപ്പിച്ച് ഓരോ ഫോക്കസ് ഗ്രൂപ്പ് ഉണ്ടാക്കാവുന്നതാണ്. കുട്ടികളുടെ ബോധനിലവാരം വർദ്ധിപ്പിക്കാൻ ഇത്തരം ചർച്ചകൾ സഹായിക്കും. താൽപര്യമുള്ള രക്ഷകർത്താക്കളെയും ഈ ചർച്ചകളിൽ പങ്കെടുപ്പിക്കാവുന്നതാണ്.

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ശാസ്ത്രക്ലബ്ബുകൾ ഇല്ലാത്ത സ്കൂളുകളിൽ അതു സംഘടിപ്പിക്കാൻ കഴിയണം. ശാസ്ത്രക്ലബ്ബുകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളുടെ ശാസ്ത്ര ബോധം വളർത്തുന്നതിനും ഉപയോഗിക്കാതെ കിട്ടുന്ന ലാബ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്താനും കഴിയും.

അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനത്തിന് സഹായകമായവിധം ബാലവേദികളുടെ സംഘാടനവും പ്രവർത്തനവും വിവിധ സന്നദ്ധ പ്രവർത്തകരുടെ സഹകരണത്തോടെ നിർവ്വഹിക്കാവുന്നതാണ്.

## ടി.വി.ക്ലബ്ബുകൾ

ഇന്നു മാധ്യമരംഗത്തെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ദൂരദർശൻ. പഞ്ചായത്തിൽ     വീടുകളിൽ ടെലിവിഷൻ സെറ്റുണ്ട്.

പക്ഷേ ഇപ്പോൾ ഈ മാധ്യമത്തിലൂടെ നമുക്ക് ആവശ്യമുള്ളതും ആവശ്യമില്ലാത്തതുമായ ധാരാളം പരിപാടികൾ ഏതു സമയത്തും ദൃശ്യമാണ്. ഇതിനെ ആവശ്യാനുസരണം ഉപയോഗിക്കുകയെന്നതാണ് കാലിക പ്രസക്തിയുള്ള കാര്യം. ഇതിൽനിന്നും ആവശ്യമായവ തെരഞ്ഞെടുത്ത് വീക്ഷിക്കാനും അനാവശ്യമായവ തള്ളിക്കളയാനും ജനങ്ങളെ വിശിഷ്യാ വിദ്യാർത്ഥികളെ പര്യാപ്തരാക്കണമെങ്കിൽ ബോധപൂർവ്വമായ ഇടപെടലുകൾ സ്കൂൾ തലംമുതൽ അത്യാവശ്യമാണ്. ഈ ബോധം കുട്ടികളിൽ വളർത്തിയെടുക്കുന്നതിനുവേണ്ടി നമ്മുടെ പഞ്ചായത്തിലെ 13 സ്കൂളുകളിലും ടെലിവിഷൻ ക്ലബ്ബുകൾ രൂപീകരിക്കാവുന്നതാണ്. സ്കൂളിലെ താൽപര്യമുള്ള കുട്ടികളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് സ്കൂളിലെതന്നെ ഈ വിഷയത്തിൽ ബോധപൂർവ്വം ഇടപെടാൻ കഴിയുന്ന ഒരു അദ്ധ്യാപകന്റെ നേതൃത്വത്തിൽ ഈ ക്ലബ്ബ് രൂപീകരിക്കാം. ആവശ്യാനുസരണം പുറമേ നിന്നുള്ള ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചയാകാം. ടി.വിയിലെ പരിപാടികൾ മുൻകൂട്ടി മനസ്സിലാക്കാൻ അതിൽ നിർബന്ധമായും കണ്ടിരിക്കേണ്ട പരിപാടികളെ സംബന്ധിച്ച് നിർദ്ദേശം കൊടുക്കാനും ഈ ക്ലബ്ബുകൾക്ക് കഴിയണം. പ്രസ്തുത പരിപാടി കണ്ടതിനുശേഷം ചർച്ച സംഘടിപ്പിക്കാവുന്നതാണ്. അതോടൊപ്പം നിലവാരമില്ലാത്ത പരിപാടികളുടേയും പരസ്യങ്ങളുടേയും അർത്ഥശൂന്യത ബോധ്യപ്പെടുത്താൻ കഴിയണം.



പ്രസിഡന്റ് ശ്രീ ശിവരാജൻ ഗ്രാമജ്യോതി തെളിയിക്കുന്നു.

## പട്ടിക 6
## ഡിവിഷൻ തിരിച്ചുള്ള കുട്ടികളുടെ കണക്ക്

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | I | | II | | III | | IV | | V | | VI | | VII | | VIII | | IX | | X | | Total | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആ ൺ | പെ ൺ | ആ ൺ | പെ ൺ | ആ ൺ | പെ ൺ | ആ ൺ | പെ ൺ | ആ ൺ | പെ ൺ | ആ ൺ | പെ ൺ | ആ ൺ | പെ ൺ | ആ ൺ | പെ ൺ | ആ ൺ | പെ ൺ | ആ ൺ | പെ ൺ | ആ ൺ | പെ ൺ |
| 1 | വിദ്യാധിരാജ 8-ാം കല്ല് എൽ.പി.സ്കൂൾ | 24 | 23 | 32 | 31 | 30 | 22 | 31 | 23 | – | – | – | – | – | – | – | – | – | – | – | – | 117 | 99 |
| 2 | എൽ.എം.എൻ.പി.എസ്., ചേനാംകോട് | 15 | 27 | 18 | 20 | 22 | 21 | – | – | – | – | – | – | – | – | – | – | – | – | – | – | 55 | 68 |
| 3 | ഗവ: എൽ.എം.എ.എൽപി.എസ്., വട്ടപ്പാറ | 32 | 36 | 49 | 56 | 37 | 38 | 44 | 36 | – | – | – | – | – | – | – | – | – | – | – | – | 162 | 166 |
| 4 | ഗവ: എൽ.പി.എസ്. വപ്പാറ | 14 | 12 | 11 | 16 | 18 | 20 | 17 | 16 | – | – | – | – | – | – | – | – | – | – | – | – | 60 | 64 |
| 5 | ഗവ: എൽ.പി.എസ്., മുക്കോലയ്ക്കൽ | 28 | 27 | 16 | 22 | 27 | 28 | 33 | 36 | – | – | – | – | – | – | – | – | – | – | – | – | 104 | 113 |
| 6 | ഗവ: എ ... വി.എസ്., കരകുളം | 12 | 11 | 20 | 12 | 22 | 14 | 14 | 12 | – | – | – | – | – | – | – | – | – | – | – | – | 68 | 49 |
| 7 | എൻ.എഫ് എൽ.പി.എസ്., കഴുനാട് | 10 | 14 | 12 | 17 | 13 | 17 | 19 | 19 | 17 | 20 | – | – | – | – | – | – | – | – | – | – | 71 | 87 |
| 8 | ഗവ: യു.പി.എസ്., കഴുനാട് | 32 | 37 | 41 | 28 | 31 | 31 | 36 | 32 | 37 | 35 | 34 | 40 | 31 | 37 | – | – | – | – | – | – | 242 | 240 |
| 9 | ഗവ: യു.പി.എസ്., കരകുളം | 47 | 35 | 69 | 60 | 62 | 55 | 63 | 61 | 115 | 80 | 88 | 68 | 107 | 77 | – | – | – | – | – | – | 551 | 436 |
| 10 | ഗവ: യു.പി.എസ്., വേങ്കോട് മുക്ക് | 28 | 27 | 46 | 29 | 35 | 34 | [illegible] | 43 | 33 | 43 | 46 | 45 | 63 | 39 | – | – | – | – | – | – | 303 | 260 |
| 11 | സെന്റ് റീത്തസ് യു.പി.എസ്., അരുവിയോട | – | – | – | – | – | – | – | – | 74 | 43 | 74 | 50 | 67 | 56 | – | – | – | – | – | – | 215 | 149 |
| 12 | എൽ.എം.എസ്.എച്ച്.എസ്., വപ്പാറ | – | – | – | – | – | – | – | – | 86 | 71 | 98 | 82 | 104 | 100 | 135 | 118 | 118 | 119 | 86 | 88 | 627 | 578 |
| 13 | ഗവ: ഹൈസ്കൂൾ, കരകുളം | – | – | – | – | – | – | – | – | – | – | – | – | – | – | 93 | 72 | 113 | 75 | 106 | 85 | 312 | 232 |
| | | 242 | 249 | 314 | 291 | 297 | 280 | 309 | 278 | 362 | 292 | 340 | 285 | 372 | 309 | 228 | 190 | 231 | 194 | 192 | 173 | 2887 | 2641 |

## പട്ടിക 5
## അക്കാദമിക് നിലവാരം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | 30 മാർക്കിനു താഴെ | 30 - 40 | 40 - 50 | 50 - 60 | 60 നു മകളിൽ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | [illegible] 8-ാം കല്ല് എൽ.പി.സ്കൂൾ | 39% | 19% | 12% | 11% | 19% |
| 2 | എൽ.എം.എൻ.പി.എസ്., ചേനാംകോട് | - | 7% | 5% | 18% | 70% |
| 3 | ഗവ: എൽ.എം.എ.എൽപി.എസ്., വട്ടപ്പാറ | 30% | 28% | 12% | 18% | 12% |
| 4 | ഗവ: എൽ.പി.എസ്. വപ്പാറ | 35% | 15% | 13% | 15% | 22% |
| 5 | ഗവ: എൽ.പി.എസ്., മുക്കോലയ്ക്കൽ | 10% | 17% | 30% | 33% | 10% |
| 6 | ഗവ: എൽ.പി.ബി.എസ്., കരകുളം | 15% | 10% | 22% | 15% | 38% |
| 7 | എൻ.എഫ്.എൽ.പി.എസ്., കഴുനാട് | 10% | 17% | 18% | 18% | 37% |
| 8 | ഗവ: യു.പി.എസ്., കഴുനാട് | 25% | 27% | 15% | 20% | 13% |
| 9 | ഗവ: യു.പി.എസ്., കരകുളം | 26% | 15% | 14% | 17% | 28% |
| 10 | ഗവ: യു.പി.എസ്., വേങ്കോട് മുക്ക് | 32% | 22% | 15% | 18% | 13% |
| 11 | സെന്റ് റീത്തസ് യു.പി.എസ്., അരുവിയോട് | 15% | 39% | 18% | 18% | 10% |
| 12 | എൽ.എം.എസ്.എച്ച്.എസ്., വപ്പാറ | 38% | 30% | 15% | 10% | 7% |
| 13 | ഗവ: ഹൈസ്കൂൾ, കരകുളം | 30% | 20% | 18% | 17% | 15% |

**9**

# പൊതുജനാരോഗ്യം കുടിവെള്ളം പരിസര ശുചിത്വം

"പ്രക്ഷാളനാദ്ധി പങ്കസ്യ
ദുരാദസ്പർശനം വരം"

ചെളിപറ്റിയിട്ട് കഴുകാൻ മെനക്കെടുന്നതിനെക്കാൾ ചളി പറ്റാതെ നോക്കുന്നത് നന്ന് എന്ന അർത്ഥം വരുന്ന ഈ പ്രമാണവചനം ആരോഗ്യ വിജ്ഞാനത്തിന്റെ പ്രാധാന്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. പിടികൂടിക്കഴിഞ്ഞ രോഗം അല്ലറചില്ലറ പ്രയോഗങ്ങൾ കൊണ്ടൊന്നും ഒഴിഞ്ഞുപോകുന്നവനല്ല എന്ന തോന്നൽ ബലപ്പെടുമ്പോൾ മാത്രമെ അധികം പേരും ശാസ്ത്രീയമായ ചികിത്സ തേടാറുള്ളു. അത് പലപ്പോഴും ചികിത്സയെ ദുഷ്കരമാക്കുകയോ നിഷ്ഫലമാക്കുകയോ ചെയ്യാറുണ്ട്. "ഇന്ന രോഗമോ? ഇന്ന മരുന്ന് കഴിക്കൂ", "ഇന്നയിന്ന രോഗങ്ങൾക്ക് ഈ മരുന്ന് ഫലപ്രദം" എന്നമട്ടിലുള്ള അത്യന്തം അപകടകരമായ പരസ്യരീതികൾ, രോഗങ്ങളെക്കുറിച്ചും രോഗപ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചുമൊക്കെയുള്ള പരിമിതമായ ധാരണകൾ, ഇതൊക്കെ ആരോഗ്യരംഗത്ത് ഭീഷണിയായി നില്ക്കുന്ന വ്സതുതകളാണ്. ലോകാരോഗ്യ പൊതുവിവരക്കണക്കുകളുടെ പട്ടികയിൽ കേരളത്തിന് കുറഞ്ഞ മരണനിരക്കിലും, പൊതുജനാരോഗ്യ രംഗത്തെ മുന്നേറ്റത്തിലുമൊക്കെ മുൻപന്തി സ്ഥാനമുണ്ടായിട്ടുപോലും സമൂഹത്തിലെ രോഗനിരക്ക് വർദ്ധിച്ചുകൊണ്ടിരിക്കുന്നതിന് കാരണങ്ങൾ പ്രത്യേകിച്ച് അന്വേഷിക്കേണ്ടതില്ലല്ലോ.

ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് അവകാശവാദമുന്നയിക്കത്തക്ക മുന്നേറ്റങ്ങളൊന്നും കാഴ്ചവെക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. വ്യക്തമായ ആസൂത്രണമില്ലാതെയുള്ള കുറെ ബോധവൽക്കരണ പ്രവർത്തനങ്ങൾ അത്രമാത്രം. ആരോഗ്യം സംരക്ഷിക്കുന്നതിനുവേണ്ടി വ്യക്തിപരമായും കൂട്ടായും മനുഷ്യൻ അനുവർത്തിക്കേണ്ട കർത്തവ്യങ്ങളെക്കുറിച്ചുള്ള അറിവ് പകർന്നേകുക ആരോഗ്യ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാകണം. ശാസ്ത്രീയമായ പഠനവും പരിശീലനവും ലഭിച്ചവരിലൂടെ കിട്ടുന്ന ആരോഗ്യ രക്ഷാപാഠങ്ങൾ ഉൾക്കൊള്ളാനും പ്രാവർത്തികമാക്കാനുമുള്ള താല്പര്യം സമൂഹത്തിനുണ്ടാവണം. എങ്കിലേ ആരോഗ്യ രംഗത്ത് നേട്ടം കൈവരിക്കാനാവൂ. ഇക്കാര്യത്തിൽ ജനങ്ങൾക്കിടയിൽ ഏറ്റവും സ്വാധീനമുള്ള സിനിമ, ടെലിവിഷൻ, റേഡിയോ, പത്രമാധ്യമങ്ങൾ എന്നിവയൊക്കെ ഫലപ്രദമായി ഉപയോഗിക്കാനും നമുക്ക് കഴിഞ്ഞിട്ടില്ല.

പൊതുജനാരോഗ്യ സംവിധാനങ്ങളാകെ താറുമാറിലാണിന്ന്. സ്വകാര്യമേഖലകൾ ആരോഗ്യരംഗം കൈയ്യടക്കിയിരിക്കുന്നു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ദുർബലജനവിഭാഗത്തെ കൂടുതൽ ദുരിതങ്ങളിലേക്ക് തള്ളിവീഴ്ത്തിക്കൊണ്ട് ചികിത്സാ ചിലവ് കത്തിക്കയറുകയാണ്. പൊതു ആരോഗ്യകേന്ദ്രങ്ങളിൽ ജനങ്ങൾക്ക് വിശ്വാസം നഷ്ടപ്പെട്ടു പോയിരിക്കുന്നു. സംസ്ഥാന ബഡ്ജറ്റിന്റെ 17 ശതമാനം തന്നെ ആരോഗ്യരംഗത്തേക്ക് മാറ്റിവെച്ചിട്ടുപോലും സർക്കാരാശുപത്രികളിലെ ഗതി ഇന്നും ഏറെ ശോചനീയമാണ്. സൗജന്യ ചികിത്സ ഉപയോഗപ്പെടുത്തണമെങ്കിൽ രോഗിതന്നെ പണം ചിലവാക്കേണ്ട ദുസ്ഥിതിയാണ് നിലനില്ക്കുന്നത്. മരുന്നിനും ചികിത്സാ ഉപകരണങ്ങൾക്കും, രോഗനിർണ്ണയ പരിശോധനകൾക്കും മാത്രമല്ല ഓപ്പറേഷൻ ടേബിളിൽ നിന്ന് ബഡ്ഡിലേക്കുള്ള സ്ട്രെച്ചർ യാത്രക്കും, വീൽചെയർ യാത്രക്കും എന്തിന് അമ്മയുടെ വയറ്റിൽ നിന്നും പുറത്തേക്കുവരുന്ന കുഞ്ഞിനെ അച്ഛന്റെ കൈയ്യിലേല്പ്പിക്കുന്നതിനുവരെ മടിശീല തുറക്കാൻ സാധാരണ ജനങ്ങൾ നിർബ്ബന്ധിതരാവുന്നു. എങ്ങനെയായാലും പാവപ്പെട്ട ബഹുഭൂരിപക്ഷത്തിനും ന്യായമായ ചികിത്സ നിഷേധിക്കപ്പെടുന്ന ഈ അവസ്ഥ അപലനീയമാണ്. അതുകൊണ്ടുതന്നെ ജനകീയമായ കാഴ്ചപ്പാടോടെ സമുചിതമായ ഒരു ആരോഗ്യനയം കരുപ്പിടിപ്പിക്കാനുള്ള ഗൗരവമായ ശ്രമം ആരംഭിക്കേണ്ടിയിരിക്കുന്നു.

സർക്കാർ മേഖലയിൽ തന്നെ മൂന്ന് വിഭാഗത്തിലും പെടുന്ന ആശുപത്രികളുള്ള പഞ്ചായത്താണ് നമ്മുടേത്.

**ആയൂർവ്വേദ ആശുപത്രി, വട്ടപ്പാറ**

**പ്രാഥമിക ആരോഗ്യകേന്ദ്രം, വട്ടപ്പാറ**

**ഗവ: ഹോമിയോ ആശുപത്രി, കരകുളം**

എന്നിവയാണ് ഈ ആശുപത്രികൾ. ഈ മൂന്ന് ആശുപത്രികളിലും കൂടി 37 ജീവനക്കാരാനുള്ളത്. 1992 ലെ IRDP സർവ്വേ പ്രകാരം ഈ പഞ്ചായത്തിൽ ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരുടെ എണ്ണം 4580 ആണ്. അതേസമയം ഈ പഞ്ചായത്തിലെ എല്ലാ ആശുപത്രികളിലും കൂടി വർഷത്തിൽ ശരാശരി 80,000 ത്തോളം രോഗികൾ എത്തുന്നു എന്നാണ് ആശുപത്രി കണക്കുകൾ നൽകുന്ന സൂചന. ഇതിൽ വെമ്പായം പഞ്ചായത്തിലെ ഒരു നിശ്ചിത ശത

പഞ്ചായത്തിലെ പ്രാഥമിക വിവരശേഖരണ റിപ്പോർട്ട് പ്രകാരം പല വാർഡുകളിലും ഒന്നുമുതൽ പതിനഞ്ച് വയസ്സുവരെയുള്ള കുട്ടികളിൽ പെൺ കുട്ടികളേക്കാൾ ആൺകുട്ടികളാണ് കൂടുതൽ എന്നാൽ 55 നുമുകളിൽ പ്രായമുള്ളവരുടെ എണ്ണത്തിൽ 75 ശതമാനം സ്ത്രീകളാണ്. ഇതിൽ നിന്നും നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളുടെ ആയൂർദൈർഘ്യം പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലാണ് എന്നാ കാണാം.

പഞ്ചായത്തിലെ മിക്കവാറും എല്ലാ കുട്ടികൾക്കും പ്രതിരോധ കുത്തിവെയ്പ്പുകൾ നടത്തിയിട്ടുണ്ട് എന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. രക്ഷിതാക്കളുടെ മെച്ചപ്പെട്ട ബോധനിലവാരമാണ് ഇതുകാണിക്കുന്നത്. എന്നാൽ പോഷകാഹാരക്കുറവു കൊണ്ടുണ്ടാകുന്ന രോഗങ്ങൾ ധാരാളമായി കുട്ടികളിൽ കണ്ടുവരുന്നു. പോഷകഘടകങ്ങൾ നിത്യാഹാരത്തിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ഒരു പരിധിവരെ രക്ഷിതാക്കൾക്കുള്ള അറിവില്ലായ്മയും, ദാരിദ്ര്യവുമാണ് ഇതിനു കാരണം. മാലിന്യങ്ങളിൽ നിന്നോ മറ്റ് അന്തരീക്ഷമാലിനൃങ്ങളിൽ നിന്നോ ഉണ്ടാകുന്ന രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഉപഭോഗസംസ്കാരത്തിന് വളരെയധികം അടിപെട്ടിട്ടുള്ള ഒരു ജനതയാണ് തലസ്ഥാന നഗരിക്ക് തൊട്ടടുത്തു കിടക്കുന്ന കരകുളം പഞ്ചായത്തിലുള്ളത്. ഒരുപരിധിവരെ രോഗഹേതുവും ഇതുതന്നെയായി കണക്കാക്കാവുന്നതാണ്.

ആരോഗ്യ സാക്ഷരത ഇന്ന് ഏറ്റവും പ്രസക്തിയുള്ള സംഗതിയാണ്. പ്രാഥമിക ശുശ്രൂഷയെക്കിറിച്ചുള്ള അറിവില്ലായ്മതന്നെ ഇന്നൊരു പ്രശ്നമാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴിയും സന്നദ്ധസംഘടന പ്രവർത്തകരുടെ സേവനം വഴിയും ആരോഗ്യ വിദ്യാഭ്യാസ ബോധവൽക്കരണം എല്ലാവർക്കും പ്രത്യേകിച്ച് വനിതകൾക്ക് ലഭ്യമാക്കണം.

പ്രാഥമിക വിവരശേഖരണത്തിൽ നിന്നും നമ്മുടെ പഞ്ചായത്തിലെ 25 ശതമാനം വീടുകളിലും കക്കൂസ് ഇല്ല എന്ന് കാണുന്നു. ഇതും ആരോഗ്യരംഗത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു പ്രധാന പ്രശ്നമാണ്. മലമൂത്ര വിസർജ്ജനത്തിന് കക്കൂസുകൾ തന്നെ ഉപയോഗിക്കുന്നതിന്റെ പ്രസക്തിയെക്കുറിച്ചുള്ള ബോധമില്ലായ്മയും, സാമ്പത്തിക പരാധീനതയുമൊക്കെ ഇതിന് കാരണമാവുന്നുണ്ടെങ്കിലും കക്കൂസില്ലാത്ത പലവീടുകളിലും ടെലിവിഷൻ സൗകര്യമുണ്ട് എന്നതു ഒരു വിരോധാഭാസമായി കാണാം.

ആശുപത്രികൾക്കു പുറമെ ഈ പഞ്ചായത്തിൽ 13 മാതൃശിശു സംരക്ഷണസമിതികൾ (ഫീഡിംഗ്സെന്ററുകൾ) കൂടി പ്രവർത്തിക്കുന്നുണ്ട്. ശരാശരി 50 ഓളം പേർ ഓരോ കേന്ദ്രങ്ങളിലെയും പോഷകാഹാര വിതരണം പ്രയോജനപ്പെടുത്തുന്നു എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഇവരിൽ പത്തോളംപേർ ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും ബാക്കിയുള്ളവർ കുട്ടികളും ആണ്. ഓരോ സെന്ററിന്റെയും കൺവീനർക്ക് 300 രൂപ അല

ണം രോഗികളും ഉൾപ്പെടും. കൂടാതെ 500 ഓളം ആളുകൾ ഇൻപേഷ്യന്റായും എത്തുന്നുണ്ട്.

ഈ പഞ്ചായത്തിന്റെ വളരെ അടുത്ത് സ്ഥിതിചെയ്യുന്ന പേരൂർക്കട, നെടുമങ്ങാട് താലൂക്ക് ആശുപത്രികൾ, ജനറൽ ആശുപത്രി, മെഡിക്കൽ കോളേജ് ആശുപത്രി എന്നിവയുടെ OP കൂടി പരിശോധിക്കുകയാണെങ്കിൽ ഈ പഞ്ചായത്തിൽ നിന്നും ചെല്ലുന്ന രോഗികളുടെ എണ്ണം വളരെ കൂടുതലാണെന്ന് മനസ്സിലാകും. കൂടാതെ വട്ടപ്പാറ ഗവ: ആയുർവേദ ആശുപത്രിയിലും കരകുളം ഗവ:ഹോമിയോ ആശുപത്രിയിലും നല്ലൊരു ശതമാനം പേർ രോഗികളായി എത്തിച്ചേരുന്നുണ്ട്. അതിൽ ഹോമിയോ ആശുപത്രിയെ തേടിയെത്തുന്ന അധികവും പകർച്ചവ്യാധി പരിശോധിക്കാനെത്തുന്നവരാണെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഈ രണ്ട് ആശുപത്രികളേയും ജനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട് എങ്കിലും ഈ സ്ഥാപനങ്ങളിലെ സൗകര്യങ്ങളും അവയുടെ പ്രവർത്തനങ്ങളും മെച്ചപ്പെട്ടതല്ല. 25 കിടക്കസൗകര്യമുള്ള കരകുളത്തെ നെടുമങ്ങാട് താലൂക്ക് ഹോമിയോ ഹോസ്പിറ്റലാവട്ടെ വർഷങ്ങളോളമായി കേവലം അഞ്ചോളം കിടക്ക സൗകര്യം മാത്രമുള്ള ഒരു കുടുസ്സായ വാടക കെട്ടിടത്തിലാണ് പ്രവൃത്തിക്കുന്നത്. സ്വന്തമായ ഒരു കെട്ടിടത്തിനുവേണ്ടിയുള്ള ഒരുക്കങ്ങളും കെട്ടിട പണിയും തുടങ്ങിയിട്ട് ഒരു വ്യാഴവട്ടക്കാലം പിന്നിട്ടിരിക്കുന്നു. ഏകദേശം പാതിമുക്കാലും പണിതീർന്ന പരുവത്തിലുള്ള ആ കെട്ടിടം ഇതുവരെയും പ്രവർത്തനയോഗ്യമാക്കാൻ കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിലെ രോഗങ്ങളിൽ ഭൂരിഭാഗവും ദാരിദ്ര്യജന്യമാണ് എന്ന് ആശുപത്രി വൃത്തങ്ങൾ സൂചിപ്പിക്കുന്നു. വളരെക്കുറച്ച് തൊഴിൽജന്യ രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

ഈ പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. ഇതിന്റെ കീഴിൽ പ്രവർത്തിക്കുന്ന സബ്സെന്ററുകളുടെ അവസ്ഥ അതിലും മോശമത്രെ. വീടുകൾ സന്ദർശിച്ച് എല്ലാവിധ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുക ബോധവൽക്കരണം നടത്തുക, രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക, രോഗനിവാരണ പ്രവർത്തനങ്ങൾ നടത്തുക, ആരോഗ്യവിദ്യാഭ്യാസം നൽകുക, ഹോട്ടൽ ചായക്കട തുടങ്ങിയ ഭക്ഷണ വിതരണകേന്ദ്രങ്ങൾ പരിശോധിച്ച് ആരോഗ്യപൂർണ്ണമായ നിലയിൽ പ്രവർത്തിപ്പിക്കുക, മാതൃശിശു സംരക്ഷണ പ്രവർത്തനം നടത്തുക, രോഗ പ്രതിരോധ പ്രവർത്തനം നടത്തുക. കുടുംബക്ഷേമപ്രവർത്തനം പകർച്ചവ്യാധി നിയന്ത്രണം, ഗർഭിണികളെയും കുട്ടികളെയും പരിശോധിച്ച് അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുക എന്നിങ്ങനെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് പ്രവർത്തിക്കേണ്ട ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് നഴ്സ് തുടങ്ങിയ ഉദ്യോഗസ്ഥന്മാരുടെ ഉൾപ്പെടെ നമ്മുടെ ആരോഗ്യകേന്ദ്രങ്ങളും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകേണ്ടിയിരിക്കുന്നു.

വൻസും വിറക് വാങ്ങുന്നതിനായി 100 രൂപയുമാണ് കിട്ടുന്നത്. അധികൃതരുടെ താല്പര്യം എത്രത്തോളമുണ്ടെന്ന് ഈ സമീപനത്തിൽ നിന്നും വ്യക്തമാണ്. അതുകൊണ്ടു തന്നെ ഇവയുടെ പ്രവർത്തനങ്ങൾ ഉദ്ദിഷ്ടലക്ഷ്യങ്ങൾ നേടാതെ വെള്ളത്തിൽ വരക്കുന്ന വരപോലെ പാഴായിപോകുന്നു എന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്. ഈ സ്ഥാപനങ്ങളുടെ സ്ഥാപിതോദ്ദേശം എത്ര തന്നെ ഉത്കൃഷ്ടമായാലും ശരി നാട്ടിൻപുറത്തെ അഞ്ചോ പത്തോ കുട്ടികൾക്കോ, നാലോ അഞ്ചോ അമ്മമാർക്കോ ഗർഭിണികൾക്കോ ഒരു നേരത്തെ പയറും കഞ്ഞിയും കൊടുക്കുന്നു എന്നതുകൊണ്ടുമാത്രം അത് സമ്പുഷ്ട പോഷകാഹാര വിതരണം ആകുന്നില്ല. എന്തെങ്കിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സാധ്യതകളും ഇന്നത്തെ അവസ്ഥയിൽ ഈ കേന്ദ്രങ്ങൾക്കില്ല. ഫലത്തിലില്ലെങ്കിലും ഏതൊരു സർക്കാർ സൗജന്യകാര്യങ്ങളേയും പോലെ തന്നെ രേഖകളിൽ ഇവ കിറുകിറുത്യവും കാര്യക്ഷമവുമാണ്. ഇത്തരം കേന്ദ്രങ്ങളെ പരമാവധി പ്രയോജനപ്പെടുത്താനുള്ള പദ്ധതികൾ നമുക്കുണ്ടാവണം. ഈ ആരോഗ്യ കേന്ദ്രങ്ങളെ പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ട് ഇതിന്റെ ശരിയായ നടത്തിപ്പിനുവേണ്ടി ഒരു പഞ്ചായത്തുതല കമ്മറ്റിക്ക് രൂപംകൊടുക്കാവുന്നതാണ്.

സർക്കാർ ആശുപത്രികളുടെ ശോചനീയാവസ്ഥ അനുകൂലമാക്കിക്കൊണ്ട് ധാരാളം സ്വകാര്യ ആശുപത്രികൾ ഈ പഞ്ചായത്തിലും കൂണുപോലെ മുളച്ചുപൊങ്ങിയിട്ടുണ്ട്. 10 ഓളം വരുന്ന ഈ ക്ലിനിക്കുകളുമായി ബന്ധപ്പെട്ടപ്പോൾ ശരാശരി 30 നും 50 നും ഇടക്ക് ആളുകൾ രോഗാവസ്ഥയിൽ ഓരോ ക്ലിനിക്കിലും വന്നെത്തുന്നു എന്നറിയാൻ കഴിഞ്ഞു അമിതമായ പരിശോധനാഫീസും, യോഗ്യത വേണ്ടത്ര ഇല്ലാത്ത ജീവനക്കാരും, നിലവാരം കുറഞ്ഞ മരുന്നുകൾ കൊടുത്ത് കാശ് വാങ്ങിക്കലും ഒക്കെയായി സാധാരണ ജനങ്ങളുടെ അറിവില്ലായ്മയെ പരമാവധി ചൂഷണം ചെയ്യുന്ന ഈ സ്ഥാപനങ്ങളെ നിയന്ത്രിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

## ആരോഗ്യരംഗത്തെ സാധ്യതകൾ

1. കക്കൂസ്നിർമ്മാണം: ഈ പഞ്ചായത്തിലെ കക്കൂസില്ലാത്ത 25 ശതമാനം വീടുകളിലും കക്കൂസ് നിർമ്മിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. സ്വന്തം ചിലവിൽ നിർമ്മിക്കാൻ കഴിയുന്നവരെ കണ്ടെത്തി പ്രേരിപ്പിക്കണം. സാമ്പത്തിക സഹായത്തിന് അർഹതയുള്ളവരെ കണ്ടെത്തി ധനസഹായം നൽകേണ്ടതാണ്. ഇങ്ങനെ സഹായം നൽകുന്ന കുടുംബത്തിന്റെ അദ്ധ്വാന പങ്കാളിത്തവും കൂടി കണക്കിലെടുക്കാവുന്നതാണ്.

2. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ: എല്ലാവാർഡുകളിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിക്കുകയും അതാതു വാർഡ്മെമ്പറുടെ നേതൃത്വത്തിൽ ഓരോ കമ്മറ്റി രൂപീകരിച്ച് അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക.

3. ആരോഗ്യ സാക്ഷരത: ആരോഗ്യരംഗത്തെക്കുറിച്ചുള്ള ബോധവത്കരണം പഞ്ചായത്തിലെ മുഴുവൻ വീടുകളിലും പ്രചരിപ്പിക്കുക. അതിനുവേണ്ടി സന്നദ്ധസംഘടനകളുടെയും കലാസാംസ്കാരിക സംഘടനകളുടേയുമൊക്കെ സേവനം ലഭ്യമാക്കേണ്ടതാണ്.

4. പ്രീ പ്രൈമറികളേയും ഫീഡിംഗ് സെന്ററുകളുടേയും കൂട്ടായ സംരക്ഷണം.

ഇന്നു ഇവ ഓരോ യൂണീറ്റായി നിലനിൽക്കുന്നു. എന്നാൽ ഇവയെ പരസ്പരം കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്. ജനപ്രതിനിധികളുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയ്ക്ക് ധാരാളം കാര്യങ്ങൾ ചെയ്യാൻ കഴിയും.

5. സമ്പൂർണ്ണ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ

സർക്കാർ നടപ്പിലാക്കി വരുന്ന സമ്പൂർണ്ണ രോഗപ്രതിരോധ പ്രവർത്തനത്തിലൂടെ പഞ്ചായത്തിലെ മുഴുവൻ കുട്ടികൾക്കും കുത്തിവയ്പ് നടത്തിയെന്ന് ഉറപ്പുവരുത്തണം.

6. സ്കൂൾ ആരോഗ്യപരിപാടി

പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും ആരോഗ്യ ക്ലബ്ബുകൾ സ്ഥാപിക്കാവുന്നതാണ്. ദരിദ്രരായ കുട്ടികളെ കണ്ടുപിടിച്ച് ആരോഗ്യ ക്ലബ്ബുകൾ വഴി അവർക്കു പല സഹായങ്ങളും ചെയ്യാൻ കഴിയും.

### പട്ടിക - 1

| ഗവ: ആരോഗ്യ സ്ഥാപനങ്ങൾ | I.P എണ്ണം | O.P എണ്ണം | ത്വക്ക് രോഗം | വാതരോഗം | പകർച്ച വ്യാധികൾ | ജീവനക്കാർ എണ്ണം |
|---|---|---|---|---|---|---|
| പ്രൈമറി ഹെൽത്ത് സെന്റർ | ഇല്ല | 22,000 | 400 | 60 | 70 | 18 |
| ഗവ:ഹോമിയോ ആശുപത്രി | 160 | 30,000 | 6,000 | 12,000 | 11,150 | 14 |
| ഗവ: ആയുർവ്വേദ ആശുപത്രി | ഇല്ല | 27,000 | 10,000 | 14,000 | ഇല്ല | 5 |

N.B. കണക്കുകൾ ഒരു വർഷത്തെ ശരാശരിയാണ് സൂചിപ്പിക്കുന്നത് (ദ്വിതീയ വിവരണശേഖരണം)

### ഗ്രാമശുചീകരണവാരം കൊണ്ടാടുക

ശുചീകരണ പ്രവർത്തനങ്ങളിൽ ജനങ്ങൾക്കു അവ ബോധം ഉണ്ടാക്കാൻ പ്രത്യേക പരിപാടികൾ സംഘടിപ്പി ക്കേണ്ടതുണ്ട്. ഓരോ വീട്ടിലേയും മാലിന്യങ്ങൾ എങ്ങനെ, ഫലപ്രദമായി ഉപയോഗിക്കാം എന്ന് പഠിക്കേണ്ടതുണ്ട്. സ്കൂളുകളിലെ ആരോഗ്യക്ലബ്ബുകൾ വഴി ഇതിന്റെ ബോ ധവത്ക്കരണം നടത്താവുന്നതാണ്.

# കുടിവെള്ളം

1950 കളിൽ പഞ്ചായത്തിൽ കുടിവെള്ളം എന്നത് ഒരു പ്രശ്നമായിരുന്നില്ല. അന്നുണ്ടായിരുന്ന വീടുകളിൽ ഒന്നു കിൽ കിണറോ, നീർചാലുകളോ ഉണ്ടായിരുന്നു. കുടി യ്ക്കാനും മറ്റ് ആവശ്യങ്ങൾക്കും ധാരാളം ജലം ലഭ്യമാ യിരുന്നു. പഞ്ചായത്തിന്റെ മിക്കവാറും പ്രദേശങ്ങളിൽ കുള ങ്ങൾ ദൃശ്യമായിരുന്നു. ഈ കുളങ്ങൾ ക്രമേണ നികത്തു കയും ചിറകളും ജലശേഖരങ്ങളും ഇല്ലാതായതോടുകൂടി പഞ്ചായത്തിലെ ജലലഭ്യത വളരെയധികം കുറയാൻ കാര ണമായിട്ടുണ്ട്.

ഇപ്പോൾ 90 ശതമാനം ആളുകൾ കിണറിനെ ആശ്രയി ച്ചാണ് കുടിവെള്ളം ആവശ്യം നിറവേറ്റുന്നത്. 5 ശതമാന ത്തോളം പേർ പൈപ്പിനേയും ആശ്രയിക്കുന്നു. പൈപ്പ് കണക്ഷൻ എടുത്തിട്ടുള്ള പലവീടുകളിലും കിണറും നില വിലുണ്ട്. ബാക്കി 5 ശതമാനത്തോളം ആളുകൾ മറ്റു ശ്രോത സ്സുകളെ ആശ്രയിക്കുന്നു.

പട്ടിക –2

| കുടിവെള്ള സ്രോതസ്സുകൾ | | |
|---|---|---|
| കിണർ | കുളം | പൈപ്പ് |
| 6011 | 28 | 645 |

മഴക്കാലത്ത് ജല ലഭ്യതയുണ്ടെങ്കിലും വേനൽക്കാലം തുടങ്ങുമ്പോൾ തന്നെ പഞ്ചായത്തിലെ പല പ്രദേശങ്ങ ളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. കിണറുകൾ പുതിയതായി വെട്ടിയതുകൊണ്ടോ ഉള്ളവ താഴ്ച കൂട്ടിയ തു കൊണ്ടോ ക്ഷാമം പരിഹരിക്കാൻ കഴിയാത്ത അവ സ്ഥയാണ് നിലവിലുള്ളത്. കുടിവെള്ളക്ഷാമം അനുഭപ്പെ ടുന്ന പ്രദേശങ്ങൾ പട്ടികയിൽ പ്രതിപാദിക്കുന്നു.

പഞ്ചായത്ത് പ്രദേശത്ത് ഇന്നു നിലവിലുള്ള പൊതു വിതരണ കുടിവെള്ള സംവിധാനം തികച്ചും അപര്യാപ്ത മാണ്. പൈപ്പ് ലൈനുകൾ പോയിട്ടുള്ള പല പ്രദേശങ്ങ ളിലും അല്പം പോലും വെള്ളമെത്താത്ത അവസ്ഥയാണ് ഇന്നുള്ളത്. അല്പം കൂടുതൽ പമ്പ് ചെയ്താൽ താഴ്ന്ന പ്രദേശങ്ങളിലെ മുഴുവൻ പൈപ്പുകളും പൊട്ടി ലീക്കു ചെയ്യാനും തുടങ്ങും. അരുവിക്കര നിന്നും തിരുവനന്തപു രത്തേയ്ക്കു പോകുന്ന പൈപ്പ് ലൈനിൽ ഏണിക്കര വച്ച് ഒരു വാൽവ് കണക്ഷൻ നല്കി വെള്ളം നെടുമ്പാറ മുക ളിൽ എത്തിച്ച് പഞ്ചായത്തിലെ കുറെയധികം സ്ഥലത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. ഇപ്പോൾ പഞ്ചായത്തിലൂടെ വിതരണം ചെയ്യുന്ന പൈപ്പുവെള്ളം കുടിയ്ക്കാൻ ഉപയോഗിക്കാൻ സാധിക്കാത്തതാണ്. കരമ നയാറ്റിലെ വെള്ളം അതേപടി പമ്പ് ചെയ്തു ടാപ്പുകളിൽ എത്തിക്കുന്നതു മൂലം പലപ്പോഴും ചെളിവെള്ളം അതേ പടി വീടുകളിലെത്തുന്നു. ആയതിനാൽ നിലവിലുള്ള സംവിധാനം തന്നെ ഉപയോഗിച്ച് വെള്ളം ശുദ്ധിചെയതു കൊടുക്കാനുള്ള പരിപാടി ഉണ്ടാകണം.

ജനങ്ങളുടെ ജല സാക്ഷരത വളരെ മോശമാണ്. ജല ത്തിന്റെ ഉപയോഗം ലക്ഷ്യതയ്ക്കനുസരിച്ച് എങ്ങനെ പരി മിതപ്പെടുത്താം എന്നത് ബോധവല്ക്കരണത്തിലൂടെ പഞ്ചായത്തിലെ ജനങ്ങൾക്കു ഉണ്ടാക്കി കൊടുക്കേണ്ട താണ്. മണിക്കൂറുകളോളം പൈപ്പുവെള്ളം പാഴാക്കികള യുന്നവർ എത്രയോ ഉണ്ട്.

# പരിസര ശുചിത്വം

1980 കൾ വരെ കരകുളം പഞ്ചായത്തിൽ ശുചിത്വത്തെ സംബന്ധിച്ച് പ്രത്യേകം ശ്രദ്ധ ആവശ്യമില്ലായിരുന്നു എന്നു തന്നെ പറയാം. എന്നാൽ ഇന്നു പഞ്ചായത്തിന്റെ ശുചിത്വ

പട്ടിക 3

| വാർഡ് | കുടിവെള്ളം ദൗർലഭ്യമുള്ള പ്രദേശം | സാദ്ധ്യതകൾ നിർദ്ദേശങ്ങൾ |
|---|---|---|
| 1. അയണിക്കാട് | മൈലാടുംപാറ<br>തലയ്ക്കോട്ടുകോണം | കമനയാറ്റിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് മൈലാടും പാറ ശേഖരിച്ച് വിതരണം നടത്തിയാൽ അയണിക്കാട് കാച്ചാണി വാർഡുകളിലെ മിക്കവാറും പ്രദേശങ്ങളിൽ ജലക്ഷാമം പരിഹരിക്കാം. |
| 2. ഏണിക്കര | പള്ളിത്തറ–നെടുപാറ | കണ്ണണിക്കോണം ചിറയിൽ നിന്നും വെള്ളം പമ്പ് ചെയ്ത് ശുദ്ധീകരിച്ച് കുടിവെള്ളം എത്തിക്കാം. |
| 3.കാച്ചണി | ചെക്കാല മുകൾ<br>പുള്ളിക്കോണം<br>ദർശനാലൈൻ | മേലെ കരിമ്പുവിള പയ്ക്കോണത്ത് കുളത്തിൽ നിന്നും വെള്ളം പമ്പുചെയ്തു ചെക്കാലമുകളിൽ ടാങ്ക് കെട്ടി വിതരണം ചെയ്യാം. കരകുളം വാട്ടർ സപ്ലൈസ്കീം വിപുലപ്പെടുത്തുക. |

| | | |
|---|---|---|
| 4. പരവൂർക്കോണം | ക്രൈസ്റ്റ് നഗർ കുന്തിരക്കകുഴി | പൊതുവിതരണ പൈപ്പുലൈനുകൾ നീട്ടുക, ആയിര വല്ലികാവിനു സമീപമുള്ള നീറുറവ സംരക്ഷിച്ച് ശേഖരിച്ച് പൈപ്പ് വഴി വിതരണം നടത്താം. |
| 5 കല്ലയം | ചുടുകാട്ടുമുകളിൽ | ചുടുകാട്ടുമുകളിൽ വെള്ളം ടാങ്കിൽ ശേഖരിച്ച് വിതരണം നടത്താം. |
| 6. നെടുമൺ | മാഞ്ഞാംകോട് ഹരിജൻകോളനി, ശിവജിനഗർ, തെക്കേവിള ലക്ഷംവീട് വെഞ്ഞാറകുന്ന് | മാഞ്ഞാംകോട് ചിറകെട്ടി വെള്ളം പമ്പ് ചെയ്തുപയോഗിച്ചാൽ ഏകദേശം 5 Km ചുറ്റളവിൽ കുടിവെള്ളം എത്തിക്കാം. |
| 7. മരുതൂർ | മാഞ്ഞാംകോട് കോളനി | കഴിഞ്ഞ മൂന്ന് വർഷമായി കരകുളം വാട്ടർ സപ്ലൈ സ്കീമിൽ നിന്നും കുടിവെള്ളം കിട്ടുന്നില്ല. മാണ്ടാം തോട് ചിറ വിപുലപ്പെടുത്തി സൗകര്യം വർദ്ധിപ്പിക്കാം. |
| 8. ചിറ്റാഴ | ഹരിജൻകോളനി, മരുതൂർ, പുന്നകുന്ന്, തണ്ണിപൊയ്ക | വാട്ടർ ടാങ്ക് സ്ഥാപിച്ച് പൈപ്പ് ലൈൻ എത്തിക്കണം. |
| 9. പന്തല്ലാവ് | കുടുക്കപാറ, തണ്ണിപൊയ്ക, കരിപ്പുംമുകൾ, കുന്നുംപാറ, കുറ്റിയാണി | പഞ്ചായത്ത് കുളം നിർമ്മിച്ച് ഉയർന്ന പ്രദേശമായ കുടുക്കപാറ ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പ് ചെയ്ത് കയറ്റി വിതരണം നടത്തുക. ചിറ്റാഴ ആമ്പൽകുളത്തിൽ നിന്നും വെള്ളം പമ്പ് ചെയ്ത് തണ്ണിപ്പൊയ്കയിൽ ശേഖരിച്ച് വിതരണം നടത്താം. |
| 10. കഴുനാട് | ചുണ്ടുവിളകുന്ന്, പനവിള, ഊരാളിവിള, പറലിക്കോണം, പറയടി, പട്ടവിള | ചിറ്റാഴ ആമ്പൽക്കുളം ശുദ്ധീകരിച്ച് വിതരണം നടത്താൻ വേണ്ട പദ്ധതി ആസൂത്രണം ചെയ്യണം. |
| 11. വേങ്കോട് | കുമ്മിപള്ളി, കായ്പാടി, കൊല്ലമലയം, മുല്ലപ്പുര, പേങ്കോട്-ശീമമുള പേഴുംമൂട്, കരയാളത്തുംകോണം. | പനവിളാകം ചിറ, പൊന്നമൂട്ചിറ ഇവ വൃത്തിയാക്കി ജലസേചനം നടത്താം. പേഴുംമൂട് ലക്ഷംവീട്, കരിയ്ക്കകത്ത് ലക്ഷംവീട് എന്നിവിടങ്ങളിൽ പൊതു കിണർ നിർമ്മിക്കണം. |
| 12. മുക്കോല | പ്ലാത്തറപ്രദേശം | ആറന്നൂർക്കോണം ചിറവൃത്തിയാക്കാൻ പദ്ധതിതയ്യാറാക്കാം. നെടുമങ്ങാട് അർബൻ വാട്ടർ സപ്ലൈസ്കീം പ്ലാത്തറകൂടി ഉൾപ്പെടുത്തുക. 101 ഏക്കറിൽ ടാങ്ക് കെട്ടുക. |
| 13. ചെക്കകോണം | ഇടയ്ക്കോട് കോഴിയോട് ആലുമൂട്, ദർശയികുന്ന്, ഊളൻകുന്ന് | പരവടിക്കോണം ചിറയിൽ നിന്നും വെള്ളം ഉപയോഗിച്ച് ശുദ്ധജല പദ്ധതിപ്ലാൻ ചെയ്യാം. |
| 14. കരകുളം | പൊയ്പ്പാറ നെല്ലിവിള | മണലിത്തല ചിറയിലെ വെള്ളം ഉപയോഗിച്ച് പൊയ്പാറ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാം. |

പ്രശ്നം നഗരങ്ങളിലെ പോലെ തന്നെ ശ്രദ്ധിക്കപെടേണ്ട ഒന്നായി മാറിയിരിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ ഏറ്റവും ജനസാന്ദ്രതകൂടിയ പഞ്ചായത്ത് എന്ന നിലയിൽ ഈ പ്രശ്നം പ്രത്യേകം ശ്രദ്ധ ആവശ്യമാക്കിത്തീർക്കുന്നു. പഞ്ചായത്തിലെ അനിയന്ത്രിതമായ കെട്ടിട നിർമ്മാണവും ഹൗസിംഗ് കോംപ്ലക്സുകളുടെ നിർമ്മാണവും കൂടുതൽ ശുചിത്വപ്രശ്നങ്ങൾ ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകതയെ യാണ് സൂചിപ്പിക്കുന്നത്. ഇപ്പോൾ വളരെ നന്നായി ആസൂത്രണം ചെയ്തു നടപ്പിലാക്കിയില്ലെങ്കിൽ കൂടുതൽ സങ്കീർണ്ണതയിലേയ്ക്ക് പോകുന്ന ഒരു പ്രശ്നമാണ് ശുചിത്വം.

## പ്രശ്നങ്ങൾ

1. ശുചിത്വപ്രശ്നങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നില്ല

പഞ്ചായത്തുതലത്തിൽ ഇപ്പോൾ പ്രത്യേകം ശ്രദ്ധിക്കാത്ത ഒരു മേഖലയാണ് ശുചിത്വം. അതുകൊണ്ടുതന്നെ പബ്ലിക് സാനിട്ടേഷൻ പദ്ധതികൾ ആവിഷ്ക്കരിക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല.

2. വീടുകളിൽ മലിനജലം ഒഴുക്കുന്നതിനും പലപ്പോഴും പ്രത്യേകം സംവിധാനമില്ല.

ഇന്നു ഹൗസിംഗ് കോംപ്ലക്സുകൾ ധാരാളം രൂപപ്പെടുന്നു എന്നുള്ളതുകൊണ്ട് ഈ പ്രശ്നം രൂക്ഷമാകാൻ സാധ്യതയുള്ളതാണ്. ഒരു വീട്ടിൽ നിന്ന് ഒഴുകുന്ന മലിനജലം മറ്റു വീടുകൾക്കു പ്രശ്നമുണ്ടാക്കുന്ന അവസ്ഥ സംജാതമാകുന്നു.

3. പബ്ലിക് സാനിറ്റേഷൻ സമ്പ്രദായങ്ങളുടെ അപര്യാപ്തത

പൊതുസ്ഥലങ്ങളിൽ കക്കൂസ്സോ മൂത്രപ്പുരയോ ഇല്ലാത്ത ഒരു പഞ്ചായത്താണ് കരകുളം. അതുകൊണ്ടു തന്നെ പബ്ലിക് ഓഫീസുകളുടേയും മറ്റും പരിസരം ശുചിത്വമില്ലായ്മ ഉണ്ടാകുന്നു.

4. ബ്രോയിലർ കോഴി ഫാമുകളിൽ നിന്നുള്ള മാലിന്യം

നെടുമങ്ങാട് നിന്ന് നഗരത്തിലേയ്ക്കുള്ള മാർഗ്ഗം കരകുളം വഴിയായതുകൊണ്ടു തന്നെ നെടുമങ്ങാട് പ്രദേശങ്ങളിലെ ബ്രോയിലർ കോഴി ഫാമുകളിൽ നിന്ന് കോഴികളെ ഡ്രസ്സ് ചെയ്തു നഗരത്തിലേയ്ക്ക് എത്തിക്കുമ്പോൾ അതേ വാഹനത്തിൽ തന്നെ അതിന്റെ മാലിന്യവും കൊണ്ടുവന്നു നമ്മുടെ പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും വലിച്ചെറിയുന്ന അവസ്ഥ നിലനിൽക്കുന്നു രാത്രി കാലങ്ങളിൽ ഇതു നടക്കുന്നതുകൊണ്ട് ആരാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് എന്ന് മനസ്സിലാക്കാനും കഴിയുന്നില്ല. പഞ്ചായത്തിലെ ഏറ്റവും വലിയ ശുചിത്വ പ്രശ്നമായി ഇതു മാറിയിരിക്കുന്നു. ഇതു നിയന്ത്രിക്കാനുള്ള പ്രത്യേക സംവിധാനം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

5. ഹോട്ടലുകളിൽ നിന്ന് ഒഴുക്കിവിടുന്ന മലിനജലം

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ ഹോട്ടലുകളിൽ നിന്ന് റോഡിലേക്ക് ഒഴുക്കിവിടുന്ന മലിനജലം പല ജംഗ്ഷനുകളിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അതാത് ഹോട്ടലുകളിലെ മലിനജലം റോഡിലേക്ക് ഒഴുക്കിവിടാതെ അവരവരുടെ വസ്തുവിൽ തന്നെ പ്രത്യേകം കുഴി നിർമ്മിച്ച് പരിഹാരം കാണേണ്ടതാണ്.

## സാധ്യതകൾ

1. **ബോധവല്ക്കരണം**

വാർഡുകളിൽ രൂപം കൊള്ളുന്ന വനിതാ സംഘങ്ങൾക്കു പരിസര ശുചിത്വത്തിന്റെ ആവശ്യകതയെ സംബന്ധിച്ച് ബോധവല്ക്കരണവും ആവശ്യമെങ്കിൽ പരിശീലനവും നല്കാവുന്നതാണ്. ഈ സംഘങ്ങളെ ഉപയോഗിച്ച് വീടു വീടാന്തരമുള്ളതോ കുടുംബസംഘങ്ങളെ വിളിച്ചു ചേർത്തുള്ള ബോധവല്ക്കരണമോ നടത്താവുന്നതാണ്.

2. **സാനിട്ടേഷൻ പദ്ധതിയുടെ രൂപീകരണം**

ഓരോ വാർഡിലും ഓരോ സാനിട്ടേഷൻ കമ്മിറ്റിയ്ക്കു രൂപം കൊടുക്കാം. ഇവരെ ഉപയോഗിച്ചുകൊണ്ട് ഓരോ വാർഡിലും ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം തിട്ടപ്പെടുത്തുകയും ജനകീയ പങ്കാളിത്തത്തോടെ അതു നിർമ്മിച്ചു നല്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യാം.

3. **പഞ്ചായത്ത്തല പബ്ലിക് സാനിട്ടേഷൻ കമ്മിറ്റി**

പഞ്ചായത്തിന്റെ ഏതെല്ലാം പ്രദേശങ്ങളിലാണ് പബ്ലിക് സാനിട്ടേഷൻ സമ്പ്രദായം ആവശ്യമുള്ളതെന്നും കണ്ടെത്തി അതാതു സ്ഥലങ്ങളിൽ അവ നിർമ്മിക്കുന്നതിനു ആവശ്യമായ പദ്ധതികൾ തയ്യാറാക്കണം. നിർമ്മാണ പ്രവർത്തനങ്ങളിലും മറ്റും ജനകീയ പങ്കാളിത്തം ഉറപ്പാക്കണം.

4. **മാലിന്യ വസ്തുക്കളുടെ നിർമ്മാർജ്ജനം**

പഞ്ചായത്തിലെ പൊതുമാർക്കറ്റുകളിൽ നിന്നും റോഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനും ഈ പദ്ധതികാലത്തു തന്നെ പരിപാടി ആസൂത്രണം ചെയ്യേണ്ടതുണ്ട്. പഞ്ചായത്തിന്റെ വക തന്നെ പുറമ്പോക്ക് ഭൂമി ഉപയോഗിച്ചു കൊണ്ട് ഈ മാലിന്യം ഉപയോഗിച്ച് വളം ഉണ്ടാക്കുന്ന ഒരു പദ്ധതിക്കു രൂപം കൊടുക്കാവുന്നതാണ്.

5. **പൊതു ശ്മശാനത്തിന്റെ ആവശ്യകത**

നമ്മുടെ പഞ്ചായത്തിൽ പൊതുശ്മശാനം ഇപ്പോൾ നിലവിലില്ല. എന്നാൽ ജനസാന്ദ്രത ഇത്രയധികം വർദ്ധിച്ചതും തുണ്ടുതുണ്ടായ കൈവശഭൂമിയും കണക്കിലെടുത്തു അത്യാവശ്യംവേണ്ടതാണ് പൊതു ശ്മശാനം പഞ്ചായത്തിലെ പുറമ്പോക്ക്, താരതമ്യേന ആൾത്താമസം കുറഞ്ഞപ്രദേശം, ഉപയോഗിച്ച് ഇതു വളരെയെളുപ്പം സാധ്യമാക്കാവുന്ന ഒരു സംവിധാനമാണ്.

6. വിദ്യാർത്ഥികൾക്കിടയിലെ ബോധവല്ക്കരണം

ഈ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു നേരത്തേ സൂചിപ്പിച്ചതുപോലെ സ്കൂളുകളിൽ രൂപപ്പെടുന്ന ആരോഗ്യ ക്ലബ്ബുകളിലൂടെ പരിസര ശുചിത്വത്തിന്റെ ആവശ്യകതയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ ഒരു അപബോധം ഉണ്ടാക്കിയെടുക്കാവുന്നതാണ്.



## 10

# പാർപ്പിടം സാമൂഹ്യ ക്ഷേമം

മനുഷ്യന്റെ മൂന്ന് പ്രാഥമിക ആവശ്യങ്ങളാണ് ഭക്ഷണം, വസ്ത്രം, പാർപ്പിടം. ലോകത്തിലെ ഇന്നത്തെ വലിയ പ്രശ്നങ്ങളിൽ ഒന്നുമാണ് പാർപ്പിട പ്രശ്നം. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വളരെയധികം പ്രകടമാകുന്നതും പാർപ്പിട പ്രശ്നത്തിലാണ്.

നമ്മുടെ പഞ്ചായത്ത് നഗരവുമായി ചേർന്നു കിടക്കുന്ന പഞ്ചായത്തായതിനാൽ നഗര സംസ്കാരം നമ്മുടെ നാടിനെയും വളരെയധികം സ്വാധീനിച്ച് കാണുന്നുണ്ട്. ഏതൊരാളും നിർമ്മിക്കുന്ന വീട് തന്റെ കഴിവിനും അതീതമായിരിക്കും എന്നതിനാൽ അത് അവന് ജീവിതകാലം മുഴുവനുമുള്ള ബാദ്ധ്യതയായിമാറുന്നു. പണമുള്ള അയൽക്കാരനെ അനുകരിക്കുവാനുള്ള ഈ പ്രവണത മാറിയേ പറ്റൂ. അവനവന്റെ കുടുംബത്തിന്റെ ആവശ്യകത മനസ്സിലാക്കി കൃത്യമായും പ്ലാൻ ചെയ്ത് ഗൃഹനിർമ്മാണം നടത്തേണ്ടതാണ്. നഗരത്തിന് വളരെ അടുത്ത് ആയതിനാൽ നഗരത്തിൽ ജോലിക്കായി എത്തുന്നവർ അവിടെ നിന്നും നമ്മുടെ പഞ്ചായത്തിലെത്തി ഭൂമി വാങ്ങി ഗൃഹ നിർമ്മാണം നടത്തുന്നത് നമ്മുടെ നാട്ടിൽ കോൺക്രീറ്റ് സൗധങ്ങൾ ഉയരുന്നതിന് കാരണമായി. ഇതിന്റെ ഫലമായി അടുത്ത് കാലത്തായി നമ്മുടെ നാട്ടിൽ വ്യാപകമായി കൊണ്ടിരിക്കുന്ന മണ്ണ് ഇടിക്കൽ അടിയന്തിരമായി തടയേണ്ടുന്ന ഒന്നാണ്. ഇത് നമ്മുടെ മണ്ണിന്റെ ജൈവഘടനയെ തന്നെ മാറ്റിമറിക്കുമെന്നതിൽ സംശയമില്ല. നമ്മുടെ പഞ്ചായത്തിൽ 10100 കുടുംബങ്ങൾ ഉള്ളതിൽ 7821 പേർ ആണ് സ്വന്തമായി വീടുകളിൽ താമസിക്കുന്നത്. 2279 ഭവന രഹിതരാണ്.

ചേരികൾ നമ്മുടെ പഞ്ചായത്തിൽ കുറവാണെങ്കിലും പുറമ്പോക്കിലും, കുടികിടപ്പായും താമസിക്കുന്ന കൃഷിക്കാരും കർഷക തൊഴിലാളികളും ഏറെയാണ്. ഇവർക്ക് മെച്ചപ്പെട്ട ഭവനങ്ങൾ ലഭ്യമാക്കണം. എന്നാൽ വസ്തുവിന് അടുത്ത കാലത്തായി വന്നിട്ടുള്ള വിലവർദ്ധനവ് മനപ്പൂർവ്വം പുറമ്പോക്ക് കായ്യേറുന്നതിന് ആൾക്കാരെ പ്രേരിപ്പിക്കുന്നുണ്ട്. പിന്നോക്ക വിഭാഗങ്ങൾക്ക് വേണ്ടി നിർമ്മിച്ച ലക്ഷംവീടുകൾ നിർമ്മാണത്തിലെ ജനകീയ പങ്കാളിത്തത്തിന്റെ കുറവുകൊണ്ടും കരാറുകാരുടെ താഴ്ന്ന നിൽമ്മാണ രീതി കൊണ്ട്. ഇന്ന് നാശത്തിന്റെ വക്കിലാണ്. ഭവനരഹിതരുടെ കണക്ക് നിർണ്ണയിക്കുമ്പോൾ അവരുടെ ശരിയായ വരുമാനം കൂടിനോക്കേണ്ടതാണ്. അവർക്ക് സ്വന്തമായി ഭവന നിർമ്മാണത്തിന് സാദ്ധ്യത നിർണ്ണയിക്കാൻ ഇത് സഹായിക്കുന്നു.

പരമ്പരാഗത കേരള ശൈലിയിലുള്ള വീടുകൾ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. തടി കൊണ്ട് നിർമ്മിച്ച നിരയും വീടും, നാലുകെട്ടുകൾ എന്നിവ നാമമാത്രം എന്നാൽ പഴയ തച്ചുശാസ്ത്ര പ്രകാരം തയ്യാറാക്കിയ വീടുകൾ അനവധിയുണ്ട്. ഇഷ്ടിക അല്ലെങ്കിൽ മണ്ണിൽ നിർമ്മിച്ച ഈ വീടുകൾ മിക്കതും ഇന്നും വേണ്ടത്ര ഉറപ്പുള്ളതും ഇനിയും വളരെക്കാലം ഉപയോഗിക്കാവുന്നതുമാണ്. കുമ്മായ പൂശാണ് പ്രധാനമായും ഉപയോഗിക്കുന്നത്. എന്നാൽ ഇന്ന് കാണുന്ന അനാരോഗ്യമായ ഒരു പ്രവണത വേണ്ടത്ര ഉറപ്പും ഉപയുക്തതയും ഉള്ള ഈ വീടുകൾ പൊളിച്ച് കോൺക്രീറ്റ് സൗധങ്ങൾ നിർമ്മിക്കാനുള്ള താത്പര്യമാണ്. ചില ചെറിയ മാറ്റങ്ങൾ കൊണ്ടുതന്നെ ഈ വീടുകളുടെ ഉപയുക്തത കൂട്ടാൻ കഴിയും എന്നിരിക്കേ ഇവ പൊളിച്ച് കളഞ്ഞുള്ള പുതിയ നിർമ്മാണം പാഴ് ചെലവാണ്. ഇവയുടെ മേൽക്കൂരയ്ക്ക് താഴെയുള്ള തടികൊണ്ടുള്ള മച്ചുകൾ ചൂട് നിയന്ത്രിച്ച് സുഖകരമായ ജീവിത പരിസ്ഥിതി നൽകുന്നു. ഇവയിൽ പലതും ഓടുമേഞ്ഞതോ, ഓലമേഞ്ഞതോ ആണ്. കൂരയിൽ കാണുന്ന കോടികൾ (നേബിൾസ്) ചൂട് വായു പറന്നു പോകാൻ സഹായിക്കുന്നവയാണ്. നമ്മുടെ പഞ്ചായത്തിന്റെ വടക്ക് അതിർത്തിയിൽ കണ്ടു വരുന്ന മൺ ചുമരുകൾ കൊണ്ടുള്ള കെട്ടിട നിർമ്മാണം ഉറപ്പേറിയതും ചെലവ് കുറഞ്ഞവയുമാണ്. പഴയരീതിയിലുള്ള പടിപ്പുരയും (കൊട്ടിയമ്പലം) മതിലുകളും നാമാവശേഷമായിക്കൊണ്ടിരിക്കുയാണെങ്കിലും ചില സ്ഥലങ്ങളിൽ ഇപ്പോഴും കാണാം. എന്നാലും മൺചുമരുകളും ഓലമേഞ്ഞതുമായ വീടുകൾ വളരെയധികമാണ്. ചുമരുകൾ കേട് പറ്റാതെ സൂക്ഷിക്കുകയും വേണ്ടത്ര ജന്നലുകളോ, മറ്റു തരത്തിൽ കാറ്റും വെളിച്ചവും കടക്കുന്ന സംവിധാനങ്ങളോ ഏർപ്പെടുത്തുകയും തറ ശരിയായി ചാണകം മെഴുകി വൃത്തിയായി സൂക്ഷിക്കുകയും ചെയ്യ്താൽ ഈ വീടുകളും ആരോഗ്യപ്രദമായ ഒരു പാർപ്പിടം പ്രധാനം ചെയ്യുന്നു.

കഴിഞ്ഞ രണ്ടുമൂന്ന് ദശകങ്ങളിൽ നമ്മുടെ പാർപ്പിട സംസ്കാരത്തിന് വന്ന മാറ്റങ്ങൾ വളരെ ശ്രദ്ധേയമാണ്. തടിയ്ക്ക് ഉണ്ടായ വിലവർദ്ധന, പണിക്കാരുടെ ദൗർലഭ്യം, കൂലി കൂടുതൽ എന്നിവ പരമ്പരാഗത കെട്ടിട നിർമ്മാണ

## കെട്ടിടങ്ങളുടെ ഇനം തിരിച്ചുള്ള വിവരം

| വാർഡ് നമ്പർ | വാർഡ് | ഓല | ഓട് | കോൺക്രീറ്റ് | ഷെഡ്ഡ് | ഷീറ്റ് | ഇരുനില | കുടിൽ | ആകെ | നികുതി ഒഴിവാക്കപ്പെട്ടിരിക്കുന്നത് |
|---|---|---|---|---|---|---|---|---|---|---|
| 1 | അയണിക്കാട് | 356 | 284 | 184 | - | 35 | 27 | 120 | 999 | 292 |
| 2 | ഏണിക്കര | 213 | 176 | 90 | 38 | 7 | 16 | - | 540 | 194 |
| 3 | കാച്ചാണി | 421 | 441 | 250 | - | 24 | 30 | 35 | 1201 | 297 |
| 4 | പുരവൂർക്കോണം | 501 | 351 | 199 | 5 | 18 | 37 | - | 1111 | 353 |
| 5 | കല്ലയം | 406 | 360 | 125 | 7 | 22 | 12 | 2 | 934 | 309 |
| 6 | നെടുമൺ | 210 | 227 | 82 | 6 | 16 | 17 | - | 558 | 325 |
| 7 | മരുതൂർ | 162 | 158 | 153 | 2 | 24 | 50 | - | 549 | 100 |
| 8 | ചിറ്റാഴ | 230 | 159 | 61 | 3 | 16 | 8 | - | 477 | 257 |
| 9 | പന്തപ്ലാവ് | 287 | 269 | 209 | 1 | 56 | 38 | 158 | 1018 | 288 |
| 10 | കഴുനാട് | 317 | 295 | 172 | 67 | 61 | 41 | 216 | 1169 | 357 |
| 11 | വേങ്കോട് | 575 | 310 | 90 | 1 | 27 | 14 | - | 1017 | 427 |
| 12 | മുക്കോല | 382 | 246 | 73 | 15 | 12 | 8 | 39 | 766 | 371 |
| 13 | ചെക്കക്കോണം | 295 | 297 | 76 | 42 | 6 | 9 | 29 | 854 | 409 |
| 14 | കരകുളം | 357 | 390 | 167 | 29 | 14 | 19 | 15 | 991 | 338 |
| | | 4815 | 3963 | 1931 | 216 | 338 | 316 | 605 | 12184 | 4317 |

അവലംബം – പഞ്ചായത്ത് കെട്ടിട നികുതി രജിസ്ടർ

ശൈലിയിൽ നിന്നും പിൻതിരിയാൻ ആൾക്കാരെ പ്രേരിപ്പിച്ചു. സിമന്റും കമ്പിയും ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണ രീതികൾ ഇന്ന് നമ്മുടെ നാട്ടിൽ സർവ്വസാധാരണമാണ്. വമ്പിച്ച പണചിലവ്, പുനർ ഉപയോഗത്തിന് സാദ്ധ്യമല്ലാത്ത നിർമ്മാണ വസ്തുകൾ, പ്രാദേശിക നിർമ്മാണ വസ്തുക്കൾ കുറവ് എന്നിവ ഇവയുടെ കുറവുകളാണ്. ശരിയായ പ്ലാനിങ്ങിന്റെ അഭാവം. പണിക്കാരെ മാത്രം ആശ്രയിച്ചുള്ള കെട്ടിട നിർമ്മാണ രീതി എന്നിവ പല തരത്തിലും പാഴ്ചിലവുണ്ടാക്കുന്നു. ഒരു കഴിവുറ്റ പണിക്കാരനെങ്കിലും സാങ്കേതികമായ വിജ്ഞാനക്കുറവും വീക്ഷണമില്ലായ്മയും കെട്ടിട നിർമ്മാണ രംഗത്ത് അനവധി പാഴ്ചിലവുകൾ ഉണ്ടാക്കുന്നു. സിമന്റ് കമ്പി എന്നിവയുടെ അമിത ഉപയോഗം, ആവശ്യമില്ലാത്തതും ഒപ്പം തന്നെ കാഴ്ചയ്ക്കു സുന്ദരമല്ലാത്തതുമായ അലങ്കാര പണികൾ തീരെ ഉപയുക്തതയില്ലാത്ത ഭാഗങ്ങൾ എന്നിവ ഇവയ്ക്ക് ചില ഉദാഹരണങ്ങൾ മാത്രം.

ഇന്ന് നഗരത്തിൽ കെട്ടിട നിർമ്മാണ പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളിൽ ഒരു വലിയ വിഭാഗം നമ്മുടെ പഞ്ചായത്തിൽ നിന്നുള്ളവരാണ്. നഗരത്തിൽ ലഭിക്കുന്ന ഉയർന്നകൂലി, കുറഞ്ഞ കാര്യക്ഷമത എന്നിവ അവരെ നഗരത്തിൽ പണിചെയ്യുന്നതിനായി പ്രേരിപ്പിക്കുന്നു. നമ്മുടെ നാട്ടിലെ ഈ പണിക്കാരെ കാര്യക്ഷമമായി ഉപയോഗിക്കുവാൻ നമുക്ക് കഴിയും. ലാഭം കൂട്ടുക എന്ന ഒരൊറ്റ ലക്ഷ്യം മാത്രം മുന്നിൽ കണ്ട് പ്രവർത്തിക്കുന്ന കരാറുകാരെ ഒഴിവാക്കുന്നതാണ് നല്ലത്. മാത്രമല്ല നമ്മുടെ പഞ്ചായത്തിലെ പാർപ്പിട നിർമ്മാണത്തിൽ അവർക്ക് വലിയ പങ്കൊന്നുമില്ല. എന്നാൽ പണികൾ ലേബർ കോൺട്രാക്ട് (പണിക്കാർക്ക്) കൊടുക്കുന്നത് അവരുടെ കാര്യക്ഷമത വളരെയധികം വർദ്ധിപ്പിക്കും. ഇവിടെ വളരെ കൃത്യമായ ഒരു മേൽനോട്ടത്തിന്റെ ആവശ്യമുണ്ട്.

കെട്ടിട നിർമ്മാണത്തിന്റെ ശൈലി പരിശോധിക്കുകയാണെങ്കിലും മുൻപ് പറഞ്ഞതുപോലെയുള്ള ധനികനായ അയൽക്കാരനെ അനുകരിക്കാനുള്ള ശ്രമത്തിനിടയിൽ തന്റെ ആവശ്യങ്ങളും ധനലഭ്യതയും മറക്കുന്നുവെന്നതാണ് സത്യം. മിതവ്യയം തീരെയില്ല. പാഴ്ചിലവുകൾ പലതും ഒഴിവാക്കുന്നതിൽ നിന്നും പണിക്കാർ തന്നെ ഉടമയെ പിൻതിരിപ്പിക്കുന്ന അവസ്ഥയും ഇല്ല. നമ്മുടെ നാട്ടിൽ ധാരളമായി ലഭിക്കുന്ന തെങ്ങിൻ തടിയും ഓലയുമെല്ലാം ഉപയോഗിക്കാവുന്നതാണ്. പരമാവധി സിമന്റിന്റെയും കമ്പിയുടെയും ഉപയോഗം കുറഞ്ഞ നിർമ്മാണ രീതികൾ ആണ് നമുക്ക് ആവശ്യം. വൈദ്യുത ദീപങ്ങൾ ആവശ്യത്തിന് മാത്രം ഉപയോഗിക്കുക. കഴിവതും കുറഞ്ഞ വൈദ്യുതി ആവശ്യമുള്ള കോംപാക്ട് ഫ്ളൂറസെന്റ് ലൈറ്റുകൾ, ഫ്ളൂറസെന്റ് ട്യൂബുകൾ എന്നിവ ഉപയോഗിക്കാൻ ശ്രമിക്കുക. പകൽ കാറ്റും വെളിച്ചവും കിട്ടത്തക്ക രീതിയിൽ മുറികൾ സജ്ജീകരിക്കുക എന്നിവ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്.

## നിർദ്ദേശങ്ങൾ

1. നമ്മുടെ ആവശ്യങ്ങൾക്ക് അനുസരിച്ചു മാത്രം ഭവന നിർമ്മാണം നടത്തുക.
2. പരമാവധി സ്ഥലത്തിനും ഉപയുക്തത കിട്ടത്തക്ക വണ്ണം കൃത്യമായും പ്ലാൻ ചെയ്യുകയും വിസ്തീർണ്ണം പരമാവധി കുറക്കുകയും വേണം.
3. ഉപയോഗ യോഗ്യമായ പഴയ ഭവനങ്ങൾ പൊളിച്ച് കളയാതെ ചില്ലറ മാറ്റങ്ങൾ വരുത്തി ഉപയുക്തത കൂട്ടുകയും അതുവഴി പാഴ്ചിലവ് ഒഴിവാക്കുകയും ചെയ്യുക.
4. വൻപിച്ച സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന നിർമ്മാണ രീതി തീർച്ചയായും ഒഴിവാക്കണം. കഴിവിനനുസരിച്ച് മാത്രം കെട്ടിടം നിർമ്മിക്കുക.
5. തടിയുടെ ലഭ്യത കുറവായതിനാൽ തടിയുടെ ഉപയോഗം പരമാവധി ചുരുക്കുക. അലമാരകൾക്കും തട്ടുകൾക്കും ഫെറോസിമന്റ് സ്ലാബുകൾ ഉപയോഗിക്കാം.
6. കോൺക്രീറ്റിന് ഉപയോഗിക്കുന്ന കമ്പിയും അളവ് ആവശ്യത്തിന് മാത്രം. സാങ്കേതി വിദഗ്ധരുടെ സഹായം തേടുക. പണിക്കാരുടെ ഇഷ്ടത്തിന് വിടാതിരിക്കുക.
7. ചേരിനിവാസികളെയും പുറമ്പോക്കുകാരെയും പുനരധിവസിക്കുവാൻ വേണ്ടിയുള്ള ഭവന നിർമ്മാണത്തിൽ അവരുടെ കായിക ശേഷി പൂർണ്ണയും ഉപയോഗിക്കുവാൻ കഴിയണം. ഇതിനുവേണ്ടി അവരുടെ ഒരു ഗ്രൂപ്പ് ഉണ്ടാക്കണം. കരാറുകാരെ പൂർണ്ണമായും ഒഴിവാക്കുക. കൃത്യമായ സാമ്പത്തിക നിഷ്ട പാലിക്കുക.
8. പുറമ്പോക്കിലും റോഡരുകിലും കെട്ടിടനിർമ്മാണം ഒരിക്കലും അനുവദിക്കരുത്. ഭാവിയിലെ വികസന പ്രവർത്തനത്തിന് ഇവ തടസ്സമാകും.
9. വീടിനോടൊപ്പം തന്നെ കക്കൂസും കിണറും നിർമ്മിച്ചിട്ടുണ്ട് എന്ന് വീട് നമ്പർ കൊടുക്കുന്നതിന് മുമ്പ് ഉറപ്പുവരുത്തുക.
10. ഏതൊരുതരം (താല്ക്കാലികം പോലും) നിർമ്മാണ പ്രവൃത്തിക്കും പഞ്ചായത്തിന്റെ അനുമതി നിർബന്ധമാക്കുക.
11. ജനൽ, വാതിലുകൾ എന്നിവ കൊടുക്കുമ്പോൾ പകൽ ഫാൻ ലൈറ്റ് എന്നിവ പരമാവധി കുറയ്ക്കാൻ കഴിയുന്ന രീതിയിൽ തയ്യാറാക്കുക.
12. റോഡ് കായ്യേറ്റം കൃത്യമായും പൂർണ്ണമായും തടയുക.
13. ഇഷ്ടികയ്ക്ക് പകരം സാദ്ധ്യമായ സ്ഥലങ്ങളിൽ മഡ് ബ്ലോക്ക് ഉപയോഗിക്കുക.

14. സാമ്പത്തിക സഹായം (ലോണുകൾ ) ഒരാളുടെ സാമ്പത്തിക അവസ്ഥയ്ക്ക് അനുസരണമായി (Repayment Capacity) ലഭ്യമാക്കുക.

15. ചിലവുകുറഞ്ഞ കെട്ടിട നിർമ്മാണ രീതികളെയും ആവശ്യകതയെക്കുറിച്ചും ആൾക്കാർക്കും പണിക്കാർക്കും ബോധവൽക്കരണം നടത്തുക.

പാർപ്പിടം അതിന്റെ വലിപ്പത്തിലല്ല. അത് വൃത്തിയായി ഉപയോഗിക്കുന്നതിലും പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിലും പരമാവധി ഉപയുക്ത ലഭിക്കുന്ന രീതിയിൽ ഉപയോഗിക്കുന്നതിലും ആണ് മികച്ചതാകുന്നത് എന്നതാണ് സത്യം.

## സാമൂഹ്യക്ഷേമം

സാമ്പത്തിക സാംസ്കാരിക സാമൂഹ്യാഭ്യുന്നതിയും പ്രജകളുടെ ക്ഷേമമൈശ്വര്യങ്ങളും ഏകോദര സോദര സൗഹൃദങ്ങളും പുലർത്തി നാടുഭരിച്ച മഹാബലി മന്നനെക്കുറിച്ചുള്ള ഓർമ്മകൾ ആഘോഷപൂർവ്വം കൊണ്ടാടുകയും അത്തരമൊരു ഭരണ കാലത്തെക്കുറിച്ച് അടങ്ങാത്ത മോഹം കാത്തു സൂക്ഷിക്കുകയും ചെയ്യുന്നവരാണ് നമ്മൾ മലയാളികൾ. ഏതൊരു കാലഘട്ടത്തിലേയും ഭരണാധികാരികൾ തങ്ങളുടെ പേരിനൊപ്പം കൂട്ടിചേചർത്ത് വിളിക്കപ്പെടാൻ കൂടി കൊതിച്ചു പൊകുന്നത്ര മഹത്വമാർന്നതായിരുന്നു ആ മഹാപ്രഭുവിന്റെ ഭരണശൈലി. ദാരിദ്ര്യവും അനാരോഗ്യപ്രശ്നങ്ങളും അഴിമതിയുമൊക്കെ സമൂലം പിഴുതുമാറ്റാനദ്ദേഹത്തിന് കഴിഞ്ഞു. സാമൂഹ്യക്ഷേമം ഉറപ്പുവരുത്താനും നൂറ്റാണ്ടുകൾക്കിപ്പുറത്ത് അതൊക്കെ കേവലമൊരു സങ്കല്പ ചിത്രം പോലെ മങ്ങി മാഞ്ഞു പോയിരിക്കുന്നു. അന്ന് മാവേലി വാഴ്ച എന്തൊക്കെ ഇല്ല എന്ന് ഉറപ്പു വരുത്തിയിരിന്നുവോ അവയെല്ലാം ഇന്ന് സമസ്തമേഖലകളിലും കൊടികുത്തി വാഴുന്നു. പുത്തനൊരുണർവ്വും ബോധവും സമൂഹത്തിനുണ്ടായാൽ മാത്രമെ ശുദ്ധികർമ്മം സാദ്ധ്യമാവൂ. ദാരിദ്ര്യവും നിർദ്ധനാവസ്ഥയും തൊഴിലില്ലായ്മയുമൊക്കെ നിർമ്മാർജ്ജനം ചെയ്യാൻ തീവ്രയജ്ഞം നടത്തുകയാണ് ഭരണാധികാരികൾ. അതിനായി ധാരാളം സാമൂഹ്യക്ഷേമ പദ്ധതികളും വിവിധ തലങ്ങളിലായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കേന്ദ്ര സംസ്ഥാന ഗവർമെന്റുകളും ക്ഷേമനിധി ബോർഡുകളുമൊക്കെ അതിന് ചുക്കാൻ പിടിക്കുന്നു. ഇത്തരം പദ്ധതികളെ കുറിച്ചുള്ള അജ്ഞത കാരണം ഉപഭോക്താക്കളുടെ എണ്ണം പലപ്പോഴും കുറഞ്ഞുപോവുകയോ അവ അനർഹകരങ്ങളിൽ എത്തിച്ചേരുകയോ ചെയ്യുന്നു.

നമ്മുടെ പഞ്ചായത്തിലും സാമൂഹ്യക്ഷേമം ലാക്കാക്കി നടപ്പിലാക്കി വരുന്ന പദ്ധതികൾ നിരവധിയാണ്. പട്ടികജാതി പട്ടികവർഗ്ഗ വികസന പരിപാടികൾ, വനിതാ ക്ഷേമ വികസന പരിപാടികൾ, തൊഴിലാളി- നിർമ്മാണ തൊഴിലാളി ക്ഷേമ പദ്ധതികൾ, കർഷക - കാർഷിക തൊഴിലാളി ക്ഷേമ പദ്ധതികൾ, അവശന്മാർക്കും അശരണർക്കുമുള്ള ക്ഷേമ പദ്ധതികൾ, തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം നിർദ്ധന വിഭാഗങ്ങൾക്ക് ഭവന നിർമ്മാണം കുടിവെള്ളം വെളിച്ചം ഗതാഗതം തുടങ്ങിയ അടിസ്ഥാനാവശ്യങ്ങൾ ലഭ്യമാക്കൽ അങ്ങനെ പോകുന്നു അവ.

1991 ലെ IRDP കുടുംബ സർവ്വേ പ്രകാരം ഈ പഞ്ചായത്തിൽ ദാരിദ്ര്യരേഖക്ക് താഴെ വരുന്ന കുടുംബങ്ങൾ 4580 ആണ്. ഇതിൽ 325 പേർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുകയും 200 പേരെ ദാരിദ്ര്യരേഖക്ക് മുകളിലെത്തിക്കാനും കഴിഞ്ഞിട്ടുണ്ട്. 10 പേർക്ക് ട്രൈസം, തൊഴിൽ പരിശീലനം നൽകി സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുകയും അവർ ലാഭകരമായ ഒകു സ്വയം തൊഴിൽ യൂണിറ്റ് സ്ഥാപിച്ച് നടത്തി വരികയും ചെയ്യുന്നു. 51 ഭവനരഹിതർക്ക് ഭവന നിർമ്മാണ സഹായം നൽകുകയുണ്ടായി. അതുപോലെ 70 പേർക്ക് കക്കൂസ് അനുവദിച്ചു നൽകി. 56 ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുകയുണ്ടായി. 220 പേർക്ക് വിധവാപെൻഷനും, 111 പേർക്ക് വാർദ്ധക്യ പെൻഷനും. 55 പേർക്ക് കർഷക തൊഴിലാളി പെൻഷനും, 12 പേർക്ക് വികലാംഗ പെൻഷനും നൽകി സഹായിക്കുന്നുണ്ട്.

**JRY പണി സംബന്ധിച്ച വിവരങ്ങൽ Ref. JRY ആക്ഷൻ പ്ലാൻ**

| പണിയുടെ പേര് | ജനറൽ സെക്ടർ തുക രൂ. | SC/ST വിഭാഗം തുക രൂ. | ആകെ തുക രൂ. |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 ആൽത്തറവട്ടം കുമ്മിപള്ളി റോഡ് | 25,000/- | | 25,000/- |
| 2. കുന്നൂർശാല - മൈലാടുംപാറ റോഡ് | 50,000/- | | 50,000/- |
| 3. വെളിയത്തുചിറ കഴുനാട് ഏലാതോട് | 65,000/- | | 65,000/- |
| 4. നെടുമൺ ഏലായിൽ സ്ലാബ് | 11,000/- | | 11,000/- |
| 5. 30 ഹരിജൻ കുടുംബ് ങ്ങൾക്ക് കക്കൂസുകൾ | | 49,000/- | 49,000/- |
| 6. 13 ഹരിജൻ കുടുംബ ങ്ങൾക്ക് വീടുകൾ | | 37,300/- | 37,300/- |
| 7. നിർദ്ധനരായ 19 കുടുംബ ങ്ങൾക്ക് കക്കൂസ് | | 38,000/- | 38,000/- |
| 8. നിർദ്ധനരായ 2 പട്ടിക ജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനുള്ള ധനസഹായം | | 30,450/- | 30,450/- |

ദാരിദ്ര്യ രേഖക്കു താഴെയുള്ളവർക്ക് കൂടുതൽ സഹായവും ശ്രദ്ധയും ലഭ്യമാവേണ്ടതുണ്ട്. ദേശസാൽകൃത ബാങ്കുകൾക്കും സംസ്ഥാന സഹകരണ സംഘങ്ങൾക്കു

പൊതുവിതരണ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾ പരിശോധിക്കാൻ പഞ്ചായത്തുകൾക്ക് അധികാരമുണ്ടാക്കുക.

നിർദ്ദിഷ്ട ലക്ഷ്യത്തിനനുസൃതമായി ധനസഹായ പദ്ധതികൾ വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുക. വിവിധ ഘടക വകുപ്പുകളുടെ പ്രവർത്തനങ്ങൾ പഞ്ചായത്തു വഴി ഏകോപിപ്പിച്ച് ക്ഷേമ കാര്യ പരിപാടികൾ സംഘടിപ്പിക്കുക.

ളൊക്കെ അതിന് കൂടുതൽ സാധ്യതകളുണ്ട്. പുതിയ പദ്ധതികൾ അതിനായി കണ്ടെത്തുകയും അവ നടപ്പിലാക്കുന്നു എന്നുറപ്പുവരുത്താൻ ഒരു കമ്മറ്റി ഉണ്ടാവുകയും വേണം.

സ്വയം തൊഴിൽ കണ്ടെത്തി ഉല്പാദനം നടത്തുന്നവരുടെ ക്രയവിക്രയ സൗകര്യങ്ങൾ എളുപ്പമാക്കാനും നഷ്ടം വരാതെ നോക്കാനുമുതകുന്ന സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.

അതുപോലെ തന്നെ കക്കൂസില്ലാത്ത മുഴുവൻ പേർക്കും കക്കൂസുകൾ അടിയന്തിരമായി ലഭ്യമാക്കണം. ജനസാന്ദ്രതകൂടിയ പ്രധാന കവലകളിലും മലമൂത്ര വിസർജന കേന്ദ്രങ്ങൾ നിർമ്മിക്കണം.

പെൻഷൻ വിതരണം അതാത് ഗ്രാമ പഞ്ചായത്തുകൾ വഴി നടത്തുകയാണെങ്കിൽ വൃദ്ധന്മാർക്കും, വികലാംഗർക്കും, വിധവകൾ മറ്റ് അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൽക്കുമൊക്കെ അതു ഏറെ സൗകര്യ പ്രദമായിരിക്കും. ഇത്തരം പെൻഷനുകൾക്കുള്ള മാനദണ്ഡം കേവലം സാങ്കേതികത്വത്തിന്റെ പേരിൽ നിന്നു പോകാനിടവരരുത്. അതു തീർത്തും വരുമാനത്തിന്റെ പരിധി നിർണ്ണയത്തിലൂടെയാവുന്നതാണ് നല്ലത്. ഒപ്പം ദാരിദ്ര്യരേഖയുടെ പരിധി 25,000 മെങ്കിലുമാക്കി പരിമിതപ്പെടുത്തുകയും പേണം. അതേസമയം ഇത്തരം പെൻഷനുകൾ അർഹതപ്പെട്ട കരങ്ങളിൽ തന്നെ എത്തുന്നു എന്നുറപ്പു വരുത്തുകയും വേണം. കുടുംബവരുമാനം കണക്കാക്കാതെ തൊഴിലില്ലായ്മ വേതനം നൽകുക എന്നതായിരിക്കും ഏറെ ഉചിതം.

പകർച്ചവ്യാധികൾ മാറാരോഗങ്ങൾ എന്നിവ പിടിപ്പെട്ട് കഷ്ടപ്പെടുന്നവർക്കായി സൗജന്യ ചികിത്സയും പാർപ്പിട സൗകര്യങ്ങളും ലഭ്യമാക്കാൻ കഴിയണം.

നാടിന്റെ ഭാവി വാഗ്ദാനങ്ങളെ വാർത്തെടുക്കേണ്ട കളരികളാണ് വിദ്യാഭ്യാസ കേന്ദ്രങ്ങൾ. അതിൽ തന്നെ പ്രഥമവും പ്രാധാന്യവുമർഹിക്കുന്ന കേന്ദ്രങ്ങളാണ് പ്രീപ്രൈമറി കേന്ദ്രങ്ങൾ. നാടിന്റെ ശ്രദ്ധ മുഴുവനും കേന്ദ്രീകരിക്കേണ്ടതു പ്രസ്തുത കേന്ദ്രങ്ങളുടെ ആരോഗ്യ പ്രദമായ നടത്തിപ്പിലേക്കാണ്. നമ്മുടെ പഞ്ചായത്തിലാവട്ടെ 13 ഫീഡിംഗ് സെന്ററുകളാണുള്ളത്.

## സാദ്ധ്യതകൾ

സാമൂഹ്യക്ഷേമത്തിനു വേണ്ടി ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ വാർഡ് തലകണക്കുകൾ തയ്യാറാക്കുക.

ട്രൈസം കോഴ്സിനുള്ള ട്രെയിനിംഗ് സെന്ററുകൾ പഞ്ചായത്തിൽ ആരംഭിക്കുക

# ഫീഡിംഗ് സെന്ററുകളുടെ വിവരം

| നമ്പർ | ഫീഡിംഗ് സെന്ററിന്റെ പേര് | കുട്ടികൾ | ഗർഭിണികൾ | അമ്മമാർ | ആകെ |
|---|---|---|---|---|---|
| 1. | അരുവിയോട് ഹരിജൻ മഹിളാ സമാജം , അരുവിയോട് | 46 | 12 | 9 | 67 |
| 2. | ഒഴുകുപാറ മഹിളാ സമാജം | 43 | 9 | 12 | 64 |
| 3. | ഇന്ദിരാ മഹിളാ സമാജം, മുക്കോല | 32 | 5 | 3 | 40 |
| 4. | സരോജനിനായിഡു മഹിളാസമാജം കായ്പാടി | 63 | 8 | 3 | 74 |
| 5. | സൺ നഗർ മഹിളാ സമാജം വേങ്കോട് | 43 | 4 | 8 | 55 |
| 6. | ജയ് ഹിന്ദ് ഫീഡിംഗ് സെന്റർ കാരമൂട് | 26 | 3 | 6 | 35 |
| 7 | കസ്തൂർബാ മഹിളാ സമാജം കാരകുളം | 42 | – | 10 | 52 |
| 8. | അയണിക്കാട് മഹിളാ സമാജം കരകുളം | 31 | 4 | 1 | 36 |
| 9. | പ്രസാദ് മെമ്മോറിയൽ മഹിളാസമാജം കാച്ചാണി | 26 | 10 | 9 | 45 |
| 10 | ചിൽഡ്രൻസ് അസോസിയേഷൻ മഹിളാസമാജം തറട്ട | 45 | 3 | 3 | 51 |
| 11 | ബാലവിദ്യാഭവൻ നഴ്സറി സ്കൂൾ മഹിളാ സമാജം | 47 | – | 4 | 51 |
| 12 | സാമൂഹ്യസേവാ മഹിളാ സമാജം പള്ളിത്തറ | 28 | 5 | 8 | 41 |
| 13 | സോഷ്യൽ വെൽഫയർ മഹിളാസമാജം ഫീഡിംഗ് സെന്റർ, ഏണിക്കര | 36 | 4 | 8 | 48 |

11

# വനിതാക്ഷേമം

നമ്മുടെ പഞ്ചായത്തിലെ 40503 വരുന്ന ആകെ ജനസംഖ്യയിൽ 20319 വനിതകളാണ്. ഇതിൽ 17991 പേർ തൊഴിലില്ലാത്തവരെന്നാണ് 1991 ലെ കാനേഷുമാരി കണക്ക്. ഇതിൽ ഭൂരിപക്ഷം പേരും വീട്ടമ്മമാരാണ് ഫലത്തിൽ ഏറ്റവും കൂടുതൽ സമയം പണിയെടുക്കുന്നവർ. സംഘടിതവും അസംഘടിതവുമായ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നവരുടെ എണ്ണം 518 ആണ്. നാമമാത്ര തൊഴിലേർപ്പെട്ടിരിക്കുന്ന വനിതകളുടെ എണ്ണം 518 ആണ്. ആയതിനാൽ വനിതകളുടെ ക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ച് പ്രതിപാതിക്കുമ്പോൾ അവരുടെ സാമൂഹ്യപദവിയും മറ്റുപ്രശ്നങ്ങളും ആകെ വിലയിരുത്തേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളെ മാത്രം ബാധിക്കുന്ന എടുത്തുപറയാവുന്ന പ്രത്യേകപ്രശ്നങ്ങൾ ഇല്ലാത്തതുകൊണ്ടുതന്നെ കേരളത്തിലെ സ്ത്രീകളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി മാത്രമേ അവയെ പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

മനുഷ്യാവകാശങ്ങൾ ഏറ്റവും കൂടുതൽ നിഷേധിക്കപ്പെട്ടവരും പരമ്പരമായ വിവേചനത്തിനും അതുവഴി നിരന്തരമായ ചൂഷണത്തിനും വിധേയരായി കൊണ്ടിരിക്കുന്നവരുമായ ഏറ്റവും വലിയ വിഭാഗം സ്ത്രീ തന്നെയാണ്.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും വളരെയെളുപ്പം വിധേയരാകേണ്ടി വരുന്നവരാണ് സ്ത്രീകൾ. കേരളത്തിലെ 25% കുടുംബങ്ങളിലും പ്രധാന വരുമാനം സ്ത്രീകളിൽ നിന്നാണ്. നമ്മുടെ പഞ്ചായത്തുമായി ഇതിനെ താരതമ്യം ചെയ്താൽ ആകെ 11,100 കുടുംബങ്ങളിൽ 1714 കുടുംബങ്ങൾ സ്ത്രീകളുടെ വരുമാനം കൊണ്ടാണ് കഴിഞ്ഞുപോരുന്നത് (അവലംബം പഞ്ചായത്തുതല പ്രാഥമിക വിവരശേഖരണം 1996) പുറത്തുപോയി പണിയെടുക്കുന്ന സ്ത്രീകളിൽ നിന്നുള്ള വരുമാനത്തിൽ 80% ഉം വീടുകളിലെത്തുമ്പോൾ പുരുഷന്മാരിൽ നിന്ന് കിട്ടുന്നത് 60% മാത്രമാണ്

നമ്മുടെ പഞ്ചായത്തിലെ അസംഘടിതമേഖലയിൽ പണിയെടുക്കുന്നവർ പ്രധാനമായും പഞ്ചായത്തിന്റെ പുറം പ്രദേശങ്ങളിൽ വീട്ടുജോലികൾക്കു പോകുന്നവരാണ്. ഒന്നിൽ കൂടുതൽ വീടുകളിൽ പണിയെടുക്കുന്നവരുടെ എണ്ണവും കുറവല്ല. ഇതിൽ നിന്നും ശരാശരി 200 രൂപാ മുതൽ 500 രൂപാവരെ മാസവരുമാനം ലഭിക്കുന്നുണ്ട്. ഇതുകൂടാതെ നഗരപ്രദേശങ്ങളിലും മറ്റും പോയി നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന ഒരു സ്ത്രീ സമൂഹം കരകുളം പഞ്ചായത്തിലുണ്ട്. കൂലിനിരക്ക് സ്ത്രീകൾക്ക് കുറവാണെന്നുള്ളതാണ് പുരുഷതൊഴിലാളികളെക്കാൾ ഇവർക്കുള്ള സാധ്യത. മാത്രമല്ല ചില പ്രത്യേക ജോലികൾ സ്ത്രീകൾ മാത്രമാണ് ചെയ്യുന്നത് എന്നതു ശ്രദ്ധേയമാണ്. ചുമട് എടുപ്പ് ഉദാഹരണമായി പറയാം. സ്ത്രീകളെക്കൊണ്ട് കൂടുതൽ സമയം പണിയെടുപ്പിക്കാൻ കരാറുക്കാർക്കു കഴിയുന്നു.

പഞ്ചായത്തിലെ സാധാരണ കുടുംബങ്ങളിലെ ഒരു വിഭാഗം സ്ത്രീകൾ കച്ചവടത്തിലേർപ്പെട്ടു ജീവിക്കുന്നു എന്നതു എടുത്തുപറയേണ്ട വസ്തുതയാണ്. പ്രാദേശിക കൃഷി വിഭവങ്ങൾ ശേഖരിച്ച് നെടുമങ്ങാട്, പാളയം, പേരൂർക്കട തുടങ്ങിയ മാർക്കറ്റുകളിലെത്തിക്കുന്ന ഒരു വിഭാഗവും വെളുപ്പിന് ചാല, പാളയം തുടങ്ങിയ മാർക്കറ്റിലെത്തി പച്ചക്കറികൾ വാങ്ങി പഞ്ചായത്തിന്റെ വിവിധപ്രദേശങ്ങളിൽ വിറ്റഴിക്കുന്നവരുമാണ് മറ്റൊരു വിഭാഗം. പത്തുമണിയോടുകൂടി ഇക്കൂട്ടരുടെ ജോലി അവസാനിക്കുകയും ബാക്കി സമയം വീട്ടുജോലിയിൽ വ്യാപൃതരാകാനും കഴിയുന്നു. നമ്മുടെ പഞ്ചായത്തിലെ വനിതകളുടെ ഒരു പ്രധാന തൊഴിൽമേഖല നഗരങ്ങളിലെ വാണിജ്യ വ്യവസായിക, സേവന സ്ഥാപനങ്ങളാണ്. വളരെ കുറഞ്ഞവേതനം നല്കിയാൽ അഭ്യസ്തവിദ്യരായ മുഴുവൻ സമയം പണിയെടുക്കുന്ന സ്ത്രീകളെ ലഭിക്കുമെ

ന്നതാണ് ഈ മേഖലകളിൽ വനിതകളെ തന്നെ നിയമിക്കുന്നതിനുള്ള കാരണം. ഇത്തരം സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവർക്ക് ശരാശരി വേതനം 500 രൂപയാണ്. മറ്റു ആനുകൂല്യങ്ങളൊന്നും കൊടുക്കാതെ തന്നെ ഇത്തരം വനിതകളെകൊണ്ട് പണിയെടുപ്പിക്കാൻ സാധിക്കും.

വിദ്യാഭ്യാസരംഗം പരിശോധിച്ചു നോക്കിയാൽ സ്ത്രീ വിവേചനത്തിനു ഇരയാവുന്നത് കാണാവുന്നതാണ്. സ്ത്രീ വിദ്യാഭ്യാസം നേടേണ്ട ആവശ്യം തന്നെയില്ല എന്നു കരുതുന്ന അനേകം ആളുകൾ നമ്മുടെ പഞ്ചായത്തിലുമുണ്ട്. ചെറിയ ക്ലാസ്സുകളിൽ വച്ച് പഠിത്തം നിറുത്തിച്ച് വീട്ടുജോലിക്ക് തള്ളപ്പെടുന്നവർ എല്ലായ്പ്പോഴും പെൺകുട്ടികളാണ്. കരകുളം പഞ്ചായത്തിലെ സ്കൂളുകളിലെ കൊഴിഞ്ഞു പോകുന്ന കുട്ടികളുടെ എണ്ണ് പരിശോധിച്ചാൽ 70% പേർ പെൺകുട്ടികളാണ് (ദ്വിതീയ വിവരശേഖരണം) സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയാക്കിയ സ്ത്രീകളിൽ തന്നെ നല്ലൊരു ശതമാനംപേർ മേഖലകളുമായി പിന്നീടു ബന്ധപ്പെടാൻ കഴിയാത്തവരായി മാറുന്നു എന്നതും വസ്തുതയാണ്. എന്നാൽ കേരളത്തിലെ സാക്ഷരതാ പ്രസ്ഥാനത്തിൽ സ്ത്രീകൾ വഹിച്ച പങ്ക് ശ്ലാഘനീയമാണ്. വിദ്യാഭ്യാസമുള്ള സ്ത്രീകളെ ഇത്രമാത്രം ഉപയോഗിച്ചുകൊണ്ടുള്ള മറ്റൊരു പ്രസ്ഥാനവും ഇന്ത്യയിലൊരു സംസ്ഥാനത്തിലും ഇല്ല. കരകുളം പഞ്ചായത്തിലെ മിക്കവാറും സാക്ഷരതാക്ലാസ്സുകൾ കൈകാര്യം ചെയ്തിരുന്നവർ സ്ത്രീകളായിരുന്നു എന്നതാണ് പ്രത്യേകത.

കരകുളം പഞ്ചായത്തിലെ വനിതകളുടെ ആരോഗ്യപ്രശ്നങ്ങൾ സാമ്പത്തികം, ദാരിദ്ര്യം, അമിതാദ്ധ്വാനം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. വീട്ടമ്മമാരും ഗൃഹനാഥകളുമായിട്ടുള്ള വനിതകളെ ബാധിക്കുന്നത് ദാരിദ്ര്യജന്യരോഗങ്ങളാണ്. ആരോഗ്യരംഗത്ത് സ്വീകരിക്കേണ്ട കാര്യങ്ങളെ കുറിച്ചുള്ള പ്രാഥമികഅറിവുകൾ പോലും സ്ത്രീകൾക്ക് ഇന്നു അന്യമാണ്. കുട്ടികളുടെ ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ ഉണ്ടാകുന്നതും പ്രധാനമായും സ്ത്രീകളുമായി ബന്ധപ്പെട്ടാണ്. അതുകൊണ്ട് ആരോഗ്യവിദ്യാഭ്യാസം അത്യാവശ്യം നല്കേണ്ടതുണ്ട്. ഇതൊക്കെയാണെങ്കിൽപോലും പഞ്ചായത്തിലെ ശരാശരി ആയുസ്സ് പരിശോധിച്ചാൽ സ്ത്രീകൾക്കാണ് കൂടുതലുള്ള ത്. പ്രാഥമിക വിവരശേഖരണരേഖയനുസരിച്ച് പഞ്ചായത്തിലെ 55 വയസ്സുകഴിഞ്ഞ് ജീവിക്കുന്നവരിൽ മൂന്നിൽ രണ്ട് ഭാഗവും സ്ത്രീകളാണ്.

നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളിൽ ഭൂരിപക്ഷവും ഇന്നും അന്ധവിശ്വാസങ്ങളിൽ നിന്നും മറ്റും മുക്തരല്ല. അതുകൊണ്ട് തന്നെ സാമൂഹ്യപ്രവർത്തനങ്ങളിലോ മറ്റു മുഖ്യധാരാപ്രവർത്തനങ്ങളിലോ സ്ത്രീകളെ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയും പഞ്ചായത്തിലുണ്ട്.

## സാധ്യതകൾ

1. **പഞ്ചായത്ത്തല സംഘങ്ങൾ**

   പഞ്ചായത്ത് തലത്തിൽ 25 പേരടങ്ങുന്ന ഒരു റിസ്സോഴ്സ് ഗ്രൂപ്പ് ഉണ്ടാക്കണം. സ്ത്രീകളുടെ പ്രശ്നങ്ങളെ സംബന്ധിച്ച പരിശീലനം ഈ ഗ്രൂപ്പിന് നല്കണം. ഈ ഗ്രൂപ്പിനെ ഉപയോഗിച്ച് ഓരോ വാർഡിലും താല്പര്യമുള്ള 20 മുതൽ 25 വരെ സ്ത്രീകളെ ഉൾപ്പെടുത്തി ഓരോ സംഘങ്ങളുണ്ടാക്കാവുന്നതാണ്. ഈ സംഘങ്ങൾക്ക് താല്പര്യമുള്ള മേഖലകൾ തെരഞ്ഞെടുക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യാം.

2. **പച്ചക്കറി ഗ്രൂപ്പുകൾ**

   'എന്റെ ഗ്രാമം ഹരിതഗ്രാമം' പഞ്ചായത്ത് തല പച്ചക്കറി വികസനപരിപാടി മുകളിൽ പറഞ്ഞ ഗ്രൂപ്പുകളെ ഉപയോഗിച്ച് നടപ്പിൽ വരുത്താം. ഒരു വീടു കേന്ദ്രമാക്കി ആ പ്രദേശയെ 20 വീടുകൾ ചേരുന്ന സ്ത്രീ സംഘങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ വീടുകൾക്ക് ആവശ്യമായ പച്ചക്കറികൾ അവിടെതന്നെ ഉല്പാദിപ്പിക്കാൻ സാധിക്കും.

3. **തുല്യമായ വേതനം**

   ജോലിക്ക് പുരുഷനു തുല്യമായ വേതനം കൊടുക്കുന്നതിനു ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാകണം. ഇന്നു അസംഘടിതരായിട്ടുള്ള വനിതകളെ സംഘടിപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കാവുന്നതാണ്.

4. **തൊഴിൽ പരിശീലനം**

   എല്ലാ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളി

കൾക്കും പരിശീലനം അത്യാവശ്യമാണ്. പഞ്ചായത്ത് തലത്തിൽ രൂപംകൊളളുന്ന റിസ്സോഴ്സ് ഗ്രൂപ്പിന് ഇതിന് ഉപയോഗിക്കാവുന്നതാണ്.

അടുപ്പുനിർമ്മാണസംഘം

പഞ്ചായത്ത് തലത്തിൽ 25 പേരടങ്ങുന്ന ഒരു വനിതാസംഘം രൂപം കൊടുക്കാവുന്നതാണ്. ഈ സംഘത്തിനു അനർട്ടിന്റെ സഹായത്തോടുകൂടി പരിഷത്തടുപ്പ് ഫിറ്റിംഗിൽ പരിശീലനം കൊടുക്കാവുന്നതാണ്. ഈ യൂണിറ്റുകളെ ഉപയോഗിച്ച് പഞ്ചായത്തിലെ മുഴുവൻ വീടുകളിലും പരിഷത്തടുപ്പ് സ്ഥാപിക്കുന്നതിനു ഒരു പദ്ധതി തയ്യാറാക്കാവുന്നതാണ്.

6. സ്വയം തൊഴിൽ യൂണിറ്റുകാർ

വനിതകൾക്കുമാത്രമായി സ്വയം തൊഴിൽ യൂണിറ്റുകൾ ഉണ്ടാക്കാവുന്നതാണ്. വനിതാവ്യവസായ യൂണിറ്റുകൾ കെഴുകുതിരി നിർമ്മാണയൂണിറ്റ്, അച്ചാർ നിർമ്മാണയൂണിറ്റ് തുടുങ്ങിയവ.

7. ആരോഗ്യക്ലാസ്സുകൾ

പഞ്ചായത്തിലെ വിവിധപ്രദേശങ്ങളിൽ കുടുംബയോഗങ്ങൾ വിളിക്കുകയും ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ചുളള ബോധവല്ക്കരണം നടത്തണം. വാർഡിലെ ഉൾപ്രദേശങ്ങൾ തെരഞ്ഞെടുത്തുവേണം ഈ പരിശീലനം നടത്തേണ്ടത്.

8. വിപണനസംഘങ്ങൾ

പഞ്ചായത്ത്തല വിപണനകേന്ദ്രവുമായി ബന്ധപ്പെട്ട് ഉല്പന്നങ്ങൾ വിപണം നടത്തുന്നതിനുവേണ്ടി പ്രത്യേകം പ്രത്യേകം സംഘങ്ങൾ ഉണ്ടാക്കാവുന്നതാണ്.

## നിഗമനങ്ങൾ

1. സ്ത്രീകൾക്ക് ആവശ്യമായ തൊഴിൽ പരിശീലനവും ബോധവല്ക്കരണവും ലഭ്യമായാൽ ഇന്നുളള ഒട്ടുമിക്ക പ്രശ്നങ്ങളും പരിഹരിക്കാനാവും.
2. വിപണന സംഘങ്ങൾ ഉണ്ടാകുന്നതോടുംകൂടി പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന കൃഷി, വ്യവസായ ഉല്പന്നങ്ങൾ എന്നിവയുടെ വിപണനസൗകര്യം വർദ്ധിക്കും.
3. സ്ത്രീകളുടെ സാമ്പത്തികനില മെച്ചപ്പെടുന്നതോടുകൂടി സ്ത്രീയ്ക്ക് കുടുംബത്തിൽ പുരുഷനോട് തുല്യമായ പദവി ലഭിക്കും.

INSTITUTE OF LOCAL ADMINISTRATION ★ THRISSUR-680 ...

4197

# 12

# പട്ടികജാതി പട്ടികവർഗ്ഗം

രാജ്യഭരണവൃത്തങ്ങളിൽ വമ്പിച്ച സ്വാധീനം ചെലുത്താൻ തക്കവണ്ണം ഉയർന്നമേധാശക്തി പുലർത്തിയിരുന്ന വരേണ്യ വർഗ്ഗങ്ങൾ മെയ്യനങ്ങാതെ സുഖജീവിതം നയിക്കാനും സ്വജീവിതസൗകര്യങ്ങൾക്ക് കോട്ടം തട്ടാതെ കാക്കാനും വേണ്ടി പലവിധ ഉപായങ്ങളും സ്വീകരിച്ചു പോന്നിട്ടുള്ളതായി ലഭ്യമായ ചരിത്രത്തിന്റെ വരികൾക്കിടയിലൂടെ വായിച്ചെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആയിരത്താണ്ടുകൾക്ക് മുമ്പുതന്നെ ജീവസന്ധാരണാർത്ഥം ഏർപ്പെട്ടുപോന്നിരുന്ന തൊഴിലിന്റെ അടിസ്ഥാനത്തിൽ മനുഷ്യരെ അവർ വേർതിരിച്ചു. സാമൂഹ്യ സാഹചര്യങ്ങളല്ല മുജ്ജന്മ പുണ്യപാപകർമ്മ ഫലങ്ങളാണ് ഈ ജന്മത്തിലെ ഉച്ചനീചത്വങ്ങൾക്കടിസ്ഥാനം എന്ന് പ്രചരിപ്പിച്ചു - ദൈവീക പരിവേഷമുള്ള കല്പിത കഥകളുടെ മറവിൽ.

നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും സമൂഹത്തെ ഇന്നും ആ ചാതുർവർണ്ണ്യവ്യവസ്ഥയുടെ കാണാക്കരങ്ങൾ പിന്നോട്ട് വലിക്കാൻ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. ആ ദുരാചാര വ്യവസ്ഥയുടെ തിക്തഫലങ്ങൾ എന്നും ഏറെ അനുഭവിച്ചുപോന്നിട്ടുള്ളവരാണ് അധ:സ്ഥിത വർഗ്ഗങ്ങൾ. പരിഷ്കൃത സമൂഹത്തിന്റെപ്പോലും നീതി നിഷേധിക്കപ്പെട്ട് സാമൂഹ്യമായും സാമ്പത്തികമായും സാംസ്കാരികമായും ചവുട്ടി താഴ്ത്തപ്പെട്ടവർ. നവോത്ഥാന പ്രസ്ഥാനത്തിന്റെയും ദേശീയ പ്രസ്ഥാനത്തിന്റേയും മറ്റനേകം സാമൂഹ്യ പരിഷ്കരണ പുരോഗമന പ്രസ്ഥാനങ്ങളുടേയുമൊക്കെ അക്ഷീണയത്നത്തിന്റെ ഭാഗമായി; ഒരു പരിധിവരെയെങ്കിലും അധ:സ്ഥിതരെ സമൂഹത്തിന്റെ മേൽത്തട്ടിലേയ്ക്ക് കൈപിടിച്ചുയർത്താൻ കഴിഞ്ഞിട്ടുണ്ട്. സാമൂഹിക സാമുദായിക സമത്വത്തിനുവേണ്ടിയുള്ള കർമ്മ പദ്ധതികൾ ലക്ഷ്യംനേടിയും നേടാതെയും തുടർന്നുകൊണ്ടിരിക്കെ തന്നെ, ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ജീവിത സാഹചര്യങ്ങളിലേയ്ക്ക ഒന്ന് എത്തിനോക്കുകയാണ് ഇവിടെ ചെയ്യുന്നത്.

1991 കനേഷുമാരി സർവ്വേപ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന 3905 പേരാണ് ഈ പഞ്ചായത്തിലുള്ളത്. 1856 പുരുഷന്മാരും 2049 സ്ത്രീകളും. 13 അംഗീകൃത പട്ടികജാതി സങ്കേതങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവയിലെല്ലാം 447 കുടുംബങ്ങൾ താമസിക്കുന്നു. പത്തോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന മേഖലകളെയാണ് അംഗീകൃത മേഖലകളായി കണക്കാക്കുന്നത്.

| ക്രമ നമ്പർ | വാർഡ് നമ്പർ | പേര് | കുടുംബങ്ങൾ |
|---|---|---|---|
| 1. | III | മേലേകരിമ്പുവിള | 18 |
| 2. | III | ചെക്കാലമുകൾ I HDP 92 | 42 |
| 3. | IV | പള്ളിത്തറ (ക്രൈസ്റ്റ്നഗർ) | 80 |
| 4. | V | മാവുവിള - കല്ലയം | 20 |
| 5. | V | മൂഴിയിൽ | 35 |
| 6. | V | കഴുനാട് ലക്ഷംവീട് | 10 |
| 7. | VI | മാഞ്ഞാംങ്കോട് I HDP 95-96 | 84 |
| 8. | VIII | അരുവിയോട് | 60 |
| 9. | IX | ചെഞ്ചേരിവിള ഹരിജൻകോളനി | |
| 10. | X | മാവുവിള | 24 |
| 11. | XI | ചെന്തുപ്പൂര് | 11 |
| 12. | XI | ചെക്കക്കോണം | 42 |
| 13. | VI | തേക്കുവിള ലക്ഷംവീട് | 21 |

(അയണിക്കാട്, ഏണിക്കര, ചിറ്റാഴ വാർഡുകളിൽ അംഗീകൃത പട്ടികജാതി മേഖലകളില്ല)

ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ .....ശതമാനം മാത്രമാണ് പട്ടികജാതി വിഭാഗങ്ങളായിട്ടുള്ളത്. ഇവരിൽ 80% പേരും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. പ്രത്യക്ഷത്തിൽ ജാതിപരമായ വിവേചനങ്ങൾക്കൊന്നും ഇവർ പാത്രമാവുന്നില്ല എങ്കിലും സാമൂഹിക സാംസ്കാരിക തലങ്ങളിൽ മറ്റു ജനതയോടൊപ്പമെത്താൻ ഇവരിൽ ഭൂരിപക്ഷത്തിനും കഴിഞ്ഞിട്ടില്ല. സർക്കാരും മറ്റ് ഏജൻസികളും കാലാകാലങ്ങളിൽ നൽകുന്ന സഹായങ്ങളും പ്രോത്സാഹനങ്ങളും ഒന്നും തന്നെ തീർത്തും അർഹതപ്പെട്ടവന് കിട്ടാതെ പോകുന്നു എന്ന് മുൻകാലരേഖകൾ ചൂണ്ടിക്കാട്ടുന്നു.

1992 ലെ IRDP കുടുംബ സർവ്വേപ്രകാരം ദാരിദ്ര്യരേഖക്ക് താഴെവരുന്ന പട്ടികജാതി കുടുംബങ്ങൾ 333 ആണ്. ഇതിൽ 172 പേർക്ക് IRDP സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. ട്രൈസം-തൊഴിൽ പരിശീലനം നേടിയ 10 പേർ ബ്രയ്സിയേഴ്സ് & ഗാർമെന്റ്സ് യൂണിറ്റ് എന്ന ഒരു സംഘം സ്ഥാപിച്ച് സ്വയം തൊഴിൽ കണ്ടെത്തിയിരിക്കുന്നു. യൂണിറ്റ് ലാഭകരമായാണ് പ്രവർത്തിക്കുന്നത്. IRDP യുടെ വിവിധ പരിപാടികളിലായി 51 വീടുകൾ അനുവദിച്ചിട്ടുള്ളതിൽ 41 വീടുകൾ പൂർത്തിയായിട്ടുണ്ട്. സർവ്വേപ്രകാരം കക്കൂസ് ഇല്ലാത്ത 2587 വീടുകളുള്ളതിൽ വിവിധ പദ്ധതികളിലൂടെ 70 കുടുംബങ്ങൾക്ക് കക്കൂസുകൾ അനുവദിച്ചി

ട്ടുണ്ട്. (മുകളിൽ സൂചിപ്പിച്ച 51 വീടുകൾക്കും കക്കൂസുകൾ അനുവദിച്ചിട്ടുണ്ട്.) ഗ്രാമീണ കൈത്തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP) പ്രകാരം 314 ഓളം ഗ്രാമീണ കൈത്തൊഴിലുകാരുള്ളതിൽ 56 പേർക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്.

JRY ആക്ഷൻ പ്ലാൻ പ്രകാരം 49,000 രൂപ ചിലവാക്കി 30 പട്ടികജാതികളായി കുടുംബങ്ങൾക്ക് കക്കൂസുകൾ ലഭ്യമാക്കിയിട്ടുണ്ട്. 13 കുടുംബങ്ങളുടെ വീടുപണിയുമായി ബന്ധപ്പെട്ട് 37,300 രൂപ ചിലവഴിച്ചിട്ടുണ്ട്. നിർദ്ധനരായ രണ്ടു പട്ടികജാതി കുടുംബങ്ങൾക്ക് വീട് വെയ്ക്കുന്നതിനായി 30,450 രൂപ സാമ്പത്തികസഹായം നൽകിയിട്ടുണ്ട്.

ORDP പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് നൽകുന്ന സഹായം പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് എങ്കിലും, വായ്പയും സബ്സിഡിയും ഉപയോഗിച്ച് സ്വരൂപിക്കുന്ന ആസ്തികൾ കൃത്യമായും ഗുണഭോക്താക്കൾ പ്രയോജനപ്പെടുത്താത്തതിനാൽ ഈ പദ്ധതിയുടെ പ്രയോജനം ലക്ഷ്യം കാണുന്നില്ല എന്നതാണ് വസ്തുത.

IRDP യിൽ ഒരനുബന്ധപരിപാടിയാണ് DWCRA. IRDP പദ്ധതിപോലെ വ്യക്തിഗത പരിപാടി അല്ലാത്തതിനാൽ നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ട്. വായ്പയും സബ്സിഡിയും ഗുണഭോക്താക്കൾക്ക് പൊതുതാല്പര്യത്തെ മുൻനിർത്തി മാത്രമെ ചെലവഴിക്കാൻ സാധിക്കൂ. ഇത് ഗുണഭോക്താക്കൾ അംഗീകരിക്കാൻ തയ്യാറാവുന്നില്ല. ശരിയായ ബോധവത്ക്കരണത്തിലൂടെ മാത്രമെ ഈ സ്കീമുകളുടെ പ്രയോജനം ഉണ്ടാവുകയുള്ളു. ANP പദ്ധതിക്ക് കീഴിലുള്ള ബാലവാടികളുടെ സൗകര്യക്കുറവും അനാകർഷകത്വവും കാരണം നാമമാത്രമായ കുട്ടികൾ മാത്രമെ മൊത്തം സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കാണുന്നുള്ളു. ബാലവാടികളുടെ സ്ഥിതി മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമത്രെ. അതുപോലെ ദുർബല ജനവിഭാഗങ്ങൾക്ക് വീട് വെയ്ക്കുന്നതിനായി നൽകുന്ന സാമ്പത്തിക സഹായവും വളരെ അപര്യാപ്തമത്രെ. മറ്റൊരു പ്രധാനകാര്യം ഈ ജനവിഭാഗത്തിന്റെ ഉന്നമനത്തെ ലക്ഷ്യമാക്കി കോടിക്കണക്കിന് രൂപയുടെ ധാരാളം സർക്കാർ പദ്ധതികൾ ഉണ്ടെങ്കിലും ഇവയൊന്നും അർഹതപ്പെട്ടവരുടെ കൈകളിൽ എത്തിച്ചേരുകയോ പദ്ധതികൾ ലക്ഷ്യം കൈവരിക്കുകയോ ചെയ്യുന്നില്ല എന്നതാണ് വാസ്തവം. പലപ്പോഴും ലോൺ തരപ്പെടുത്തിക്കൊടുക്കാനെന്ന മട്ടിൽ മുൻകയ്യെടുത്ത് കാര്യങ്ങൾ നീക്കുന്ന ഉന്നതങ്ങളിലെ ഇടനിലക്കാരായ ചിലരുടെ കൈകളിലേക്കാണ് വായ്പയുടെ അല്ലെങ്കിൽ സഹായ ധനത്തിന്റെ സിംഹഭാഗവും ചെന്നെത്തുന്നത്. പൊതുവെ ഇത്തരം പദ്ധതികളെക്കുറിച്ചുള്ള അവരുടെ അജ്ഞത തന്നെയാണതിന് കാരണം. വർഷങ്ങളോളമായി ഈ മേഖലയിൽ കോടിക്കണക്കിന് രൂപ ചിലവാക്കുകയോ, ചിലവാക്കാൻ അക്കമിട്ടുനിരത്തിയ സ്കീമുകൾ പ്രഖ്യാപിക്കുകയോ ഒക്കെ ചെയ്തിട്ടുണ്ടെങ്കിലും അവ അർഹതപ്പെട്ട കരങ്ങളിലെത്തിക്കാൻ, അല്ലെങ്കിൽ എത്തിച്ചുഎന്നുറപ്പുവരുത്തി ലക്ഷ്യം നേടാൻ അധികൃതർക്ക് കഴിഞ്ഞിട്ടില്ല. ഈ യാഥാർത്ഥ്യങ്ങൾ വിമർശനപരമായി ഉൾക്കൊണ്ടുവേണം നാം പുതിയ സ്കീമുകൾക്ക് രൂപം കൊടുക്കേണ്ടത്.

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും

പഞ്ചായത്തിലെ മൊത്തം സ്ഥിതി പരിശോധിച്ചാൽ ഇവരിൽ ഭൂരിഭാഗവും അസംഘടിത മേഖലയിൽ പണിയെടുക്കുന്നവരാണ്. അതുകൊണ്ടുതന്നെ അതാത് മേഖലകളിലെ തൊഴിൽ വൈദഗ്ദ്യം നേടാനോ ബോധവാന്മാരാകാനോ ഇവർക്ക് കഴിയുന്നില്ല. നല്ലൊരു ശതമാനം ആളുകൾ പാറമടകളിൽ ജോലിചെയ്യുന്നവരായുണ്ട്. സുരക്ഷിതത്വം തീരെ കുറഞ്ഞതും കഠിനമായ കായികാദ്ധ്വാനം ആവശ്യപ്പെടുന്നതുമായ ഈ ജോലിയിലേർപ്പെടുന്നവർക്ക് കഴിയുന്നത്ര സഹായങ്ങൾ എത്തിക്കേണ്ടതായുണ്ട്. അതുപോലെ ഇവരുടെ കഠിനാദ്ധ്വാന ഫലത്തിന്റെ നല്ലൊരുശതമാനവും ചൂഷണം ചെയ്യപ്പെട്ടുപോരുന്നത് സഹകരണ സംഘങ്ങൾ രൂപീകരിച്ച് തടയാവുന്നതാണ്.

പട്ടികജാതി കോളനികളിലെ കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. എത്രയും വേഗത്തിൽ ഇതു പരിഹരിക്കാനുള്ള പദ്ധതികളുണ്ടാവണം. അതുപോലെ അടിയന്തിര പ്രാധാന്യമർഹിക്കുന്ന മറ്റൊരു പ്രധാനകാര്യം ഓരോ വീടിനും കക്കൂസ് സൗകര്യം ഉണ്ടാക്കുക എന്നതും, കോളനികളിൽ വൈദ്യുതി എത്താത്തിടത്തെല്ലാം വൈദ്യുതി എത്തിക്കുക എന്നതുമാണ്.

തൊഴിലില്ലായ്മയും സാമ്പത്തിക പരാധീനതയും തജ്ജന്യമായ ദാരിദ്ര്യാവസ്ഥയും അജ്ഞതയും കാരണം ഈ വിഭാഗത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസലക്ഷ്യം കൈവരിക്കാൻ കഴിയുന്നില്ല. പൊതുവായ ബോധവൽക്കരണവും ആവശ്യമായ സഹായ സഹകരണങ്ങളോടുകൂടിയ നിർബ്ബന്ധസൗജന്യ വിദ്യാഭ്യാസ പദ്ധതിയും നടപ്പിലാക്കേണ്ടിയിരിക്കുന്നു.

തൊഴിലില്ലായ്മയും സാമ്പത്തിക ഞെരുക്കവും കാരണം ജീവിതം ഉന്തിത്തള്ളി നീക്കുന്നവരാണ് ഭൂരിഭാഗവും. അതുകൊണ്ടുതന്നെ പോഷകാഹാരക്കുറവും ശുചിത്വമില്ലായ്മയുമൊക്കെ ആരോഗ്യപരിപാലനത്തിന് തടസ്സമായിത്തീരുകയും ചെയ്യുന്നു. ഇടുങ്ങിയ ചുറ്റുപാടുകളും മലമൂത്രവിസർജ്ജന സൗകര്യങ്ങൾ ആവശ്യത്തിനില്ലാ എന്നതും ശുചിത്വപാലനത്തിനുള്ള ബോധക്കുറവുമൊക്കെ ഇവരുടെ ആരോഗ്യത്തെ ബാധിക്കുന്ന മറ്റു കാരണങ്ങളാണ്. മറ്റൊന്ന് കോളനീവല്ക്കരണത്തിന്റെ ഭാഗമായി സ്വാഭാവികമായി വന്നുചേരുന്ന സാമൂഹികമായ ഒറ്റപ്പെടലത്രെ. വ്യക്തമായ ലക്ഷ്യബോധത്തോടെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ കൊണ്ടുകൂടിമാത്രമെ ഈ വിഭാഗത്തെ മറ്റുജനവിഭാഗങ്ങൾക്കൊപ്പം പുരോഗതിയിലേക്ക് നയിക്കാനാവൂ.

13

# സഹകരണമേഖല

പഞ്ചായത്തിന്റെ വികസനത്തിൽ വളരെ വലിയ ഒരു പങ്ക് വഹിക്കാൻ കഴിയുന്ന സ്ഥാപനമാണ് സഹകരണ സ്ഥാപനങ്ങൾ. പഞ്ചായത്തിന്റെ വികസന സാധ്യതകൾ കണ്ടെത്തുമ്പോൾ പ്രധാനമായും ഉപയോഗിക്കേണ്ടത് സഹകരണ സ്ഥാപനങ്ങളെയാണ്. 1969 ലെ കേരള Co-operative Act അനുസരിച്ചാണ് കേരളത്തിലെ സഹകരണമേഖല പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ സഹകരണ സ്ഥാപനങ്ങളുടെ റിസ്സോഴ്സസ് ഒരുപോലെ യല്ല. ചില സ്ഥാപനങ്ങളിൽ കുറവാണെങ്കിൽ മറ്റുചില സ്ഥാപനങ്ങളിൽ മിച്ചം ആണ്. ഈ അധികഫണ്ട് പഞ്ചായത്തിന്റെ വികസനപ്രവർത്തനത്തിലേയ്ക്ക് ഉപയോഗിക്കാൻ കഴിയണം. ഈ സഹകരണ സ്ഥാപനങ്ങളിൽ നിന്നു കൊടുക്കുന്ന വായ്പകൾ നിർദിഷ്ട ആവശ്യങ്ങൾക്ക് പലപ്പോഴും ഉപയോഗിക്കുന്നില്ല. വായ്പകൾ എടുക്കുന്ന ആവശ്യത്തിനു തന്നെ ഉപയോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കപ്പെടാനുള്ള സംവിധാനവും ഇന്നില്ല. കാർഷിക വായ്പകൾ എടുക്കുകയും വകമാറ്റി ഉപയോഗിക്കുകയും ചെയ്യുന്നവരുടെ എണ്ണം എത്രയോ അധികമാണ്. സഹകരണ സ്ഥാപനങ്ങൾ നല്കുന്ന വായ്പകൾ കാർഷിക വികസന സമിതിയുമായി കൂട്ടിയോജിപ്പിച്ചു നല്കിയാൽ ഒരു പരിധി വരെ ഇതിനു അറുതി വരുത്താൻ സാധിക്കും.

കരകുളം പഞ്ചായത്തിലെ സർവ്വീസ് സഹകരണ ബാങ്ക് ആരംഭിച്ച വർഷം 1950 ആണ്. സംഘത്തിന്റെ പേര് കരകുളം സർവ്വീസ് സഹകരണബാങ്ക് (ക്ലിപ്തം) നമ്പർ 3064 എന്നാണ്. ഇതിന്റെ പ്രവർത്തനപരിധിയിൽ കരകുളം പഞ്ചായത്തിന്റെ 14 വാർഡുകളും വരുന്നു. വളരെ വികസന സാധ്യതയുള്ള ഒരു സഹകരണ സംഘമാണിത്. പൊതുവിൽ ജനങ്ങൾക്കിടയിൽ ഈ സംഘത്തെ അംഗീകരിക്കുന്നു എന്നതാണ് പ്രത്യേകത അതുകൊണ്ട് ഡിപ്പോസിറ്റ് ശേഖരിക്കുന്നതിൽ പ്രയാസം അനുഭവപ്പെടാറില്ല. തിരുവനന്തപുരം ജില്ലയിലെ പ്രധാനപ്പെട്ട രണ്ടോ മൂന്നോ സംഘങ്ങളിൽ ഒന്നാണ് ഈ സംഘം. ആദ്യപ്രസിഡന്റ് മാടവന വി.ഇ. വേലപ്പൻനായരും സെക്രട്ടറി കെ. ശിവരാമൻ നായരും ആണ്. 12 അംഗങ്ങളുമായി തുടങ്ങിയ ഈ സ്ഥാപനം ഇന്ന് 13957 അംഗങ്ങളുമായി വളർന്നു. 1981 ഫെബ്രുവരി മാസത്തിൽ വട്ടപ്പാറയിൽ ഒരു ശാഖ ആരംഭിച്ചു. 'A' ക്ലാസ്സ് ഓഹരിയുടെ വില 10/ 'B' ക്ലാസ്സ് Rs. 100/ 'C' ക്ലാസ്സ് 5 രൂപ എന്ന ക്രമത്തിലാണ്. അംഗീകൃത ഓഹരി മൂലധനം 60 ലക്ഷം രൂപയാണ്. പിരിഞ്ഞു കിട്ടിയ മൂലധനം 30,65,953 രൂപയാണ്.

കരകുളം സർവ്വീസ് സഹകരണബാങ്കിനു ഇപ്പോൾ നിർവ്വഹിക്കുന്നതിനു പുറമേ ധാരാളം പ്രവർത്തനങ്ങളുണ്ട്. പുതിയ വികസനമേഖലകൾ കണ്ടെത്തി സഹകരണ സംഘത്തിന്റെ സഹായത്തോടെ പ്രവർത്തനം നടത്താൻ പഞ്ചായത്തിന് പദ്ധതിയുണ്ടാകണം.

1. പഞ്ചായത്തിന്റെ ബാങ്കായി സഹകരണസംഘത്തെ മാറ്റാവുന്നതാണ്. ധനകാര്യവിനിമയത്തിൽ ഉണ്ടാകുന്ന കാലതാമസവും മറ്റും ഒഴിവാക്കാനും ബാങ്കിനെ പഞ്ചായത്തിന്റെ വികസന സഹായിയായി മാറ്റാനും ഈവഴി സാധിക്കും.

2. പഞ്ചായത്തിലെ ജനങ്ങളുടെ ധനകാര്യകഴിവ് സമാഹരിക്കാനും വിനിയോഗിക്കാനും ഈ വഴി സാധിക്കും.

3. വികസന വിഭവ സമാഹരണകേന്ദ്രമായി ചാനൽ ചെയ്യാനും കഴിയും.

ആദ്യസംഘത്തിന്റെയും മറ്റും സഹകരണസ്ഥാപനങ്ങളുടെയും വിശദവിവരം പട്ടികയിൽ

# പട്ടിക - I

| | | | |
|---|---|---|---|
| 1. | പേര് | കരകുളം സർവീസ് സഹകരണബാങ്ക് ക്ലിപ്തം 3064 | കല്ലയം പ്രിയദർശിനി റസിഡന്റ്സ് വെൽഫയർ കോ. ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം 1115 |
| 2. | ക്രഡിറ്റ് / നോൺ ക്രഡിറ്റ് | ക്രഡിറ്റ് | ക്രഡിറ്റ് |
| 3. | പ്രവർത്തനം ആരംഭിച്ച വർഷം | 1950 | 1992 |
| 4. | ആകെ അംഗങ്ങൾ | 13957 | 521 |
| 5. | ഒരു ഓഹരിയുടെ വില | A, 10/- B. 100/- C, 5/- | A, 50/- C, 10/- |
| 6. | അംഗീകൃത ഓഹരി മൂലധനം | Rs. 60,00,000/- | Rs. 10,00,000/- |
| 7. | പിരിഞ്ഞു കിട്ടി മൂലധനം | Rs. 30,65,953/- | Rs. 1,52,700/- |
| 8. | സർക്കാർ ഓഹരി | ഉണ്ട് | ഇല്ല |
| 9. | ലഭിച്ച തുക | Rs. 1,20,000/- | - |
| 10. | പരമാവധി കടം എടുക്കാവുന്ന തുക | Rs. 5,00,000/- 1MBP | പിരിഞ്ഞുകിട്ടിയ മൂലധനം+ കൂടതൽധനം x 40 |
| 11. | നിക്ഷേപങ്ങൾ | S.M + Rs.3,32,63,775/-<br>F.D. Rs. 4,12,34,890 | Rs. 12,32,804/- |
| 12. | നൽകിയ വായ്പകൾ | Rs. 4,75,38,691/- | Rs. 15,00,000/- |
| 13. | വായ്പാകുടിശ്ശിക | Rs. 69,60,725/- | |
| 14. | സ്വീകരിച്ച വായ്പ | Rs. 34,82,040/- | Rs. 2, 90,000/- |
| 15. | എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾ | Rs. 11,47,748/- | Rs. 24,000/- |
| 16. | കണ്ടിജൻസി ചിലവുകൾ | Rs. 8, 99,417/- | Rs. 6000/- |
| 17. | മറ്റു പ്രവർത്തനങ്ങൾ | കൺസ്യൂമർസ്റ്റോർ<br>വളം ഡിപ്പോകൾ<br>ടെക്സ്റ്റെയിൽ സ്റ്റോർ<br>സേഫ് ഡെപ്പോസിറ്റ്<br>ലോക്കർ സൗകര്യം | ചിട്ടി |

കരകുളം പഞ്ചായത്തിൽ മൂന്നു വനിതാ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി കഴുനാട് വാർഡ്
2. വനിതാ സർവ്വീസ് സഹകരണസംഘം കാച്ചാണി വാർഡ്
3. ശ്രീകാര്യം വുമൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പന്തപ്ലാവ് വാർഡ്

ഈ സംഘങ്ങളിൽ ആദ്യത്തെ രണ്ടെണ്ണം നാമമാത്രമായി പ്രവർത്തിക്കുന്നു. മൂന്നാമത്തെ സ്ഥാപനം പ്രവർത്തനരഹിതമായി കിടക്കുന്നു. ഈ സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങളൊന്നും തന്നെ പിന്നീട് പ്രവർത്തനപഥത്തിലെത്താറില്ല. സെക്രട്ടറിയായി നിയമിക്കപ്പെടുന്നതോ സ്വയം നിയമിതയാകുന്നതോ ആയ വരുടെ ഇഷ്ടാനിഷ്ടവം സൗകര്യവും മാത്രമായി അധഃപതിച്ചുപോകുന്നു എന്നതാണ് ഇത്തരം സംഘങ്ങൾക്കു നമ്മുടെ പഞ്ചായത്തിൽ വന്ന അപചയം. സൊസൈറ്റി ഡയറക്ടർ ബോർഡ് യഥാസമയം കൂടാനോ പരിപാടികൾ നടപ്പിലാക്കാനോ പറ്റാത്ത അവസ്ഥയാണ് നിലവിലുള്ളത്.

നെടുമൺ വാർഡിൽ ഒരു പട്ടികജാതി സഹകരണസംഘം രജിസ്റ്റർ ചെയ്തു പ്രവർത്തനം തുടങ്ങിയെങ്കിലും അതിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്.

ധാരാളം പ്രവർത്തനസാമഗ്രികളും സാധ്യതകളുമുണ്ടായിട്ടും ഈ സംഘത്തിന്റെ പ്രവർത്തനം നിലച്ചതിനു പല കാരണങ്ങളുണ്ട്. സംഘത്തിന്റെ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശത്തിൽ സഹോദരങ്ങൾ തമ്മിലുള്ള തർക്കവും നേതൃത്വമില്ലായ്മയും ഇതിൽ കാരണങ്ങളാണ്.

ഇതിനു പുറമേ കാച്ചാണിവാർഡിലും അയണിക്കാട് വാർഡിലുമായി രണ്ടു വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ കാച്ചാണി വാർഡിലുള്ള വ്യവസായസഹകരണസംഘം പ്രവർത്തനം നിലച്ചിരിക്കുന്നു. കരകുളം കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന സംഘമാണ് അയണിക്കാട് വാർഡിലേത്. സോപ്പ് നിർമ്മാണമാണപ്രവർത്തനം. സാമാന്യം ഭേദപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന സംഘമാണിത്. പഞ്ചായത്തിൽ ധാരാളം സാധ്യതയുള്ള ഒരു വ്യവസായമേഖലയാണിത്.

ഇതിനു പുറമേ പഞ്ചായത്തിൽ രണ്ടു ക്ഷീരോൽപ്പാദകസഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. കല്ലയം വേങ്കോട് വാർഡിലുമായാണ് ഈ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്. ക്ഷീരോല്പാദനത്തിൽ വരുന്ന കുറവ് ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളേയും സാരമായി ബാധിക്കുന്നുണ്ട്. ക്ഷീരോല്പാദകസഹകരണസംഘത്തിൽ പാൽ കൊടുക്കാൻ ഉല്പാദകർ തയ്യാറാകുന്നില്ല. കാരണം സംഘത്തിൽ കിട്ടുന്നതിനേക്കാൾ കൂടുതൽ തുകയ്ക്ക് സംഘത്തിനു പുറത്തു പാൽ വില്ക്കാൻ കഴിയുമെന്നതാണ്. ഇതിനുപുറമെ കാച്ചാണി കേന്ദ്രമാക്കി അരുവിക്കര പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സംഘത്തിലും ഗുണഭോക്താക്കളായി കാച്ചാണി, അയണിക്കാട് വാർഡിലെ കർഷകർ നമ്മുടെ പഞ്ചായത്തിലുണ്ട്.

എന്നാൽ ക്ഷീരോല്പാദനരംഗം ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കാനും വികസിപ്പിക്കാനും ഉല്പാദനക്ഷമത വർദ്ധിപ്പിച്ച് ഏകോപിപ്പിക്കാനും പ്രകാശപ്രദമാക്കാനും കഴിഞ്ഞിട്ടില്ല.

## പ്രശ്നങ്ങൾ

### 1. കാർഷിക വായ്പകൾ കിട്ടുന്നതിലുള്ള ബുദ്ധിമുട്ടുകൾ

സർവ്വീസ് സഹകരണസംഘങ്ങൾ ലക്ഷക്കണക്കിന് രൂപാ വായ്പാ നല്കുന്നുണ്ടെങ്കിലും യഥാർത്ഥ കർഷകനു കൃഷിയുടെ ആവശ്യത്തിനു പലപ്പോഴും വായ്പാ സൗകര്യങ്ങൾ ലഭ്യമല്ല. ഒന്നുകിൽ സർക്കാരുദ്യോഗസ്ഥന്റെ ജാമ്യം (അത് കിട്ടാനുള്ള വൈഷമ്യം) അല്ലെങ്കിൽ ഉടമസ്ഥാവകാശമുള്ള വസ്തുവിന്റെ ബോണ്ട്-എങ്കിൽ മാത്രമേ ലോൺ ലഭ്യമാകുകയു ളളൂ. പലപ്പോഴും കൃഷിഭൂമിയുടെ ഉടമസ്ഥനായിരിക്കില്ല കൃഷി ചെയ്യുന്നത്. അതിനാൽ യഥാർത്ഥ കർഷകനു വായ്പ നല്കുന്നതിനുവേണ്ടിയുളള പുതിയ പദ്ധതികൾ സഹകരണസംഘം നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കേണ്ടതാണ്.

### 2. സഹകരണ സ്ഥാപനങ്ങളിലുള്ള അധികധനം വിനിയോഗിക്കാൻ പറ്റാത്ത അവസ്ഥ

പഞ്ചായത്തിലെ സർവ്വീസ് സഹകരണ സ്ഥാപനത്തിൽ ഡെപ്പോസിറ്റായി കിട്ടുന്നതിൽ വായ്പയായി വിതരണം ചെയ്യാൻ കഴിയുന്ന തുക മുഴുവൻ വിതരണം ചെയ്യാൻ കഴിയാത്ത അവസ്ഥ ഇന്നുണ്ട്. ബാങ്ക് വായ്പയുടെ ഉപാധികൾ മുഴുവൻ പൂർത്തീകരിക്കാൻ കർഷകർക്കു കഴിയുന്നില്ല എന്നതാണ് വസുതുത. നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുളള കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഉപാധിരഹിത വായ്പകൾ നല്കാൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്.

### 3. സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുകയും പ്രവർത്തനരഹിതമാവുകയും ചെയ്യുന്നു.

കരകുളം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുകയും ആരംഭശൂരത്വമായി മാറുകയും താമസിയാതെ പ്രവർത്തനം നിലച്ചുപോവുകയും ചെയ്യുന്നു. നേതൃത്വമില്ലായ്മയും ലക്ഷ്യബോധമില്ലായ്മയും മറ്റു കാരണങ്ങളുമൊക്കയാണ് പ്രവർത്തനം നിലയ്ക്കാനുള്ള കാരണങ്ങൾ.

### ൪. ജനങ്ങളുടെ സഹകരണമനോഭാവമില്ലായ്മ

പഞ്ചായത്തിലെ ജനങ്ങളിൽ ഏറിയപങ്കും സഹകരണ മനോഭാവത്തോടുകൂടി വികസനപ്രവർത്തനങ്ങൾ നടത്താൻ താല്പര്യക്കുറവ് ഉളളവരാണ് എന്നു പറയുന്നതിൽ അതിശയോക്തിയില്ല. അതിനുദാഹരണമാണ് കൃഷിവകുപ്പിന്റെ ഗ്രൂപ്പ് ഫാമിംഗ് പോലുളള പദ്ധതികൾ. ഈ പഞ്ചായത്തിൽ നടക്കാതെ പോയത്. പല പ്രവർത്തനങ്ങൾക്കും വിഘാതമായി നില്ക്കുന്നതാണ് ഈ മനോഭാവം.

### ൫. സഹകരണ സ്ഥാപനങ്ങളിൽ നിന്നുളള ധന സഹായങ്ങളെ സംബന്ധിച്ചുളള അറിവില്ലായ്മ

കാർഷികഭവനിലൂടെ നടപ്പിലാക്കുന്ന പല പദ്ധതികൾക്കും ധനസഹായം കൊടുക്കുന്നത് സഹകരണ സംഘങ്ങൾ വഴിയായിരിക്കും. ഈ റിപ്പോർട്ടിൽ തന്നെ കൃഷിമേഖലയിൽ പ്രതിപാദിച്ചതുപോലെ ഈ സഹായങ്ങൾ യഥാർത്ഥ കർഷകന്റെ അടുത്തെത്തുമ്പോൾ ആ പദ്ധതിയുടെ കാലാവധി കഴിഞ്ഞിരിക്കും ഫലത്തിൽ ധനസഹായം ലഭിക്കാത്ത അവസ്ഥ സംജാതമാകുന്നു.

| ക്രമ നമ്പർ | പേര് | വാർഡ് | പ്രവർത്തന വിവരങ്ങൾ |
|---|---|---|---|
| ൧ | ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് വനിതാ കോ ഓപ്പറേറ്റീവ് സൊസൈറ്റി അമ്പലനഗർ | കഴുന്നാട് | |
| ൨ | ഹരിജൻ സഹകരണ സംഘം മുക്കോല | നെടുമൺ | പ്രവർത്തനം ഇല്ല |
| ൩ | വ്യവസായ സഹകരണസംഘം കരകുളം | അയണിക്കാട് | സോപ്പ് നിർമ്മാണം |
| ൪ | വ്യവസായ സഹകരണസംഘം മൊട്ടുംമൂല | കാച്ചാണി | പ്രവർത്തനം ഇല്ല |
| ൫ | ശ്രീകാര്യം വുമൻസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി | പന്തപ്ലാവ് | പ്രവർത്തനം ഇല്ല |
| ൬ | അരുവിയോട് സഹകരണസംഘം അരുവിയോട് | ചിറ്റാഴ | ചല്ലിയടി (ഹരിജൻ) |

## സാധ്യതകൾ

### ൧. സംഭരണ വിപണന സഹകരണസംഘങ്ങൾ

ഇന്നു പഞ്ചായത്തിൽ നിലവിലില്ലാത്തതും എന്നാൽ അത്യാവശ്യം വേണ്ടതുമായ സംഘങ്ങളാണ് സംഭരണ വിപണനസഹകരണസംഘങ്ങൾ. ഈ സംഘം പഞ്ചായത്തു തലത്തിൽ പ്രവർത്തിക്കുകയും കൊപ്ര, റബ്ബർ, മരച്ചീനി തുടങ്ങിയ ഉല്പന്നങ്ങൾ സംഭരിക്കുകയും ചെയ്യാൻ കഴിയും. കർഷകന് യഥാർത്ഥ വിലകിട്ടുന്നതിനും വിപണന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും കഴിയും. ഇപ്രകാരം സംഭരിക്കുന്ന ഉല്പന്നങ്ങൾ ജില്ലാ സംഭരണ സഹകരണ സംഘങ്ങൾക്കു കൈമാറാൻ ഇത്തരം പ്രാദേശിക സംഘങ്ങൾക്കു കഴിയും.

### 2. ചെറുകിട വ്യവസായ സഹകരണ സംഘങ്ങൾ

ഇപ്പോൾ കരകുളം കേന്ദ്രമാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സോപ്പു നിർമ്മാണ വ്യവസായ സഹകരണ സംഘത്തിന്റെ മാതൃകയിൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ചെറുകിട വ്യവസായ സഹകരണ സംഘങ്ങൾ രൂപം കൊടുക്കാവുന്നതാണ്. ഇപ്പോൾ പ്രവർത്തനമില്ലാതെ കിടക്കുന്ന സംഘങ്ങളെ പുനരുജ്ജീവിപ്പിച്ച് ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

### 3. പട്ടികജാതി /പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ

പ്രവർത്തനമില്ലാതെകിടക്കുന്ന നെടുമൺ സഹകരണസംഘം പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. പട്ടികജാതി പട്ടികവർഗ്ഗങ്ങളിൽപ്പെട്ട മുഴുവൻ ആൾക്കാരേയും അതാതു പ്രദേശങ്ങളിലുളള ഇത്തരം സംഘങ്ങളിൽ അംഗങ്ങളാകുവാൻ പ്രേരിപ്പിക്കുകയും സംഘം മുൻകൈയെടുത്ത് അവരുടെ വിദ്യാഭ്യാസം, സാംസ്കാരം, തൊഴിൽ തുടങ്ങിയവ പരിചയിക്കാനും വികസിപ്പിക്കാനും വേണ്ട നിർദ്ദേശങ്ങളും സാമ്പത്തികസഹായങ്ങളും കുറ്റമറ്റരീതിയിൽ നിർവഹിക്കാനാകും. പഞ്ചായത്തിലെ റിസർവേഷൻ വാർഡായ കാച്ചാണി കേന്ദ്രമാക്കി ഒരു പട്ടികജാതി സഹകരണസംഘം പ്രവർത്തനമാരംഭിക്കാവുന്നതാണ്.

### 4. സഹകരണ മാവേലിസ്റ്റോറുകൾ

പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും സഹകരണ മാവേലിസ്റ്റോറുകൾ പ്രവർത്തിപ്പിക്കാവുന്നതാണ്. ഇപ്പോൾ നിലവിലുളള സർവ്വീസ് സഹകരണ സംഘത്തെ അടിസ്ഥാനമാക്കി ഈ പ്രവർത്തനം വളരെ നന്നായി നടത്താൻ കഴിയും.

### 5. വനിതാസംഘങ്ങൾ

ഇപ്പോൾ നിലവിലുളള വനിതാ സംഘങ്ങളെ പുനരുജ്ജീവിപ്പിച്ച് വനിതകളുടെ തൊഴിൽമേഖലയെ സമ്പുഷ്ടമാക്കാൻ സാധിക്കും. നെയ്ത്ത്, കുറ്റിമുല്ല, അച്ചാർ, പ്രിന്റിംഗ്, ബുക്ക് ബയന്റിംഗ്, കെൽട്രോണുമായി ബന്ധപ്പെട്ട ഇലക്ട്രോണിക്സ് ഉല്പന്നം എന്നീ മേഖലകൾ ഈ സംഘങ്ങൾക്കു കൈകാര്യം ചെയ്യാവുന്നതാണ്.

## 6. സഹകരണ ക്ലിനിക്കുകൾ

പൊതുജനാരോഗ്യം കണക്കിലെടുത്ത് പഞ്ചായത്തിൽ രണ്ടോ മൂന്നോ സഹകരണക്ലിനുക്കുകൾ സ്ഥാപിക്കാൻ സാധിക്കും. ഇവയുടെ സംയോജനത്തിനായി പഞ്ചായത്തു തലത്തിൽ കിടക്കകളോടുകൂടിയ ഒരു ആശുപത്രിയും സ്ഥാപിക്കാവുന്നതാണ്. ജനോപകാരപ്രദമായി ഈ ക്ലിനിക്കുകളുടെ പ്രവർത്തനസമയം നിശ്ചയിച്ചിരിക്കണം.

## 7. വിദ്യാഭ്യാസസഹകരണ സ്ഥാപനങ്ങൾ

പഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയെ സമ്പുഷ്ടമാക്കാൻ കഴിയുന്നതരത്തിൽ കേന്ദ്രീകൃത സ്വഭാവത്തിൽ ഒരു സഹകരണ വിദ്യാഭ്യാസസ്ഥാപനം തുടങ്ങാവുന്നതാണ്. ഇതിലൂടെ അഭ്യസ്തവിദ്യരായ 50 ളം ആളുകൾക്കു തൊഴിൽ കൊടുക്കാനു സാധിക്കും.

## 8. പ്രത്യേക കൗണ്ടർ സമ്പ്രദായം

പഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് വട്ടപ്പാറ മേഖലയിലുള്ള താമസക്കാർക്ക് വീട്ടുകരം, വസ്തുകരം, തുടങ്ങിയവ അടയ്ക്കുന്നതിനു ധാരാളം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ കരകുളം സർവ്വീസ് സഹകരണബാങ്കിന്റെ വട്ടപ്പാറ ശാഖയിൽ ഒരു പ്രത്യേക കൗണ്ടർ തുറക്കുകയും അതിൽ പഞ്ചായത്തിന്റെ അക്കൗണ്ടിൽ വീട്ടുകരവും വില്ലേജിന്റെ അക്കൗണ്ടിൽ വസ്തുക്കരവും. അടയ്ക്കാനുള്ള സൗകര്യം ഉണ്ടാക്കാനുള സാധ്യതയുണ്ട്. ക്രമേണ പഞ്ചായത്തി ഔദ്യോഗിക ബാങ്കായി പ്രവർത്തനം ആരംഭിക്കും.

## 9. പരസ്പരസഹായ സഹകരണ സംഘങ്ങൾ

പഞ്ചായത്തിലെ എല്ലാ വാർഡിലും താല്പര്യമുള 25 ആളുകളെ കൂട്ടി യോജിപ്പിച്ചുകൊണ്ടു പരസ്പ സഹായസഹകരണസംഘങ്ങൾ ഉണ്ടാക്കാവുന്നതാ ഈ സംഘത്തിൽ അംഗമാകുന്നവരുടെ കൈകളിലു ചെറിയ സമ്പാദ്യങ്ങൾ സ്വരൂപിക്കുകയും വായ ആവശ്യമുള്ളവർക്കു വിതരണം ചെയ്യാവുന്നതാ അംഗങ്ങളിൽ നിന്ന് പിരിച്ചെടുക്കുന്ന പണ സഹകരണസംഘത്തിലെ പ്രത്യേക അക്കൗണ്ടി നിക്ഷേപിക്കാവുന്നതാണ്. ഈ അക്കൗണ്ടിൽ നി വായ്പയും എടുക്കാവുന്നതാണ്. സഹകരണസം ഉപാധികളിൽ നിന്ന് പൂർണമായും മുക് നേടികൊണ്ട് നടത്താവുന്ന സംഘങ്ങളാണ് പരസ് സഹായ സഹകരണ സംഘങ്ങൾ

## 10. വിവിധ ഘടകങ്ങൾക്ക് പദ്ധതികൾ

ധനസഹായ സ്രോതസ്സുകളെ സംയോജിപ്പി പഞ്ചായത്ത്/വാർഡ് തലത്തിൽ പ്രയോജനപ്പെടുത്ത പഞ്ചായത്തുതലത്തിൽ വിഭവസമാഹര കേന്ദ്രങ്ങളായി സഹകരണബാങ്കുകളേ സംഘങ്ങളേയും കരുതാനാകും

കരകുളം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുകയും ആരംഭശൂരത്വമായി മാറുകയും താമസിയാതെ പ്രവർത്തനം നിലച്ചുപോവുകയും ചെയ്യുന്നു. നേതൃത്വമില്ലായ്മയും ലക്ഷ്യബോധമില്ലായ്മയും മറ്റു കാരണങ്ങളുമൊക്കെയാണ് പ്രവർത്തനം നിലയ്ക്കാനുള്ള കാരണങ്ങൾ.

### 6. ജനങ്ങളുടെ സഹകരണമനോഭാവമില്ലായ്മ

പഞ്ചായത്തിലെ ജനങ്ങളിൽ ഏറിയപങ്കും സഹകരണ മനോഭാവത്തോടുകൂടി വികസനപ്രവർത്തനങ്ങൾ നടത്താൻ താല്പര്യക്കുറവ് ഉള്ളവരാണ് എന്നു പറയുന്നതിൽ അതിശയോക്തിയില്ല. അതിനുദാഹരണമാണ് കൃഷിവകുപ്പിന്റെ ഗ്രൂപ്പ് ഫാമിംഗ് പോലുള്ള പദ്ധതികൾ. ഈ പഞ്ചായത്തിൽ നടക്കാതെ പോയത്. പല പ്രവർത്തനങ്ങൾക്കും വിഘാതമായി നില്ക്കുന്നതാണ് ഈ മനോഭാവം.

### 7. സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള ധന സഹായങ്ങളെ സംബന്ധിച്ചുള്ള അറിവില്ലായ്മ

കാർഷികഭവനിലൂടെ നടപ്പിലാക്കുന്ന പല പദ്ധതികൾക്കും ധനസഹായം കൊടുക്കുന്നത് സഹകരണ സംഘങ്ങൾ വഴിയായിരിക്കും. ഈ റിപ്പോർട്ടിൽ തന്നെ കൃഷിമേഖലയിൽ പ്രതിപാദിച്ചതുപോലെ ഈ സഹായങ്ങൾ യഥാർത്ഥ കർഷകന്റെ അടുത്തെത്തുമ്പോൾ ആ പദ്ധതിയുടെ കാലാവധി കഴിഞ്ഞിരിക്കും. ഫലത്തിൽ ധനസഹായം ലഭിക്കാത്ത അവസ്ഥ സംജാതമാകുന്നു.

| ക്രമ നമ്പർ | പേര് | വാർഡ് | പ്രവർത്തന വിവരങ്ങൾ |
|---|---|---|---|
| 1 | ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് വനിതാ കോ ഓപ്പറേറ്റീവ് സൊസൈറ്റി അമ്പലനഗർ | കഴുന്നാട് | |
| 2 | ഹരിജൻ സഹകരണ സംഘം മൂക്കോല | നെടുമൺ | പ്രവർത്തനം ഇല്ല |
| 3 | വ്യവസായ സഹകരണസംഘം കരകുളം | അയണിക്കാട് | സോപ്പ് നിർമ്മാണം |
| 4 | വ്യവസായ സഹകരണസംഘം മൊട്ടമ്മൂല | കാച്ചാണി | പ്രവർത്തനം ഇല്ല |
| 5 | ശ്രീകാര്യം വുമൻസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി | പന്തപ്ലാവ് | പ്രവർത്തനം ഇല്ല |
| 6 | അരുവിയോട് സഹകരണസംഘം അരുവിയോട് | ചിറ്റാഴ | ചല്ലിയടി (ഹരിജൻ) |

## സാധ്യതകൾ

### 1. സംഭരണ വിപണന സഹകരണസംഘങ്ങൾ

ഇന്നു പഞ്ചായത്തിൽ നിലവിലില്ലാത്തതും എന്നാൽ അത്യാവശ്യം വേണ്ടതുമായ സംഘങ്ങളാണ് സംഭരണ വിപണനസഹകരണസംഘങ്ങൾ. ഈ സംഘം പഞ്ചായത്തു തലത്തിൽ പ്രവർത്തിക്കുകയും കൊപ്ര, റബ്ബർ, മരച്ചീനി തുടങ്ങിയ ഉല്പന്നങ്ങൾ സംഭരിക്കുകയും ചെയ്യാൻ കഴിയും. കർഷകന് യഥാർത്ഥ വിലകിട്ടുന്നതിനും വിപണന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും കഴിയും. ഇപ്രകാരം സംഭരിക്കുന്ന ഉല്പന്നങ്ങൾ ജില്ലാ സംഭരണ സഹകരണ സംഘങ്ങൾക്കു കൈമാറാൻ ഇത്തരം പ്രാദേശിക സംഘങ്ങൾക്കു കഴിയും.

### 2. ചെറുകിട വ്യവസായ സഹകരണ സംഘങ്ങൾ

ഇപ്പോൾ കരകുളം കേന്ദ്രമാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സോപ്പു നിർമ്മാണ വ്യവസായ സഹകരണ സംഘത്തിന്റെ മാതൃകയിൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ചെറുകിട വ്യവസായ സഹകരണ സംഘങ്ങൾ രൂപം കൊടുക്കാവുന്നതാണ്. ഇപ്പോൾ പ്രവർത്തനമില്ലാതെ കിടക്കുന്ന സംഘങ്ങളെ പുനരുജ്ജീവിപ്പിച്ച് ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

### 3. പട്ടികജാതി /പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ

പ്രവർത്തനമില്ലാതെകിടക്കുന്ന നെടുമൺ സഹകരണസംഘം പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. പട്ടികജാതി പട്ടികവർഗ്ഗങ്ങളിൽപ്പെട്ട മുഴുവൻ ആൾക്കാരേയും അതാതു പ്രദേശങ്ങളിലുള്ള ഇത്തരം സംഘങ്ങളിൽ അംഗങ്ങളാകുവാൻ പ്രേരിപ്പിക്കുകയും സംഘം മുൻകൈയെടുത്ത് അവരുടെ വിദ്യാഭ്യാസം, സാംസ്കാരം, തൊഴിൽ തുടങ്ങിയവ പരിചയിക്കാനും വികസിപ്പിക്കാനും വേണ്ട നിർദ്ദേശങ്ങളും സാമ്പത്തികസഹായങ്ങളും കുറ്റമറ്റരീതിയിൽ നിർവഹിക്കാനാകും. പഞ്ചായത്തിലെ റിസർവേഷൻ വാർഡായ കാച്ചാണി കേന്ദ്രമാക്കി ഒരു പട്ടികജാതി സഹകരണസംഘം പ്രവർത്തനമാരംഭിക്കാവുന്നതാണ്.

### 4. സഹകരണ മാവേലിസ്റ്റോറുകൾ

പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും സഹകരണ മാവേലിസ്റ്റോറുകൾ പ്രവർത്തിപ്പിക്കാവുന്നതാണ്. ഇപ്പോൾ നിലവിലുള്ള സർവ്വീസ് സഹകരണ സംഘത്തെ അടിസ്ഥാനമാക്കി ഈ പ്രവർത്തനം വളരെ നന്നായി നടത്താൻ കഴിയും.

### 5. വനിതാസംഘങ്ങൾ

ഇപ്പോൾ നിലവിലുള്ള വനിതാ സംഘങ്ങളെ പുനരുജ്ജീവിപ്പിച്ച് വനിതകളുടെ തൊഴിൽമേഖലയെ സമ്പുഷ്ടമാക്കാൻ സാധിക്കും. നെയ്ത്ത്, കുറ്റിമുല്ല, അച്ചാർ, പ്രിന്റിംഗ്, ബുക്ക് ബയന്റിംഗ്, കെൽട്രോണുമായി ബന്ധപ്പെട്ട ഇലക്ട്രോണിക്സ് ഉല്പന്നം എന്നീ മേഖലകൾ ഈ സംഘങ്ങൾക്കു കൈകാര്യം ചെയ്യാവുന്നതാണ്.

## 6. സഹകരണ ക്ലിനിക്കുകൾ

പൊതുജനാരോഗ്യം കണക്കിലെടുത്ത് പഞ്ചായത്തിൽ രണ്ടോ മൂന്നോ സഹകരണക്ലിനുക്കുകൾ സ്ഥാപിക്കാൻ സാധിക്കും. ഇവയുടെ സംയോജനത്തിനായി പഞ്ചായത്തു തലത്തിൽ കിടക്കകളോടുകൂടിയ ഒരു ആശുപത്രിയും സ്ഥാപിക്കാവുന്നതാണ്. ജനോപകാരപ്രദമായി ഈ ക്ലിനിക്കുകളുടെ പ്രവർത്തനസമയം നിശ്ചയിച്ചിരിക്കണം.

## 7. വിദ്യാഭ്യാസസഹകരണ സ്ഥാപനങ്ങൾ

പഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയെ സമ്പുഷ്ടമാക്കാൻ കഴിയുന്നതരത്തിൽ കേന്ദ്രീകൃത സ്വഭാവത്തിൽ ഒരു സഹകരണ വിദ്യാഭ്യാസസ്ഥാപനം തുടങ്ങാവുന്നതാണ്. ഇതിലൂടെ അഭ്യസ്തവിദ്യരായ 50 ഓളം ആളുകൾക്കു തൊഴിൽ കൊടുക്കാനു സാധിക്കും.

## 8. പ്രത്യേക കൗണ്ടർ സമ്പ്രദായം

പഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് വട്ടപ്പാറ മേഖലയിലുള്ള താമസക്കാർക്ക് വീട്ടുകരം, വസ്തുകരം, തുടങ്ങിയവ അടയ്ക്കുന്നതിനു ധാരാളം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ കരകുളം സർവ്വീസ് സഹകരണബാങ്കിന്റെ വട്ടപ്പാറ ശാഖയിൽ ഒരു പ്രത്യേക കൗണ്ടർ തുറക്കുകയും അതിൽ പഞ്ചായത്തിന്റെ അക്കൗണ്ടിൽ വീട്ടുകരവും വില്ലേജിന്റെ അക്കൗണ്ടിൽ വസ്തുക്കരവും അടയ്ക്കാനുള്ള സൗകര്യം ഉണ്ടാക്കാനുള സാധ്യതയുണ്ട്. ക്രമേണ പഞ്ചായത്തിന്റെ ഔദ്യോഗിക ബാങ്കായി പ്രവർത്തനം ആരംഭിക്കും.

## 9. പരസ്പരസഹായ സഹകരണ സംഘങ്ങൾ

പഞ്ചായത്തിലെ എല്ലാ വാർഡിലും താല്പര്യമുള 25 ആളുകളെ കൂട്ടി യോജിപ്പിച്ചുകൊണ്ടു പരസ്പ സഹായസഹകരണസംഘങ്ങൾ ഉണ്ടാക്കാവുന്നതാണ് ഈ സംഘത്തിൽ അംഗമാകുന്നവരുടെ കൈകളിലുള ചെറിയ സമ്പാദ്യങ്ങൾ സ്വരൂപിക്കുകയും വായ് ആവശ്യമുള്ളവർക്കു വിതരണം ചെയ്യാവുന്നതാണ് അംഗങ്ങളിൽ നിന്ന് പിരിച്ചെടുക്കുന്ന പണ സഹകരണസംഘത്തിലെ പ്രത്യേക അക്കൗണ്ടി നിക്ഷേപിക്കാവുന്നതാണ്. ഈ അക്കൗണ്ടിൽ നിന്ന വായ്പയും എടുക്കാവുന്നതാണ്. സഹകരണസം ഉപാധികളിൽ നിന്ന് പൂർണമായും മുക് നേടികൊണ്ട് നടത്താവുന്ന സംഘങ്ങളാണ് പരസ് സഹായ സഹകരണ സംഘങ്ങൾ

## 10. വിവിധ ഘടകങ്ങൾക്ക് പദ്ധതികൾ

ധനസഹായ സ്രോതസ്സുകളെ സംയോജിപ്പി പഞ്ചായത്ത്/വാർഡ് തലത്തിൽ പ്രയോജനപ്പെടുത്ത പഞ്ചായത്തുതലത്തിൽ വിഭവസമാഹര കേന്ദ്രങ്ങളായി സഹകരണബാങ്കുകളേയ സംഘങ്ങളേയും കരുതാനാകും.

# 14

# സംസ്കാരം

ഒരു പ്രദേശത്ത് അധിവസിക്കുന്ന ജനതയുടെ ആത്മചൈതന്യമാണ് അവരുടെ സംസ്കാരം. ജീവിതത്തിൻെറ ഉപരിതല സ്പർശിയായ വിഷയങ്ങൾക്കുമപ്പുറം മനസ്സിൻെറ ആരോഗ്യവും ആനന്ദവും സംസ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ സംസ്കാരമെന്ന പദംകൊണ്ട് കലകളെയോ സാഹിത്യത്തെയോ മാത്രമല്ല ഇവിടെ വിവരിക്കുന്നത്. സാമൂഹ്യാചാരങ്ങൾ (1) ധാർമ്മികമൂല്യങ്ങളുയർത്തിപ്പിടിക്കൽ (2) സ്രതീകളോടും കുട്ടികളോടുമുള്ള പെരുമാറ്റം (3) സൃഹാർദ്ദവും സഹവർത്തിത്തവും (4) വിജ്ഞാനദാഹവും അന്വേഷണത്വരയും ആഘോഷങ്ങൾ കലാകായിക പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം സംസ്കാരമെന്ന വിഷയത്തിൻെറ പരിധിയിൽപ്പെടുന്നു.

കരകുളം പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ ഭൂരിപക്ഷം ഹിന്ദുമത വിശ്വാസികളാണ്. ക്രൈസ്തവ മുസ്ലീം മതവിഭാഗങ്ങളിൽപ്പെട്ടവരും ഈ പ്രദേശത്തെ ഗണ്യമായ ജനവിഭാഗങ്ങളാണ്. ഓരോ മതവിഭാഗക്കാർക്കും താന്താങ്ങളുടേതായ ആചാരവിശ്വാസങ്ങളും ആരാധനാലയങ്ങളും ഉണ്ട്. മതാചാരങ്ങൾ അനുഷ്ഠിക്കുന്നതിൽ സംഘർഷം തീരെയില്ലാത്ത ഒരു ഗ്രാമമേഖലയാണിത്. എന്നു മാത്രമല്ല മറ്റു മതക്കാരുടെ ആരാധനാലയങ്ങളിലെ ഉത്സ്വാഘോഷങ്ങളിൽ സഹകരിക്കുന്ന വിശാലമനസ്കരായ ആളുകളാണ് ഇവിടെയുള്ളത്. ഉത്സവാഘോഷങ്ങളിൽ ഏറിയ പങ്കും വിളവെടുപ്പു കഴിയുന്ന കുംഭം മീനം മാസങ്ങളിലാണെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

സ്വാതന്ത്ര്യ സമരകാലഘട്ടങ്ങളിൽ കേരളത്തിലാകെ നവോന്മേഷം പ്രാപിച്ചു വന്ന ഗ്രന്ഥശാലാ പ്രസ്ഥാനത്തിൻെറ ചലനങ്ങൾ ഈ നാടിനേയും ചൈതന്യവത്താക്കിയിട്ടുണ്ട്. പുതിയ ഗ്രന്ഥശാലകൾ സമീപകാലത്തും രൂപം കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 8 വായനശാലകളും 4 ഗ്രന്ഥശാലകളുമുണ്ട്. ഇവയിൽ 1953 – ൽ ഹരിജൻ ഗ്രന്ഥശാലയായി മണ്ണന്തലമുക്കോലയിൽ പ്രവർത്തനം ആരംഭിച്ച ഗ്രന്ഥശാല 1978 – ൽ എ.കെ.ജി. സ്മാരകഗ്രന്ഥശാലയായി പുനർനാമകരണം ചെയ്യപ്പെട്ടു. അതുമുതൽ ബ്രദേഴ്സ് ഗ്രന്ഥശാല വരെ ഈ ചരിത്രം തുടരുന്നു. കരകുളം പഞ്ചായത്തിലെ ഗ്രന്ഥശാലകളെ സംബന്ധിച്ചു വിശദവിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

കഴുനാട് വാർഡിൽ പീപ്പിൾസ് ലൈബ്രറി ആൻറ് റീഡിംഗ് റൂം എന്ന സ്ഥാപനം രൂപം കൊണ്ടിരുന്നു. സ്വന്തമായി ഒന്നര സെൻറ് സ്ഥലവും അത്യാവശ്യ ഉപകരണങ്ങളുമുണ്ട്. എന്നാൽ ആവശ്യമായ കെട്ടിടത്തിൻെറ അഭാവത്തിൽ ഗ്രന്ഥശാല പ്രവർത്തനം നിലച്ചിരിക്കുകയാണ്. കരകുളം പാലത്തിന് സമീപം പ്രവർത്തിക്കുന്ന സമദർശിനി ഗ്രന്ഥശാലയാണ്. നാമമാത്രരീതിയിൽ പ്രവർത്തനം നടക്കുന്നു.

ഇന്ത്യയിലും കേരളത്തിലും ആകമാനം ജാതിയുടെയും മതത്തിൻെറയും പേരിൽ ജനങ്ങൾ തമ്മിലടിക്കാനായി ചീറിയടുത്തപ്പോഴും വിഭാഗീയതയുടെ വിഷജ്വരം ആളുകൾക്കിടയിൽ പടർന്നപ്പോഴും അത്തരം ചിന്താവൈകല്യങ്ങളിൽപ്പെട്ട് ശത്രുത വളർത്താതെ സ്നേഹത്തിലും വിശ്വാസത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായ ഒരു ഐക്യം നിലനിർത്താൻ നമ്മുടെ പൂർവ്വികർക്കു കഴിഞ്ഞിരുന്നു. ഇവിടുത്തെ ഒരു മുത്തച്ഛൻെറ വാക്കുകൾ ഊറിക്കൂടുമ്പോൾ ഇങ്ങനെ : "സ്പർദ്ധ. അതൊരിക്കലും ഇവിടെ ഉണ്ടായിട്ടില്ല. മാപ്പിളമാരും ഹിന്ദുക്കളും തമ്മിൽ ഹിന്ദുക്കളുടെ ഇടയിൽ തന്നെ വ്യത്യസ്തജാതിക്കാർ തമ്മിൽ ഒരു ശത്രുത. സംഘട്ടനം. എൻെറ അറിവിൽ ഇതുവരെ കരകുളത്തുണ്ടായിട്ടില്ല." മുത്തച്ഛൻെറ വാക്കുകളിൽ വന്നു നിറയുന്ന അഭിമാനം നമുക്കും ഹൃദയങ്ങളിലേയ്ക്ക് ഏറ്റുവാങ്ങാം. ഒപ്പം കാലങ്ങൾക്കപ്പുറത്തെ നാദത്തിനുവേണ്ടി കാതോർത്തു നില്ക്കുന്ന ആ അപ്പൂപ്പനു വേണ്ടി ആത്മാർത്ഥമായി ഒരുറപ്പു നല്കാം. "ഒരിക്കലും വിഭാഗീയതയുടെ വിഷവിത്തുക്കൾ വാരിവിതറുന്ന ഒരു കലഹം ഇവിടെ ഉണ്ടാവില്ല. മുത്തച്ഛന് സന്തോഷത്തോടെ വിശ്വാസത്തോടെ സർവ്വോപരി അഭിമാനത്തോടെ യാത്രയാകാം".

പരാമർശിക്കപ്പെടേണ്ടുന്ന മറ്റൊരു സംഗതി വർഷങ്ങൾക്കുമുമ്പ് പ്രവർത്തനം ആരംഭിച്ച പഞ്ചായത്ത് ലൈബ്രറിയുടെ സമകാലികസ്ഥിതി. 10,000 പരം പുസ്തകങ്ങളും ഉപകരണങ്ങളും ഉപയോഗശൂന്യമായി ഇന്നു നശിച്ചുകൊണ്ടിരിക്കുകയാണ്. സ്ഥിരം ലൈബ്രേറിയൻെറ അഭാവവും ജനങ്ങൾ ഉപയോഗിക്കാത്തതും ബഹുജന സഹകരണം ഇല്ലാത്തതുമാണ് കാരണം. അ്യതുകൊണ്ട് തന്നെ പേരിൽ പഞ്ചായത്ത് സാംസ്കാരിക നിലയമായ ഈ സ്ഥാപനം അവഗണനയനുഭവിക്കുകയാണ്. പഞ്ചായത്തിൽ പ്രവർത്തന ലൈബ്രറികൾ രണ്ടാണ്. കരകുളം മുക്കോലയും കാച്ചാണിയിലും ഈ ലൈബ്രറികൾ പ്രവർത്തിക്കുന്നത്.

## 1. എ.കെ.ജി. ലൈബ്രറി മുക്കോല

കൊല്ലവർഷം 1125 കന്നിമാസം 26-ാം തീയതി ഹരിജൻ വായനശാല (നവജീവൻ വായനശാല) എന്നപേരിലാണ് ഈ സ്ഥാപനം ആരംഭിച്ചത്. സ്ഥാപക പ്രസിഡൻറ് ശ്രീ. കെ. മാധവൻ വൈദ്യനും സെക്രട്ടറി ശ്രീ. വി സുകുമാരനുമാണ്.

ഇതിൻെറ പ്രവർത്തന മേഖല കരകുളം കുടപ്പനക്കുന്ന് പഞ്ചായത്തിലേയും മുക്കോലയോട് ചേർന്നു കിടക്കുന്ന ഭാഗങ്ങളുമാണ്. ആകെ പുസ്തകങ്ങളുടെ എണ്ണം 8229 ത്തോളം ആണ്. 1000 അംഗങ്ങൾ ആകെ ഉണ്ടെങ്കിലും 100 പേർ മാത്രമാണ് ശരാശരി വായനക്കാർ. കെട്ടിടത്തിൻെറ ജീർണ്ണാവസ്ഥയും സ്ഥിരവായനക്കാരെ കിട്ടാത്തതുമാണ് പ്രധാന പ്രശ്നങ്ങൾ. 1978-ാം ആണ്ടിൽ ഇന്ന് എ.കെ.ജി. ഗ്രന്ഥശാലയായി പുനർനാമകരണം ചെയ്യപ്പെട്ടു പ്രവർത്തിച്ചു.

2. ബ്രദേഴ്സ് ലൈബ്രറി കാച്ചാണി

1984 - ൽ കാച്ചാണി കേന്ദ്രമാക്കിയാണ് ഈ സ്ഥാപനം പ്രവർത്തിച്ചു തുടങ്ങിയത്. ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബായി ആരംഭിച്ചു. ഈ സ്ഥാപനം ഇപ്പോൾ ഈ പഞ്ചായത്തിലെ ഒരു പ്രധാന ലൈബ്രറിയായിട്ടും പ്രവർത്തിക്കുന്നു. കാച്ചാണി പ്രദേശത്തെ ഒരു പ്രധാന സാംസ്കാരികകേന്ദ്രമായി ഇതു പ്രവർത്തിക്കുന്നു. 200-ഓളം അംഗങ്ങളുണ്ടെങ്കിലും 50-ഓളം അംഗങ്ങൾ മാത്രമാണ് പുസ്തകവായനക്കാരായി ഉള്ളത്. 2500-ഓളം പുസ്തകങ്ങൾ റിലവിലുണ്ട്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതും ചെയ്യപ്പെടാത്തതുമായി 10 കലാകായിക സമിതികൾ പ്രവർത്തിക്കുന്നു. ഗ്രാമീണ കലാകാരന്മാരെയും കായിക താരങ്ങളെയും പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ സമിതികൾ രൂപം കൊണ്ടത്. പക്ഷെ പല സമിതികളും ആരംഭശൂരത്വം മാത്രമേ പ്രകടമാക്കിയിട്ടുള്ളൂ. ആണ്ടുവട്ടമാകുമ്പോൾ ഒരു വാർഷികം നടത്തുകയെന്നതുമാത്രമായിരിക്കുന്നു. പല സമിതികളുടെയും പ്രവർത്തനം. ഇത്തരം വാർഷികാഘോഷങ്ങളിലാകട്ടെ നാട്ടിലെ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം പ്രൊഫഷണൽ കലാരൂപങ്ങൾക്ക് അരങ്ങൊരുക്കി കൊടുക്കുന്ന വേദികളായി മാറിയിട്ടുണ്ട്.

പ്രൊഫഷണൽ നാടക രംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ച കരകുളം ചന്ദ്രൻ നമ്മുടെ നാട്ടുകാരനാണെന്നത് ഈ റിപ്പോർട്ടിൽ സ്വാഭിമാനം ഞങ്ങൾ രേഖപ്പെടുത്തുന്നു.

പഴയഗ്രാമീണ വിനോദങ്ങളും കലാരൂപങ്ങളും ഇന്നു മങ്ങി മാഞ്ഞുകൊണ്ടിരിക്കുന്നു. കിളിത്തട്ട്, നാടൻപന്തുകളി മുതലായ വിനോദങ്ങളുടെ സ്ഥാനത്ത് ക്രിക്കറ്റ് രംഗപ്രവേശം ചെയ്തുകഴിഞ്ഞു.

ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരവും തനതായകലാരൂപങ്ങളുടെ നിലനിൽപ്പിന് ഭീഷണിയായിട്ടുണ്ട്. പുസ്തകവായനയിലുള്ള താൽപ്പര്യം അഭ്യസ്തവിദ്യരുടെ ഇടയിൽപ്പോലും കുറഞ്ഞുവരുന്നതായിട്ടാണ് പഠനപര്യടനവേളയിൽ മനസ്സിലാക്കാൻ കഴിഞ്ഞത്. കമ്പോളസംസ്കാരത്തിൻേറയും ലൈംഗിക അരാജകത്വത്തിൻേറയും പിടിയിൽ നമ്മുടെ സ്ഥിതി സംജാതമായിരിക്കുന്നു. നമ്മുടെ ( തനിമ നിലനിറുത്തുന്ന കാര്യത്തിൽ സാംസ്കാരിക ഒരു പുനർവിചിന്തനവും ശുദ്ധീകരണവും ആവ(

## പ്രശ്നങ്ങൾ

1. ഗ്രന്ഥശാലാപ്രസ്ഥാനം നിഷ്ക്രി( നിർജ്ജീവവുമായിക്കൊണ്ടിരിക്കുന്നു.

2. തനതുകലാരൂപങ്ങൾ പ്രോത്സാഹിക്കപ്പെടുന്നി(

3. കായികരംഗത്ത് അനുകരണഭ്രമം വർദ്ധിക്കുന്നു.

4. നന്നായി പ്രവർത്തിക്കുന്ന കലാസാംസ്കാ( ടനകൾക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല.

5. കലാകായികരംഗങ്ങളിൽ സ്ത്രീ പങ്കാളിത്തവു( ജാതി പട്ടികവർഗ്ഗ പ്രാതിനിധ്യവും തീരെ കുറ(

6. സാംസ്കാരിക ആഘോഷങ്ങൾ നഗരങ്ങൾ ( രിച്ച് ഉദ്യോഗസ്ഥ പരിപാടികളായി നടത്തുന്നു.

## സാധ്യതകൾ

1. ഗ്രന്ഥശാലാപ്രവർത്തകർ ജനങ്ങൾക്കിടയിലേ( ങ്ങിച്ചെല്ലുകയും വായനക്കാരുടെ ചെറുസം( ചർച്ചാവേദികൾ മുതലായവ സംഘടിപ്പിക്കുകയു( വായനാശീലം ജീവിതത്തിൻെറ ഭാഗമായി മ( ബോധവൽക്കരണം നടത്തണം.

2. സംസ്കാരത്തെ ദുഷിപ്പിക്കുന്ന പ്രവണത( രെ വ്യാപകമായ ക്യാമ്പയിൻ നടത്തുക.

3. കലാസാംസ്കാരിക സ്ഥാപനങ്ങൾക്ക് ( തലത്തിൽ നിറുത്തിവച്ചിരിക്കുന്ന രജിസ്ട്ര( സ്ഥാപിക്കുകയും നന്നായി പ്രവർത്തിക്കു( കൾക്ക് സഹായധനം നൽകുകയും ചെയ്യുക.

4. പഞ്ചായത്ത് തലത്തിൽ സാംസ്കാരിക മേള( മാവധി ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കു(

5. സാംസ്കാരിക മേഖലയിൽ മികച്ച പ്രകടനം വയ്ക്കുന്ന സംഘടനകളേയും വ്യക്തികളേയും പഞ്ച( സമിതി മുൻകൈയെടുത്ത് അംഗീകരിച്ച് ആദര( സംവിധാനം ഉണ്ടാക്കുക.

6. സാംസ്കാരികമേഖലയിൽ സ്ത്രീകൾക്ക് സ( കടന്നുവരാനുള്ള സാഹചര്യം സൃഷ്ടിക്ക( അതിനുവേണ്ടുന്ന ബോധവൽക്കരണം നടത്ത( ചെയ്യുക.

7. ഗതകാലസാംസ്കാരിക ചിഹ്നങ്ങളേയും വ( മായിക്കൊണ്ടിരിക്കുന്ന നാട്ടറിവുകളെയും സംരക്ഷ( നടപടിയെടുക്കുകയും പുതിയ തലമുറയ്ക്ക് ആ( പകർന്നുകൊടുക്കുകയും ചെയ്യുക.

(15)

# വിഭവ സമാഹരണം

കരകുളം പഞ്ചായത്തിൻെറ വരവു ചിലവു കണക്കുകളുടെ രേഖപ്പെടുത്തപ്പെട്ട വിവരങ്ങളുടെ വിലയിരുത്തലും സമീപ വർഷങ്ങളിലെ ബഡ്ജറ്റും അടിസ്ഥാനമാക്കി ചില വസ്തു തകളും നിഗമനങ്ങളും നിർദ്ദേശങ്ങളുമാണിവിടെ അവത രിപ്പിക്കുന്നത്.

## വരവു ചെലവ് വിലയിരുത്തൽ:

1953-ൽ പഞ്ചായത്ത് രൂപപ്പെടുന്ന വർഷത്തെ വരവു ചെല വുകളുടെ ആകെതുകയുടെ പതിന്മടങ്ങു വരും, മുൻവർഷത്തെ വരവു ചെലവു കണക്കുകൾ. ഈ തര ത്തിലുണ്ടായ വർദ്ധനവിനു കാരണം നികുതിയേതര ഗ്രാൻ റുകളിൽ ഉണ്ടായ വർദ്ധനവും നികുതിയിലും നികുതിനിര ക്കിലുമുണ്ടായ വർദ്ധനവും മൂലമാണ്. എന്നാൽ ഉല്പാദ നക്ഷമമായ വികസന പദ്ധതി നടപ്പാക്കുകയും അതുവഴി വരുമാന സാദ്ധ്യത വർദ്ധിപ്പിക്കുകയും എന്നത് വിരളമായേ സംഭവിച്ചിട്ടുള്ളൂ. തനതായ വിഭവസ്രോതസ്സുകൾ വികസി പ്പിക്കുന്നതിൽ പഞ്ചായത്ത് മുൻകാലത്ത് പരാജയപ്പെട്ട തായിക്കാണാം.

നിലവിലുള്ള മുഖ്യവരുമാന മാർഗ്ഗങ്ങളും കഴിഞ്ഞ ഏതാനും വർഷങ്ങളിൽ പ്രസ്തുത മാർഗ്ഗങ്ങളിലൂടെ പഞ്ചായത്തിനു ലഭിച്ചതുകയും പരിശോധനാവിധേയമാക്കി ആയതിൽ കെട്ടിട നികുതി, തൊഴിൽ നികുതി ഇവയാണ് മുഖ്യ വരു മാന നികുതികൾ എന്ന് നിരീക്ഷിക്കപ്പെട്ടു. ഇതിൽ തന്നെ കൃത്യമായ നികുതി നിർണ്ണയം, ശരിയായി പിരിച്ചെടുക്കൽ ഇവയുടെ അഭാവം കാണാം. കെൽട്രോൺ കമ്പനിയിലെ തൊഴിലാളികൾ ഉൾപ്പടെയുള്ളവരുടെ നികുതി കൃത്യമായി ലഭിച്ചുകൊണ്ടിരുന്നെങ്കിലും സമീപകാലത്ത് അതിനും വീഴ് ചയുണ്ടായിട്ടുണ്ട്. എന്നാൽ ഈ മേഖലയിൽ വരുമാന നികു തിക്ക് പുറത്തു നില്ക്കുന്നവരും തൊഴിൽ നികുതിയടക്കാൻ കഴിയുന്നവരുമായ ഒട്ടേറെപേർ വിട്ടുപോയിരിക്കുന്നതായി കാണാം.

വിനോദ നികുതി പിരിച്ചെടുക്കുന്നതിലെ പരാജയവും അലംഭാവവും ലഭിക്കുന്ന വരുമാനത്തെ ബാധിക്കാനി ടയാവുന്ന പ്രശ്നങ്ങളെ കൃത്യമായി പരിശോധിക്കാനുള്ള സംവിധാനം ഉണ്ടാകുകയും കണക്ക് വിലയിരുത്തുകയും ചെയ്താൽ നികുതി വരുമാനം വർദ്ധിപ്പിക്കാനാവും.

പഞ്ചായത്തിന് ചുരുങ്ങിയ അളവിലെങ്കിലും വരുമാന മാർഗ്ഗമാകേണ്ടുന്ന പരസ്യ നികുതി ഈടാക്കുന്നതിൽ സമീപ വർഷങ്ങളിൽ വേണ്ടത്ര ശുഷ്കാന്തി കാട്ടിയിട്ടില്ല എന്നതാണ്. വൻ പരസ്യ ബോർഡുകൾ, സിനിമാ പരസ്യങ്ങൾ, ഉത്സവ സ്ഥലങ്ങളിലും മാർക്കറ്റുകളിലും തിയേറ്ററുകളിലുമൊക്കെ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് നികുതി ചുമത്തുകയും കൃത്യമായി പിരിക്കുകയും ചെയ്താൽ കാര്യമായ വരുമാന മുണ്ടാക്കാവുന്നതാണ്. നികുതിയേതര വരുമാന മാർഗ്ഗങ്ങളിൽ മാർക്കറ്റ് സ്ഥല സൗകര്യം ലേലം ചെയ്യുക. പഞ്ചായത്തു വക ഭൂമിയിലേയും പുറമ്പോക്ക് ഭൂമിയിലേയും ഉല്പന്ന വില്പന ഇവയുടെ വരുമാന മാണ് മുഖ്യം. ഇതു കൂടാതെ ചുരുങ്ങിയ തുക വാടകയിനത്തിലും ലഭ്യമാകുന്നുണ്ട്. വരുമാന വിലയിരുത്തലിൽ മുഖ്യമായ മറ്റൊരു നിരീക്ഷണം കേന്ദ്ര സംസ്ഥാന ഗ്രാൻറുകളോടുള്ള പഞ്ചായത്തുകൾകുള്ള അമിതമായ വിധേയത്വമാണ്.

പട്ടിക 3 - ൽ നടപ്പു വർഷത്തെ ബഡ്ജറ്റ് നിർദ്ദേശം തന്നെ ഈ വസ്തുത വ്യക്തമാക്കുന്നു. അതിനാൽ ഗ്രാൻറുകൾ ലഭിക്കാതിരിക്കുകയോ, കാലതാമസം വരികയോ ചെയ്താൽ വികസന സംരംഭങ്ങൾ നിലച്ചുപോകുന്ന സ്ഥിതി ഉണ്ടാവുന്നതായി കാണാം.

ലൈസൻസ്, രജിസ്ട്രേഷൻ ഫീസുകളുടെ പിരിവിലും, പുതുക്കലിലും വീഴ്ച വരുത്തുന്നതായിക്കാണാം. ആയതിനാൽ വരുമാന ലഭ്യതാ മാർഗ്ഗങ്ങളുടെ കാര്യത്തിൽ ഒരു പുന:ക്രമീകരണം അത്യാവശ്യമായിരിക്കുന്നു. ചെലവിനങ്ങളുടെ പരിശോധന വ്യക്തമാക്കുന്നത് കൃത്യ നിർവ്വഹണം, മരാമത്ത്, വൈദ്യുതീകരണം എന്നിവക്കാണ് ഏറിയകൂറും പണം ചെലവഴിക്കപ്പെടുന്നത്. എന്നതാണ്. ഉല്പാദനോപാധികൾ വികസിപ്പിക്കാനോ വികസന പ്രവർത്തനങ്ങൾ നിർവ്വഹിക്കാനോ സേവന തുറകൾ മെച്ചപ്പെടുത്താനോ കാര്യക്ഷമമായ മാർഗ്ഗം സ്വീകരിച്ചു കാണുന്നില്ല.

മറ്റൊരു പ്രധാന വരുമാന മാർഗ്ഗം ഭൂമി കൈമാറ്റ സമയത്തെ നികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടുന്ന വിഹിതമാണ്. മുദ്രവിലയിൽ നടത്തുന്ന കൃത്രിമം, തുകവിട്ടുകിട്ടാൻ സംസ്ഥാന ഖജനാവിലെ തടസ്സം ഇവമൂലം വരവിൻെറ വലിപ്പവും ചെറുതായി വരുന്നു.

## നിഗമനങ്ങൾ:

1. കാലഹരണപ്പെട്ട നികുതി നിർണ്ണയ രീതി
2. നികുതിയിതര വരുമാന വർദ്ധന സൃഷ്ടിക്കുന്നതിലെ ദൗർബല്യം
3. നികുതി വിധേയരാകാതെ ഒഴിഞ്ഞു മാറുന്നവരിൽ നിന്നും പിഴ സഹിതം വസൂലാക്കുന്നതിനുള്ള അധികാരത്തിൻെറ അഭാവം.
4. വരവിനുപരി ചെലവിടുന്നതിനുള്ള സാധ്യതയും വരുമാനം വർദ്ധിപ്പിക്കാനുള്ള പരിശ്രമക്കുറവും (പട്ടികാവലോകനം)
5. നികുതി പിരിച്ചെടുക്കുവാനുള്ള കാരക്ഷമതക്കുറവും സ്ഥിര വരുമാനക്കാരായ ഒട്ടേറെ പേർക്ക് നികുതി ഒഴിവ് നൽകിയതും.

## പട്ടിക - I.

### പഞ്ചായത്ത് വരവുചെലവു കണക്കുകൾ

| വർഷം | വരവ് (രൂപ) | ചെലവ് (രൂപ) |
|---|---|---|
| 1953 ആഗസ്റ്റ് മുതൽ 1954 മാർച്ചു് വരെ | 549.00 | 366.15 |
| 1990-91 | 8,33,410.00 | 9,49,128.00 |
| 1991-92 | 11,28,035.00 | 10,03,577.00 |
| 1992-93 | 9,99,654.00 | 12,57,367.00 |
| 1993-94 | 8,41,130.54 | 13,35,916.00 |
| 1994-95 | 13,74,838.55 | 11,96,431.00 |
| 1995-96 | 18,34,898.15 | 18,54,934.00 |

(പഞ്ചായത്ത് രേഖ)

## പട്ടിക - II

### പഞ്ചായത്തിൻെറ വരുമാനം

| വരവിനം | | 1990-91 | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|---|
| കെട്ടിട നികുതി | | 184948.25 | 222272.00 | 255789.65 | 196016.45 | 495162.90 | 484003.75 |
| തൊഴിൽ നികുതി | | 274970.00 | 387012.00 | 259570.00 | 61320.00 | 259926.50 | 160270.00 |
| വിനോദ നികുതി | | 1025.00 | 1365.00 | 1360.00 | 696.00 | 1010.00 | 10516.00 |
| അഡീഷണൽ വിനോദ നികുതി | | 663.00 | 885.00 | 890.00 | 464.00 | 670.00 | 6724.00 |
| പ്രദർശന നികുതി | | 400.00 | 368.00 | 340.00 | 445.00 | 514.00 | 1656.00 |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | | 100.00 | 92.00 | 85.00 | 111.25 | 125.50 | 434.00 |
| ചന്ത വരവ് | | 11454.00 | 11666.00 | 7008.00 | 10202.00 | 13756.00 | 19843.00 |
| ലൈസൻസ് ഫീസ് | | 30546.00 | 37325.00 | 43576.00 | 77384.00 | 11741.00 | 94023.50 |
| വസ്തുകൈമാറ്റനികുതി | 75% | 199808.00 | 131079.00 | 268111.00 | 387166.00 | 260507.00 | 289784.00 |
| | 25% | 50000.00 | | 65000.00 | 50000.00 | 77322.00 | |
| സംഭാവന | | | | | | | 31641.00 |
| മറ്റുള്ളവ | | 74436.75 | 306858.00 | 63736.00 | 57854.50 | 200910.65 | 734279.95 |
| നിക്ഷേപം | | 5088.00 | 4095.00 | 34187.00 | 75.00 | 53193.00 | 1723.00 |
| ആകെ | | 833410.00 | 1128035.00 | 999654.00 | 841130.54 | 1374838.55 | 1834898.15 |

(പഞ്ചായത്ത് ഭരണറിപ്പോർട്ട്)

## പട്ടിക III

### പഞ്ചായത്തിൻെറ ചെലവുകൾ

| ഇനം | 1990-91 | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|
| ഭരണം | 3,49,316.00 | 4,22,377.00 | 4,03,305.00 | 4,33,277.00 | 5,09,803.00 | 6,54,891.00 |
| പൊതുമരാമത്ത് | 1,49,968.00 | 94,285.00 | 3,67,062.00 | 83,465.00 | 63,381.00 | 4,83,442.00 |
| വിദ്യാഭ്യാസം | 4,157.95 | 19,603.00 | 32,386.00 | 11,663.00 | 10,847.00 | 34,499.00 |
| വൈദ്യുതി | 1,26,847.00 | 3,45,227.00 | 2,51,277.00 | 2,46,919.00 | 2,36878.00 | 2,33,919.00 |
| പൊതുജനാരോഗ്യം | 13,625.00 | 1,300.00 | 12,577.00 | --- | --- | --- |
| മറ്റുള്ളവ | 3,05,214.50 | 1,20,785.00 | 1,90,760.00 | 5,60,592.00 | 3,75,522.00 | 4,48,183.00 |
| ആകെ | 9,49,128.00 | 10,03,577.00 | 12,57,367.00 | 13,35,916.00 | 11,96,437.00 | 18,54,934.00 |

*(പഞ്ചായത്ത് ഭരണ റിപ്പോർട്ട്)*

## വരുമാന വർദ്ധനക്കായി വിഭവസമാഹരണ ത്തിനുള്ള നിർദ്ദേശങ്ങൾ

1. മാനുഷിക പ്രയത്നവും ബഹുജന സംഭാവനയും ഉപയോഗിച്ച് പദ്ധതികൾ പൂർത്തീകരിക്കുക. വർദ്ധിച്ച ഗുണഫലം സൃഷ്ടിക്കുക.
2. പഞ്ചായത്തിനകത്തുള്ള പരസ്യബോർഡുകൾക്ക് നികുതി ഈടാക്കുക
3. ലൈസൻസ് ഇല്ലാത്ത കടകൾക്ക് ലൈസൻസ് ഫീ നിർബന്ധമാക്കുക. പിരിച്ചെടുക്കുക.
4. വയൽ നികത്തി പുരയിടമാക്കിയ സ്ഥലങ്ങൾക്ക് കൺവർട്ടബിൾഫീസ് ഈടാക്കുക.
5. സ്വകാര്യമാർക്കറ്റിന്റെ നികുതികൾ വർദ്ധിപ്പിക്കുക
6. സ്വകാര്യ ആസ്പത്രികളിൽ നിന്നും നികുതി ഈടാക്കുക
7. കേബിൾ ടി.വി ഓപ്പറേറ്റർ മാരിൽ നിന്നും രജി. ഫീസ് ഈടാക്കുക
8. സ്വകാര്യ നഴ്സറി, ഡേ കെയർസെൻറർ തുടങ്ങിയവക്ക് രജിസ്ട്രേഷൻ ഫീസ് ഈടാക്കുക.
9. വളർത്തു നായ്ക്കൾക്ക് ലൈസൻസ് ഫീസ് ഏർപ്പെടുത്തുക
10. നികുതി നിർണ്ണയം, പിരിവ് ഇവയിലെ അപാകതകൾ പരിഹരിക്കുക. പിരിവ് ഫലപ്രദമാക്കുക
11. വരുമാനവും ചെലവും പ്രായോഗികമായി സമരസപ്പെടുത്തുക.
12. ഉല്പാദന ക്ഷമമായ വികസന പദ്ധതികൾക്ക് ഊന്നൽ നല്കുക.

## വരുമാന രക്ഷക്കായി:

1. പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും ശാസ്ത്രീയവും സമയ ബന്ധിതവുമായി നിർവ്വഹിക്കുകയും കാല താമസം ഒഴിവാക്കുകയും ചെയ്യുക.
2. രജിസ്ട്രേഷൻ, ലൈസൻസ് ഫീസുകൾ, വസ്തുകൈമാറ്റ നികുതി ഈടാക്കൽ, പുറമ്പോക്കുഭൂമി വേർതിരിച്ചെടുത്ത് ഗുണപരമായി വിനിയോഗിക്കൽ എന്നിവ ഫലപ്രദമായി വിനിയോഗിക്കൽ.
3. ഭൗതീക സാഹചര്യങ്ങൾക്ക് പകരം ഉല്പാദനക്ഷമതയും ഉല്പാദന വർദ്ധനയും ഉറപ്പാക്കും വിധം വികസന പദ്ധതികൾക്ക് മുൻതൂക്കം നല്കുക.
4. വിഭവ സമാഹരണത്തിൽ ബഹുജന പങ്കാളിത്തവും പദ്ധതി നടത്തിപ്പിൽ ബഹുജന നേതൃത്വവും നിർബന്ധമായി നടപ്പാക്കുകയും സുതാര്യത സൃഷ്ടിക്കുകയും വേണം.
5. ക്ഷേമ പ്രവർത്തന നടത്തിപ്പിൽ ഗുണഭോക്താക്കളുടെ പങ്ക് ഉറപ്പ് വരുത്തുക.
6. കാലാകാലങ്ങളിൽ ഗ്രാമസഭ ഉൾപ്പടെ വിലയിരുത്തലും മോണിറ്റിംഗും ഉറപ്പാക്കുക.
7. പ്രാദേശിക സഹകരണ സംഘങ്ങളെ പഞ്ചായത്ത് വികസന പ്രവർത്തനങ്ങളിൽ വിഭവ സമാഹരണ വിതരണ പ്രഭവകേന്ദ്രങ്ങളാക്കി മാറ്റുകയും ജനാധിപത്യ വികേന്ദ്രീകരണത്തിന്റെ അനിവാര്യഘടകങ്ങളാക്കി തീർക്കുകയും ചെയ്യുക.

## പട്ടിക - 4
## പഞ്ചായത്ത് ബഡ്ജറ്റ് 1995-96

| വരവിനം | തുക | ചിലവിനം | തുക |
|---|---|---|---|
| കെട്ടിട നികുതി | 500000 | നടത്തിപ്പും പിരിവും | 673000 |
| തൊഴിൽ നികുതി | 500000 | പൊതുമരാമത്ത് | 3,58,00 |
| കാഴ്ച നികുതി | 2000 | വിദ്യാഭ്യാസം | 53,000 |
| വസ്തു കൈമാറ്റ നികുതി | 50000 | കുടിവെള്ളം | 30000 |
| പരസ്യ നികുതി | 2000 | പൊതുജനാരോഗ്യം | 3,70000 |
| ചന്ത വരവ് | 10000 | വൈദ്യുതി | 2,50000 |
| വിനോദ നികുതി | 5000 | കൃഷി, മൃഗപരിപാലനം | |
| | | സാമൂഹ്യ ക്ഷേമം | 50000 |
| ലൈസൻസ് | 2,16,500 | പ്ലാൻ പദ്ധതികൾ | 10,20000 |
| ഗ്രാന്റ് | 12,07,000 | മറ്റ് ഇനം | 208000 |
| മറ്റ് ഇനം | 1,91000 | | |



കരകുളം പഞ്ചായത്തിലെ ആദ്യ വാർഡുതല ഗ്രാമസഭ ശ്രീമതി നളിനി ഉദ്ഘാടനം ചെയ്യുന്നു.